9164

[illegible]

2044

# കുസുമാഞ്ജലി.

മഹാമഹിമശ്രീ കൊച്ചി രാമവർമ്മ അപ്പൻ തമ്പുരാൻ
തിരുമനസ്സിലെ ഷഷ്ടിപൂർത്തിശുഭദിനം ബഹു
മാനിച്ച് തൃശ്ശിവപേരൂർ സഹൃദയസമാജം
പ്രസിദ്ധപ്പെടുത്തുന്നതു്.

A Literary Souvenir Published in Honour of
The Shashtipoorthi Ceremony
OF
**H. H. Rama Varma Appan Thampuran**
**OF COCHIN.**

BY

THE SAHRIDAYA SAMAJOM,
TRICHUR.

1111 M. E.

പ്രകാശകന്മാർ,
ബി. വി. ബുക്ക്ഡിപ്പോ,
തിരുവനന്തപുരം. തൃശ്ശിവപേരൂർ.

പകർപ്പവകാശം ടി. സഹൃദയസമാജത്തിലേക്ക്

# വിഷയവിവരം


1. സമൎപ്പണം

കണ്ടൂർ നാരായണമേനോൻ.

2. ഭാഷയിലെ നാടകപ്രസ്ഥാനം

എം. രാജരാജവൎമ്മ തമ്പുരാൻ.

3. ഭാഷയിലെ നോവൽപ്രസ്ഥാനം

ഡി. പത്മനാഭനുണ്ണി.

4. ഗദ്യപരിണാമം

ആററൂർ കൃഷ്ണപ്പിഷാരടി.

5. ഭാഷാപോഷണമാൎഗ്ഗങ്ങൾ

ഡാക്ടർ എൽ. ഏ. രവിവൎമ്മ.

6. ഉപന്യാസങ്ങൾ

ജോസഫ് മുണ്ടശ്ശേരി.

7. ഭാഷാമാസികകൾ

കെ. സി. വീരരായൻ രാജാ.

8. ഭാരതീയകലാസമ്പ്രദായം

വി. എം. കുട്ടികൃഷ്ണമേനോൻ.

9. മലയാളത്തിലെ പാട്ടുകൾ

കെ. വി. എം.

10. ഫലിതത്തിന്റെ ജീവൻ

പുത്തേഴത്തു രാമൻമേനോൻ.

11. ചെറുകഥാപ്രസ്ഥാനം

എ. നാരായണപ്പൊതുവാൾ.

12. വൈദികകാലത്തിനു മുമ്പുണ്ടായിരുന്ന സൈന്ധവ സംസ്കാരം

സർദാർ കെ. എം. പണിക്കർ.

13. കവിതാനിരൂപണവും കവിചരിത്രചിന്തയും

പി. കൃഷ്ണൻനായർ.

14. പരേതരായ ചില ഗദ്യസാഹിത്യകാരന്മാർ

പി. വി. കൃഷ്ണവാൎയ്യർ.

15. ഭദ്രദീപാവലി

കെ. കെ. രാജാ.

# തൃശ്ശിവപേരൂർ സഹൃദയസമാജം

| | |
|---|---|
| കുണ്ടൂർ നാരായണമേനോൻ B. A. | അധ്യക്ഷൻ. |
| ആറ്റൂർ കൃഷ്ണപ്പിഷാരടി<br>അമ്പാടി രാമപ്പൊതുവാൾ B.A.&B.L. | കാര്യദർശിമാർ. |
| പുത്തേഴത്തു് രാമൻമേനോൻ B. A. B. L. M. L. C.<br>ജോസഫ് മുണ്ടശ്ശേരി M. A.<br>അമ്പാടി നാരായണപ്പൊതുവാൾ<br>കെ. വാസുദേവൻമൂസ്സതു്<br>ചെമ്പൂക്കാവു് നാരായണൻനമ്പൂതിരി<br>കെ. കെ. രാജാ | നിർവ്വാഹക സംഘാംഗങ്ങൾ |

# സമർപ്പണം

ബാലപ്രായംമുതൽക്കേ നവരസമുതിരും
കൈരളീ കല്പവല്ലീ-
ജാലം നന്നായ് വളർത്തീട്ടനുപമഫലമെ-
ല്ലാക്കുമേകും മഹീന്ദ്രൻ
മാലോകർക്കപ്പനായിപ്പുകൾപെരുകിയെഴും
തമ്പുരാൻ ഷഷ്ടിപൂർത്തി-
ക്കാലംപൂകുന്ന പുണ്യം സുദിനമിതുജയി-
ക്കുന്നു സർവ്വാഭിവന്ദ്യം.

കേട്ടേൽക്കാതവിടുന്നുകാത്തരുളുമാ-
നൽ കൈരളിത്തോപ്പിലി-
ങ്ങീടേറുംചില പാദപങ്ങൾ സരസം
നൽകുന്ന പുഷ്പങ്ങളാൽ
മോടിക്കൊത്തവിധം രചിച്ച നവമാ-
മീ മാലത്തൃച്ചേവടി-
പ്പാടിൻസന്നിധിയിൽസമർപ്പണമിതാ-
ചെയ്യുന്നു ഭക്ത്യാദരാൽ.

കാണുന്തോറും കുതുകമരുളി-
കൈരളീദേവി ചാർത്തും
ചേണാർന്നീടുന്നൊരുമഹിതമാം
കണ്ഠ മംഗല്യസൂത്രം
നീണാൾനിന്നീടുവതിനവിടു-
ന്നീവിധം ദീർഘകാലം
വാണീടാനായ് വരമരുളുമാ-
റാക പൂർണ്ണത്രയീശൻ.

സഹൃദയസമാജം അദ്ധ്യക്ഷൻ
കണ്ടൂർ നാരായണമേനോൻ.

MALA...KEEL



H. H. RAMA VARMA APPAN THAMPURAN

2044
J. 140

ശ്രീരസ്തു

# ഭാഷയിലെ നാടകപ്രസ്ഥാനം

എം. രാജരാജവർമ്മരാജ എം. ഏ., ബി. എൽ.

## അവതരണിക.

കവികുലപതിയായ അപ്പൻതമ്പുരാൻതിരുമനസ്സിലെ ഷഷ്ടിപൂർത്തിമഹോത്സവം കൈരളീദേവിയുടെ കല്യാണദിനമായിട്ടാണു ഞാൻ ഗണിക്കുന്നതു്. അതിനു കാഴ്ചവയ്ക്കാനുള്ള പണ്ടം ഇന്നതു വേണമെന്നു് സഹൃദയന്മാർ എന്നോടു നിർദ്ദേശിക്കുന്നുണ്ടു്. ഭാഷയിലെ നാടകപ്രസ്ഥാനത്തെപ്പററി ഒരു ലേഖനം വേണമെന്നാണു് അവരുടെ ആജ്ഞ. വിഷയഗൗരവത്തിനനുസരിച്ചു് പ്രൗഢമായ ഒരു ഉപന്യാസോപഹാരം നൽകാനുള്ള കെല്പോ അവസരമോ എനിക്കില്ല. എങ്കിലും, മഹോത്സവകോലാഹലം മുഴങ്ങുമ്പോൾ മിണ്ടാതിരിക്കത്തക്ക മനഃസ്ഥൈര്യം എനിക്കു വന്നിട്ടില്ല; എന്നുതന്നെയല്ല, ശുദ്ധമൂലമായ സൌഹാർദ്ദത്തിനു മൌനം അപരാധിയായി വന്നേക്കാമെന്നുള്ള ശങ്കയും ഈ ചെറിയ ലേഖനമെഴുതാൻ എന്നെ പ്രേരിപ്പിക്കുന്നതാണെന്നുള്ള കേളികൊട്ടിക്കൊണ്ടു കളിതുടങ്ങാം.

ഇന്നു നടപ്പുള്ള നാടകസമ്പ്രദായം ഭാഷയ്ക്കു സ്വന്തമല്ല. മലയാളക്കരയിലെ നാടകപ്രസ്ഥാനത്തെക്കുറിച്ചു് ഈയ്യിടെ ഞാൻ ഒരു ആംഗലത്രൈമാസികയിൽ ചുരു

ക്കത്തിൽ പ്രസ്താവിച്ചിട്ടുള്ളതു വായിച്ചിട്ടുള്ളവക്ക് അതു മനസ്സിലായിരിക്കാനിടയുണ്ട്. ഗ്രാമീണസമുദായങ്ങളിൽ പ്രചുരപ്രചാരമുള്ള വിനോദങ്ങളിൽ പാട്ടും ആട്ടവും കൊട്ടും പ്രധാനങ്ങളാണ്. കേരളനാടകത്തിൽ ഈ തൌൎയ്യത്രികം അനുസ്യൂതമായി കാണാം. അതിന്റെ സാമരസ്യത്തിൽ ആനന്ദം വർദ്ധിക്കുന്നു. കഥകളിയിൽ ആ മേളം പരിപൂൎണ്ണതയെ പ്രാപിച്ചു.

പ്രകൃതിയുടെ അനുകരണമാണല്ലോ നാടകസാമാന്യത്തിന്റെ ബീജം. നമ്മുടെ മുമ്പിൽ കാണുന്ന കാഴ്ചയുടെ രാമണീയകം ചുരുങ്ങിയ തോതിൽ ഒരു ചിത്രത്തിൽ പകരുമ്പോൾ തോന്നുന്ന രസമൊന്നു വേറെയാണ്. ദീർഘകാലംകൊണ്ടു നടന്നിട്ടുള്ള സംഭവങ്ങൾ കഥാരൂപത്തിൽ ഒന്നിച്ചു കേൾക്കുമ്പോൾ ആനന്ദമേറുന്നു. അറിയാവുന്ന ഒരു സംഗതി കവിഹൃദയദൎപ്പണത്തിൽ പ്രതിബിംബിക്കുമ്പോൾ രമണീയതരമാകുന്നു. മാതാപിതാക്കളുടെ പ്രകൃതിരൂപങ്ങൾ ചെറുസന്താനത്തിൽ സംക്രമിച്ചു കാണുമ്പോൾ കൌതുകം ഇരട്ടിക്കുന്നു. എന്നാൽ ഈ പ്രതിഭാനം സജീവമായിരിക്കണം. പ്രകൃതിയുടെ ശരിപകർപ്പു ജീവശൂന്യമാകുന്നു. ചിത്രത്തിന്റെ ഭംഗിയുണ്ടോ ഫോട്ടോവിന്? കേവല വാസ്തവകഥനം നീരസമായിട്ടേ വരു. കല്പന വേണം; പ്രസരിപ്പുവേണം, പ്രകടനം ലളിതകോമളമായിരിക്കണം. "ശുഷ്കോ വൃക്ഷസ്തിഷ്ഠത്യഗ്രേ" എന്നു പറയുന്നതിൽ എത്ര ഉണൎച്ചയുണ്ട്, "നീരസ തരുരിഹ നിവസതിപുരതഃ" എന്നായാലോ! കലകൾക്കു ജീവനിടുന്നതു മനോധൎമ്മം കൊണ്ടാണ്. പ്രാണപ്രതിഷ്ഠകൊണ്ടു വെറും കല്ലു ദൈവമാകുന്നതുപോലെയും, പരദേശങ്ങളിൽ ഉരുവങ്ങൾക്കു കണ്ണുതുറപ്പിക്കുംപോലെയും, മനോധൎമ്മം കലയെ ദിവ്യമാക്കുന്നു.

മനോധർമ്മം ഓരോ നാട്ടുകാർ ഓരോവിധമാണു പ്രകടിപ്പിക്കുന്നതു്. നാടകകലയിൽ ചിലർ വേഷംകൊണ്ടും, ചിലർ രംഗംകൊണ്ടും, ചിലർ പാട്ടുകൊണ്ടും, ചിലർ കഥകൊണ്ടും, ചിലർ അനുസാരികളെകൊണ്ടും മോടിപിടിപ്പിക്കുന്നു. എന്നാൽ സാമാന്യേന എല്ലാ നാട്ടിലും നാടകം ദേവാരാധനത്തിൽനിന്നു മുളച്ചതാണെന്നുള്ളതിൽ സംശയമില്ല. ചിരന്തനമാനുഷവർഗ്ഗങ്ങളിൽ ആര്യഹിന്ദുക്കളും ചീനന്മാരുമൊഴികെ ഏഷ്യാ മഹാഖണ്ഡത്തിൽ ഒരു കൂട്ടരും നാടകപ്രസ്ഥാനത്തിലേയ്ക്കു കടന്നിട്ടില്ലെന്നു പണ്ഡിതന്മാർ പറയുന്നു. അറബി, പാരസീകം, സെമിററിക്ക്, എന്നീ സമുദായങ്ങളിൽ അതിനു് ഒരു സ്ഥാനം കല്പിച്ചിട്ടില്ലത്രെ. പുരാതന മിസ്രാദേശക്കാരിൽ നടപ്പായിരുന്ന 'മിസ്റ്ററീസ്'' എന്നപേർ സിദ്ധിച്ചിട്ടുള്ള രഹസ്യമതതന്ത്രങ്ങളെ തുടന്നു് ഗ്രീക്കുകാരും, അവരെ അനുകരിച്ചു റോമന്മാരും പിന്നെ സ്പാനിഷ്കാരും നാടകങ്ങളെ രചിച്ചു. ഹൂണന്മാരുടെ മൂലസ്ഥാനമായ ജമ്മനിയിൽ ക്രിസ്തുവിൻെറ ജീവിതകഥയെ പ്രതിപാദിച്ച് ഓബർ മറഗ്ഗ എന്ന സ്ഥലത്തു് ആദ്യമായുണ്ടായ 'പാഷൺപ്ലേ' ഇന്നും പന്തീരാണ്ടിൽ ഒരിക്കൽ അഭിനയിച്ചുവരുന്നുണ്ടു്. രസികശിരോമണികളായ പരന്തിരീസുകാരും, തദനന്തരം ബ്രിട്ടീഷുകാരും, നാടകത്തെ സാമുദായികമാക്കിത്തീർത്തു. നമ്മുടെ ചാക്യാർ കൂത്തിനൊപ്പം അവർ നാടകത്തെ സമുദായോന്നമനത്തിനു സാധനമാക്കി. എങ്കിലും ദിവ്യപാത്രങ്ങളുടെ ഇടനില അവർ തീരെ വിട്ടില്ല. സംസ്കൃതനാടകങ്ങൾപോലെ പാശ്ചാത്യനാടകങ്ങളും ഗദ്യപദ്യസംഭാഷണം, പ്രസ്താവന, ആകാശവാണി വിദൂഷകഫലിതം, ഭരതവാക്യം മുതലായ പല ചടങ്ങുകളാൽ അലംകൃതങ്ങളായിരുന്നു. പഴയ ഗ്രീക്കുനാടകങ്ങളും നമ്മുടെ സംസ്കൃത

നാടകങ്ങളും തമ്മിലുള്ള പൊരുത്തം യാദൃശ്ചികമൊ, അനുകൃതമൊ എന്നു തീൎച്ചയാക്കാൻമേല. ഒരു വ്യത്യാസം പ്രധാനമായിട്ടുണ്ട്. പാശ്ചാത്യനാടകങ്ങൾ സുഖപൎയ്യവസായിയും ദുഃഖപൎയ്യവസായിയും എന്ന് രണ്ടുതരത്തിലാണ്. സംസ്കൃതനാടകങ്ങൾ നൂററിനു തൊണ്ണൂററിഒമ്പതും സുഖപൎയ്യവസായികളാണ്. 'ഊരുഭംഗം' ഒന്നു മാത്രമെ ഞാൻ അല്ലാതെ കണ്ടിട്ടുള്ളു. അമംഗളമായി അവസാനിക്കാൻ പാടില്ലെന്നു ഹിന്ദുക്കൾക്കു നിൎബന്ധമുണ്ട്; വെള്ളക്കാൎക്ക് അതില്ല. അതിനു കാരണം മററൊന്നുമല്ല; ദുഃഖനിവൃത്തിയാണു സുഖമെന്നും സുഖനാശമാണു ദുഃഖമെന്നുമുള്ള മതഭേദം പാശ്ചാത്യ പൌരസ്ത്യപ്രകൃതികളെ വേൎതിരിക്കുന്നതിനാലാകുന്നു. ക്രിസ്തുവിന്റെ ജീവിതം ഇതിന് ആദൎശമാകുന്നു. കരുണമാണു പാശ്ചാത്യൎക്കു പ്രധാനരസം. ഷേക്സ്പീയർ മഹാകവിയുടെ നാടകങ്ങളിൽ ഉത്തമങ്ങൾ 'ട്രാജഡീസ്' എന്നു പറയുന്ന ദുഃഖപൎയ്യവസായികളായവയാണെന്ന് പ്രസിദ്ധമാണല്ലൊ. കേരളീയരുടെ കഥകളി രണ്ടുതരത്തിലുമുള്ള കഥകളേയും സ്വീകരിച്ചിരിക്കുന്നു. ഇതു പാശ്ചാത്യരുടെ വസ്തുവാദതത്വത്തെ (Realism) ആശ്രയിച്ചുവന്നതല്ല. പ്രത്യുത, ഭാരതജനസാമാന്യത്തോടൊപ്പം കേരളീയരും കല്പനാവാദതത്വത്തെ (Idalism) സ്വീകരിച്ചിരിക്കുന്നവരാണ്. പിന്നെ 'വധവും' 'വിജയവും' ആട്ടക്കഥകളിൽ സമപ്രധാനങ്ങളാകാനുള്ള കാരണം, അധൎമ്മധ്വംസനവും ധൎമ്മസ്ഥാപനവുംകൊണ്ടു സമുദായത്തെ പോഷിപ്പിക്കുന്നതിനാകുന്നു. മററുള്ള നാട്ടുകളിലെ നാടകങ്ങളെ അപേക്ഷിച്ചു നമ്മുടെ കഥകളി ഒരു മെച്ചം പിടിച്ചിട്ടുള്ളതു്, കൈമുദ്രകൾകൊണ്ടു സംഭാഷണം നടത്തി ഭാവങ്ങളെകൊണ്ടും നടനംകൊണ്ടും രസസ്ഫൂൎത്തി വരുത്തുന്നതിലാണ്. കഥകളിയിലുള്ള മനോധൎമ്മം അതാകുന്നു.

ആയ്യാവൎത്തത്തിൽനിന്നു ഗൈർവ്വാണി ദക്ഷിണദേശങ്ങളിൽ കടന്നു കേരളത്തെ കരസ്ഥമാക്കിയപ്പോൾ സംസ്കൃതനാടകം നാട്ടിൽ പരന്നു. എന്നിട്ടും മലയാളി സ്വന്തമായ മുദ്രാഭാഷയെ വെടിഞ്ഞില്ല. സംസ്കൃതനാടകങ്ങൾ കൂടിയാട്ടത്തിൽ അഭിനയിക്കുന്ന മട്ട് കേരള സൃഷ്ടിയാണ്. അരങ്ങു മുഷിച്ചിൽ വരാതിരിക്കാനും ഗീർവ്വാണഭാഷാനഭിജ്ഞരെ രസിപ്പിക്കാനും ചില ചടങ്ങുകൾ കൂടി കലൎത്തീട്ടുണ്ടെങ്കിലും, കൂടിയാട്ടത്തിന്റെ ചോട് മുദ്രാഭിനയത്തിൽതന്നെ ഊന്നിയിരിക്കുന്നു.

കേരളകാളിദാസൻ ഭാഷാശാകുന്തളം രചിച്ചതോടുകൂടി പാരമ്പൎയ്യസ്വത്ത് ഉപേക്ഷിച്ച ഭാഷാനാടകം ഇന്നത്തെ നിലയിലേയ്ക്കു കടന്നു. പാത്രങ്ങൾ വാചാ സംഭാഷണം ചെയ്തും ശ്ലോകങ്ങൾ രാഗത്തിൽ ചൊല്ലിയും കഥയെ നിൎവ്വഹിക്കാൻ തുടങ്ങി. വേഷത്തിനും രംഗത്തിനും ഒരു പകൎച്ച വന്നു. കഥകളി ദേവസഭയിൽ നടക്കുന്നതായിട്ടാണു സങ്കല്പം. നാടകം മൎത്ത്യസദസ്സിനു വിനോദമായി. തമിഴു ഡ്രാമാകളാണ് ഈ മാററത്തിന് മാൎഗ്ഗദൎശി. ‘മൃകണ്ഡുനാടകം’, ‘കോവിലൻചരിത്രം’, മുതലായ ഡ്രാമകൾ മലയാളത്തു പ്രചരിക്കാനാരംഭിച്ചതോടുകൂടി പുതുസംപ്രദായത്തിനു പ്രതിഷ്ഠ ലഭിച്ചു. എങ്കിലും, ഭാവത്തിനും വേഷത്തിനും, രംഗത്തിനുപോലും, കഥകളിയുടെ ചൊവ തീരെ വിട്ടുപോയിരുന്നില്ല.

ഭാഷാഭിജ്ഞാനശാകുന്തളം അരങ്ങേററം കഴിച്ചതുമുതൽ കുറെക്കാലം നാടകപ്രളയമുണ്ടായി; തൎജ്ജിമയായും സ്വകപോലകല്പിതമായും അനവധി നാടകമുണ്ടാക്കി ആടിത്തുടങ്ങി. ഈ സംരംഭം മലയാളത്തിൽ കുറെ നാടകസ്വത്തു സമ്പാദിക്കാൻ ഇടയാക്കി. ഈ ഭ്രമം ഏറെ നാൾ നിന്നില്ല. ഏതു സ്വാദുള്ള പദാൎത്ഥവും എന്നും

അനുഭവിക്കുമ്പോൾ ചെടിക്കുമല്ലോ. വിശേഷിച്ചും, അപരിചിതപദാൎത്ഥം. സാമ്പാറും രസവും എത്ര സ്വാദുള്ള വകയാണെങ്കിലും, കാളനും എരിശ്ശേരിയുംപോലെ മലയാളിക്കു എന്നും രസിക്കയില്ല. നാടകഭ്രമം എന്തുകൊണ്ടാണു നിലച്ചതെന്നു ചിന്തിക്കുമ്പോൾ, ആ പ്രസ്ഥാനത്തിന്റെ അനന്തരഗതി വിശദമാകും.

ഒന്നാമതു്, ഈ മാതിരി നാടകം കേരളത്തിനു വിദേശച്ചരക്കാണെന്നു മുമ്പെ പറഞ്ഞുവല്ലോ. കോടിയിൽ ഏതാണ്ടൊരു മോടി കൂട്ടതലാണ്. അലക്കുമ്പോൾ നായ് പല്ലിളിച്ചതുപോലെ ബീഭത്സമാകും. മഹാകവികളുടെ നാടകങ്ങളിലുള്ള സന്ദർഭശുദ്ധിയും, ഘടനാപാടവവും, ആശയവൈപുല്യവും മററും വിട്ടു്, നാടോടിക്കവിതയിൽ നാടകങ്ങൾ ഉണ്ടായി നാടൊട്ടുക്കു വന്ന അപകൎഷത്തെത്തടുക്കാൻ 'ചക്കീചങ്കരം' വന്നതു് ഒട്ടും കുററമല്ല.

രണ്ടാമതു, സംഗീതസാഹിത്യ കലകളുടെ സമ്മേളനം നാടകത്തിനു് അവൎജ്ജനീയമായി കരുതിയിരുന്ന കേരളീയവിദഗ്ദ്ധജനത്തിന്, വല്ല സായ്പും മദാമ്മയും തമ്മിൽ പിറുപിറുക്കുന്നതോ, തീൻ നടത്തുന്നതോപോലെയുള്ള രംഗങ്ങൾ തീരെ രുചിക്കാൻ തരമില്ല. തമിഴ ഡ്രാമകളിൽ പാട്ടു പ്രധാനമാണ്; അതിനൊരു വശ്യമുണ്ടു്. ക്രിസ്തീയരുടെ ചവുട്ടുനാടകത്തിൽപോലും പാട്ടും ആട്ടവുമുണ്ടു്. അതു മലയാളനാടകത്തിലും വരുത്തി. 'സംഗീതനാടകങ്ങൾ' ഉത്ഭവിച്ചു. അതിലും വന്നു ഒരു ദോഷം, വേണ്ടിടത്തും വേണ്ടാത്തിടത്തും പാട്ടായി, സംഗീതാലാപത്തിൽ കഥകഴിഞ്ഞു. ഈ രസാഭാസത്തെ പരിഹരിക്കാനായിരുന്നു പിന്നീടുള്ള സംരംഭം.

മൂന്നാമത്തു, സന്ദർഭഘടനയാണു നാടകത്തിന്റെ രസച്ചരട്ട്. കവിയുടെ മനോധർമ്മം അതിലാണിരിക്കുന്നതു്. കഥ ആരംഭിച്ചാൽ അവസാനം എന്തെന്നറിയുന്നതുവരെ സദസ്യരുടെ ജിജ്ഞാസ വളർത്തത്തക്ക കഥാഗുംഭനം വേണം; പാത്രങ്ങളുടെ സ്വഭാവത്തെ വെളിവാക്കണം. സംഭാഷണം; സ്ഥായിയായ രസത്തിന്ന് ഭംഗംവരാതെ മററു രസങ്ങളുടെ സങ്കലനമുണ്ടാവണം; സ്വാഭാവികതവേണം പ്രവൃത്തികൾക്ക്; ഈ ഗുണങ്ങളില്ലെങ്കിൽ നാടകത്തിൽ കൗതുകമുണ്ടാവില്ല. പണ്ടു വിക്രമാദിത്യകഥകളും അറബിക്കഥകളും പറയുന്ന മട്ടിൽ കാളമൂത്രംപോലെ നീണ്ടുള്ള കഥനസമ്പ്രദായം പോയി, ആംഗലരീതിയിലുള്ള നോവൽ-കഥാഗ്രന്ഥങ്ങൾ- ഭാഷയിൽ ഉണ്ടായതു് നാടകത്തിന്റെ പരിഷ്കാരത്തിന്ന സഹായം നൽകി. ആളുകൾ സംസാരിക്കുന്നതു ശ്ലോകത്തിലൊ പാട്ടിലൊ അല്ല, സാധാരണ വാചകത്തിലാണു്. നാടകത്തിലും അങ്ങനെ വേണം എന്നു തോന്നി. 'ഗദ്യനാടകങ്ങൾ' ഉണ്ടായി. 'നോവൽ' കഥകളുടെ ഭാഗങ്ങളെത്തന്നെ നാടകരീതിയിലാക്കി ആടിത്തുടങ്ങി. ചിത്രതിരുനാൾ വായനശാലക്കാരാണു് ഈ പ്രസ്ഥാനത്തിന്ന പ്രചാരം വരുത്തിയതു്. ഗദ്യനാടകങ്ങൾ ചിലതു ചരിത്രകഥകളേയും, ചിലതു സമുദായനടപടികളേയും, മററു ചിലതു വെറും നേരമ്പോക്കുകളേയും അടിസ്ഥാനമാക്കി രചിച്ചുവന്നു. അതുകൊണ്ടായിരിക്കാം അവയ്ക്കു പൊതുവെ 'പ്രഹസനങ്ങൾ' എന്നൊരു പേർ കിട്ടിയതു്.

ഏതായാലും അവ ഈയ്യിടെ പ്രഹസനങ്ങളായിത്തന്നെ പരിണമിച്ചു തുടങ്ങീട്ടുണ്ടു്. മുമ്പു നാടകങ്ങൾ പണ്ഡിതസദസ്സിനെ വിനോദിപ്പിക്കുന്നവയായിരുന്നു. കാടോടികളെ രസിപ്പിച്ചെങ്കിലല്ലാതെ കാശു കിട്ടുകയി

ല്ലെന്നു കണ്ടപ്പോൾ അതിനിണങ്ങിയ പ്രഹസനങ്ങളും പുറപ്പെട്ടു. ധൃതിയാണിന്നെവിടേയും കാണുന്നതു്. ആൎക്കും ഓടാനല്ലാതെ സാവധാനം നടക്കാൻ സമയമില്ല. ദീൎഘകഥകൾ നസ്യമാണു്; പെട്ടെന്നു ചിരിപ്പിക്കണം; വേഷം മാറണം; വലിയവനെ എളിയവനാക്കണം; മത്സരം വേണം; മുഖത്തു കരിതേക്കണം; എല്ലാം ക്ഷണം കഴിയണം. ഇങ്ങനെ തൽക്കാലവിനോദം നൽകുന്ന 'പ്രഹസനങ്ങൾ' ഇന്നു ധാരാളമുണ്ടാവുന്നുണ്ടു്. പണ്ടും പ്രഹസനങ്ങളും ഭാണങ്ങളുമുണ്ടായിട്ടുണ്ടു്. അവ കാവ്യരീത്യാ പ്രൌഢങ്ങളും ആലോചനാമൃതങ്ങളുമായിരുന്നു. മലയാളഭൂമിയിൽ ഇന്നലെ പെയ്ത മഴയ്ക്കു മുളയ്ക്കുന്ന കളകളാണു് ഈ വക 'പ്രഹസനങ്ങൾ'. വൎത്തമാനപത്രങ്ങളോടൊപ്പം; ഒന്നു നോക്കിയാൽ പിന്നെ ഉമിക്കരിയോ ഭസ്മമോ പൊതിയാൻ കൊള്ളാം.

ഈ നീചവൃത്തിയിൽനിന്നു നമ്മുടെ നാടകകലയെ രക്ഷിച്ചു മാനമുള്ളവളാക്കുന്നതാണു വിദ്വൽകൃത്യം. അപ്പൻതമ്പുരാൻെറ സാഹിത്യപരിശ്രമത്തെ അഭിനന്ദിക്കേണ്ടതു് ഈ സംഗതിയിലാണു്. സംഗീതസാഹിത്യങ്ങളിൽ ഒന്നുപോലെ മൎമ്മജ്ഞനായ അവിടുന്നു്, പുരാണപ്രസിദ്ധങ്ങളായ ഇതിഹാസങ്ങളെക്കാൾ കേരളത്തിലെ പഴമയെ പ്രധാനമാക്കി ഈയ്യിടെ തന്നെ 'മുന്നാട്ടുവീരൻ' എന്നൊരു രൂപകം സമസ്തകേരളസാഹിത്യപരിഷൽ ത്രൈമാസികത്തിൽ പ്രസിദ്ധപ്പെടുത്തിയതു സൂക്ഷിച്ചു വായിക്കുന്നവൎക്കു് ആ കവിവൎയ്യൻെറ പോക്കെങ്ങോട്ടാണെന്നു് മനസ്സിലാക്കാം. എങ്ങാണ്ടൊരു ശീമയിൽ നടക്കുന്ന സംഗതികളെക്കാൾ നമ്മുടെ നാട്ടിലെ കഥയാണു്, നാടകത്തിലെ ഇതിവൃത്തമാക്കിയാൽ നമ്മെ രസിപ്പിക്കുന്നതു്: അതും പോരാ; ഏതു 'അമ്മാവിപ്പഴങ്കിരന്ത'വും നാടകത്തിനുതകില്ല. ശൃംഗാരവീര

കരുണാദിരസങ്ങളിലൊന്നു സ്ഥായിയായും മററുള്ളവ സഹായികളായും വേണം; നാടകപാത്രങ്ങളെ സ്വന്തം ആളുകളായി സദസ്യൎക്കു തോന്നണം; ധൎമ്മവിജയവും അധൎമ്മനാശവുമായിരിക്കണം കഥാമൎമ്മം; ഉപനായകന്മാരെക്കൊണ്ടു നായകൻെറ മാഹാത്മ്യം മിന്നുങ്ങണം; സംഭാഷണങ്ങളിൽ ഗ്രാമ്യതയോ ലഘുത്വമോ വരാതിരിക്കണം, എന്നാൽ കൃത്രിമത്വം തോന്നിക്കയുമരുതു്; സന്ദൎഭാനുസരണം സമുദായസ്ഥിതികളെ പ്രതിഫലിപ്പിക്കണം; ഫലിതം വേണം; പണ്ടത്തെ ശ്ലോകവും പാട്ടും വിട്ടുകളഞ്ഞുകൂടാ; ഘട്ടങ്ങളുണ്ടാക്കി പ്രയോഗിക്കണം. ചുരുക്കത്തിൽ, തറവാട്ടുസ്വത്തു വിററുതിന്നാതെ ഇന്നത്തെ ആദായകരങ്ങളായ തൊഴിലുകളിൽ മുടക്കി മുതൽ കൂട്ടണം. ഇതാണു അപ്പൻ തമ്പുരാൻ ചെയ്യുന്നതു്. കേരളത്തിൻെറ പൂൎവ്വാൎജ്ജിതങ്ങളെ പുതുപ്പിച്ചു നമ്മുടെ ഭാഷയേയും നാടകത്തെയും വളൎത്താനാണു് അവിടുത്തെ പരിശ്രമം. ഏതു നാട്ടുഭാഷയും വളൎന്നിട്ടുള്ളതു് അതിന്റെ പൂൎവ്വസ്വത്തിനെ ആശ്രയിച്ചിട്ടാണെന്നുള്ള പാഠം അവിടുന്നു നമ്മോടു് ഉപദേശിക്കുന്നു.

നമ്മുടെ തറവാട്ടു സ്വത്തായ കഥകളിൽ പലരും ഈയ്യിടെ കയ്യേററം തുടങ്ങീട്ടുണ്ടു്. യന്ത്രങ്ങളെ കൊണ്ടു സകലവും നിമിഷത്തിൽ നിൎവ്വഹിക്കാൻ സാധ്യമാക്കിയ നവീനപരിഷ്കാരം മനുഷ്യനേയും യന്ത്രമാക്കിയിരിക്കുന്നു. എല്ലാം ഒരു മിന്നിട്ടുകൊണ്ടുണ്ടാവണം; കഴിയണം. ഈ മരഞ്ചാടിത്തം നിമിത്തം ഒരു കഥ ആദ്യവസാനം കളിച്ചു കാണാൻ സാവകാശമോ ക്ഷമയോ ഇന്നില്ല. കഥകളിയിലെ പതിഞ്ഞ പദങ്ങൾ നീരസങ്ങളായി ഗണിക്കപ്പെടുന്നു. വെള്ളക്കാരുടെ 'വിവിധവിനോദം' (Variety entertainment) കണക്കു്, അ

ങ്ങമിങ്ങും ഓരോ രംഗങ്ങളെടുത്തു കൂട്ടുകറിയാക്കി വിള മ്പുന്നതു ഇന്നെവിടേയും കാണാം. ഈ ഗോഷ്ഠികൊണ്ടു കഥകളിയെ വികൃതമാക്കുന്നതു ക്ഷന്തവ്യമല്ല. എങ്കി ലും, വിദേശീയരുടെ ദൃഷ്ടി പതിഞ്ഞതോടുകൂടി കഥക ളിക്കു ഒരു പുനരുദ്ധാരണം സിദ്ധിച്ചിട്ടുള്ളതു സന്തോഷാ വഹം തന്നെ. ഇന്നത്തെ യന്ത്രശാലാതന്ത്രം അതിൽ പ്രയോഗിച്ച് പല ചില്ലറ വാറവുന്തുകളും എടുത്തു് പുതിയ വ്യവസായങ്ങളെയും അവർ പുലത്താൻ തുടങ്ങി ട്ടുണ്ടു്.

ഈ ചെറു ലേഖനത്തിൽ അഭിനയ സമ്പ്രദായത്തേ യൊ, രംഗവിധാനത്തേയൊ, വേഷ നിമ്മാണത്തേയൊ പററി പറയാൻ നിവ്വാഹമില്ല. അവയിൽ പല വി ന്യാസങ്ങൾ വന്നിട്ടുള്ളതു കൂടാതെ മേൽ വരുത്തേണ്ടു തായുമുണ്ടു്. അവയെ അഭിജ്ഞന്മാർ വേണ്ടവണ്ണം ചിന്ത നം ചെയ്തു നമ്മുടെ നാടകകലയെ അനുഗ്രഹിക്കുമെന്നു് ആശംസിച്ചുകൊണ്ടു് ഉപസംഹരിക്കാം.

# ഭാഷയിലെ നോവൽപ്രസ്ഥാനം

ഡി. പത്മനാഭനുണ്ണി എം. ഏ.

പുരാതനകാലത്തു് ഭാരതഖണ്ഡം വിശ്രുതന്മാരായ കാഥികന്മാരെക്കൊണ്ടു് അലംകൃതമായിരുന്നു. വ്യാസൻ, വാല്മീകി മുതലായവരുടെ പുരാണങ്ങളും, ഇതിഹാസങ്ങളും കാഥികവൃത്തിയിലുള്ള വാസനയുടെ പരിപക്വഫലങ്ങളാണു്. അർത്ഥവാദം എന്നൊരു കവിതാരീതിയെ അടിസ്ഥാനപ്പെടുത്തി പ്രപഞ്ചരഹസ്യങ്ങളുടെ ചില മൂലതത്വങ്ങളെപ്പററി പ്രതിപാദിക്കുകയും, തദ്വാരാ, ലോകർക്ക് തങ്ങളുടെ ജീവിതോദ്ദേശത്തെ നിർവഹിക്കുന്നതിനുതകത്തക്കവണ്ണം ജ്ഞാനോപദേശം ചെയ്യുകയും, അതേസമയം ശ്രോതാക്കളിൽ അമിതമായ സന്തോഷം ഉല്ലാദിപ്പിക്കുകയും ചെയ്യുന്നതിനാണു് അവർ ശ്രമിച്ചിട്ടുള്ളതു്. ലോകത്തിൻെറ ശൈശവകാലത്തു് മനുഷ്യരുടെ സംകല്പശക്തിക്കു് കൂടുതൽ ദാർഢ്യമുണ്ടായിരുന്നതുകൊണ്ടു് ഈ വക പുരാണങ്ങളും, ഇതിഹാസങ്ങളും കൂടാതെ, വിസ്മയജനകമായ വിക്രമാദിത്യചരിത്രംപോലെ വേറെയും പല കഥകളും ഉത്ഭവിക്കുന്നതിനിടയായിട്ടുണ്ടു്, ലോകോത്തരമായ ആഹ്ലാദധർമ്മം പ്രവഹിക്കുന്ന ആ കാവ്യതല്ലജങ്ങളിൽ ഇന്നും സഹൃദയവൈമുഖ്യം ജനിച്ചിട്ടില്ല. എങ്കിലും അനവധി ശതവർഷങ്ങളിൽക്കൂടി പ്രയാണം ചെയ്തിട്ടുള്ള ലോകത്തിൻേറയും, കാലത്തിൻേറയും വലുതായ മാററം കവികളേയും, കാഥികന്മാരേയും കൂടി ബാധിക്കാതിരുന്നില്ല. ഭൗതികശാസ്ത്രപാരംഗതന്മാരായ പാശ്ചാത്യരുടെ അഭ്യുദയം അവരുടെ യന്ത്രനിർമ്മാണത്തിലുള്ള ബുദ്ധിശക്തിയെ ആശ്ര

യിച്ചാണിരിക്കുന്നതു്. ആ വക യന്ത്രങ്ങൾ മനുഷ്യപ്രയത്നത്തെ ലഘൂകരിക്കുന്നതിനുദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണെങ്കിലും, ജീവിതമത്സരത്തെ വർദ്ധിപ്പിക്കുന്നതിനുള്ള ഉപകരണങ്ങളായിപ്പരിണമിച്ചിട്ടുണ്ടെന്നുള്ളതു് പരമാൎത്ഥമാകുന്നു. ഈ ജീവിതമത്സരംകൊണ്ടു് ലോകത്തിനു വന്നിട്ടുള്ള മാററം കാവ്യലോകത്തിൽ പ്രതിഫലിക്കുന്നതിനാരംഭിച്ചപ്പോൾ കഥനരീതിക്കും ഗണനീയമായ മാററം സംഭവിച്ചു. മനുഷ്യന്റെ അഗാധമായ ചിന്തകളും, അതിരററ സന്തോഷത്തിനും നിദാനമായ വിഷയം മനുഷ്യസ്വഭാവം തന്നെയാണെന്നുള്ള ബോധ്യം കവികളിൽ അങ്കുരിച്ചു. സൽഗുണങ്ങൾക്കും, ദുൎഗ്ഗുണങ്ങൾക്കും ആസ്പദങ്ങളായ വിവിധസ്വഭാവങ്ങളുടെ ആദൎശങ്ങളേ ക്രോഡീകരിച്ചു് ലോകത്തിന്റെ യഥാൎത്ഥപ്രതിഛായകളെന്നു തോന്നിക്കുന്ന പാത്രങ്ങളെക്കൊണ്ടു് അലംകൃതമായ കഥകളേ നിൎമ്മിക്കുന്നതിനുവേണ്ടി ആംഗ്ലേയ ഗദ്യകാരന്മാർ ചെയ്ത ശ്രമത്തിന്റെ പരിപക്വഫലങ്ങളാണു് നവീനാഖ്യായികകൾ. മലയാളാഖ്യായികകൾ ഈ മാൎഗ്ഗത്തെ അവലംബിച്ചും, അനുകരിച്ചും ഉണ്ടായവയാകുന്നു.

ഇന്നു് മലയാളസാഹിത്യത്തിൽ സുപ്രസിദ്ധന്മാരായ മൂന്നു് ആഖ്യായികാകൎത്താക്കന്മാർ ചന്തുമേനോൻ, സി. വി. രാമൻപിള്ള, അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്, എന്നിവരാകുന്നു. ഇവരിൽ ചന്തുമേനോനും, സി. വി. രാമൻപിള്ളയും പരസ്പരവിരുദ്ധങ്ങളായ രണ്ടു രീതികളിൽ ഓരോന്നിന്റെ പ്രണേതാക്കളാകുന്നു. അപ്പൻതമ്പുരാൻതിരുമനസ്സുകൊണ്ടാകട്ടെ, ഈ രണ്ടു രീതിയോടും പ്രത്യക്ഷമായി മല്ലിടാതെ മറെറാരു മാൎഗ്ഗത്തെ അവലംബിച്ചു് ആഖ്യായികാനിൎമ്മാണം ചെയ്തിരിക്കുന്നു.

ചന്തുമേനോന്റെ അവലോകനശക്തിയും, മനുഷ്യ ഹൃദയജ്ഞാനവും, സംഭാഷണചാതുൎയ്യവും, ഘടനാലാഘവവും, പരിഹാസപാടവവും, അനന്യസാധാരണങ്ങളാണ്. എന്നാൽ അദ്ദേഹം ഒരു ഉപരിപ്ലവശീലനാകുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ അഗാധമായ ചിന്തക്ക് അവകാശം നൾകുന്നില്ല. ആ ഗ്രന്ഥങ്ങളിൽ കാണുന്ന പാത്രങ്ങളുടെ വാക്കും, പ്രവൃത്തിയും, അവയുടെ കാരണവും, ഉദ്ദേശവും, അറിയുന്നതിന് ആൎക്കും രണ്ടു തവണ വായിക്കേണ്ട ആവശ്യമില്ല. അധികം തവണ വായിക്കുന്നതുകൊണ്ട് അവയിൽ നിന്നും യാതൊന്നും കൂടുതലായി മനസ്സിലാക്കാൻ ലഭിക്കുകയുമില്ല. ശക്കരയുണ്ടപോലെ അവ ആപാദചൂഡം ഒരേവിധത്തിലുള്ള മാധുൎയ്യത്തോടുകൂടിയവയാകുന്നു.

സി. വി., നേരേ മറിച്ച്, ഒട്ടും ഉപരിപ്ളവശീലനല്ല. അവലോകനത്തെക്കാൾ സങ്കല്പത്തിനാണ് അദ്ദേഹത്തിനു കൂടുതൽ ദാർഢ്യമുള്ളതു്. ഘടനയിലുള്ള ദൃഢബന്ധം, ആശയങ്ങളുടെ അസാധാരണത്വം, ഭാഷയുടെ കാഠിന്യം, സംഭാഷണങ്ങളുടെ കൃത്രിമത്വം, മുതലായവചേൎന്ന് സി. വി. യുടെ ഗ്രന്ഥങ്ങൾക്ക് ഒരു ഘനവും, ഗാംഭീൎയ്യവും ഉണ്ടാക്കിത്തീൎത്തിട്ടുണ്ട്. ആ ഗ്രന്ഥങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാവുന്നവയും, വേഗത്തിൽ വായിച്ചുതീൎക്കാവുന്നവയുമല്ല.

അപ്പൻതമ്പുരാൻ തിരുമനസ്സിലെ നോവലുകൾ വേറൊരു രീതിയിൽ ഉള്ളവയാണ്. ചന്തുമേനോന്റെ അനവഗാഹിത്വം തിരുമനസ്സിലേക്കു സമ്മതമല്ല. എന്നാൽ സീ. വി. യേപോലെ നാളികേരപാകത്തിൽ ആഖ്യായികളെഴുതി വായനക്കാൎക്ക് അല്പ ഫലത്തിനുവേണ്ടി അതിപ്രയത്നം നൾകുന്നതിനും അവിടുത്തേക്കു

മനസ്സില്ല. ബാഹ്യാഡംബരങ്ങളെക്കൊണ്ടു തൃപ്തിയടയുന്ന വക്ക് അതിനും, അഗാധത്തിൽ മുങ്ങുന്നതിനു താല്പൎയ്യമുള്ളവക്ക് അതിനും, സൗകൎയ്യപ്പെടത്തക്ക ഒരു പ്രസ്ഥാനത്തിലാണു് അവിടുന്നു് 'ഭ്രതരായർ' എന്ന ആഖ്യായികനിൎമ്മിച്ചിട്ടുള്ളതു്. സങ്കല്പത്തിനും, അവലോകത്തിനും; വേഷത്തിനും ഭാഷയ്ക്കും; വാച്യത്തിനും, വ്യംഗ്യത്തിനും ഏതാണ്ട് സമപ്രാധാന്യം കല്പിച്ചുകൊണ്ടാണു് തിരുമനസ്സിലെ ആഖ്യായികകളുടെ ഗതി.

ചന്തുമേനോൻ സംസ്കൃതഭാഷയിൽ കാവ്യനാടകാലങ്കാരാദികൾ വായിച്ചു സാമാന്യ അറിവു സമ്പാദിച്ചിരുന്നു. സി. വി. യ്ക്കു് സംസ്കൃതഭാഷാജ്ഞാനം പരിമിതമായിരുന്നെങ്കിലും, പുരാണങ്ങൾ, ആട്ടക്കഥകൾ, പഴയ പാട്ടുകൾ മുതലായവയിൽ ധാരാളം പരിചയമുണ്ടായിരുന്നു. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് സംസ്കൃതത്തിലും, മലയാളത്തിലും മററു രണ്ടുപേരേക്കാൾ കൂടുതലായ പാണ്ഡിത്യം സമ്പാദിച്ചിട്ടുണ്ട്. പഴയഭാഷയേ സംബന്ധിച്ചിടത്തോളം അവിടുത്തെ പ്രാവീണ്യം സൎവസമ്മതവുമാണു്.

വസ്തുനിൎമ്മാണത്തിൽ ചന്തുമേനോൻെറ രീതി വളരെ ലളിതവും, സുഗമവുമാണു്. പരിണാമസൃഷ്ടിക്കുവേണ്ടി അദ്ദേഹം വളരെ ക്ലേശിക്കാറില്ല. ഇന്ദുലേഖ മാധവനേത്തന്നെ ഭൎത്താവായിസ്വീകരിക്കുമെന്നും, സൂരിനമ്പൂരിപ്പാടിനേ തിരസ്കരിക്കുമെന്നും നമുക്ക് ആദ്യംമുതൽക്കറിയാം. എന്നാൽ അവൾ എങ്ങനെയാണു് തിരസ്കരിക്കുന്നതു് എന്നറിയാനാണു് നമുക്കു് ആഗ്രഹം ജനിക്കുന്നതു്. അതുകൊണ്ടു് കഥയുടെ പരിണാമമെന്തെന്നറിയാൻ വായനക്കാൎക്കു പരിഭ്രമമില്ല. അവർ പാത്രങ്ങൾ അഭിനയിക്കുന്ന ഭാഗം കണ്ടു രസിക്കയാണു്

ചെയ്യുന്നതു്. സി. വി. യാകട്ടെ പരിണാമഗുപ്തിക്കുവേണ്ടിത്തന്നെ കഥയേ വളച്ചുകെട്ടുന്നു. പാത്രങ്ങളുടെ യാഥാത്ഥ്യം, അവരുടെ പ്രവൃത്തികളുടെ ഉദ്ദേശ്യം, അവയിൽനിന്നുണ്ടാകുന്ന ഫലം മുതലായവ വായനക്കാരുടെ ദൃഷ്ടിപഥത്തിൽനിന്നും വളരെ ദൂരത്തിലകററി വെളിച്ചം തട്ടാത്ത ദിക്കിൽ സൂക്ഷിച്ചിട്ടാണു് അദ്ദേഹം പാത്രങ്ങളെ രംഗപ്രവേശം ചെയ്യിക്കുന്നതു്. മാത്താണ്ഡവമ്മയിലെ ഒടുവിലത്തെ അധ്യായം ആദ്യം വായിക്കണമെന്നു് ആരോ പറയുന്നതു കേട്ടിട്ടുണ്ടു്. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്, ചന്തുമേനോനേപ്പോലെ, പരിണാമഗുപ്തി അത്ര വേണ്ടെന്നു വയ്ക്കുന്നില്ല. 'ഭാസ്കരമേനോനി'ൽ വസ്തുസ്വഭാവംകൊണ്ടുതന്നെ പരിണാമഗുപ്തി അത്യന്താപേക്ഷിതമായിത്തീന്നു. 'ഭൂതരായരിലും' വായനക്കാരുടെ ജിജ്ഞാസയേ കഥയുടെ പരിണാമത്തിലേക്കു പ്രതിക്ഷണം ക്ഷണിക്കുന്നുണ്ടു്. എങ്കിലും ഗ്രന്ഥകത്താവു് കഥാഗതിയിൽ ചില കേടുപാടുകൾ ഉണ്ടാകുമ്പോൾ ചില ചരടുകളുടെ തുമ്പു് വായനക്കാരുടേയും കൈയിൽ സമപ്പിക്കുന്നുണ്ടു്. പള്ളിബാണരുടെ നിരോധത്തിനു കാരണഭൂതന്മാർ ആരെല്ലാമാണെന്നും, അവർ അദ്ദേഹത്തെ എന്തു ചെയ്യും എന്നും, പെരുമാൾക്കും, കുഞ്ഞിട്ടുണ്ണാൻകാര്യക്കാക്കും മററും ലേശം പോലും മനസ്സിലായില്ലെങ്കിലും, വായനക്കാക്കു് അതെല്ലാം ഊഹിക്കുന്നതിനു വളരെ പ്രയാസമില്ല. ഭൂതപ്പാണ്ടിയിൽവച്ചു് ഭൂതരായരെ എതിത്തതു് അമ്പിളിമിററത്തു ചെറിയച്ചനാണെന്നു് പടമല പറഞ്ഞില്ലെങ്കിലും നമുക്കു ഗ്രഹിക്കാവുന്നതാണു്. കഥയുടെ പുരോഗമനത്തിൽ വായനക്കാക്കു് ഉത്തരോത്തരം ഉന്മേഷം നൽകുന്നതിനു് ഇത്തരം ഊഹശകലങ്ങൾ, ഇരുട്ടത്തു വെളിച്ചമെന്നപോലെ, ഉപകാരപ്രദങ്ങളാണു്. കഥയുടെ വ്യാപാരം എപ്പോഴും

അജ്ഞാതമായ ഒരു അന്തരീക്ഷത്തിൽക്കൂടിത്തന്നെയാണെങ്കിൽ വായനക്കാൎക്കു് അതു് ശ്രമകരവും, നിരാശാജനകവുമാകുന്നു.

അംഗിയായ കഥക്കു് അവയവങ്ങളായി ഉപകഥകളെ ധാരാളമായിച്ചേൎക്കുന്ന സമ്പ്രദായം തിരുമനസ്സിലെ വസ്തുനിൎമ്മാണത്തിന്റെ ഒരു പ്രത്യേകസ്വഭാവമാണ്. ഭാസ്ക്കരമേനോനിൽ കൊലപാതകത്തിന്റെ യാഥാൎത്ഥ്യം വെളിപ്പെടുത്തുന്നതാണു് പ്രധാനകഥ. എന്നാൽ അതോടുകൂടി മരുമക്കത്തായത്തിന്റെ ഗുണദോഷങ്ങൾ, പോലീസ് ഭരണത്തിന്റെ വൈകല്യങ്ങൾ, മുതലായവയെ ഉദാഹരിക്കുന്ന സംഭവങ്ങൾക്കുപുറമേ, ആദ്യന്തം സരസമായ ഒരു പ്രണയകഥയേക്കൂടി നീരക്ഷീരപ്രമാണം കൂട്ടിയിണക്കിയിരിക്കുന്നു ഇതുപോലെതന്നെ ഭൂതരായർ കേരളത്തിൽവന്നു് അവിടത്തെ കലാപങ്ങൾക്കു് തൽക്കാലശാന്തി നൾകിയെങ്കിലും ഒടുവിൽ ജനങ്ങളുടെ അപ്രീതിക്കു പാത്രീഭവിച്ചു് രാജ്യത്തുനിന്നും ബഹിഷ്കൃതനാകുന്നതാണു് ഭൂതരായരിലെ പ്രധാന കഥ. എന്നാൽ പ്രസ്തുതഗ്രന്ഥത്തിൽ പകുതിഭാഗം ഭൂതരായരെ കേരളത്തിലേക്കുകൊണ്ടുവരുവാൻ. ഹേതുഭൂതങ്ങളായ ചിരുതപ്പട, ആഢ്യന്മം ആസ്യന്മം തമ്മിലുള്ള കലഹം, ഐരുർചാത്തരുടെ ഗൂഢകൃത്യങ്ങൾ, പള്ളിബാണരുടെ തിരോധാനം, നമ്പിക്കുറിന്റെ കൃത്രിമങ്ങൾ, അമ്പിളിമിററത്തു ചെറിയച്ചൻ, കാവാതിക്കടുവ മുതലായവരുടെ അക്രമങ്ങൾ ഇത്യാദി ചെറുകഥകളേക്കൂട്ടിച്ചേൎക്കുന്നതിനു വിനിയോഗിച്ചിരിക്കുന്നു. ചിരുതയും ചന്തുവുമായുള്ള അനുരാഗകഥ ഗ്രന്ഥാവസാനംവരെ നീണ്ടുനിൽക്കുന്നു. ചന്തുമേനോന്റെയും സി. വി. യുടേയും കഥകളേ ഏകവൎണ്ണോജ്ജ്വലമായ പൂമാലകളോടുപമിക്കാമെങ്കിൽ അപ്പൻതമ്പുരാൻ തിരുമനസ്സിലെ കഥ

കൾ വിവിധവർണ്ണസങ്കലിതമായ ഒരു സുരഭിലവനമായാകുന്നു. അല്ലെങ്കിൽ, അതു് അനേകം ചെറുകുല്യകൾ ഒന്നിച്ചുചേർന്നു പ്രവഹിക്കുന്ന ഒരു മഹാനദിയാകുന്നു.

ഇന്ദുലേഖയിലും, ശാരദയിലും ചന്തുമേനോൻ മദ്ധ്യമപാത്രങ്ങളേക്കൊണ്ടാണു് കൈകാര്യം ചെയ്യുന്നതു്. അവയിൽ ഒരുക്കൂട്ടം ലോകത്തിന്റെ യഥാൎത്ഥപ്രതിമകളും, തന്നിമിത്തം നാം എവിടേയും കാണുകയും, കേൾക്കുകയും ചെയ്യുന്നവരും മറെറാരുക്കൂട്ടം ആദർശപരങ്ങളുമാകുന്നു. പഞ്ചുമേനോൻ, സൂരിനമ്പൂരിപ്പാട്ടു്, ഗോവിന്ദൻ, കരുത്തേടം, താശ്ശൂമ്മേനോൻ മുതലായവർ നമുക്കു ചിരപരിചിതന്മാരും, ചിരഞ്ജീവികളുമാകുന്നു. ഇന്ദുലേഖയും, മാധവനും ചില ആദർശങ്ങൾക്കു പ്രതിനിധികളാകുന്നു. അവരെ അങ്ങനെതന്നെ ലോകത്തിൽ കാണ്മാൻ സാധിക്കുകയില്ലാ. സി. വി യുടെ അന്തരീക്ഷം വളരെ വലുതാണു്. എല്ലാവിധത്തിലുമുള്ള പാത്രങ്ങളേയും അദ്ദേഹത്തിന്റെ ആഖ്യായികകളിൽ കാണാൻ കഴിയും. എങ്കിലും അവയിലെ നീചപാത്രങ്ങളാണു് നമ്മെ അധികം ആകൎഷിക്കുന്നതു്. അവരുടെ ബലദൗർബല്യങ്ങൾ നമ്മേ സന്തോഷിപ്പിക്കുകയും, നാമവരെ സ്നേഹിക്കുകയും ചെയ്യുന്നു. നിത്യജീവിതത്തിൽ അവർ നമ്മുടെ ദൃഷ്ടിപഥത്തിൽ എത്തുന്നില്ല. യഥാൎത്ഥലോകത്തിൽനിന്നും അവർ വളരെ അകന്നുനിൽക്കുന്നു. ശങ്കുആശാൻ, അഴകൻപിള്ള മുതലായവരും ഇതിനു് അപവാദങ്ങളല്ല. തമ്പുരാൻ തിരുമനസ്സിലെ കഥാപാത്രങ്ങളും വിപുലമായ ഒരു അന്തരീക്ഷത്തിലാണു സഞ്ചരിക്കുന്നതു്. എന്നാൽ സി. വി-യുടേയും ചന്തുമേനോന്റേയും കഥകളിൽ കാണുന്നതുപോലെ, നായകന്മാരേക്കാൾ കൂടുതൽ പ്രാധാന്യമോ, സഹൃദയാവർജ്ജകശക്തിയോ, തിരുമനസ്സുകൊണ്ടു് ഇതരപാത്രങ്ങൾക്കു നൽകുന്നില്ല. ഭ്രതരായരിൽ നമ്മേ ഏററവും ആകൎഷിക്കുന്നതു നായകനായ ഭ്രതരായർ തന്നെയാണു്.

ഉത്തമാംഗം ശോഷിപ്പിച്ചിട്ട് ഇതരാംഗങ്ങൾക്കു ധാടിയും മോടിയും കൂട്ടുന്നതിൽ അല്പം അനൌചിത്യംതന്നെയുണ്ട്. നീചപാത്രങ്ങളെ സൃഷ്ടിക്കുന്നതിൽ തിരുമനസ്സിലേക്കു വലിയ പരിചയം ഇല്ലെന്നും സംശയിക്കേണ്ടിയിരിക്കുന്നു. മാമാങ്കത്തിന്റെ തലേദിവസം പേരാററിൻകരയിൽ കൂടുന്ന കള്ളുകുടിയന്മാരുടെ യോഗം വേണമെങ്കിൽ ഒരു ഉദാഹരണമായി എടുക്കാവുന്നതാണു്.

നമ്മുടെ മിക്ക ആഖ്യായികകളിലും, നാടകങ്ങളിലും പാത്രങ്ങളുടെ സ്വഭാവം വ്യവസ്ഥിതമാണു്. അവർ നില്ക്കുന്ന അന്തരീക്ഷത്തിൽനിന്നു മാറുകയോ, അവിടെത്തന്നെ വളരുകയോ ചെയ്യുന്നില്ല. സൂരിനമ്പൂരിപ്പാട്ട് ഇന്ദുലേഖയെ കാണ്മാൻ പുറപ്പെടുന്നതിനു വട്ടം കൂട്ടുന്നതു കാണുമ്പോൾ തന്നെ അദ്ദേഹത്തിൻെറ സ്വഭാവം മുഴുവൻ നമുക്കു മനസ്സിലാകുന്നു. ഭൂതരായരുടെ നില ഇതല്ല. ഗ്രന്ഥത്തിൻെറ പൂർവ്വഭാഗത്തിൽ പെരുമാൾ, കാര്യക്കാർ മുതലായവരിൽ നിന്നും നാം ഭൂതരായരെപ്പററി വളരെ കേൾക്കുന്നു. പാണ്ഡ്യരാജ്യത്തു മലനാട്ടു ദൂതന്മാർ ചെന്നുചേരുമ്പോൾ നാം അദ്ദേഹത്തെ നേരിട്ടു കാണുന്നു. അദ്ദേഹത്തിൻെറ ഭരണസാമർത്ഥ്യം, പാണ്ഡിത്യം, വചോമാധുര്യം, ചാരചക്ഷുസ്സ്, മുതലായവ നമ്മെ ആകർഷിക്കുന്നു. ഹൃദയകാഠിന്യം നമ്മെ ഭയപ്പെടുത്തുന്നു. സ്ത്രീലമ്പടത്വം നമ്മേ പരിഭ്രമിപ്പിക്കുന്നു. ഭൂതപ്പാണ്ടിയിൽവച്ചു കാണിക്കുന്ന യുദ്ധസാമർത്ഥ്യം നമ്മെ വിസ്മയിപ്പിക്കുന്നു. എന്നാൽ അദ്ദേഹം കേരളത്തിൽ വന്നുചേർന്നതിനു ശേഷമുള്ള പ്രവൃത്തികൾ നമ്മുടെ നീരസത്തിനു മാത്രമല്ല, കോപത്തിനും വെറുപ്പിനും കാരണമാക്കിത്തീർക്കുന്നു ഭൂതരായരെ പൂർണ്ണമായി മനസ്സിലാക്കണമെങ്കിൽ കഥമുഴുവൻവായിക്കണം. ഇങ്ങനെ കഥയുടെ പുരോഗതിയനുസരിച്ചു

പാത്രങ്ങളുടെ സ്വഭാവവും കൂടുതൽ കൂടുതലായി പ്രത്യക്ഷപ്പെടുത്തുന്ന സമ്പ്രദായം തമ്പുരാൻതിരുമനസ്സിലെ നോവലുകൾക്കുള്ള ഒരു പ്രധാന ലക്ഷണമാകുന്നു.

ഒരു ആഖ്യായികാകർത്താവിന് ഏററവും ബുദ്ധിമുട്ടുള്ള ഒരു സംഗതി പാത്രങ്ങൾ തമ്മിലുള്ള സംഭാഷണത്തിൽ തന്മയത്വമുണ്ടാക്കുന്നതാണ്. ഈ വിഷയത്തിൽ ചന്തുമേനോനുള്ള ശക്തിയും, ചാതുര്യവും അനന്യസാധാരണങ്ങളാണ്. സൂരി നമ്പൂരിപ്പാടിനെക്കൊണ്ട് കൃത്രിമത്തിൻെറ ലേശംപോലും തോന്നിക്കാതേയും, പൂർണ്ണമായ താല്പര്യം അദ്ദേഹത്തിനു തന്നെ മനസ്സിലാകാതേയും, 'എനിക്കു നല്ല ഭ്രാന്താണ്' എന്നു പറയിക്കുന്നതിന് ഇന്ദുലേഖാകർത്താവിനേക്കൊണ്ടേ സാധിക്കുകയുള്ളു. ചില സ്ഥലങ്ങളിൽ സാംഭാഷണത്തിലും, വർണ്ണനയിലും, ചന്തുമേനോൻ അതിശയോക്തി ധാരാളം പ്രയോഗിച്ചിട്ടുണ്ട്. എന്നാൽ ആ അതിശയോക്തികളും, അവയുടെ സ്വാഭാവികതകൊണ്ട് വായനക്കാരെ വഞ്ചിക്കുന്നു. നീചപാത്രങ്ങളിൽ ദേശ്യഭാഷയുടെ സഹായത്തോടുകൂടിയാണ്, സി. വി. സംഭാഷണത്തിനു തന്മയത്വമുണ്ടാക്കുന്നതു്. തിരുമനസ്സിലെ നോവലുകളിൽ കാണുന്ന സംഭാഷണരീതി അതിൻെറ സ്വാഭാവികത്വം കൊണ്ടു് ചന്തുമേനവൻെറ രീതിയോടു സാമ്യമുണ്ടെങ്കിലും, അതു് സന്ദർഭാനുസരണം അർത്ഥഗർഭമായോ, ഫലിതമയമായോ മാറിക്കൊണ്ടിരിക്കുന്ന ഒന്നാണ്. ചിരുതക്കുട്ടിയും അച്ഛനുമായിട്ടോ, ഭ്രത്തരായരും ദാസിയുമായിട്ടോ, വേണാട്ടുചാരനും സന്യാസിയുമായിട്ടോ, നടക്കുന്ന സംഭാഷണത്തിൻെറ ഓജസ്സും, ഔചിത്യവും അനുഭവൈകവേദ്യമാകുന്നു.

അഭിമുഖസംഭാഷണത്തിൽ സി. വി.-ക്കു് അസാധാരണമായ ഫലിതമുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തി

ൻെറ ആഖ്യായികകളിൽ അതു് വിരളമായിട്ടേ കാണുന്നുള്ളു. ഉള്ളതു തന്നെ അധികവും ആലോചിച്ചു രസിക്കേണ്ടതായിട്ടാണിരിക്കുന്നതു്. 'മൂക്കിനു താഴെ പുരികം കിളുത്തപ്പോൾ കണ്ണു വാസ്തുകത്തായിപ്പോയി' എന്നും മററുമുള്ളവ ഇതിന്നു് ഉദാഹരണങ്ങളാകുന്നു. ഫലിതത്തിനുണ്ടായിരിക്കേണ്ട ഒരു ഗുണം അതു് ക്ഷണഗ്രാഹ്യമായിരിക്കണമെന്നുള്ളതാണു്. ചന്തുമേനോൻെറ ഫലിതങ്ങൾ ഇതിനു മൂർദ്ധാഭിഷിക്തോദാഹരണങ്ങളാകുന്നു. വർണ്ണനകൊണ്ടും, സംഭാഷണംകൊണ്ടും ഹാസ്യരസം ഉല്പാദിപ്പിക്കുവാൻ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് വിജയപൂർവ്വം പരിശ്രമിച്ചിട്ടുണ്ടു്. കുഞ്ഞുണ്ണിനായർ ഇൻസ്പെക്ടർ സ്റ്റേഷൻ പരിശോധിക്കാൻ എത്തുന്ന ദിക്കിൽ കാണുന്ന വർണ്ണന ഈ പ്രകാരമുള്ളവയിൽ ഒന്നാകുന്നു. ഈ വർണ്ണനകൊണ്ടു് ഇന്ദുലേഖയിലെ സൂരിനമ്പൂരിപ്പാടു്, മാർത്താണ്ഡവർമ്മയിലെ ശങ്കു ആശാൻ, ശാരദയിലെ വൈത്തിപ്പട്ടർ, രാമരാജബഹദൂർലെ അഴകൻപിള്ള മുതലായവരുടെ ഒരു മഹായോഗത്തിൽ മിസ്റ്റർ കുഞ്ഞുണ്ണിനായർക്കും ഒരു സ്ഥാനം സുലഭമായിത്തീൎന്നു. ഭൂതരായരിലെ കഴകഞ്ചേരിയേക്കൂടി ആ യോഗത്തിലേക്കു ക്ഷണിച്ചാൽ തരക്കേടില്ല. അദ്ദേഹം "സഹസ്രനാമക്കവണിപോലെ എഴയില്ലാത്ത ഒരു തോൎത്തുമുണ്ടു് മങ്ങലിക്കൊത്ത കുടവയറു ചേൎത്തുപിടിച്ചു്, പ്രണീതക്കിണ്ണത്തോളം വട്ടത്തിൽവെച്ചിട്ടുള്ള കുടുമ മുൻപാക്കം തുൎത്തുകെട്ടി, എലിവാലുപോലെ നീണ്ടതുമ്പെടുത്തു് ചെവിക്കടയിൽതിരുകി, ശുദ്ധത മുഴുവൻ അളുക്കിലാക്കിപ്പതിച്ചതുപോലെയുള്ള നമസ്കാരമുഴ കാണിച്ചു്, മടിയിൽ കിടക്കുന്ന കുടവയറും, വയററത്തു കിടക്കുന്ന മാററത്തെ മേദസ്സും തുള്ളിച്ചു്, ഉരുണ്ടുരുണ്ടു നടന്നു്" അവിടെ എത്താതിരിക്കുകയില്ല. കുളക്കോഴിയുടെ ശബ്ദം ഗച-ഗചഎന്നല്ല, ക്രുവ, ക്രുവാ, എന്നാണെന്നു സമ്മതിച്ചുകൊടുത്തെച്ചൽ തിരുമേനിയുടെ വഴക്കും തീൎന്നു.

രസപ്രകടനത്തെ സംബന്ധിച്ചിടത്തോളം വീരബീഭത്സഭയാനകങ്ങളിൽ സി. വി.ക്കും, ശൃംഗാരകരുണഹാസ്യങ്ങളിൽ ചന്തുമേനോനും, പ്രാഗത്ഭ്യം കൂടുതലുണ്ടെങ്കിൽ, അപ്പൻ തമ്പുരാൻതിരുമനസ്സിലേക്കു് നവരസങ്ങളേയും സന്ദർഭാനുസരണം പ്രകടിപ്പിക്കുന്നതിനു് വേണ്ടിടത്തോളമുള്ള വൈഭവമുണ്ടു്.

മൃദുലവികാരങ്ങളെ പ്രകടിപ്പിക്കുന്നതിനോ, ആ വികാരങ്ങളുള്ള പാത്രങ്ങളേ സൃഷ്ടിക്കുന്നതിനോ സി. വി.ക്കു വലിയ സാമർത്ഥ്യമൊന്നുമില്ല. തന്നിമിത്തം സ്ത്രീത്വം തികഞ്ഞ ഒരു നായികയെ അദ്ദേഹത്തിന്റെ കൃതികളിൽ കാണുന്നതല്ല. പാറുക്കുട്ടിക്കും, മീനാക്ഷിക്കും സ്ത്രീരൂപമുണ്ടെങ്കിലും, ഒരു സ്ത്രീയുടെ ചൈതന്യമില്ല. സുഭദ്രയും, സാവിത്രിയും, ആകൃതികൊണ്ടു സ്ത്രീകളാണെങ്കിലും, പ്രകൃതികൊണ്ടു പുരുഷന്മാരാകുന്നു. അപ്പൻതമ്പുരാൻ തിരുമനസ്സിലേ ദേവകിക്കുട്ടി, ചിരുത, ആനന്ദം, ഉണ്ണിനങ്ങ, മുതലായവരിൽ സ്ത്രീത്വം പരിപൂർണ്ണമായിക്കാണുന്നുണ്ടു്. ആ പാവപ്പെട്ട അമ്മുവിനെ നാം ഒരു രംഗത്തിലെ കാണുന്നുള്ളു. അവിടെ അവളുടെ കൎത്തവ്യവും സ്നേഹവും, മനസ്സാക്ഷിയുമായിട്ടു് ഒരു വലിയ കലഹം നടക്കുന്നു. ഒടുവിൽ അവൾ പരാജിതയായി അരയിൽ ചുററിയിരുന്ന മേൽമുണ്ടിന്റെ ഒരു തലകൊണ്ടു മാറിടം മറച്ചും, കാററടികൊണ്ടുമുഖത്തേക്കു വരുന്നതും, കറുത്തു നീണ്ടുചുരുണ്ടതുമായ തലമുടി ഒരു കൈകൊണ്ടു തടുത്തും' കാമുകനെ പിൻ തുടൎന്നു് കാലും, കൈയും കുഴഞ്ഞു ചരലിൽ വീഴുകയും, വസ്ത്രത്തിന്റെ അഗ്രംകൊണ്ടു മുഖംമറച്ചു് അതിദയനീയമാംവണ്ണം കരകയും' ചെയ്തുംകൊണ്ടു് അവസാനമായി തിരോധാനം ചെയ്യുമ്പോൾ നമ്മുടെ പരിപൂർണ്ണമായ അനുകമ്പക്കു് അവൾ പാത്രീഭവിക്കുന്നു.

പോരളാതിരി മുടിയിലെ പൊട്ടക്കയത്തിൻെറ കരയിൽ വച്ച് ചിരുതക്കുട്ടിയും, കുഞ്ഞിപ്പെണ്ണുമായുണ്ടായ സ്വൈരസല്ലാപത്തിൽ വിവരിക്കുന്ന കൈതപ്പൂവിൻെറ ബാലിശമായ കഥയേക്കാൾ മൃദുലവും, സുകുമാരവും, സഹൃദയാവർജ്ജകവുമായ ഒരു ഭാഗം അന്യഗ്രന്ഥത്തിൽ കാണാൻ സാധിക്കുകയില്ല.

സി. വി. യുടെ ഗദ്യരീതി സംസ്കൃതപദബഹുലവും, വക്രവും, കൃത്രിമവുമാണ്. ഓജസ്സാണ് അദ്ദേഹത്തിൻെറ ഗദ്യത്തിൻെറ പ്രധാനഗുണം. ചന്തുമേനോൻെറ ഗദ്യം ഏതാണ്ടു നിസർഗസിദ്ധമാണ്. വ്യുല്പന്നന്മാരേയും, വൈയാകരണന്മാരേയും, അതു തിരിഞ്ഞു നോക്കുന്നില്ല. എങ്കിലും അതിനു മാധുര്യവും, പ്രസാദവുമുണ്ടു്. അപ്പൻതമ്പുരാൻതിരുമനസ്സുകൊണ്ടു് ഗദ്യകവികളിൽ പ്രഥമഗണനീയനാകുന്നു. കേരളവർമ്മവലിയകോയിത്തമ്പുരാൻെറ ഗാംഭീര്യം, ചന്തുമേനവൻെറ സാരസ്യം, രാജരാജവർമ്മയുടെ പ്രസാദം, രാമകൃഷ്ണപിള്ളയുടെ ഓജസ്സ്, നയനാരുടെ ഫലിതം, മുതലായവ ഏകോപിച്ച് തിരുമനസ്സിലെ ഗദ്യങ്ങളിൽ കാണാൻ കഴിയും. ഭൂതരായർ അവിടുത്തെ ഗദ്യരീതിയുടെ ഒരു പ്രദർശനശാലയാകുന്നു. വർണ്ണനകളിൽ ആഡംബരത്തേക്കാളധികം അന്തർലീനമായ രസഭംഗിയിലാണ് തിരുമനസ്സുകൊണ്ടു ശ്രദ്ധിക്കാറുള്ളതു്. ചെങ്കാളിപ്പുഴ മാർത്താണ്ഡമുടികളുടെ അടിവാരത്തിൽ അടുക്കുമ്പോൾ തടം വിരിഞ്ഞു്, മുഴച്ച പാറകളിൽ തട്ടിമറിഞ്ഞു്, വിരിച്ചപാറകളിൽ പരന്നൊലിച്ച്, അഞ്ഞൂറടി ആഴമുള്ള ഒരു ചെങ്കുത്തിൽചെന്നു ചാടുന്ന കാഴ്ച കാണുവാൻ ആർക്കാണു കൌതുകമുണ്ടാകാത്തതു്! അമ്പിളിമിററത്തു ചെറിയച്ചൻെറ ഏകാന്ത സഞ്ചാരത്തിന് പാത്രമായ ഭയങ്കരവനപ്രദേശം, തേജോമയമായ പാണ്ഡ്യരാജസദസ്സ്, മനോഹരമായ പോർളാതിരിമുടി മുതലായി ഭൂതരായരിൽകാണുന്ന

വർണ്ണനകളുടെ അകൃത്രിമഭംഗിയും, വൈചിത്ര്യവും വിശിഷ്ടമായ വിവരണസമ്പത്തും തിരുനസ്സിലെ ഗദ്യരീതിയുടെ ഉൽകൃഷ്ടോദാഹരണങ്ങളാകുന്നു. ഭൂതരായരിലെപ്പോലെ ഇത്ര വൈചിത്ര്യമുള്ളതും ഇതരഭാഷകളിലേയ്ക്കു തർജ്ജിമ ചെയ്യുന്നപക്ഷം അതിൻെറ ഭംഗിമുഴുവൻ നശിച്ചു പോകത്തക്ക വ്യക്തിവൈഭവത്തോടുകൂടിയതുമായ ഒരു ഗദ്യം മലയാളഭാഷയിൽ വേറെ ഇല്ലെന്നുള്ളതു തീർച്ചതന്നെ.

കേരളത്തിൽ അദ്യാപിനിലനിന്നു വരുന്ന യാത്രക്കളി, ഓണത്തല്ലു, വാരമിരിക്കൽ മുതലായ സാമുദായികാചാരങ്ങൾ, ജനാധിപത്യത്തിന്റെ പുരാതന വ്യവസ്ഥകൾ, ധനുർവിദ്യാ, ചാരതന്ത്രം, ഇത്യാദിയിൽ കേരളീയർക്കുണ്ടായിരുന്ന പാണ്ഡിത്യം, മുതലായവയെ നിഴലിക്കുന്നതും സഹൃദയന്മാരുടെ വിനോദത്തിനും വിചാരത്തിനും ഉതകുന്നതും ആയ ഏകാഖ്യായിക അപ്പൻ തമ്പുരാൻ തിരുമനസ്സിലെ ഭൂതരായരാകുന്നു.

തിരുമനസ്സുകൊണ്ടു് അരോഗദൃഢഗാത്രനായി വളരെക്കാലം ജീവിച്ചു് കൈരളിയെ അനുഗ്രഹിക്കുമാറാകട്ടെ.

# ഗദ്യപരിണാമം

ആറ്റൂർ കൃഷ്ണപിഷാരടി

ഗദ്യപദ്യസാഹിത്യങ്ങളിൽ പദ്യസാഹിത്യമാണു എതൊരു ഭാഷയിലും ആദ്യത്തിലുണ്ടാകുന്നതെന്നാണു ചില നവീനന്മാരുടെ മതം. ഗദ്യസാഹിത്യം പിൽക്കാലത്തേ ഉണ്ടാവുകയുള്ളു എന്നാണവർ പറയുന്നതു്. എന്നാൽ ഗദ്യത്തിനുള്ള പ്രാധാന്യം പ്രസ്താവിക്കാൻ പുറപ്പെട്ടിട്ടുള്ള ഞാൻ അവരുടെ ആ മതം സമ്മതിക്കാനൊരുക്കമില്ല. ഈ അവസരത്തിൽ അവരെന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ എന്നു കരുതാൻ എനിക്കു തരവുമില്ല. ജനങ്ങൾക്കു പരസ്പരം ഇംഗിതങ്ങൾ അറിയിപ്പാനുള്ള സംഭാഷണങ്ങൾ തന്നെ ഗദ്യരൂപത്തിലാണല്ലോ. അതിനാൽ ഗദ്യം ആവശ്യക ഭാഷയും പദ്യം ആഡംബരമായുണ്ടായ ഭാഷയുമാണെന്നു തീർച്ചയാണു്. ഏതൊരു സംഗതിയിലും ആവശ്യം നിർവ്വഹിച്ചതിന്നു ശേഷമേ സാധാരണജനങ്ങളെല്ലാം ആഡംബരത്തിന്നു വട്ടം കൂട്ടുകയുമുള്ളു. ആഡംബരഭ്രാന്തു കുറഞ്ഞവരും ആവശ്യം ഭംഗിയായും വൃത്തിയായും നടത്തിപ്പോന്നിരുന്നവരുമായ പ്രാചീനന്മാർ വിശേഷിച്ചും ഒരു വിഷയത്തിൽ ആദ്യം തന്നെ ആഡംബരത്തിന്നൊരുങ്ങിയിരിക്കുമെന്നു കരുതാവുന്നതല്ല.

സാഹിത്യമെന്നതു ഭാഷയുടെ ഒരു വക ഭേദമാണല്ലോ. സാധാരണ ഭാഷാധർമ്മങ്ങൾക്കു പുറമേ ചില പ്രത്യേക ഗുണങ്ങളും കൂടിയുണ്ടായാൽ ആ ഭാഷ സാഹിത്യമായി. ആ വക പ്രത്യേക ഗുണങ്ങൾ ആദ്യമായി പ്രത്യക്ഷപ്പെട്ടുതുടങ്ങുന്നതാകട്ടെ സംഭാഷണം,

ഉപദേശം, വൃത്താന്തകഥനം മുതലായ ആവശ്യകഭാഷാപ്രയോഗങ്ങളിൽ തന്നെ ഉൾപ്പെട്ട ചില അംശങ്ങളിലായിരിക്കണം. അതാണു സ്വാഭാവികം. കൃഷിയെപ്പററിയുള്ള സംഭാഷണത്തിന്നിടയിൽ 'ഇന്നുതന്നെ വിതയ്ക്കണം. കാലത്തു വിത്തിട്ടാൽ കാലേ കൊയ്യാം.' എന്നു പറഞ്ഞുവെന്നിരിക്കട്ടെ. അതിൽ 'കാലത്തു വിത്തിട്ടാൽ കാലേ കൊയ്യാം' എന്ന അംശം വേണ്ടതു വേണ്ട സമയത്തുതന്നെ ചെയ്താൽ വേണ്ടപ്പോൾ ഫലമനുഭവിക്കാം എന്ന സാമാന്യാൎത്ഥത്തിൽക്കൂടി വ്യാപിക്കയും ആ വഴിക്കു ക്രമത്തിൽ മററു ചില പ്രവൃത്തികളെപ്പററിപ്പറയുമ്പോഴും ഒരു ന്യായത്തിൻെറ നിലയിൽ പ്രയോഗിച്ചുവരുന്ന പഴഞ്ചൊല്ലായിപ്പരിണമിക്കയും ചെയ്യുന്നു. അങ്ങനെ പ്രത്യേകം അൎത്ഥപുഷ്ടിവരുമ്പോൾ അതു സാഹിത്യഭാഷയുമായിത്തീരുന്നു. ഈ വിധത്തിലായിരിക്കണം സാഹിത്യത്തിൻെറ ആരംഭമെന്നു കരുതുന്നതാണു യുക്തമായിത്തോന്നുന്നതു്. അതിനാൽ ഗദ്യരൂപത്തിൽത്തന്നെയാണു സാഹിത്യവും ആദ്യമായുണ്ടാകുന്നതെന്നു വന്നുകൂടുന്നു. പിന്നെ ആ വക പഴഞ്ചൊല്ലുകൾ തന്നെ ദൃഷ്ടാന്തത്തിൻെറ നിലയിലും ഉപമയുടെ നിലയിലും അൎത്ഥാന്തരന്യാസത്തിൻെറ നിലയിലും മററുമായി പല സന്ദർഭങ്ങളിലും പ്രയോഗിപ്പാനിടവരുന്നു. അതോടുകൂടി അവയുടെ അൎത്ഥപുഷ്ടിയിലുള്ള രസംകൊണ്ടു ചില അക്ഷരങ്ങൾ കുറച്ചധികം നീട്ടിയും ചിലതു കുറുക്കിയും ചൊല്ലുന്നതിനും സംഗതിയാകുന്നു. ആ വഴിക്കാണു ചില മാത്രാഭേദമുള്ള പദ്യസാഹിത്യത്തിൻെറ പുറപ്പാടു തുടങ്ങുന്നതു്. മാത്രാനിയമങ്ങളും മററും വ്യവസ്ഥപ്പെട്ടു്—'കാലത്തുവിത്തിട്ടാൽ, കാലേകൊയ്യാം' എന്ന മാതിരി താളവൃത്തങ്ങളും ഗണവൃത്തങ്ങളുമുള്ള നിയതപദ്യങ്ങളുടെ സ്വരൂപത്തിലായിപ്പരിണമിക്കുന്നതാകട്ടെ പിന്നെയും കാലക്രമത്തിൽ വന്നുകൂടുന്നതാണു്. അങ്ങനെ

പദ്യരൂപത്തിൽ പരിണമിച്ചപ്പോഴാണു ആ സാഹിത്യത്തെ സാഹിത്യമെന്ന ഭാഷാവിശേഷത്തിൻെറ നിലയിൽ പ്രത്യേകം ഗണിച്ചുതുടങ്ങിയതെന്നു പക്ഷേ സമ്മതിക്കാം. ഏതായാലും ഇങ്ങനെ ഗദ്യസാഹിത്യത്തിൻെറതന്നെ ഒരുതരം പരിണാമമായിട്ടാണു പദ്യസാഹിത്യമുണ്ടാകുന്നതെന്നായി. ഹൃദയത്തിൽ സ്ഫുരിക്കുന്ന രസവിശേഷം കൊണ്ടാണു് ചില മാത്രാഭേദങ്ങളോടും സ്വരഭേദങ്ങളോടും കൂടി ശബ്ദങ്ങൾ ഉച്ചരിപ്പാനിടയാകുന്നതെന്ന സംഗതി അനുഭവസിദ്ധമാണല്ലോ. ആ തത്വം "ശോകാൎത്തസ്യ പ്രവൃത്തോ മേ ശ്ലോകോ" എന്നതിനാൽ ആദികവി വാത്മീകിയും "ശ്ലോകത്വമാപദ്യതയസ്യശോകഃ" എന്നതിനാൽ വരകവി കാളിദാസനും കാണിച്ചിട്ടുള്ളതുമാണു്.

മേൽപ്രകാരം ആവശ്യകഭാഷയായ ഗദ്യത്തിനു പദ്യരൂപത്തിലുണ്ടായ പരിണാമങ്ങൾക്കു പുറമെ ഗദ്യസ്വരൂപം മാറാതെതന്നെയും ചില പരിണാമങ്ങളുണ്ടായിട്ടുണ്ടു്. . കേരളഭാഷയെപ്പററിയേടത്തോളം ആ വക പരിണാമങ്ങളുടെ ക്രമം വിവരിക്കുന്നതിനുവേണ്ടി ഭാഷയിൽ ഇപ്പോൾക്കാണുന്ന ഗദ്യരീതികളെ സാമാന്യമായിട്ടെങ്കിലും ഒന്നു തരം തിരക്കേണ്ടിയിരിക്കുന്നു. ഭാഷാഗദ്യങ്ങളെല്ലാം ചൂൎണ്ണിക, ഉൽകലിക, അന്തരിക, വൃത്തഗന്ധി, പദ്യബന്ധം ഇങ്ങനെ ചുരുക്കത്തിൽ അഞ്ചുവകയിലേതിലെങ്കിലും ഉൾപ്പെടുന്നവയായിട്ടാണിരിക്കുന്നതു്.

ചെറിയചെറിയ വാക്യമായി സംഭാഷണരീതിയോടുവളരെ അടുത്തതും അതിനാൽ സ്വാഭാവികവുമായ രീതിയിലുള്ള ഗദ്യമാണു ചൂൎണ്ണിക. സാധാരണ സംഭാഷണത്തിൽ വന്നുപോകുന്ന അക്ഷരലോപം മുതലായ ന്യൂനതകളുണ്ടായിരിക്കില്ലെന്നുള്ള സംഗതിമാത്രമേ സംഭാ

ഷണത്തിൽ നിന്നു് ഒരു പ്രധാന വ്യത്യാസം ഇത്തരം ഗദ്യത്തിന്നുള്ളൂ.

"ഇളകിക്കിടക്കുന്ന പൂഴി പറക്കാൻ ഒരിളങ്കാററുണ്ടായാൽ മതി. കൂടിക്കിടക്കുന്ന കുന്നു കൊടുങ്കാററുകൊണ്ടും കുലുങ്ങുന്നതല്ല. ഒററപ്പെട്ടാൽ സമുദായമില്ല; ജാതിയുമില്ല. തമ്മിൽതമ്മിലിണക്കമില്ലെങ്കിൽ ലോകവുമില്ല. അസംഖ്യം തേനീച്ച്കളുടെ പരിശ്രമത്തിൻെറ ഫലമാണ് നാമനുഭവിക്കുന്ന തേൻ. ഭഗീരഥൻ ഒരു ദിവസം കൊണ്ടല്ല ആകാശഗംഗയെ പാതാളത്തിലേയ്ക്കു കൊണ്ടുപോന്നതു്. യോഗബലം, ഉത്സാഹശീലം, സ്ഥിരപ്രയത്നം ഇവയുടെ യോഗമാണു് വിജയത്തിൻെറ ബീജം." ഇങ്ങനെയാണു ഈ ചൂർണ്ണികാവർഗ്ഗത്തിൻെറരീതി. മലയാളത്തിന്നു വിശേഷിച്ചും സ്വതസ്സിദ്ധമായ ഗദ്യരീതിയും ഇതുതന്നെയാണു്. ശരിയായി പ്രയോഗിച്ചാൽ അകൃത്രിമമായ ജീവനും പുഷ്ടിയും ഭംഗിയും ഉണ്ടായിത്തീരുന്നതും ഈ രീതിക്കു മാത്രമാണു്.

സംസ്കൃതശബ്ദങ്ങൾ ഇഷ്ടംപോലെ ധാരാളം ചേർത്തു ദീർഘസമാസങ്ങളുണ്ടാക്കിയോ വാക്യത്തുമ്പുകൾ വളച്ചുകെട്ടി നീട്ടിനീട്ടിയോ വലിയ ചുമടുപോലെ ഭാരംവരുത്തി പ്രയോഗിക്കുന്ന രീതിക്കാണു് ഉൽകലികയെന്നുപറയുന്നതു്. കൃത്രിമമോടികൂട്ടി ഭ്രമിപ്പിക്കുന്ന വർഗ്ഗത്തിൽ പെട്ടതാകയാൽ ഇതു് ആഡംബരഭാഷയിൽ ചേർന്നതുമാണു്.

'അതിദുർഭരഭൂഭാരഭരണധുരീണങ്ങളും ദംഭോളിബലവീര്യഡംഭപ്രശമനലമ്പടങ്ങളുമായ ആ ക്ഷത്രിയവീര ബാഹുദണ്ഡങ്ങളെ പ്രക്ഷുബ്ധപാരാവാരതരംഗപരമ്പരാസങ്കാശങ്ങളായ വാഹിനീസംഘങ്ങളും നിരന്തരലംബമാനജലധരപടലീമേദുരങ്ങളും പ്രാരബ്ധസന്ധ്യാ-

രാഗദന്തുരിതങ്ങളുമായ പശ്ചിമപർവ്വതശിഖരാഗ്രങ്ങളെ പങ്കജബന്ധുകിരണവൃന്ദങ്ങളും ഒരേ സമയത്തു ശരണം പ്രാപിച്ചു; മിക്കതും ഇതാണ് ഉൽകലികയുടെമാതിരി. അക്ബർ, ധർമ്മരാജാ മുതലായ ആഖ്യായികകളിൽ പലേടത്തും ഈ രീതിയെയാണനുസരിച്ചിട്ടുള്ളതു്. സംസ്കൃതഭാഷയിൽ നല്ല പാണ്ഡിത്യമില്ലാത്തവർ ഈ രീതിയിൽ കയ്യെക്കാൻ പുറപ്പെട്ടാൽ അവതാളത്തിലായേക്കാനെളുപ്പമാണ്. സംസ്കൃതം തീരെപ്പരിചയിക്കാത്ത സാധാരണക്കാർക്കു് ഈവക ഗദ്യം ചൊല്ലിക്കേട്ടുകഴിയുമ്പോൾ ഇടിയും കരിങ്കാറും തിങ്ങിനിറഞ്ഞ ഒരു തുലാവർഷം പെയ്തുതീരുമ്പോഴത്തേയോ നല്ലൊരു പാണ്ടിമേളം കൊട്ടിക്കലാശിക്കുമ്പോഴത്തേയോ ആശ്വാസം തോന്നുന്നുണ്ടെങ്കിൽ അതിനെപ്പററി അത്ഭുതപ്പെടേണ്ടതുമില്ല.

സംസ്കൃതശബ്ദഘോഷമോ ദീർഘസമാസങ്ങളോ ഒരു തരം ഉൽകലികാരീതിയുണ്ടു്. കൂടാതേയും വാക്യങ്ങളെ അവസാനിപ്പിക്കാതെ ഒന്നോടൊന്നു പിണച്ചു കെട്ടിനീട്ടിക്കൊണ്ടു പോകുന്നതാണു അതിന്റെ സ്വഭാവം. "അരിഷ്ടിച്ചുരവയറത്താഴം മാത്രം കഴിച്ചാലും മേനിവിടാത്ത തൊണ്ടന്മാർക്കു് ഉദരപൂരണത്തിന്നു സ്വാതന്ത്ര്യമെന്നല്ല വിചാരിക്കാത്ത സ്ഥാനപ്പേരുമക്കൂടി വന്നു ചേരുമ്പോൾ ഉള്ളിലുണങ്ങിക്കിടക്കുന്ന പലതരം മോഹബീജങ്ങളും പുതുമഴകൊണ്ടു കപ്പയിലേ വിത്തെന്നപോലെ പൊട്ടിപ്പൊടിച്ചു തട്ടിത്തഴച്ചു് അടക്കുവിട്ടടക്കാമരം കണക്കു് ഒതുക്കിയാലൊതുങ്ങാതെ മാനക്കുന്നിലേക്കു മേനിപറഞ്ഞു ചാടിക്കയറി നാലടിചെന്നാൽ കാലിടറി ഒന്നിച്ചുരസിവീഴുന്നതു് ആഡംബരഭ്രാന്തുകൊണ്ടോ അഭ്യാസക്കുറവുകൊണ്ടോ എന്നു മനംകൊണ്ടു കാ

ണ്ടാത്ത മാനച്ചൻസ്ഥാനത്തു കയറിയിരുന്നു് ആകപ്പാടെ നോക്കിയതിൽ ഇനി മഹാരാജാവാകുന്നതിന്നു കുറെ ആളും പണവും പോരാത്ത കോട്ടംമാത്രമാണെന്നു കണ്ടു് ആ ന്യൂനത പരിഹരിപ്പാൻ ദീർഘാലോചന ചെയ്യുന്നുണ്ടു്." ഇങ്ങനെയുള്ള മട്ടിലാണു് ആ ഉൽകലികയുടെ പോക്കു്. ഇതു വായിക്കുമ്പോൾ നാലഞ്ചുതവണ ശ്വാസം കഴിക്കേണ്ടിവന്നാൽ അതു ചെയ്യുകതന്നെവേണം. അത്ര മാത്രമേയുള്ളു. ചൂൎണ്ണികക്കും ഉൽകലികക്കും ഇടയിലുള്ള രീതിയാണു അന്തരിക. സംസ്കൃതശബ്ദങ്ങൾ പലതുമുണ്ടായിരിക്കുമെങ്കിലും വലിയ ദീർഘസമാസങ്ങളായിചേൎത്തു പ്രയോഗിച്ചിരിക്കയില്ല. വാക്യങ്ങളും ഉൽകലികയിലേപ്പോലെ അത്രവളരെ നീണ്ടിരിക്കയില്ല. സംഭാഷണരീതിയിൽ നിന്നുകുറച്ചൊക്കെ വ്യത്യാസപ്പെട്ടിരിക്കുമെങ്കിലും മലയാളഭാഷക്കുള്ള ലാളിത്യാദിസ്വഭാവങ്ങൾ തീരെപ്പോയിരിക്കയുമില്ല. ഇന്ദുലേഖ, കുന്ദലത മുതലായി ഭാഷയിലെ ഗ്രന്ഥങ്ങളിൽ അധികഭാഗവും ഈ രീതിയിലുള്ള ഗദ്യത്തിലാണു നിൎമ്മിച്ചിട്ടുള്ളതു്. ഈ ലേഖനത്തിൻെറ രീതിയും ഇതുതന്നെയാണു്. സാഹിത്യഗ്രന്ഥങ്ങളിൽ ഭാഷക്കു ജീവനും തന്മയത്വവും അർത്ഥപുഷ്ടിയും ഉണ്ടാക്കുന്ന സംഗതിയിൽ ചൂൎണ്ണികക്കാണു പ്രാധാന്യമെങ്കിലും ശാസ്ത്രഗ്രന്ഥങ്ങളിൽ ഈ അന്തരികാ രീതിയെത്തന്നെ സ്വീകരിക്കാതെ കഴിയുന്നതല്ല. ശാസ്ത്രീയവിഷയപ്രതിപാദനത്തിൻെറ പൂൎണ്ണതയ്ക്കും കാൎയ്യകാരണങ്ങളുടെയും ജ്ഞാപ്യജ്ഞാപങ്ങളുടേയും പരസ്പരബന്ധം സ്പഷ്ടമാക്കുന്നതിന്നും ഈ രീതി അത്യാവശ്യമായി വരുന്നതാണു്.

ഗദ്യവാക്യത്തിന്നിടയിൽ ചില പദ്യപാദങ്ങളേയോ പാദഭാഗങ്ങളേയോ കുത്തിച്ചെലുത്തി വാചകങ്ങളുണ്ടാ

ക്കിത്തീക്കുന്ന രീതിക്കാണു വൃത്തഗന്ധിയെന്നു പേരിട്ടിട്ടു
ള്ളതു്. 'ഭാഷാകവികളിൽ അടുത്തകാലത്തന്തരിച്ചുപോ
യ "നരപതികുഞ്ഞിക്കുട്ടൻ സരസദ്രുതകവികിരീടമ
ണി"ക്കുള്ള സ്ഥാനം അനന്യസാധാരണമാണു്.' ഈ
വിധമാണതിന്റെ സമ്പ്രദായം. ഈവൎഗ്ഗത്തിൽച്ചേരു
ന്ന ഗദ്യങ്ങൾ നിൎമ്മിക്കാൻ തരംപോലെയുള്ള പദ്യ
ഭാഗങ്ങളെത്തേടിപ്പിടിച്ചു സാമാന്യത്തിലധികം ക്ലേശി
ക്കേണ്ടതുണ്ടു്. അങ്ങനെതേടിപ്പിടിച്ചു ചില വാചക
ങ്ങൾ തുടരെത്തുടരെ നിൎമ്മിക്കുന്നതായാൽ അതിന്റെ
ഫലമായി ആവാചകങ്ങൾ വായിക്കാനിടവരുന്നവരെ
അതിലുമധികം മുഷിപ്പിക്കേണ്ടതുമുണ്ടു്. ഭാഷയുടെ ഭാ
ഗ്യത്താൽ ഈ നെൽമോർ വൎഗ്ഗത്തിനു് ഗദ്യങ്ങളിൽ അ
വിടെയവിടെക്കടന്നു കൂടാനല്ലാതെ ഒരുപ്രബന്ധത്തിൽ
പ്പോലും പ്രധാനപ്പെട്ടുനിൽക്കുവാൻ ഇതുവരെയും സാ
ധിച്ചിട്ടില്ല.

ഒന്നിനൊന്നിടവിട്ടു കഴിയുന്നിടത്തോളം പദ്യങ്ങൾ
ചേൎത്തു് ആ പദ്യങ്ങളുടെ അൎത്ഥങ്ങളെ ഏതെങ്കിലും
ഒരുതരത്തിൽ പരസ്പരം ഒന്നു കൂട്ടിയോജിപ്പിച്ചു
കാണിപ്പാനായി മാത്രം ഇടക്കിടക്കു ചിലഗദ്യങ്ങളും
നിൎമ്മിക്കുന്ന രീതിയാണു പദ്യബന്ധം. എങ്ങനെയെ
ന്നാൽ—കാളിദാസൻ പറഞ്ഞിരിക്കുന്നു (ഒരുശ്ലോകം)
ഭവഭൂതി ഈഅഭിപ്രായംതന്നെ അല്പംവ്യത്യാസപ്പെടു
ത്തിപ്പറഞ്ഞിട്ടുണ്ടു്. (മറെറാരുശ്ലോകം) എന്നാൽ രാമ
ഭദ്രദീക്ഷിതർ പറയുന്നതിങ്ങനെയാണു് (വേറൊരുശ്ലോ
കം) ഈ മാതിരിയിൽ ഇതെത്രയെങ്കിലും നീട്ടിക്കൊണ്ടു
പോകാവുന്നതാണു്. ചിലപ്പോൾ ശ്ലോകങ്ങൾ കൊണ്ടു
മാത്രം തൃപ്തിപ്പെടാതെ അവയോരോന്നിന്റെയും അ

ത്ഥവും ചേർത്തുവരാറുണ്ട്. വിദൂഷകൻെറ ഭാഷയിൽ പറകയാണെങ്കിൽ ഇതിന്നു 'ഗദ്യപ്പിട്ട്' അല്ലെങ്കിൽ ഗദ്യപ്പുട്ട്'' എന്നുപറയാം. കുറച്ച് അരിപ്പൊടി, പിന്നെക്കുറച്ചു നാളികേരം ചിരകിയത്, പിന്നെയും അരിപ്പൊടി, പിന്നെയും തേങ്ങ, ഇങ്ങനെയാണല്ലോ പുട്ടുണ്ടാക്കാൻ കുമ്പത്തിൽ നിറക്കേണ്ടുക്രമം. ഈവൎഗ്ഗത്തിൽ ചേൎന്ന പ്രബന്ധങ്ങളുടെ നിൎമ്മാണക്രമവും അതേമാതിരിയിൽത്തന്നെയാണ്. പ്രബന്ധത്തിലെ വിഷയങ്ങളുടെ ക്രമവും പ്രായേണ പ്രബന്ധകാരന്ന ശ്ലോകങ്ങൾ തോന്നുന്നതിൻെറ ക്രമത്തെ അനുസരിച്ചിരിക്കും. എങ്കിലും ഒരാശ്വാസത്തിന്നു വകയുണ്ട്. മാസികകളിലും മററും ചിലപ്രബന്ധങ്ങളല്ലാതെ ഒരുഗ്രന്ഥംമുഴുവനും ഈ രീതിയിൽ ആരും നിൎമ്മിച്ചു കാണുന്നില്ല.

മേൽക്കാണിച്ച വിധത്തിലെല്ലാമാണു ഭാഷാകാമധേനുവിൻെറ ഗദ്യപഞ്ചഗവ്യങ്ങളിലോരോന്നിൻെറയും സമ്പ്രദായം. ഇനി ഈ വക ഗദ്യരീതികളിലോരോന്നിൻെറയും പരിണാമക്രമത്തെപ്പററിയാണു പരിശോധിപ്പാനുള്ളത്. അതിൽ ഒടുവിൽക്കാണിച്ച വൃത്തഗന്ധി, പദ്യബന്ധം എന്ന രണ്ടു രീതികളും അടുത്ത കാലത്തുണ്ടായവയാകയാൽ അവയുടെ പരിണാമത്തെപ്പററി അധികമൊന്നും തന്നെ പറവാനില്ല. ചില സംസ്കൃതഗ്രന്ഥങ്ങളിലെ ഓരോ ശ്ലോകങ്ങൾക്കും ഭാഷയിൽ വ്യാഖ്യാനങ്ങളും അവതാരികകളും പണ്ടുമുതൽക്കേ ചിലർ നിൎമ്മിച്ചിട്ടുണ്ട്. പദ്യബന്ധങ്ങളിൽ പലതിലും ഉദ്ധരിച്ചു കാണുന്ന പദ്യങ്ങൾ സംസ്കൃതശ്ലോകങ്ങളായതുകൊണ്ടു പക്ഷേ ആ വക വ്യാഖ്യാനഗ്രന്ഥങ്ങളുടെ രീതി പിടിച്ചായിരിക്കാം പദ്യബന്ധരൂപത്തിലുള്ള ഈ നവീനരീതിയുടെ പുറപ്പാടെന്നു മാത്രം വേണമെങ്കിലൂഹിക്കാമെന്നു മാത്രമേയുള്ളൂ. മററു മൂന്നു രീതി

കളും പ്രാചീനകാലത്തുതന്നെയുള്ളതാണെന്നു കാണുന്നുണ്ടു്. ചൂൎണ്ണിക സംഭാഷണരീതിയോടു വളരെ അടുത്തതാകയാൽ ഭാഷയുടെ ആദികാലം മുതൽക്കേ ഉണ്ടായിരുന്നിരിക്കണം. അന്തരികയും ഉൽകലികയും ക്രമത്തിൽ കൃത്രിമത്വം കൂടിയവയാകയാൽ അതിന്നുശേഷം ക്രമത്തിൽ ഉണ്ടായതാണെന്നു കരുതേണ്ടിയിരിക്കുന്നു. എന്നാൽ ഈ മൂന്നു വക ഗദ്യങ്ങളിലും മുൻകാലത്തുള്ളതിൽനിന്നു് ഇക്കാലത്തേയ്ക്കു പല സംഗതികളിലും പരിണാമങ്ങളുണ്ടായിട്ടുണ്ടു്.

ഇവയിൽ ഉൽകലികാപ്രസ്ഥാനം സംസ്കൃതഭാഷയിൽ ആ രീതിയിൽക്കാണുന്ന കാദംബരി മുതലായ ഗദ്യഗ്രന്ഥങ്ങളെ അനുസരിച്ചാണു മലയാളത്തിലുണ്ടായതെന്നതിന്നു സംശയമില്ല. രണ്ടു ഭാഷയിലേയും ആ രീതിയിലുള്ള ഗദ്യങ്ങൾക്കു പരസ്പരം അടുത്ത സാദൃശ്യം കാണുന്നതിനാൽത്തന്നെ ആ സംഗതി സ്പഷ്ടമാകുന്നുണ്ടു്. അതുകൊണ്ടു കേരളത്തിൽ സംസ്കൃതം വഴിക്കുള്ള വിദ്യാഭ്യാസം ധാരാളം പ്രചരിച്ചതിന്നുശേഷമാണു് ഭാഷയിലും ആ മാതിരി ഗദ്യങ്ങൾ നിൎമ്മിച്ചു തുടങ്ങിയതെന്നും തീച്ചപ്പെടുത്താം. ഭാഷയിലെ ആ വക ഗദ്യങ്ങളിൽ ഇപ്പോൾക്കാണുന്നവയിൽ വെച്ചു ഏററവും പഴക്കമുള്ളതു നമ്പിയാന്മാരുടെ 'പഴയതമിഴ്' എന്ന ഗദ്യഗ്രന്ഥത്തിന്നാണു്. അതിലേ രീതിയിൽനിന്നു് ഇക്കാലത്തെ ഉൽകലികയ്ക്കു വളരെ വ്യത്യാസം വന്നിട്ടുണ്ടു്. അതിലാകട്ടെ മൂന്നും നാലും ഏടുകൾ മുഴുവൻ വായിച്ചാലും വാചകം പൂൎത്തിയാകാതെയിരുന്നേക്കാം—

"സൂൎയ്യവംശാലങ്കാരഭൂതനാകിന ശ്രീമനോഭിരാമൻ രാമദേവൻ തിരുവടി രാവണാപഹൃതയാകിയ വൈദേഹിയെയന്വേഷിച്ചു മാല്യവാനെ പ്രാപിച്ചു സൂൎയ്യസുത

സുഹൃദ്ഭാവകൃതാശപ്രാസനായി വാസവാത്മജനാകിന ബാലിയെ നിഗ്രഹിച്ചു സുഗ്രീവനു വാനരാധിപത്യം വരുത്തി മതംഗാശ്രമത്തിങ്കൽ വസിക്കുന്ന കാലത്തു്."

ഈ മാതിരിയിൽ അനേകം 'കാലം' കഴിഞ്ഞതിന്നു ശേഷമേ ഒരു വാക്യംതന്നെ സമാപ്തമാകുന്നുള്ളൂ. ബാണൻെറ കാദംബരിയിലെയും മററും സംസ്കൃതഗദ്യങ്ങൾക്കുള്ളതുപോലെ പതിനില, രണ്ടാംകാലം, മൂന്നാംകാലം, നാലാംകാലം, കൂട്ടിത്തട്ട്, എന്നീവക രചനാക്രമങ്ങളും ഈ വക ഭാഷാഗദ്യങ്ങളിൽ ചിലേടത്തു കാണുന്നുണ്ടു്. ഭാഷാരീതികൊണ്ടു് 'പഴയതമിഴ്' എന്ന ഗ്രന്ഥത്തിന്നു ശേഷമുണ്ടായതാണെന്നൂഹിക്കാവുന്ന 'മത്തവിലാസാ തമിഴ്' എന്ന ഗ്രന്ഥത്തിലെയും ഗദ്യരീതിക്കു പറയത്തക്ക മാററമൊന്നും വന്നിട്ടില്ല. ഇടക്കാലങ്ങളിലാകട്ടെ ഈ വർഗ്ഗത്തിൽച്ചേർന്ന ഗദ്യങ്ങൾ അധികം നിർമ്മിച്ചിട്ടുള്ളതായിക്കാണുന്നതുമില്ല. ഭാഷാചമ്പുക്കളിൽ ഗദ്യം എന്നു പേർ കൊടുത്തുകാണുന്ന ഭാഗങ്ങളിലും വാക്യങ്ങൾക്കു പലേടത്തും മേൽക്കാണിച്ചവിധം പതിഞ്ഞകാലംമുതൽക്കുള്ള കാലക്രമം കാണുന്നുണ്ടെങ്കിലും വാസ്തവത്തിൽ അവയെല്ലാം ബ്രാഹ്മണിപ്പാട്ടിലെപ്പോലെ ഒരു തരം വൃത്തനിബദ്ധമായ പദ്യമാകയാൽ പ്രകൃതത്തിൽ അവയിലെ രീതിയെപ്പററി ചിന്തിക്കേണ്ടതുമില്ല. ഏതായാലും ഭാഷാഭിവൃദ്ധിക്കു പലതരത്തിലും പ്രധാനകാരണഭൂതനായ വലിയകോയിത്തമ്പുരാൻ ഈ ഉൽകലികാഗദ്യങ്ങളുടെ സമ്പ്രദായത്തിനും പുതിയ രൂപംകൊടുത്തു പരിഷ്കരിച്ചുനന്നാക്കീട്ടുണ്ടു്. ആ വക പരിഷ്ക്കാരങ്ങളിൽ പ്രധാനമായിട്ടുള്ള സംഗതികൾ ഇവയാണു്:—സംഭാഷണത്തിലില്ലാത്തതുകൊണ്ടു മലയാളത്തിലെ ഗദ്യഭാഷക്കു യോജിക്കാത്തവയായ "ഉണ്ണത്തിനാൻ, അരുളിച്ചെയ്യുമന്നാൾ" എന്നീവക സലിംഗക്രിയാരൂപങ്ങൾ ഉപേക്ഷിക്കുക. വിശേഷ

ണരൂപം ചേക്കാതെ സംസ്കൃതരീതിയനുസരിച്ച "വായുപുത്രനഞ്ജനാനന്ദനൻ ശ്രീഹനൂമാൻ" എന്ന മാതിരി പ്രയോഗം വേണ്ടെന്നു വെക്കുക, അന്വയക്രമമനുസരിച്ചുതന്നെ പ്രായേണ പദഘടന വേണമെന്നു സ്വീകരിക്കുക. വാക്യത്തിനു നീളം കുറെയെങ്കിലും കുറക്കുക. ഈവക പരിഷ്കാരംനിമിത്തം നല്ല സംസ്കൃതപണ്ഡിതന്മാരല്ലാത്തവരും ഈ ഗദ്യരീതിയെ അനുകരിപ്പാനും അബദ്ധം പ്രയോഗിപ്പാനും ഇടവന്നിട്ടുണ്ടെങ്കിൽ അതവരുടെ കുററമാണ്. അല്ലാതെ ഭാഷാഗുണതല്പരനും അതിനുവേണ്ടി നിരന്തരം പരിശ്രമിച്ചിരുന്ന മഹാമനസ്കനുമായ ആ തിരുമേനിക്കു പററുന്ന ന്യൂനതയാകുന്നതല്ല.

അന്തരിക, ചൂർണ്ണിക എന്നീ രണ്ടു വർഗ്ഗത്തിൽച്ചേൎന്ന ഗദ്യങ്ങൾക്ക് കാലക്രമമനുസരിച്ച് മററുള്ള മാററമാണ് അടുത്തകാലംവരെയുമുണ്ടായിട്ടുള്ളതു്. ഈ വിഷയത്തിൽ ഒരു സംഗതി ഇവിടെ പ്രത്യേകം പറയേണ്ടതുണ്ട്. ഈ പ്രബന്ധത്തിൽ ഗദ്യങ്ങളുടെ രീതി വിഭാഗംചെയ്തിരിക്കുന്നതു് ഓരോരോ ഗ്രന്ഥങ്ങളെപ്പററിയെടത്തോളം നോക്കുമ്പോൾ അതിലുള്ള രീതിയുടെ പ്രാധാന്യമനുസരിച്ചുമാത്രമാണ്. അതിനാൽ ഒരു ഗ്രന്ഥത്തിൽത്തന്നെ പല രീതികളിലുള്ള ഗദ്യങ്ങളും കാണില്ലെന്നില്ല. പ്രത്യേകിച്ചും ചൂർണ്ണികയും അന്തരികയും തീരെക്കലരാത്ത ഗദ്യഗ്രന്ഥം വളരെ ദുർല്ലഭവുമാണ്. പ്രാചീനഗ്രന്ഥങ്ങളുടെ സംഗതിയിലാകട്ടെ പ്രാധാന്യമനുസരിച്ചുള്ള രീതിവിഭാഗം അടിസ്ഥാനമാക്കിപ്പോലും ഒരു ഗ്രന്ഥത്തെ ഇന്നതരത്തിലുള്ള ഗദ്യഗ്രന്ഥമാണെന്നു നിർണ്ണയിപ്പാൻ പ്രയാസമായിരിക്കും. ചൂർണ്ണികകളും, അന്തരികകളും, അത്രത്തോളം ഇടകലൎന്നിട്ടാണവയിലിരിക്കുന്നതു്. ആ വക ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഇപ്പോൾ കാണുന്നവയിൽവെച്ചു പഴക്കം അധികമുള്ളതാകട്ടെ, ബ്രാഹ്മണർ തുടങ്ങിയ, പല സമുദായ

ക്കാക്കും മതസംബന്ധമായിച്ചെയ്‌വാനുള്ള കർമ്മങ്ങളുടെ ചടങ്ങു ഗ്രന്ഥങ്ങൾ, മേഴത്തോൾ അഗ്നിഹോത്രി നിർമ്മിച്ചതാണെന്നു പറഞ്ഞുവരുന്ന യാഗഭാഷയും, അഗ്നിഭാഷയും, വൈദ്യം, ജ്യോതിഷം, തച്ചുശാസ്ത്രം ഈ വിഷയങ്ങളിലുള്ള ചില സ്വതന്ത്രഭാഷാഗ്രന്ഥങ്ങൾ, ചാക്കിയാന്മാരുടെ കൂടിയാട്ടത്തിന്റെ ആട്ടപ്രകാരങ്ങളിൽച്ചിലതു് ഇവയാണെന്നാണു് കാണുന്നതു്. ഇവയിലെ ഭാഷക്കും പിന്നെയുണ്ടായ ഗ്രന്ഥങ്ങളിലെ ഭാഷക്കും ക്രമത്തിലുണ്ടായ സമ്പ്രദായമാററം പ്രധാനമായി ചില പ്രയോഗവിശേഷങ്ങളിലും ശബ്ദങ്ങളുടെ രൂപവിശേഷങ്ങളിലുമായിട്ടാണിരിക്കുന്നതു്. മലയാളഭാഷയിലുണ്ടായിരുന്ന പല പദങ്ങളും ക്രമേണ പ്രയോഗത്തിൽനിന്നൊഴിഞ്ഞുപോയിട്ടുള്ളതും അവ തമ്മിൽ തട്ടിച്ചുനോക്കിയാൽ കാണാം. അവയിലോരോന്നും എടുത്തുദാഹരിച്ചു വിവരിപ്പാൻതുടങ്ങിയാൽ ഈ പ്രബന്ധം വല്ലാതെ നീണ്ടുകളും. അതിനാൽ അതിന്നൊരുങ്ങുന്നില്ല. ഭാഗവതം ഭാഷ, കേരളോൽപത്തി മുതലായ ഗദ്യഗ്രന്ഥങ്ങളെപ്പോലെതന്നെ ഓരോരോ കാലങ്ങളിലുണ്ടായ ഗ്രന്ഥവരികൾ, വസ്തുക്കളെസ്സംബന്ധിച്ചും മററുമുള്ള കാരണങ്ങൾ മുതലായ എല്ലാവക ലക്ഷ്യങ്ങളും ഈ ഗദ്യരീതികളുടെ പരിണാമക്രമം കാണിക്കാൻ മതിയായ തെളിവുകളാണു്. കരണങ്ങളിലുള്ള "കരണമാവതു്, കൊണ്ടാർകൊണ്ടു പരിചാവിനു്, ഇക്കൊണ്ട പണം" മുതലായ ഭാഷാനാണയങ്ങൾ കാണാതായിട്ടു വളരെയധികം കാലം കഴിഞ്ഞിട്ടുമില്ല.

അങ്ങനെ മാറിമാറിവന്നു ഈ പ്രധാന ഗദ്യരീതികൾ രണ്ടിന്നും ഏതാണ്ടൊരു വ്യവസ്ഥിതനില വന്നതു മലയാളഭാഷയിൽ പത്രങ്ങളും മാസികകളും ഏർപ്പെട്ടുതുടങ്ങിയതു മുതൽക്കാണു്. ആവക പത്രമാസികകളിൽത്തന്നെയും കേരളപത്രിക, മലയാളമനോരമ,

എന്നീ പത്രങ്ങൾക്കും വിദ്യാവിനോദിനി, രസികരഞ്ജിനീമാസികകൾക്കും അക്കാര്യത്തിൽ അനന്യസാധാരണമായ സ്ഥാനമുണ്ട്. മലയാളഗദ്യരീതികളിൽ ചൂൎണ്ണികാരീതി അകൃത്രിമഭംഗിയുള്ളതും അതിനാൽ ഏററവും ഉൽകൃഷ്ടവുമാണെന്നു കാണിച്ചുതന്നതുതന്നെ വിദ്യാവിനോദിനി പ്രവൎത്തകനായ ശ്രീമാൻ സി. പി. അച്യുതമേനോനാണ്. വേണ്ടാത്ത ലഹളയൊന്നും കൂട്ടാതെ അത്യാവശ്യമായ പദങ്ങളെക്കൊണ്ടു മാത്രം ചുരുക്കമായും വൃത്തിയായും ഗൌരവത്തോടുകൂടിയും സംഗതികൾ പറയുന്നതാണു മലയാളികളുടെ സ്വഭാവത്തിന്നു യോജിക്കുന്നതെന്ന തത്വം നല്ല നിരീക്ഷകന്മാൎക്കുമാത്രമേ കണ്ടുപിടിക്കാൻ കഴിയുള്ളു. മനുഷ്യരിൽ ഓരോരുത്തരുടെ സ്വഭാവവും മററാരാളുടെ സ്വഭാവത്തിൽ നിന്നല്പമെങ്കിലും വ്യത്യസ്തമായിരിക്കുന്നതു പ്രകൃതിനിയതമാണെന്നുള്ളതുപോലെ ഓരോ നാട്ടുകാരുടെ സ്വഭാവത്തിൽനിന്നും മററു നാട്ടുകാരുടെ സ്വഭാവത്തിന്നു സാമാന്യമായൊരു വ്യത്യാസമുണ്ടായിരിക്കുന്നതും പ്രകൃതിസിദ്ധമാണ്. ഈ വ്യത്യാസം ഓരോ നാട്ടുകാരുടേയും ആചാരം, പെരുമാററം, ജീവിതവൃത്തി മുതലായതിലെല്ലാം വ്യാപിച്ചിരിക്കുന്നതുപോലെ അവരുടെ ഭാഷാസമ്പ്രദായത്തിലും വ്യാപിച്ചിരിക്കുന്നുണ്ട്. മററുള്ള നാട്ടുകാരെക്കാൾ ചുരുങ്ങിയ നിലയിലും അധികം വൃത്തിയും ശുചിയുമുള്ള വിധത്തിലും ജീവിതം കഴിച്ചുകൂട്ടുന്നതാണ് അടുത്ത കാലംവരെയും കേരളീയൎക്കു പൊതുവായിട്ടുണ്ടായിരുന്ന സമ്പ്രദായം. ചുരുക്കത്തിലൊരു പുളിശ്ശേരി, മെഴുക്കുപുരട്ടി, ഉപ്പിലിട്ടതു്, വൃത്തിയുള്ള ചോറു്, മോരു് ഇത്രയുമുണ്ടായാൽ എത്ര വലിയ കേരളീയപ്രഭുവിന്റെയും നിത്യഭക്ഷണം സുഭിക്ഷിതമായി. നാലരമുഴം നീളമുള്ള ഒരുടുമുണ്ടും ചെറിയൊരു തോൎത്തുമുണ്ടായാൽ ഉടുപ്പിന്റെ മോടിയും സമ്പൂൎണ്ണമായി. മല

യാളസ്ത്രീകളുടെ വസ്ത്രാഭരണങ്ങളും മററു നാട്ടുകാരുടേതിനോടു് താരതമ്യപ്പെടുത്തുമ്പോൾ എത്രയോ വളരെ ചുരുങ്ങിയതായ്ട്ടാണിരിക്കുന്നതു്. ഇങ്ങിനെ കഴിയുന്നിടത്തോളം ചുരുക്കി അനാവശ്യം തീരെ കൂടാതെ വൃത്തിയായി കാൎയ്യം നിൎവ്വഹിക്കുകയെന്ന സ്വഭാവമാണു് മലയാളഭാഷയ്ക്കും പ്രകൃതിസിദ്ധമായിട്ടുള്ളതു്. വാക്കുകൾ, വാചകങ്ങൾ, പ്രത്യയങ്ങൾ,. സമാസങ്ങൾ മുതലായ ഭാഷാംശങ്ങളിലെല്ലാം എത്രത്തോളം ഒഴിപ്പാൻ യുക്തിയും കഴിവുമുണ്ടോ അത്രയും ഒഴിച്ചുകൊണ്ടുള്ള പ്രയോഗമാണു് മലയാളഭാഷയുടെ ശൈലിക്കും സ്വഭാവത്തിന്നും അധികം യോജിച്ചിരിക്കുന്നതു്. ആ സൂക്ഷ്മതത്വം പ്രാചീനപ്രയോഗങ്ങളിൽനിന്നു കണ്ടുപിടിച്ചു വേർതിരിച്ചുകാണിച്ചുതരികയെന്ന മഹോപകാരമാണു ഭാഷാപോഷണവിഷയത്തിൽ ശ്രീമാൻ സി. പി. അച്ചുതമേനവൻ നമുക്കു ചെയ്തുതന്നിട്ടുള്ളതു്. ആ മാതിരി ചൂൎണ്ണികാരീതിയിൽ നിൎമ്മിക്കുന്ന ഭാഷാപ്രബന്ധങ്ങൾക്കുള്ള സ്വാഭാവികഭംഗിയും ഹൃദയാകൎഷകതയും അന്യാദൃശ്യമാണെന്നു വിദ്യാവിനോദിനിയിലെ ആ വക പ്രബന്ധങ്ങൾ സ്പഷ്ടമാക്കീട്ടുമുണ്ടു്.

അതുപോലെതന്നെ കേരളപത്രികാപ്രവൎത്തകനായിരുന്ന ശ്രീമാൻ സി. കുഞ്ഞുരാമമേനോൻ, ശ്രീമാൻ ഒ. ചന്തുമേനോൻ മുതലായവരുടെയും കണ്ടത്തിൽ മിസ്റ്റർ വർഗ്ഗീസുമാപ്പിള്ള നടത്തിവന്നിരുന്ന മലയാളമനോരമ വഴിക്കു വലിയകോയിത്തമ്പുരാൻ മുതലായ പല മഹാപണ്ഡിതന്മാരുടേയും പ്രധാന പരിശ്രമഫലമാണു് അന്തരികാരീതിയുടെ നവീനപരിണാമം. 'പ്രവേശിച്ചിയങ്ങുന്നതു പ്രവേശിക്കുന്നതാക, അധിവസിപ്പൂതും ചെയ്തു് അധിവസിച്ചതാക, ഇരിപ്പോരുകാലം ഇരിക്കുന്ന കാലമാക' എന്നിങ്ങനെ ·തുടങ്ങി പലതരത്തിലുള്ള

പരിണാമങ്ങളും ആ വക പരിഷ്കാരത്തിൽ വന്നിട്ടുള്ളതാണു്. അതുപോലെതന്നെ, "അതുകണ്ടു കാശ്യപൻ ദൈവാധീനമൊഴിക്കരുതെന്നുകല്പിച്ചു ദിതിയോടു സംഭോഗത്തെ ചെയ്തു ദിതിക്കു ഗർഭമുണ്ടായി" എന്ന മാതിരിൽ കർത്തൃഭേദമുള്ള ക്രിയകളെ ക്രിയാരൂപത്തിൽ കൂട്ടിച്ചേർത്തുകൊണ്ടു ഒററവാചകം നിർമ്മിക്കുന്നതു ശരിയല്ലെന്നു നിശ്ചയിക്കുക, ആ വക സന്ദർഭങ്ങളിൽ 'സംഭോഗത്തെച്ചെയ്തതിനാൽ' എന്നു ഹേതുരൂപത്തിൽ തന്നെ പ്രയോഗിക്കണമെന്നു വെയ്ക്കുക മുതലായി വാക്യരചനാവിഷയത്തിലും പ്രാചീനസമ്പ്രദായത്തിൽനിന്നു പല മാററങ്ങളും ഈ പരിഷ്കാരത്തിലുണ്ടായിട്ടുണ്ടു്.

ശ്രീമാൻ സി. പി. അച്യുതമേനോൻ വേർതിരിച്ചു കാണിച്ച ചൂർണ്ണികാവർഗ്ഗത്തിന്റെ ഗുണപൌഷ്കല്യവും ഗാംഭീര്യവും അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു രസികരഞ്ജിനിയിൽ കൈവെച്ചതുമുതൽക്കാണു അസാധാരണമായി പ്രകാശിച്ചു തെളിഞ്ഞുതുടങ്ങിയതു്. അവിടുത്തെ ആ മാതിരിയിലുള്ള ഗദ്യരീതിയുടെ ആകർഷണംകൊണ്ടു് ആർക്കും എളുപ്പത്തിൽ അതനുകരിക്കാമെന്നു പ്രഥമദൃഷ്ടിയിൽ തോന്നും. അടുത്തുനോക്കുമ്പോഴാണു ആരെക്കൊണ്ടും അടുക്കാൻ സാധിക്കാത്തവിധം അത്ര ഗംഭീരമാണതെന്ന സംഗതി അനുഭവപ്പെടുന്നതു്. "അധൃഷ്യശ്ചാഭിഗമ്യശ്ച യാദോരത്നൈരിവാർണ്ണവഃ" എന്ന കാളിദാസവചനം തമ്പുരാന്റെ ഗദ്യരീതിക്കും ചേരുന്നതാണെന്നു് അപ്പോഴേ ബോധപ്പെടുകയുള്ളു. ഈ പ്രബന്ധത്തിന്റെ ആദിയിൽ ചൂർണ്ണികകൾക്കുദാഹരണമായിക്കൊടുത്തിട്ടുള്ള ഭാഗം തന്നെ ഒന്നു മനസ്സിരുത്തി നോക്കിയാൽ ഈ സംഗതി തെളിയുന്നതാണു്. അവിടുത്തെ ഗദ്യത്തിനുള്ള ആ വക ഗുണവിശേഷ

ങ്ങൾക്ക പ്രധാനങ്ങളായ ചില അടിസ്ഥാനങ്ങൾ എനി ക്കറിയാവുന്നേടത്തോളം താഴെ പറയുന്നവയാണ്—

(1) പഴയ ഭാഷയിലെയായാലും പുതിയ ഭാഷയിലേയായാലും അതാതു സന്ദർഭത്തിന്നനുസരിച്ച് അർത്ഥപുഷ്ടിയുണ്ടാക്കുന്ന വാക്കുകൾ തിരഞ്ഞെടുത്തു വേണ്ട സ്ഥാനത്തു പ്രയോഗിക്കുക. (2) അർത്ഥസിദ്ധമായി സ്പഷ്ടമാകുന്ന സംഗതികൾക്ക പ്രത്യേകം വാക്കുകളോ വാചകമോ പ്രയോഗിച്ചു ഗൌരവം കുറക്കാതിരിക്കുക. (3) ഓരോ വാചകത്തിലും അടങ്ങിയ ഉദ്ദേശ്യാംശവും വിധേയാംശവും ശരിയായറിഞ്ഞു പ്രയോഗിച്ചു ഭാഷയ്ക്കു ജീവനും പുഷ്ടിയും വരുത്തുക. അതായത്—രാമൻ എങ്ങനെയുള്ളവനാണെന്നു ജിജ്ഞാസയിൽ 'രാമൻ സമർത്ഥനാണ്'' എന്നിങ്ങനെ രാമനെ ഉദ്ദേശ്യഭാഗമാക്കിയും സമർത്ഥനാണ് എന്ന അംശം വിധേയമാക്കിയും വാചകം പ്രയോഗിക്കണം; ചിലരിൽ സമർത്ഥൻ ആരാണെന്നാണു ജിജ്ഞാസയെങ്കിൽ 'സമർത്ഥൻ രാമനാണ്'' എന്നിങ്ങനെ സമർത്ഥനെ ഉദ്ദേശ്യമാക്കിയും രാമനാണ് എന്ന അംശം വിധേയമാക്കിയുമുള്ള വാചകമാണ് വേണ്ടതു്. അതുപോലെ തന്നെ 'നല്ലതു് അതാണു'' എന്നു പറയുമ്പോൾ നന്മ ഉദ്ദേശ്യാംശം മാത്രമായിട്ടാണു തോന്നുക. 'അതാണു നല്ലതു്' എന്നു പറഞ്ഞാലാകട്ടെ വാക്കിൻെറ സ്ഥാനഭേദംനിമിത്തം നന്മയ്ക്കു വിധേയാംശതവുംകൂടിത്തോന്നുന്നതാണ്. എന്നീ വക സൂക്ഷ്മവിശേഷങ്ങളറിഞ്ഞു് അതാതിന്നു തക്കതായ വിധത്തിലുള്ള വാചകങ്ങൾ പ്രയോഗിക്കുക. (4) വാക്യങ്ങളിലെ ഉദ്ദേശ്യഭാഗത്തിന്നും വിധേയഭാഗത്തിന്നും ഉള്ള വലുപ്പം ഏകദേശമെങ്കിലും സമമാക്കിത്തൂക്കമൊപ്പിക്കുക. (5) ദൂരാന്വയം വേണ്ടിവരാതിരിപ്പാനായി വിശേഷണാംശം കുറഞ്ഞ ഭാഗത്തെ ക്രിയയോടടുത്തു പ്രയോഗി

ക്കക. (6) വാക്യങ്ങളെ സമപരിണാമങ്ങളാക്കി നിൎമ്മിച്ചു ഘടിപ്പിക്കയോ വലുപ്പം ക്രമത്തിൽ കൂടിയും കുറഞ്ഞും വരുന്നവിധം നിൎമ്മിച്ചു ഗോപുച്ഛാകൃതിയിൽ ഘടിപ്പിക്കയോ ചെയ്ക.

ചുരുക്കത്തിൽ ഈ ഷാഡ്ഗുണ്യംകൊണ്ടാണു് തമ്പുരാൻ തിരുമനസ്സുകൊണ്ടു സാഹിത്യരാജ്യം അനന്യസാമാന്യമായ വിധം സ്വാധീനപ്പെടുത്തിബ്ഭരിച്ചുവരുന്നതു്. വാസനാവിശേഷവും പരിശ്രമശീലവും അങ്ങനെയുള്ള ഭരണകുശലതക്കഭിവൃദ്ധി നൽകുവാൻ സഹായിക്കുന്നതുമുണ്ടു്. അവിടുത്തെ ഗദ്യഗ്രന്ഥങ്ങളിലെ വാക്യങ്ങളിലാകട്ടെ മേൽപ്പറഞ്ഞ ഗുണങ്ങൾക്കു പുറമെ കഥാഗതിക്കോ സ്ഥായിരസത്തിന്നോ മററും പുഷ്ടിവരുത്തുന്ന വ്യംഗ്യാൎത്ഥങ്ങൾ പലതും നിഗൂഢമായിക്കിടക്കുന്നതും കാണാം ഭൂതരായരിലെച്ചതുരംഗസന്ദർഭം, വാസനാവിജയത്തിലെ പന്തുകുട്ടിയെ വിട്ടു കുടിപ്പിക്കൽ, എന്നിങ്ങനെ എത്ര ഉദാഹരണംവേണമെങ്കിലും അവയിൽ സുലഭമായിരിക്കുന്നുണ്ടു്. അതിനാൽ അവിടുത്തെ ഗ്രന്ഥങ്ങളും അവയിലെ ഓരോ വാക്യങ്ങളും പദങ്ങൾ പോലും പ്രത്യേകം മനസ്സിരുത്തി രണ്ടുമൂന്നാവൎത്തി വായിക്കേണ്ടിവരുന്നതാണു്. എന്നാലേ അവയുടെ സ്വാരസ്യം മുഴുവനും അറിഞ്ഞാസ്വദിപ്പാൻ സാധിക്കയുള്ളു. ലാളിത്യത്തോടുകൂടി അത്രത്തോളം പ്രൌഢതയും ചേൎന്നുകൊണ്ടാണു് ആ വക കൃതികളുടെ സ്ഥിതി. അതുകൊണ്ടു് അവിടുത്തെ ഗ്രന്ഥങ്ങൾ ഒരിക്കൽ മാത്രം സാമാന്യമായി വായിച്ചു് അവയെപ്പററി വിമർശനം ചെയ്വാനൊരുങ്ങുന്നവനെ വിഡ്ഢിവേഷം കെട്ടിയവനെന്നു മനസ്സുവെച്ചു വായിക്കുന്ന സഹൃദയന്മാർ കരുതുവാനിടയായെങ്കിൽ അതിൽ ഒട്ടും അത്ഭുതപ്പെടുവാനുമില്ല.

അപ്പൻതമ്പുരാൻ തിരുമനസ്സിലെ ഗദ്യരീതിയുടെ സ്വഭാവവിശേഷത്തെക്കുറിച്ച് സാമാന്യമായിപ്പറവാനുള്ളതു മേൽക്കാണിച്ച സംഗതികളെല്ലാമാണ്. ഇക്കാലത്തെ ഗദ്യങ്ങളിൽ അവിടത്തെ ഗദ്യരീതിക്ക് ഏററവും ഉൽകൃഷ്ടമായ സ്ഥാനമാണുള്ളതെന്ന് ഇനി വിശേഷിച്ചു പറയേണ്ടതില്ല. ആ ഗദ്യരീതിക്കുള്ള ഗുണങ്ങളിൽ ഏതാനും ചില അംശമെങ്കിലും കുറച്ചൊന്ന് അനുകരിക്കാൻ സാധിച്ചിട്ടുള്ളതു് ചെറുകഥാകാരന്മാരിൽ അഗ്രഗണ്യനായ ഏ. നാരായണപ്പുതുവാൾ മുതലായി അതിദുർല്ലഭം ചിലൎക്ക് മാത്രവുമാണ്.

ഈ പ്രബന്ധത്തിൽ മുമ്പു കാണിച്ചപ്രകാരം കേരളഭാഷാസുരഭിയുടെ ഗദ്യപഞ്ചഗവ്യങ്ങളെപ്പററി ചുരുക്കത്തിൽ ചിലതെല്ലാം പറഞ്ഞുകഴിഞ്ഞു. ഇതിൽക്കാണിച്ച ഓരോ രീതിക്കും ഇവിടെ പ്രസ്താവിച്ച നില വന്നതിനുശേഷം പറയത്തക്കവിധത്തിലുള്ള പരിണാമവിശേഷമൊന്നും എന്റെ നിരീക്ഷണത്തിൽപെട്ടേടത്തോളം ഇതുവരെ ഉണ്ടായതായിക്കാണുന്നില്ല. എന്നാൽ ഈ അഞ്ചുരീതികളിലുൾപ്പെടാതെ ഷഡ്ഗവ്യമായൊരു ഗദ്യരീതിയും വളരെ അടുത്തകാലത്തു് അല്പം ചിലർ തുടങ്ങിക്കാണുന്നില്ലെന്നില്ല. പക്ഷേ അതു ഭാഷക്കൊത്തതോ ബലാൽക്കാരം പ്രയോഗിച്ചാലും നിലനിത്താവുന്നതോ ആയ ഒരു രീതിയായിത്തോന്നുന്നില്ല. അതെ, ഉവ്വ്, എന്നീവക നിപാതശബ്ദങ്ങൾ അസ്ഥാനത്തും ധാരാളം പ്രയോഗിക്ക, ഇംഗ്ലീഷിലെ ചില നിപാതശബ്ദങ്ങളുടേയും മലയാളത്തിലെ വിഭക്തികളുടേയും അൎത്ഥവ്യാപ്തി ഗ്രഹിക്കാതെ ആ നിപാതാൎത്ഥമെല്ലാം മലയാളവിഭക്തിക്കുണ്ടെന്നു സങ്കല്പിക്കുക, യാതൊരടിസ്ഥാനവുംകൂടാതെ അചേതനങ്ങളിൽ ചേതനധൎമ്മം ആരോപിക്കുക, അതും അപൂൎണ്ണമായിമാത്രം ദിവാസ്വപ്നം കാണുക, പ്രകൃതിനിയമത്താൽ സ്വ

ഭാവേന അസംബദ്ധങ്ങളായ പദാൎത്ഥങ്ങളെ പരസ്പരം സംബന്ധിക്കാൻ നോക്കുക, വാചകങ്ങളിൽ വാക്കുകളുടെ ക്രമം തലകീഴായിപ്പിടിക്കുക ചുരുക്കത്തിൽ ഇങ്ങനെ ആറുക്രൂട്ടമാണ് ആ ഷൾംഗവ്യ ഗദ്യരീതിക്കവലംബം. വേണമെങ്കിൽ 'ശിരോലാംഗൂലം' എന്നൊരു പേരും ഇതിന്നു കല്പിച്ചേക്കാം. എങ്കിലും നമ്മുടെ ഭാഷക്ക് ഈ വക കുരുട്ടുവിദ്യകളൊന്നും ഫലിക്കാത്തവിധത്തിലുള്ള സ്വരൂപവ്യവസ്ഥയും സ്വഭാവവ്യവസ്ഥയും മുമ്പുതന്നെ സിദ്ധിച്ചു നിലയുറച്ചിട്ടുള്ളതുകൊണ്ടു ഭാഷാഭിമാനികൾക്കിതിൽ പരിഭ്രമിക്കാനൊന്നുമില്ല. അഭിജ്ഞന്മാർമുതൽ അനഭ്യസ്തവിദ്യന്മാർവരെയുമുള്ള പൊതുജനങ്ങളുടെ പൊതുസ്വത്തായി അടിയുറച്ചു നിൽക്കുന്ന നമ്മുടെ ഭാഷയെ ഒന്നു മാററിമറിക്കാൻ ചിലർ മാത്രം എത്രതന്നെ ബലം പ്രയോഗിച്ചു ശ്രമിച്ചാലും ഫലിക്കുന്നതല്ല. കുറച്ചു ക്ഷമിച്ചു തിരിഞ്ഞുനോക്കാതെയിരുന്നാൽ മതി. ആ അവിവേകപരിശ്രമം തന്നെ താൻ മാറിനിന്നുകൊള്ളും.

# ഭാഷാപോഷണമാർഗ്ഗങ്ങൾ

(ഡാക്ടർ എൽ. എ. രവിവർമ്മ)

## അവതരണിക.

അന്നോ, കൈരളി, കേൾക്ക നിൻപദമുറച്ചിട്ടില്ല,
[മെല്ലെപ്പിടി-
ച്ചപ്പൻ പിച്ചനടത്തിയും പലവിധം ലാളിച്ചുമാ-
[ണിന്നു നീ
അർത്ഥം ഭാവരസങ്ങളെന്നിവ വളർന്നീടുന്ന താരുണ്യവാ-
യ്പെത്തിച്ചേർന്നതു; ഷഷ്ടിപൂർത്തിയവിടേയ്ക്കിന്നാണ്
[കൈക്രപ്പെടോ.
മേലാൽ വേണ്ടഗുണങ്ങളാൻ വിബുധർക്കാനന്ദമേകും
[വിധം
പ്രൗഢത്വം തികയുന്നതിന്നു വഴിയീയപ്പന്റെ തൃപ്പാ
[ദമാം
എന്നോർത്തിട്ടവിടേയ്ക്കു പൂർണ്ണപുരുഷായുസ്സും സദാസൗ-
[ഖ്യവും
വന്നീടാൻ ജഗദീശനോടകമഴിഞ്ഞർത്ഥിച്ചു വർത്തിക്ക-
[ടോ.

ഇത്രയേ എനിക്കു കൈരളിയോടു പറയാനുള്ളു.

മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സിലേ ഷഷ്ട്യബ്ദപൂർത്തി പ്രമാണിച്ച് തൃശ്ശിവപേരൂർ സഹൃദയ സമാജം പ്രസിദ്ധപ്പെടുത്തുന്ന സ്മാരകഗ്രന്ഥത്തിൽ രണ്ട ക്ഷരമെങ്കിലുമെഴുതി, ആ തിരുമനസ്സിലേ നേർക്കുള്ള എന്റെ ബഹുമാനാദരങ്ങളേ രേഖപ്പെടുത്തുവാൻ സംഗ തിവന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്. ഭാഷാ

പോഷണാൎത്ഥം ഇത്രമാത്രം ബഹുമുഖയത്നങ്ങൾ ചെയ്തവരായി ഇന്നുള്ളവരുടെ കൂട്ടത്തിൽ ആരുംതന്നേയില്ല; സമീപകാലങ്ങളിൽ തേടിയാലും കാണുമോ എന്ന സംശയമാണു്. ഭാഷയുടെ ചില ചില ഭാവപുഷ്ടികൾക്കായി യത്നിച്ചിട്ടുള്ളവർ പലരുമിരിക്കാം, എന്നാൽ എല്ലാ ഭാവങ്ങൾക്കുമൊരുപോലെ പുഷ്ടിവരത്തക്കവിധം ശ്രമിച്ചതായിക്കാണുന്നതു ഭാഷയുടെ "അപ്പൻ" സ്ഥാനം വഹിക്കാൻ സൎവ്വഥാ യോഗ്യനായ അപ്പൻതമ്പുരാൻ മാത്രമാണു്. മാടവംശാലങ്കാരരത്നമായ ആ തിരുമേനി ആയുരാരോഗ്യസൗഖ്യാന്വിതം ഭാഷാപോഷണോത്സുകനായി നീണാൾ പരിലസിക്കുമാറാകട്ടെ.

അപ്പൻതമ്പുരാൻതിരുമനസ്സിൽനിന്നും സാഹിത്യശബ്ദത്തെ, കാവ്യമാത്രമായ അതിന്റെ സങ്കുചിതാൎത്ഥത്തിലല്ല അറിഞ്ഞു പെരുമാറിവരുന്നതെന്നു അവിടുത്തെ നാനാമുഖമായ വ്യവസായങ്ങൾതന്നെ തെളിയിക്കുന്നു. ശബ്ദശാസ്ത്രം (Phylology), ദ്രാവിഡരുടെ ഛന്ദസ്സുകൾ, പൂൎവ്വചരിത്രങ്ങൾ, ജീവചരിത്രങ്ങൾ, നവീനശാസ്ത്രതത്വങ്ങൾ, ആഖ്യായികൾ, ഗദ്യനാടകങ്ങൾ, പദ്യപ്രബന്ധങ്ങൾ, എന്നിങ്ങനെ നാനാവിഷയങ്ങളിലും ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളതിനുംപുറമേ 'രസികരഞ്ജിനി' മുതലായ മാസികകളുടെ പ്രവൎത്തനം, വിദ്യാലയസ്ഥാപനം, മുദ്രാലയപ്രോത്സാഹനം എന്നിങ്ങനെ പല എനങ്ങളിലും അവിടുന്നു ഫലവത്തായ പ്രയത്നം ചെയ്തിട്ടുണ്ടു്. ഈ വിധത്തിൽ, പുരുഷപ്രാപ്തിയെത്തിയകാലംമുതൽ അനവരതം യത്നിച്ചുവരുന്ന പുണ്യപുരുഷന്റെ ഷഷ്ട്യബ്ദപൂൎത്തി മഹോത്സവത്തിൽ, സാഹിത്യക്കളരിയിൽ കൂലിക്കു ചേൎന്നു പെട്ടിചുമക്കാനും ചുട്ടികരെയ്ക്കാനും, മുട്ടുവരുമ്പോൾ പുഷ്കരന്റെ കാളയുടെയും മറവും വേഷംകെട്ടാനുമൊക്കെപ്പോലും അൎഹതയില്ലാത്ത അസ്മദാദികൾക്കുംകൂടി, "അനന്തന്റെ വൎഗ്ഗ

മാണങ്ങളും" എന്നു പറയുന്ന ഞാഞ്ഞൂലിനേപ്പോലെ സന്തോഷാധിക്യത്താലൊന്നഹങ്കരിക്കുവാൻ തോന്നിപ്പോയാലതിലത്ഭുതമില്ല. തിരുമനസ്സിലേയ്ക്കു, സ്വന്തം അരിമസന്താനത്തോടുള്ളതുപോലുള്ള വാത്സല്യമാണു് കൈരളിയോടു്. അതിന്റെ അഭ്യുദയത്തിനു് തക്കതെന്നു എന്റെ അല്പബുദ്ധിയിൽ തോന്നുന്ന സംഗതികളെ ഒരു പന്യാസരൂപത്തിൽ ക്രോഡീകരിച്ചു്, വിദ്വച്ഛിരോലങ്കാരമായ ആ തിരുമേനി എന്റെ ഈ കുട്ടിക്കളി സകരുണം സ്വീകരിക്കുമെന്നുള്ള ഉററവിശ്വാസത്തോടുകൂടി, വിനയപുരസ്സരം തിരുമുൽക്കാഴ്ച വയ്ക്കാം.

ഭാഷാപോഷണത്തിനു് അത്യാവശ്യമായിട്ടുടൻ വേണ്ടതെന്തെല്ലാമാണു് എന്നൊരു ചോദ്യം വന്നാൽ, ശാസ്ത്രങ്ങളുണ്ടാവണം, സാങ്കേതികനിഘണ്ടു തീരണം, ലിപികുഴപ്പം പോക്കണം, ഠഗോർപ്രസ്ഥാനം പരത്തണം, എന്നുവേണ്ട, "കൊട്ടേണം കുഴലൂതണം......" എന്ന മാതിരി അസംഖ്യം സംഗതികൾ അടങ്ങുന്ന ഉത്തരങ്ങൾ തുരുതുരെ വന്നുനിറഞ്ഞുതുടങ്ങും. ഇതെല്ലാം വേണ്ടതുതന്നെ; പക്ഷെ, തലയാടാതെ വാലുമാത്രമാടിയതുകൊണ്ടൊന്നുമാവില്ലെന്നുള്ള കഥ പ്രായേണ വിസ്മരിച്ചതായിട്ടാണു് കാണുക. മലയാളഭാഷയെ സംബന്ധിച്ചെടത്തോളം തലയ്ക്കാണനക്കം കാണുന്നില്ലാത്തതു, വാലു ചിലപ്പോഴെല്ലാം ഇട്ടടിക്കുന്നുണ്ടു്.

ഇന്നും പണ്ടും, ഏതുനാട്ടിലും, ഏതുസംഗതിക്കും രാജസമ്മാനം, അഥവാ, ഭരണകോയ്മയുടെ ബഹുമതി ഒന്നുകൊണ്ടല്ലാതെ പുഷ്ടിയും യോഗ്യതയും സിദ്ധിച്ചിട്ടില്ല, സിദ്ധിക്കാൻ വഴിയും കാണുന്നില്ല. ഭാഷയുടെ കാര്യത്തിലുമീ സംഗതിക്കുഭേദമില്ല. പ്രാചീനകാലങ്ങളിൽ ഭാരതമൊട്ടുക്കു് സംസ്കൃതഭാഷയ്ക്കുതന്നെയാണു്

ഉൽകൃഷ്ടതയിരുന്നതു്. അതുപോലെതന്നെ അന്നു ഹിന്ദു മതം, ആയുർവേദം മുതലായവയ്ക്കും നല്ല മതിപ്പുണ്ടായിരുന്നു. ബൗദ്ധരാജാക്കന്മാരായിരുന്ന അശോകചക്രവർത്തിയുടെയും ഹർഷമഹാരാജാവിൻെറയും ഒക്കെക്കാലമായപ്പോൾ രാജസമ്മാനം ലഭിച്ച ബൗദ്ധമതത്തിനു് പൊലിമവന്നു. മുകിലന്മാരുടെ വാഴ്ചയായപ്പോഴേയ്ക്കു്, യുനാനിവൈദ്യസമ്പ്രദായം, പെർഷ്യൻഭാഷ, മുകിലരുടെ വേഷമര്യാദ എന്നിവയ്ക്കു ജനസമ്മതവും ഉയർച്ചയും ലഭിച്ചു. അക്കാലത്തു, തെക്കേയററത്തു കിടന്ന കേരളരാജാക്കന്മാർപോലും പേർഷ്യൻ ഭാഷ പഠിക്കാനും, മുകിലൻ തലപ്പാവും അങ്കറക്കാവും ഹുക്കയുമെല്ലാമുപയോഗിക്കാനും ആരംഭിച്ചു. പാശ്ചാത്യൻ കോയ്മസ്ഥാനമേററതോടുകൂടി അവരുടെ വേഷഭാഷകൾക്കും നാട്ടിൽ അഭിമാനം വളൻതുടങ്ങി. ഇങ്ങനെ നോക്കിവരുമ്പോൾ ഇന്നു ഭാഷയ്ക്കു വല്ല പോരായ്മയുമേപ്പെട്ടിട്ടുണ്ടെങ്കിൽ അതിൻെറ മൂലനിദാനം രാജസമ്മാനക്കുറവുതന്നെയെന്നു കാണാം. കാരണനാശരൂപത്തിലുള്ള പ്രയോഗമല്ലേ ശരിയായ ചികിത്സയാവു. ഇനി മലയാളത്തിനോ മറേറതെങ്കിലും നാട്ടുഭാഷകൾക്കോ തലപൊങ്ങണമെങ്കിൽ കോയ്മയുടെ അനുഗ്രഹം ധാരാളമായി കിട്ടിത്തുടങ്ങണം.

ഈ അനുഗ്രഹം രണ്ടു രൂപത്തിൽ വേണ്ടിയിരിക്കുന്നു. ഒന്നാമതായി രാജ്യഭരണപരമായ എഴുത്തുകുത്തുകളെല്ലാം ആ രാജ്യത്തേ ഭാഷയിൽതന്നെ വേണമെന്നു വരുത്തണം, ഇതിനു പുറമേ സർവ്വകലാശാലാപര്യന്തമുള്ള സകലവിധ വിദ്യാഭ്യാസവും ആ രാജ്യഭാഷയിൽ തന്നെ നിർവ്വഹിക്കണമെന്നും ചിട്ട വീഴണം. ഈ രണ്ടും സാധിച്ചാൽ ഭാഷ വളൻകൊള്ളും, രണ്ടും സാദ്ധ്യമാകുന്നതുവരെ ഒട്ടുവളരുകയുമില്ല. ശാസ്ത്രീയവ്യവഹാരത്തിനും, ഔദ്യോഗിക കാര്യങ്ങൾക്കും ഒട്ടുംതന്നെ മതിയാവുന്നതല്ല മലയാളം; ഈ വകയ്ക്കു ഭാഷ പര്യാപ്തമാകത്ത

ക്കവിധം ഭാഷാപ്രണയികൾ അതിനേപ്പോഷിപ്പിക്കട്ടെ; അതിൻെറശേഷമേ ആദ്യമാവശ്യപ്പെട്ട രണ്ടുകാര്യങ്ങളും നടപ്പിൽ വരുത്താൻ സാധിക്കു എന്നു ചിലർ പറഞ്ഞേക്കാം. ഈ വിധം പറയുന്നവർ "കരയ്ക്കിരുന്നു നീന്തു പഠിച്ച ശേഷമല്ലാതെ വെള്ളത്തിലിറങ്ങിക്കൂടാ" എന്നും സിദ്ധാന്തിക്കുവാൻ മടിക്കുകയില്ല! ആവശ്യം നേരിടുമ്പോൾ പദങ്ങളും, ശൈലികളും താനേ ജനിച്ചുകൊള്ളുമെന്നല്ലാതെ, പദങ്ങളും ശൈലികളും നിർമ്മിച്ചുവച്ചു ആവശ്യം വരാൻ നോക്കിയിരുന്നതായി ഒരു ഭാഷയുടെ ചരിത്രത്തിലും കണുന്നില്ല. ആവശ്യത്തിൻെറ ശക്തി വഴിയുണ്ടാക്കുന്നതാണ് ലോകസ്വഭാവം; വഴിയുണ്ടാക്കിവച്ചു് അതിനൊത്ത ആവശ്യം സൃഷ്ടിക്കുകയെന്നതു് അപ്രകൃതമാണ്; ഒരിക്കലും ഒരു കാര്യത്തിലും സംഭവിക്കത്തക്കതല്ല. ആവശ്യം വരുത്തി വഴിയുണ്ടാക്കണോ, വഴിയുണ്ടാക്കിയശേഷം ആവശ്യം സൃഷ്ടിക്കണോ എന്നസംഗതി ചാരുകസേരയിൽ കിടന്നു തീരുമാനിക്കാൻ തുനിയുന്നവർ ബീജാങ്കരന്യായമനുസരിക്കുകയാണ് ചെയ്യുന്നതെന്നു മറക്കരുതു്.

മലയാളം മുതലായ ദേശ്യഭാഷകളിൽതന്നെ വിദ്യാഭ്യാസം ചെയ്യണം എന്നു വന്നാൽ, ആ വക ഗുരുകുലങ്ങളിൽനിന്നും സമാവർത്തനം ചെയ്യുന്നവൎക്കു് അന്യദേശങ്ങളിൽ മതിപ്പോ അർത്ഥലാഭസൗകര്യമോ ഉണ്ടാവാനിടയില്ലെന്നു മാത്രമല്ല, ഒരു കൂപമണ്ഡൂകത്വം കൂടിവരാൻ വഴിയുണ്ടു് എന്നാക്ഷേപംവരാം. ഇതൊട്ടു ശരിതന്നെ. പക്ഷേ, ഇംഗ്ലീഷിലും ഹിന്ദിയിലും വ്യവഹാരക്ഷമമായ നൈപുണ്യം നിർബന്ധമാക്കിയാൽ ഈ ദോഷം പൂർണ്ണമായി പരിഹരിക്കത്തക്കതാണ്. ഈവിധമൊരേർപ്പാടു വരുത്തുന്നതിനു വിശേഷാൽ ക്ലേശവുമില്ല.

ഭാഷയെ, ഏതുമാവട്ടെ, പോഷിപ്പിക്കുന്നതെന്തിനാണ്? മാതൃഭാഷയിൽ ഗ്രന്ഥങ്ങളുണ്ടായിട്ടെന്തുവേണം? വേറെ ചില ഭാഷകളിലുണ്ടല്ലോ, പോരേ? എന്നും അപൂർവ്വം ചിലർ ചോദിച്ചേക്കാം. "എന്റെ മാതൃഭാഷ കേമമാണേ, അതിൽ പല ഗ്രന്ഥങ്ങളുമുണ്ട്" എന്നും മറ്റും ആർക്കും പൊങ്ങച്ചം പറഞ്ഞു ഞെളിയാനല്ല. മാതൃഭാഷവഴിക്കല്ലാതെ അറിവു പൊതുവേ ഒരു സമുദായത്തിലൊട്ടാകെ പരക്കാൻ പ്രയാസമാണ്; അല്ല, വയ്യ തന്നെ. അറിവു പരക്കുക എന്നതു സമുദായങ്ങൾക്കെല്ലാം അത്യാവശ്യമായ ഒരു സംഗതിയാണെന്നുള്ളതിന് വാദവുമില്ല. അപ്പോൾ മാതൃഭാഷവഴിക്ക് ഏവർക്കും ജ്ഞാനം സുലഭമായിത്തീരണം. എങ്കിൽമാത്രമേ അറിവു നാട്ടിൽ പാടേ പരക്കൂ. ഈ ആവശ്യത്തിനാണ് മാതൃഭാഷകളെ പോഷിപ്പിക്കണമെന്നു പറയുന്നതു്. അഥവാ ഏതു സമുദായത്തിന്റെയും യഥാർത്ഥമായ സമുൽഗതിക്ക് ആ സമുദായത്തിന്റെ മാതൃഭാഷ നന്നാവുക എന്നതാണ് ചുവടായിത്തീരുന്നതു് എന്നു നിശ്ശങ്കം പറയാം. അതിനാൽ കേരളക്കരെ ഒന്നാകെ നന്നായിവരണമെങ്കിൽ ആദ്യം വേണ്ടതു കൈരളിക്കു പുഷ്ടിവരുത്തുവാൻ വഴികൾ ഉണ്ടാക്കുകതന്നെ. ഈ വഴികൾ കോയ്മയുടെ അനുഗ്രഹവിശേഷമൊന്നുകൊണ്ടേ തെളിഞ്ഞുകിട്ടൂവെന്നു നാം നേരത്തേ കണ്ടു.

കോയ്മയുടെ അനുഗ്രഹം സിദ്ധിക്കുന്നവരയ്ക്കും നാം അലസമായിക്കഴിഞ്ഞാൽ മതിയോ. പോരാ. അങ്ങിനെ നാം ഉദാസീനരായിട്ടിരുന്നാൽ കോയ്മയുടെ അനുഗ്രഹം സിദ്ധിക്കുകയില്ലതന്നെ. പിന്നെ നാമെന്തുവേണം? പൊതുവിൽ അറിവു പരക്കത്തക്കതും ഇന്നു ഭാഷയിലില്ലാത്തതുമായ ഗ്രന്ഥനിർമ്മാണത്തിൽ യത്നിക്കുകയാണ് പ്രഥമകർത്തവ്യം. ഈ ജാതിഗ്രന്ഥങ്ങളെ രണ്ടു മഹാവർഗ്ഗമായി ഗണിക്കാം. ഇവ, ഒന്നു, പൌരസ്ത്യസംസ്കാരഭാണ്ഡാഗാ

രമായ സംസ്കൃതഗ്രന്ഥങ്ങളുടെ അനുവാദരൂപത്തിലുള്ളതും, മററേതു പാശ്ചാത്യ സംസ്കാരഫലമടങ്ങിയ ഉന്നഗ്രന്ഥങ്ങളുടെ അനുവാദപരവും ആകുന്നു. സംസ്കൃതത്തിലെ കാവ്യനാടകാദി രസപ്രധാനജാതികളുടെ അനുവാദങ്ങളും അനുകരണങ്ങളുമായിട്ടു് പലേ കൃതികളും മലയാളത്തിൽ വന്നുകഴിഞ്ഞിട്ടുണ്ടു്. എന്നാൽ പൌരസ്ത്യസംസ്കാരക്കാതലായ ശാസ്ത്രഗ്രന്ഥങ്ങൾ അത്യപൂൎവ്വമായിമാത്രമേ മലയാണ്മയിലവതരിച്ചിട്ടുള്ളു. ഇതിഹാസങ്ങളിൽ ചിലതും, അടുത്തകാലത്തായി അഷ്ടാദശപുരാണങ്ങളിൽ ചിലതുമൊഴിച്ച യഥാൎത്ഥത്തിൽ വിലയുള്ള ഗ്രന്ഥങ്ങൾ ഒന്നുംതന്നെ ഭാഷയിൽ വന്നിട്ടില്ലെന്നുവേണം പറയുവാൻ. ദർശനങ്ങൾ, ആരണ്യകങ്ങളുൾപ്പെടെയുള്ള ശ്രുതികൾ, ജ്യോതിഷം, ധൎമ്മശാസ്ത്രം, ശില്പശാസ്ത്രം, വൈദ്യം മുതലായ നിത്യോപയോഗശാസ്ത്രങ്ങൾ എന്നിവയെല്ലാം—വ്യാഖ്യാനരൂപത്തിലല്ല—നല്ല മലയാളഗദ്യമായിട്ടും സുഖമായിട്ടൎത്ഥമാകുന്നതരത്തിലുംതന്നെ മലയാളത്തിലുണ്ടായിവരണം. ഈ യത്നഫലമായി സാങ്കേതികപദങ്ങളുടെ കുറവും തീൎന്നുപോകും. നിൎവ്വാഹമുള്ളിടത്തോളം ഇങ്ങനെ രചിക്കുന്ന ഗ്രന്ഥങ്ങളിൽ അതതു വിഷയംസംബന്ധിച്ച് പാശ്ചാത്യ സംസ്കാരപ്രകാരമുള്ള അഭിപ്രായ സാമ്യവ്യത്യാസങ്ങളേക്കൂടി പരിഗണിക്കുന്നതു് അത്യന്തമുചിതവും ഉപകാരപ്രദവുമായിരിക്കും. ഇങ്ങനെ താരതമ്യവിവേചനപൂൎവ്വം ഗ്രന്ഥം രചിക്കുന്നതിനു ഉഭയസമ്പ്രദായങ്ങളിലും ഒന്നുപോലെ ഓട്ടമുള്ളവർ വേണ്ടിയിരിക്കുന്നു; അങ്ങിനെയുള്ളവർ അത്ര സുലഭവുമല്ല, എന്നുവരുന്ന അവസ്ഥകളിൽ ഓരോ സമ്പ്രദായങ്ങളിലും നിഷ്ണാതരായവരെക്കൊണ്ടു തത്തൽ സമ്പ്രദായപ്രകാരമുള്ള ഗ്രന്ഥങ്ങളെഴുതിക്കുകയേ തരമുള്ളു. ഈ വക ഗ്രന്ഥങ്ങളേ ഈ തരത്തിൽ ഭാഷയിലാക്കിത്തീൎക്കുന്നതിനു് യോഗ്യന്മാരുടെ ഉററസഹായത്തിനുംപുറമേ അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതിനു വേണ്ടത്തക്ക ധനവും ഉണ്ടായേ മതി

യാവും. പുസ്തകം പിരിഞ്ഞു ചിലവുമുട്ടുക എന്നതു് ഒരു വിധം അസാദ്ധ്യമായിട്ടുതന്നെ വേണം ഇന്നത്തെ നിലയ്ക്കു വിചാരിക്കുവാൻ. അതിനാൽ ഭാഷാപ്രണയികൾ ആദ്യമായി വേണ്ടതു ഗവൎമ്മെന്റുകളുടെ സഹായത്തോടുകൂടിയോ, ഒരുപക്ഷേ, ഇല്ലാതെതന്നെയോ ഈ വിധം ഗ്രന്ഥങ്ങളെ ഭാഷയിലാവിർഭവിപ്പിക്കുന്നതിനു വേണ്ട ധനസഞ്ചയമുണ്ടാക്കുകയും, വിദ്വാന്മാരെ ഉത്സാഹിപ്പിക്കുകയും ആണു്.

അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു, കേരളക്കരയുടെ ഒത്ത നടുവും വിദ്യാഭ്യാസത്തിൽ ഇന്നു പ്രഥമസ്ഥാനം വഹിക്കുന്നതുമായ കൊച്ചിയിലെ രാജകുടുംബത്തിൽപെട്ട ആളാകയാൽ ആ തിരുമേനിയുടെ വാത്സല്യംകൊണ്ടു് രാജകീയമായ അനുഗ്രഹവും തന്മൂലമുളവാകാനുള്ള പരമമംഗലങ്ങളും ഭാഷയ്ക്കു് ഇനിയും മേലും വരാനുണ്ടു്; അവ വരികയുംചെയ്യും. ഭാഷാപോഷണോത്സുകനായ ആ തിരുമേനി ആയുരാരോഗ്യ സൗഖ്യാന്വിതം നീണാൾ വാണു്, അന്യൂനാനതിരിക്തമായ അംഗസൗഷ്ഠവത്തോടും, സുശ്ലിഷ്ട സന്ധി ബന്ധാദികളോടും, അനല്പാൎത്ഥ ശ്രീയോടും, കാലത്തിനൊത്ത അലങ്കാരചാതുരിയോടുംകൂടി പ്രൌഢപദവിയെത്തിയ കൈരളി തൃപ്പാദം സേവിക്കുമ്പോളുണ്ടാകുന്ന പരമാനന്ദം അനുഭവിക്കുവാൻ, ആ അപൂൎവ്വവൈദ്യനനുഗ്രഹിക്കുമാറാകട്ടെ.

ശ്രീ വിദ്യ പരമേശ്വരീ പ്രിയതമന്മാരോടുകൂടിസ്സുഖം
ശ്രീ, ധൎമ്മം, സദസദ്വിവേകമിവയെ ധാരാളമാകുംപടി
ഏകിക്കൊണ്ടഥ രാമവൎമ്മനൃപചിത്തത്തിൽ വസിച്ചെപ്പൊഴും
ശ്രീകാമേശ്വരനാക്കിവച്ചു പരിപാലിപ്പൂ ചിരം ഭൂപനെ.

# ഉപന്യാസങ്ങൾ

(ജോസഫ് മുണ്ടശ്ശേരി എം. എ.)

മലയാളത്തിലെ സാഹിത്യപ്രസ്ഥാനങ്ങളിലൊട്ടുമുക്കാലും ഗൈർവാണീബന്ധത്തിൽനിന്നുളവായതാണല്ലോ. എന്നാൽ അക്കൂട്ടത്തിൽ ഗണിക്കാവുന്ന ഒന്നല്ല ഉപന്യാസവിഭാഗം. കൈരളി ഗൈർവാണിയാൽ അനുനീതയായിരുന്ന കാലത്തു്, പാതഞ്ജലഭാഷ്യം, ശാങ്കരഭാഷ്യം ഇത്യാദിയുടെ മട്ടിൽ എഴുതപ്പെട്ട വ്യാഖ്യാനങ്ങളോ സംവാദങ്ങളോ ഏതാനുമൊക്കെ കണ്ടേക്കാം. അനന്തരകാലികമായ മലയാളഗദ്യത്തിൻെറ പ്രാകൃതരൂപം അവയിൽ അടങ്ങിയിട്ടുണ്ടെന്നു പറയാൻ വിരോധമില്ല. എന്നാൽ ഒന്നോ രണ്ടോ പുരുഷാന്തരങ്ങൾക്കു മുമ്പു് കേരളഭാഷാഗദ്യത്തിനു ബഹുമുഖമായുണ്ടായ പ്രഭാവത്തിൻെറ പ്രഭവസ്ഥാനം അവയിലാണു് കിടക്കുന്നതെന്നു വാദിക്കുവാൻ വയ്യ. ഇംഗ്ലീഷുഭാഷയോടും അതിലെ സാഹിത്യപ്രസ്ഥാനങ്ങളോടും കേരളീയക്കു് അപ്രതീക്ഷിതമായുണ്ടായ ആഭിമുഖ്യമാണു് നമ്മുടെ ഗദ്യസാഹിത്യത്തിൻെറ പ്രഥമപ്രചോദനം. ഇംഗ്ലീഷുവിദ്യാഭ്യാസം കേരളത്തിലൊട്ടുക്കു വ്യാപിച്ചുതോടേ കൃതവിദ്യരായ ഏതാനും സാഹിതീസേവകന്മാർ ആ ഭാഷയിലെ കാവ്യസമ്പ്രദായങ്ങളോരോന്നും കൌതുകപൂർവം ഇവിടേക്കു് ഇറക്കുമതി ചെയ്യാനൊരുങ്ങി. ആ കച്ചവടത്തിൽ കൈരളിക്കു കൈവന്ന സമ്പത്തുക്കളിൽ സുപ്രധാനങ്ങളാണു് പത്രം, മാസിക, ഉപന്യാസം, നോവൽ എന്നിവ. അവയിൽ ഉപന്യാസം, പത്രമാസികാകുടുംബങ്ങളിലേ ഒന്നാമത്തെ അംഗമായിരുന്നു. ശൈശവം തൊട്ടിന്നുവരെ അവയുടെ അവി

ഭക്താവസ്ഥ അന്യോന്യം ഉൽകൎഷദായകമായിരുന്നിട്ടുണ്ട്.

ഉപന്യാസങ്ങൾക്ക് ഇംഗ്ലീഷിൽ 'ദി സ്പെക്റ്റേററർ' (the Spectator), 'ദി ടാററ്ലർ' (the Tatler), 'ദി റാംബ്ളർ' (the Rambler) ഇത്യാദി പത്രികാപ്രായങ്ങളായ പ്രസിദ്ധീകരണങ്ങൾ പോലെ മലയാളത്തിൽ 'കേരളപത്രിക' 'വിദ്യാവിനോദിനി', 'രസികരഞ്ജിനി', 'മലയാളമനോരമ', 'ഭാഷാപോഷിണി' എന്നിങ്ങനെ ഏതാനും പത്രമാസികകൾ മാൎഗ്ഗലക്ഷണം ചെയ്തു. എന്നാൽ അവയിലെ ലേഖകന്മാർ—മലയാളത്തിലെ പ്രഥമോപന്യാസകാരന്മാർ— ഇംഗ്ലീഷിൽ 'അഡിസൺ' (Addison), 'സ്റ്റീൽ' (Steele) 'ഗോൾഡ്സ്മിത്തു്' (Goldsmith), 'ഡോക്ടർ ജോൺസൺ' (Dr. Johnson) എന്നിവർ എഴുതിയിട്ടുള്ള പ്രബന്ധങ്ങളുടെ രീതി അനുവൎത്തിക്കുക ഉണ്ടായില്ല. സമുദായദോഷങ്ങളെ പരിഹരിക്കുവാനും രാഷ്ട്രീയാഭിപ്രായങ്ങൾക്ക് ഉപപത്തി സമ്പാദിക്കുവാനും സാഹിത്യസരണികളെ ഭാസുരമാക്കുവാനും വേണ്ടിയുള്ള ഉപഹാസസമ്മിളിതങ്ങളായ ലേഖനങ്ങളായിരുന്നു. 'അഡിസൺ ക്ലബ്ബി'ന്റെ പരിശ്രമഫലങ്ങൾ. അവയുടെ ഫലിതോപനീതമായ സാരസ്യത്തിലേക്ക് എത്തിനോക്കുവാൻ നമ്മുടെ പഴയ പ്രബന്ധകാരന്മാൎക്കിടയായില്ല. അവർ 'ബേക്കൺ' 'മൊണ്ടെയിൽ' ആദിയായവരെപ്പോലെ കാൎയ്യഗൌരവം നിറഞ്ഞ ഉപന്യാസങ്ങൾ നിൎമ്മിക്കുവാനേ പ്രാരംഭദശയിൽ ഒരുമ്പെട്ടുള്ളു. വളരെക്കാലമായി കാവ്യാലാപൈകനിരതരായി കഴിഞ്ഞിരുന്ന കേരളീയൎക്ക്, ഇതരദേശങ്ങളിൽ നടന്നുവന്ന പല പല സംഭവങ്ങളുടേയും, സ്ഥാപനങ്ങളുടേയും, എന്നുവേണ്ട, ബഹിൎല്ലോകത്തെ സംബന്ധിച്ച എല്ലാവിഷയങ്ങളുടേയും സ്ഥൂലമായൊരു ജ്ഞാനം നൽകണമെന്നുള്ളതായിരുന്നു അവരുടെ

ഉദ്ദേശം. അതിലേക്ക് ഗദ്യപ്രബന്ധം ഒരു വിശിഷ്ടോപകരണമായെന്നു മാത്രം. ചരിത്രശകലങ്ങൾ, നിരൂപണങ്ങൾ, ധർമ്മാധർമ്മങ്ങൾ, ദാർശനികസിദ്ധാന്തങ്ങൾ, കണ്ടുപിടിത്തങ്ങൾ, യാത്രാവിവരങ്ങൾ—ഈ വകയെല്ലാം ഉപന്യാസമണ്ഡലത്തിൽ സ്ഥാനം ലഭിച്ചിരുന്നു. ഓരോ ഉപന്യാസത്തിലും വിഷയം, ഏറ്റവും സരസകോമളങ്ങളായ വാക്യങ്ങളിൽ നാതിവിസ്തരമായി പ്രതിപാദിച്ചിരിക്കണമെന്നായിരുന്നു അന്നത്തെ വെയ്പ്. മഹാമഹിമശ്രീ രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സിലെ ഉടമസ്ഥതയിൽ കുറേക്കാലം നടന്ന 'രസികരഞ്ജിനി'യുടെ ഏതെങ്കിലുമൊരു ലക്കമെടുത്തുപരിശോധിച്ചാൽ മതി പണ്ടത്തെ പ്രബന്ധങ്ങളുടെ സ്വഭാവവും ഉദ്ദേശവും മനസ്സിലാക്കുവാൻ.

1. നെടുവിരുപ്പ് സ്വരൂപത്തിൽനിന്ന് കൊച്ചീരാജ്യത്ത് ഏററം ചെയ്ത പ്രകാരം.
2. മലയാളത്തിൽ ആദിപറങ്കികളുടെ ചരിത്രം.
3. കർമ്മയോഗം.
4. ഒരു ദുർമ്മരണം (കഥ).
5. സുഭദ്രാർജ്ജുനം നാടകം (നിരൂപണം).
6. യുക്തിഭാഷ.
7. നാഗാനന്ദം (തർജ്ജിമ).
8. നിർഭാഗ്യവാഷ്ടകം.
9. പലവക.

[library stamp]

ഇത്രയുമാണ് രസികരഞ്ജിനി ഒന്നാംപുസ്തകം അഞ്ചാം ലക്കത്തിലെ വിഷയങ്ങൾ. നാലോ അഞ്ചോ പേജിൽ കവിഞ്ഞ ലേഖനം ഒന്നുമില്ല. കാലാന്തരത്തിൽ കേരളത്തിൻെറ നാനാഭാഗങ്ങളിലുംനിന്നു പ്രസാധിതമായിക്കൊണ്ടിരുന്ന പത്രമാസികകളിൽ ഏതാദൃശനിബന്ധനങ്ങൾക്ക് അധികമധികം സ്ഥാനം ലഭിക്കുകയും

അങ്ങനെ മലയാളത്തിലെ ഉപന്യാസശാഖ വളൎന്നു് സുരഭിലകുസുമങ്ങൾ ആവഹിക്കുകയും ചെയ്തു. ഇപ്പോഴും ആ ശാഖാതല്ലജം പൂൎവ്വസ്ഥാനത്തു് നിന്നുംകൊണ്ടു് സൂൎയ്യലോകത്തിൽ വൎണ്ണശബളതനേടി, കാണികളുടെ കണ്ണും കരളും ഒപ്പം കവൎന്നു വരികയാണു്.

ഇംഗ്ലീഷിലും മലയാളത്തിലും മററു പല ഭാഷകളിലും ഉപന്യാസവിഭാഗം അടിക്കടി വൎദ്ധമാനമായിക്കാണുന്ന സ്ഥിതിക്കു് അതിൻെറ വ്യവസ്ഥകൾ എന്തൊക്കെയെന്നറിവാൻ സഹൃദയന്മാൎക്കു് കൌതുകം ഉണ്ടായേക്കാം. മഹാകാവ്യം, ഖണ്ഡകാവ്യം, നോവൽ, കഥ, നാടകം, ഇത്യാദിയിലോരോന്നിനും ഏറെക്കുറെ പരിച്ഛിന്നമായ നിയമങ്ങളുണ്ടല്ലോ. എന്നാൽ ഉപന്യാസത്തിനു് അങ്ങനെ നിയതമായ പരിപാടിയൊന്നും പറയാനില്ല. താരതമ്യപഠനത്തിനു വിധേയമാകാത്തവിധം അത്ര്യധികം നാനാത്വം അതിനുണ്ടു്. എസ്സേ (Essay) എന്ന ശബ്ദത്തിനു് ഒരു സമാരംഭം അഥവാ അധ്യവസായം എന്നേ അൎത്ഥമുള്ളു. ഏകദേശം ആ അൎത്ഥത്തെ ആസ്പദമാക്കി ഡോക്ടർ ജോൺസൺ "മനസ്സിൻെറ അനിയതമായ നിൎഗ്ഗമനം" (a loose sally of the mind) എന്നു 'എസ്സെ'ക്കു് നിൎവ്വചനം നൽകി. കേൾക്കുന്നമാത്രയിൽ അതൊരു നിരൎത്ഥമായ ലക്ഷണനിൎദ്ദേശമായി പലൎക്കും തോന്നാം. പക്ഷേ പിന്നീടുണ്ടായ അനേകായിരം ഉപന്യാസങ്ങളുടെ ആകൃതിയും പ്രകൃതിയും നോക്കി, 'മറേ' (Murray) എന്ന ശബ്ദകോശകാരൻ പറഞ്ഞിട്ടുള്ള ലക്ഷണം ജോൺസൻേറതിൽ നിന്നു വളരെ ഭിന്നമല്ല. "ഏതെങ്കിലും ഒരു വിഷയത്തേയോ വിഷയത്തിൻെറ ഒരംശത്തേയോ അധികരിച്ചെഴുതപ്പെട്ട നാതിവിസ്തരമായൊരു നിബന്ധനം" എന്നാണു് അദ്ദേഹത്തിൻെറ ഉപന്യാസനിൎവ്വചനം. ഇതേവരെ

വിരചിതമായിട്ടുള്ള ഉപന്യാസങ്ങളുടെ ബഹിരന്തഃസ്വഭാവങ്ങൾ അവധാനപൂർവ്വം പഠിച്ചറിഞ്ഞിട്ടുള്ള ഒരുവന് പ്രസ്തുത ലക്ഷണങ്ങൾ രണ്ടും ഒന്നിച്ച് സ്വീകരിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, രണ്ടോ നാലോ ശതാബ്ദങ്ങൾക്കുള്ളിൽ പല പരിഷ്കാരങ്ങൾക്കും പാത്രമായ ഉപന്യാസത്തിൽ അവിരതമായിക്കാണാവുന്ന ധർമ്മങ്ങൾ അവ രണ്ടിലുമായടങ്ങിയിട്ടുണ്ട്. അനതിവിസ്തരതയും അപരിച്ഛിന്നതയും മാത്രമാണ് ആ ധർമ്മങ്ങൾ എന്നു വെച്ചിട്ട് എന്തെഴുതിയാലും ഒന്നാന്തരം ഉപന്യാസമാകുമെന്ന് അർത്ഥമില്ല. പ്രബന്ധം സംക്ഷിപ്തമായിരിക്കയും, കേവലം യുക്തിസിദ്ധമായ പരിപാടിക്കു പുറമേ വാസനാനുരൂപമായ പദ്ധതിയനുസരിച്ച് വിഷയം പ്രതിപാദിതമായിരിക്കയും വേണം. അപ്പോൾ കലാകാരന്റെ നിപുണവും നിസർഗ്ഗകോമളവുമായ തൂലികാചാലനത്തോടൊപ്പം വിഷയത്തിന്റെ നാനാവശങ്ങളും വിടിന്ന് വിളങ്ങുന്നതായിക്കാണാം. ജോൺസന്റേയും മറ്റേയുടേയും നിർവ്വചനങ്ങൾക്ക് ഒരുവിധം അനുസൃതം തന്നെയാകുന്നു 'ഉപന്യാസം' എന്നുള്ള അഭിധാനവും. 'ഉപപുരാണാ'ദിപ്രയോഗങ്ങളിലെപ്പോലെ 'ഉപ' എന്ന ഉപസർഗ്ഗം നാതിവിസ്തരതക്ക് ആധാരമായിരിക്കുന്നു; 'ചിത്രന്യസ്താ'ദികളിലെപ്പോലെ 'ന്യാസം' വാസനാഭാസിതമായ അപരിച്ഛിന്നതയോടുകൂടിയ ആലേഖനത്തിന്നും.

പ്രതിപാദനത്തിന്റെ സ്വഭാവംനോക്കി ഉപന്യാസങ്ങളെ 'ആത്മീയ'മെന്നും (Personal) 'പരകീയ'മെന്നും (Impersonal) രണ്ടായി തിരിക്കാം. ഒന്നാമത്തെ ഗണത്തിൽ വ്യക്തിഗതമായ അഭിപ്രായങ്ങൾക്കും അനുഭവങ്ങൾക്കും മേൽകോയ്മ ഉണ്ടായിരിക്കും. ഇംഗ്ലീഷിൽ ഉൽകൃഷ്ടങ്ങളായ ഉപന്യാസങ്ങൾക്കെല്ലാം ഈ വിശേഷ

മുണ്ട്. 'ലാംബി'ൻെറ എലിയയുടെ ഉപന്യാസങ്ങൾ (Lamb Essays of Elia) ഗോൾഡ് സ്മിത്തിൻെറ ചീനക്കാരൻെറ ചിന്തകൾ Reflectio of the chinaman) മുതലായവ വായിച്ചിട്ടുള്ളവക്കു് ഈ വാസ്തവം അറിയാം. ഏതു കാൎയ്യത്തെക്കുറിച്ചെഴുതുമ്പോഴും അവർ സ്വതസ്സിദ്ധമായ രസികത്വം ഉപന്യാസത്തിൽ ആദ്യന്തം ആവിഷ്കരിക്കാതിരിക്കയില്ല. എവിടെ നോക്കിയാലും കാണാം അവരുടെ ഹൃദയത്തിൻെറ മോഹനമായ ചിത്രം. ഉടനടി ഏതു സഹൃദയനും ദുഷ്യന്തനെപ്പോലെ 'മധുരമാസാം ദർശനം' എന്നു പറഞ്ഞുപോകും. രണ്ടാമത്തെ വകുപ്പിൽ ഗണിക്കാവുന്ന ഉപന്യാസങ്ങൾക്കു് വ്യക്തിസ്പർശം തെല്ലും ഉണ്ടാകയില്ല. നടന്ന കാൎയ്യങ്ങൾ അല്ലെങ്കിൽ വിഷയത്തിൻെറ അവാന്തരവിഭാഗങ്ങൾ എണ്ണിയെണ്ണി പറയേണ്ട ഭാരമേ അത്തരം പ്രബന്ധങ്ങളുടെ പ്രണേതാക്കൾക്കുള്ളു. അവരുടെ പണി 'ഫോട്ടോ എടുക്കൽ' മാത്രം. ഇംഗ്ലീഷിൽ ഈ രണ്ടു വിഭാവങ്ങളും വ്യവച്ഛിന്നമായിട്ടുണ്ടു്. നമ്മുടെ ഭാഷയിലാകട്ടെ 'ആത്മീയ'ത്തിൻേറയും പരകീയത്തിൻേറയും ഒരു സങ്കലനമല്ലാതില്ല. വിഖ്യാതരായ ഉപന്യാസകാരന്മാരശേഷം അതിനു തെളിവാണു്. വേണമെങ്കിൽ കുറെ 'പത്രറിപ്പോർട്ടർ'മാരെ രണ്ടാമത്തെ വകുപ്പിൽ ഏററവും അടിയിലായി തള്ളിയിടാം. വലിയകോയിത്തമ്പുരാൻ, ഏ. ആർ. രാജരാജവൎമ്മ, എം. ശേഷഗിരിപ്രഭു, കെ. രാമകൃഷ്ണപിള്ള, വേങ്ങയിൽ കുഞ്ഞിരാമൻനായനാർ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, അപ്പൻതമ്പുരാൻ, സി. അച്ച്യുതമേനോൻ, സി. അന്തപ്പായി, ആർ. ഈശ്വരപിള്ള, ആററൂർ കൃഷ്ണപിഷാരടി, കെ. സുകുമാരൻ, മൂക്കോത്തു കുമാരൻ, പി. കെ. നാരായണപിള്ള, ഐ. സി. ചാക്കോ, കെ. വി. എം, എം. രാജരാജവൎമ്മ, ഉള്ളൂർ; ഇങ്ങിനെ കുറെപ്പേരാണല്ലോ നമ്മുടെ ഉപന്യാസ കൎത്താക്കളിൽ അഗ്രഗണ്യർ. അവരിലോ

രോരുത്തർക്കും ആത്മീയമായ പ്രതിപാദനസമ്പ്രദായം ഒട്ടൊക്കെയുണ്ടു്. 'കേസരി' വൎയ്യനായി പട്ടാകെട്ടിയ നായനാർക്കും മററും സ്വാതന്ത്ര്യപരിമളം 'ധൂൎത്തടിക്കാൻ' കൂടി ഉപകരിച്ചിട്ടുണ്ടെങ്കിൽ ഈശ്വരപിള്ളയെപ്പോലെ ഏതാനും പേർ അതിനെ അത്യാവശ്യത്തിനു മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ചിലർ ഗവേഷണാത്മകങ്ങളോ തത്വജടിലങ്ങളോ ആയ പ്രബന്ധങ്ങളിൽ പറയത്തക്ക വ്യക്തിപരതയൊന്നും പ്രദർശിപ്പിച്ചിട്ടില്ലായിരിക്കും. ഉള്ളൂരിന്റെ വിജ്ഞാനദീപികയിലെ ഉള്ളടക്കങ്ങൾ അതിനു ദൃഷ്ടാന്തമാണു്. അവയെ 'പരകീയ'ശാഖയിൽ ഗണിക്കയായിരിക്കും ഉചിതം. ഇന്നത്തെ പത്രമാസികാപംക്തികളിൽ സാധാരണമായെഴുതിക്കൊണ്ടിരിക്കുന്ന പ്രായം കുറഞ്ഞവരും ഉത്തിഷ്ഠമാനരുമായ ഉപന്യാസകാരന്മാർ ഒട്ടുവളരെയുണ്ടു്. അവരുടെ വിജയാപജയങ്ങൾ നിൎണ്ണയിക്കാൻ കാലമായിട്ടില്ല-എങ്കിലും ഒന്നു പറയാം. ഉപന്യാസത്തിൻെറ എല്ലാപ്രകാരങ്ങളിലും അവർ കൈവെച്ചു നോക്കുന്നുണ്ടു്. ചെസ്ററർട്ടൺ, ഷാ, ബെല്ലോക്, ലൂക്കസ്, ലിൻഡ്, മുതലായവരുടെ സരസോജ്ജ്വലങ്ങളായ ഉപന്യാസങ്ങൾ അവയിൽ ഏതാനുംപേൎക്കു് നവമായൊരു ഉത്തേജനം നൽകിയിട്ടുള്ളതായിക്കാണുന്നു. അത്തരക്കാരുടെ പരിശ്രമം നേർവഴിക്കു തിരിഞ്ഞാൽ നമ്മുടെ ഭാഷയിൽ 'ആത്മീയോപന്യാസങ്ങൾ' എന്നൊരു വിഭാഗം അചിരേണ സുപ്രതിഷ്ഠയാകുമെന്നാശിക്കാം.

ഉപന്യാസങ്ങൾക്കു് ഇന്നയിന്ന കാൎയ്യങ്ങളെ വിഷയീഭവിക്കാവൂ എന്നു നിയമമില്ല.

"നാടകം ഖ്യാതവൃത്തംസ്യാൽ പഞ്ചസന്ധിസമന്വിതം,

* * * * * * * *

പ്രഖ്യാതവംശോ രാജൎഷിൎദ്ധീരോദാത്തഃപ്രതാപവാൻ
ദിവ്യോഥ ദിവ്യാദിവ്യോവാഗുണവാൻ നായകോ മതഃ".

എന്നൊക്കെ നാടകാദികൾക്ക് പ്രാചീനാചാര്യന്മാർ വ്യവസ്ഥകൾ ചെയ്തിട്ടുണ്ടല്ലോ. അതുപോലെ ഉപന്യാസത്തിന്റെ തല്ലവതാരകന്മാരായ പാശ്ചാത്യന്മാർ വിഷയപരിച്ഛേദം ചെയ്തിട്ടില്ല. ഏകദേശം ആ ബോധത്തോടുകൂടിയാണ് നമ്മുടെ പഴയ ഉപന്യാസകാരന്മാർ വിഷയങ്ങൾ സ്വീകരിച്ചിരുന്നതെന്ന് രസികരഞ്ജിനിയുടെ അന്യത്ര പ്രദർശിതമായ അനുക്രമണികയിൽനിന്ന് അനുമിക്കാം. ഒരു പാശ്ചാത്യവിമർശകൻ അഭിപ്രായപ്പെട്ടതുപോലെ പ്രതിഭാസമ്പന്നനായൊരു പ്രബന്ധകർത്താവിന് അനധിഗമ്യമായി യാതൊന്നും ഈ പ്രപഞ്ചത്തിലില്ല. ഒരു സിദ്ധനെപ്പോലെ അദ്ദേഹത്തിന് ലോകത്രയത്തിലും സ്വച്ഛന്ദവിഹാരം ചെയ്യാവുന്നതാണ്. ഹിലെർബെല്ലോക്കിനെപ്പോലെയുള്ള മഹാരഥന്മാർ 'ഏതെങ്കിലും', 'ചിലതു്', 'എല്ലാം', 'ഒന്നുമില്ല', 'ഒ' (On any thing, On some thing, On every thing, On nothing, On,) എന്നൊക്കെയാണ് ലേഖനസമാഹാരങ്ങൾക്ക് കൊടുത്തിട്ടുള്ള പേരുകൾ. എത്ര ഉച്ഛൃംഖലമായ വിഷയദാനം!

ഇപ്പോഴത്തെ നിലക്ക് വിഷയങ്ങളനുസരിച്ചു വേണം മലയാളോപന്യാസങ്ങളെ വിഭജിക്കുവാൻ. അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു് തന്റെ 'മംഗളമാലാ' സഞ്ചികകളിൽ ഏതാദൃശവിഭജനം പണ്ടേതന്നെ സാധിച്ചിട്ടുണ്ടെന്നു തോന്നുന്നു. എങ്ങനെയായാലും ഏതാനും പ്രധാനവിഷയങ്ങളെ അവലംബമാക്കി നമ്മുടെ ഉപന്യാസസാഹിത്യത്തെ സാമാന്യമായി പരിശോധിക്കാം.

## ചരിത്രം.

ഭാഷാപോഷിണി, രസികരഞ്ജിനി, വിദ്യാവിനോദിനി ആദിയായ മാസികകൾ വഴിക്ക് ചില വിദ്വാന്മാർ ചരിത്രാധികൃതങ്ങളായ ലേഖനങ്ങൾ എഴുതിയിറക്കീട്ടുണ്ടെങ്കിലും മംഗളമാലയുടെയോ വിജ്ഞാനദീപിക

യുടേയോ രൂപത്തിൽ അധികംപേർ അവയെ സങ്കലനംചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായി ഓൎക്കുന്നില്ല. ഗദ്യമാലിക മുതലായ ഗ്രന്ഥങ്ങളിൽ ചരിത്രോപന്യാസങ്ങൾ ഒട്ടേറെ ഉൾപ്പെട്ടിട്ടുണ്ടു്. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, രാമവൎമ്മ അപ്പൻതമ്പുരാൻ, സി. പി. അച്ചുതമേനോൻ, ഉള്ളൂർ, ഡോക്ടർ പി. ജെ. തോമസ്, കെ. പി. പത്മനാഭമേനോൻ, ആററൂർ എന്നിവരാണു് ചരിത്രവിഷയകമായി ലേഖനങ്ങളെഴുതിയിട്ടുള്ളവരിൽ പ്രശസ്തന്മാർ. കൊട്ടാരത്തിൽ ശങ്കുണ്ണി ചരിത്രോപസ്കാരകങ്ങളായ ഐതിഹ്യങ്ങൾ തേടിപ്പിടിക്കുന്നതിൽ ശ്ലാഘനീയമായ യത്നം ചെയ്തിട്ടുണ്ടു്. ചരിത്രാന്വേഷണത്തിൽ കേരളീയരെന്നല്ല, ഭാരതീയരാകമാനം തന്നെ നിരുത്സാഹരാണെന്നു പറയാറുണ്ടല്ലോ. സ്വഭാവജമായ ആ ദോഷം മലയാളത്തിൽ ചരിത്രോപന്യാസങ്ങൾ അധികം ഉണ്ടാകാതിരിപ്പാൻ കാരണമായിട്ടുണ്ടു്. അധുനാതനരായ എഴുത്തുകാരിൽ ചരിത്രവിഷയകമായി പരിശ്രമിക്കുന്നവർ വളരെയില്ല. ഒരു പക്ഷേ ഉപന്യാസരൂപത്തിൽ ചരിത്രലക്ഷ്യങ്ങൾ ആവിഷ്കരിക്കുവാൻ വല്ലവരും ഒരുങ്ങിയാൽ വായനക്കാരിൽ അധികംപേരും അവരെ മനസാ ശപിക്കും. പിന്നെയുണ്ടോ പത്രാധിപന്മാർ അവരെ ക്ഷണിക്കുന്നു?

## ജീവചരിത്രം.

ഈ ശാഖയും കേരളഭാഷയിൽ വേണ്ടത്ര വളൎന്നിട്ടില്ല. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ 'മഹച്ചരിതസംഗ്രഹം' രാമകൃഷ്ണപിള്ളയുടെ 'സോക്രററിസ്', 'ബെഞ്ചമിൻഫ്രാങ്ക്ളിൽ' എന്നിങ്ങനെ കുറെ പ്രബന്ധപരമ്പരകൾ ആദ്യകാലത്തുണ്ടായി. പിന്നീടു് പത്രങ്ങൾക്കും മാസികകൾക്കും നിരന്തരം ലേഖനസഹായം ചെയ്തുവന്നവരും വരുന്നവരും ജീവചരിത്രാഖ്യാനത്തിനുദ്യമിച്ചിട്ടുള്ളതായറിയാം. പല പ്രസിദ്ധീകരണങ്ങളിലും ഇപ്പോൾ ജീവചരിത്രത്തിനു് വിശേഷിച്ചൊരു

പംക്തിതന്നെ കാണുന്നുണ്ടു്. അനേകം മഹാന്മാരുടെ അപദാനങ്ങൾ തദ്വാരാ ബഹുജനദൃഷ്ടിയിൽ വരുന്നുണ്ടെന്നു സമാധാനിക്കാം. എന്നാൽ ആവക പരിശ്രമങ്ങളിൽ എത്രയെണ്ണം ഒരു കൊല്ലത്തിൽ കവിഞ്ഞു് നിലനിൽക്കുമെന്നു കണ്ടേ അറിയാവൂ. ഈയിടെ, മൂർക്കോത്തുകുമാരൻ, കുന്നത്തു ജനാർദ്ദനമേനോൻ, ഏ. ഡി. ഹരിശർമ്മ മുതലായവർ കേരളഭാഷാപ്രണയികളിൽ പലരുടേയും ചരിത്രങ്ങൾ സംക്ഷേപിച്ചെഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അവരുടെ ശ്രമത്തെ സചേതസ്സുകൾ അഭിനന്ദിക്കേണ്ടതാണു്. ജീവചരിത്രകഥനത്തിന്നു് പുറപ്പെടുന്നവർ ഉപന്യാസങ്ങളെ വെറും സ്ഥലകാലപ്പട്ടികകളാക്കാതിരുന്നാൽ കൊള്ളാമെന്നൊരു അപേക്ഷ ഇവിടെ വിശദമാക്കിക്കൊള്ളട്ടെ.

<u>നിരൂപണം.</u>

ഈ വിഭാഗത്തിന്നു് കുറഞ്ഞൊരു അഭിവൃദ്ധി വന്നിട്ടുണ്ടെന്നു സമ്മതിക്കണം. ഏ. ആർ. രാജരാജവർമ്മ, കെ. രാമകൃഷ്ണപിള്ള, കുഞ്ഞിരാമൻനായർ, അപ്പൻതമ്പുരാൻ, സി. അച്യുതമേനോൻ, സി. അന്തപ്പായി, പി. കെ. നാരായണപിള്ള, മൂർക്കോത്തു കുമാരൻ, ആറ്റൂർ പിഷാരടി, പി. ശങ്കരൻനമ്പ്യാർ, എന്നിവരൊക്കെയാണു നമ്മുടെ വലിയ നിരൂപകന്മാർ. അവരിൽ രാമകൃഷ്ണപിള്ള, അന്തപ്പായി, അച്യുതമേനോൻ, പി. കെ. എന്നിവർ ഏറെക്കാലം നിരൂപണൈകവ്രതരായിരുന്നു. അവരുടെ സാഹിതീസേവനത്തിന്റെ പ്രധാനഫലങ്ങൾ വിമർശനോപന്യാസങ്ങൾ തന്നെയാണു്. അവ അനന്തരഗാമികൾക്കു് നല്ലൊരാദർശമായിരിക്കുന്നുണ്ടു്. എന്നാൽ ഡോക്ടർ ജോൺസനെപ്പോലെ നമ്മുടെ സാഹിത്യപഞ്ചാനനന്മാർ കൂടി അന്യഥാഗതമായ വൈരാദികൾക്കു് വിധേയമാക്കി, നിരൂപണോപന്യാസങ്ങളെ ചിലപ്പോൾ മലീമസമാക്കുന്നതു് അത്യന്തം ഗർഹണീയമാണെന്നു പറഞ്ഞേ കഴിയൂ. അത്തരം പുരോഭാഗിത്വം

നിരൂപണവിദ്യ അഭ്യസിക്കുന്നവൎക്കപോലും പരനിന്ദ നത്തിനു പ്രലോഭനമായിത്തീരും. ഉത്തമനായ നിരൂപകൻ പക്ഷപാതങ്ങളൊന്നും ഇല്ലാത്തവനായിരിക്കണം. അയാൾക്ക് ഒരുകാൎയ്യത്തിലുള്ള അഭിനിവേശാതിരേകം മറെറാരു കാൎയ്യത്തിൻെറ ശരിയായ അവധാരണത്തിനും അഭിനന്ദനത്തിനും പ്രതിബന്ധമാകാൻ പാടില്ല. കുണ്ടിൽനിന്നു കുന്നിനേയോ കുന്നിൽനിന്നു കുണ്ടിനേയോ നോക്കുന്നതല്ല ഉചിതം. നിരീക്ഷകൻെറ സ്ഥാനം എപ്പോഴും സമതലമായിരിക്കണം—.

ശാസ്ത്രം.

വ്യാകരണം, കാവ്യമീമാംസ, ഇത്യാദി ശാസ്ത്രങ്ങളിൽ ഉപന്യാസനിൎമ്മാണത്താൽ കൈകാൎയ്യം ചെയ്തു് വിജയം നേടിയിട്ടുള്ളവർ പലരുമുണ്ട്. ഏ. ആർ. രാജരാജവൎമ്മ, ശേഷഗിരിപ്രഭു, ആററൂർ എന്നിവരാണ് അവരിൽ അഗ്രേസരന്മാർ. 'ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും' എന്ന പ്രബന്ധസമുച്ചയം വഴിക്ക് അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടും 'ഭാഷാശാസ്ത്രം' എന്ന ഉപന്യാസമാലികയാൽ എടമരത്തു് സെബാസ്ററ്യനും മേല്പറഞ്ഞ വിഷയങ്ങളിൽ അഭിനന്ദനീയമായ പരിശ്രമം ചെയ്തിട്ടുണ്ട്. ഇപ്പോഴും ഏതാദൃശവിഷയങ്ങൾ പ്രതിപാദിക്കുന്നവർ ഇല്ലെന്നില്ല. പക്ഷേ മിക്കവൎക്കും പിഷ്ടപേഷണമേ ഉള്ളു. പോരായ്മകൾ നീക്കുവാനോ നവീനതത്വങ്ങൾ വിശദീകരിക്കുവാനോ അവരിലാരും ശക്തരല്ല.

പ്രകൃതിവിജ്ഞാനീയം, രസതന്ത്രം, ഗണിതം, ജന്തുവിജ്ഞാനീയം, മുതലായ നവീനശാസ്ത്രങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപന്യാസങ്ങൾ മലയാളത്തിൽ വിരളമാണ്. എൽ. എ. രവിവൎമ്മ, എം. രാജരാജവൎമ്മ, സുകുമാരൻ, ഐ. സി, ചാക്കോ, ടി. കേ. ജോസഫ്, അപ്പൻതമ്പുരാൻ, ഇങ്ങനെ ചുരുക്കം ചിലർ മാത്രമേ ഈ വിഭാഗത്തിൽ ഉപന്യാസങ്ങളെഴുതിയിട്ടുള്ളുവെന്നു

പറയാം. അവതന്നെ എണ്ണത്തിലധികമില്ല. എല്ലാം ശാസ്ത്രങ്ങളേയും അവ പരാമർശിക്കുന്നുമില്ല. ശാസ്ത്രീയ കാൎയ്യങ്ങൾ വിവരിക്കുന്ന ലേഖനങ്ങൾ വൎദ്ധിക്കുവാൻ മേലിൽ ഊൎജ്ജിതമായ ശ്രമം ചെയ്യേണ്ടിയിരിക്കുന്നു.

ധൎമ്മാധൎമ്മങ്ങൾ.

ഈ വകുപ്പിൽ ധാരാളം ഉപന്യാസങ്ങൾ നമുക്കുണ്ട്. ഇതേവരെ പേർപറഞ്ഞിട്ടുള്ളവരും അല്ലാത്തവരുമായ സകലപ്രബന്ധകൎത്താക്കളും ഈ വിഭാഗത്തിൽ പരിശ്രമിക്കുന്നതാണു് അതിനു കാരണം. അക്കൂട്ടത്തിൽ ആർ. ഈശ്വരപിള്ള സൎവ്വോപരി സ്മരണീയനാണു്. അദ്ദേഹത്തിൻെറ 'ചിന്താസന്താ'നങ്ങൾക്കു് ഉപന്യാസസാഹിത്യത്തിൽ അഗ്ര്യസ്ഥാനം കല്പിക്കുന്നതിൽ യാതൊരു സഹൃദയനും നെററി ചുളിക്കയില്ല നിശ്ചയം.

ഇനിയുള്ളവയെല്ലാം 'പലവക'യിൽ പെടത്താനേ തരമുള്ളൂ. രാഷ്ട്രീയവും, മതപരവും മററുമായി ദിവസേന ഇറങ്ങിക്കൊണ്ടിരിക്കുന്ന പ്രബന്ധങ്ങൾക്കു ഒരു കയ്യും കണക്കുമില്ല. അവയിൽ കാലാന്തരസ്ഥിതിക്ഷമങ്ങളായവ അധികമില്ലായ്കയാൽ തൽക്കാലം അവക്കു് സ്ഥാനം പലവകയിലാകട്ടെ.

ഉപന്യാസത്തിലെ ഭാഷയെക്കുറിച്ചു അല്പം കൂടി പ്രസ്താവിച്ചു് ഈ ലേഖനം ഉപസംഹരിക്കാമെന്നു വിചാരിക്കുന്നു. നമ്മുടെ എത്ര ഗഹനമായ ആശയവും പ്രകാശിപ്പിക്കുവാൻ വേണ്ട ശബ്ദങ്ങൾ ഇപ്പോൾ മലയാളത്തിലുണ്ടു്. പോരെങ്കിൽ സംസ്കൃതത്തിൽ നിന്നോ ഇതരജീവൽഭാഷകളിൽനിന്നെങ്കിലുമോ പദങ്ങൾ കടംമേടിക്കാൻ മലയാളിക്കു ഞെരുക്കമില്ല. അസ്തുപ്രായങ്ങളായ അസംഖ്യം തനി ദ്രാവിഡപ്രയോഗങ്ങൾ അപ്പൻതമ്പുരാൻ തിരുമനസ്സിലേയും മററും അശ്രാന്ത യത്നത്താൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ടുതാനും. ഈ സ്ഥിതിക്കു് നമ്മുടെ ഉപന്യാസകാരന്മാൎക്കു് ശബ്ദാന്വേഷണക്ലേശം വളരെ സഹിക്കേണ്ടതില്ല.

നവീനവിജ്ഞാനീയങ്ങൾ പ്രതിപാതിക്കുവാൻ ഇന്നും വാക്കുകൾ മതിയായിട്ടില്ലെന്നു സമ്മതിക്കാം. പക്ഷെ, ആ കുറവും സാങ്കേതിക ശബ്ദനിർമ്മാണത്തിന് ഇദാനീന്തനന്മാർ ചെയ്യുന്ന പ്രയത്നത്താൽ ക്രമേണ അപാകൃതമായിക്കൊള്ളും.

പദങ്ങൾ ഇങ്ങനെ ആവശ്യത്തിനുണ്ടായിട്ടും നമ്മുടെ ഉപന്യാസരചയിതാക്കളിൽ അധികംപേരും വ്യാകരണദൃഷ്ട്യാ നിർദ്ദോഷമായ ഭാഷ എഴുതിക്കാണുന്നില്ല. ശിഷ്യന്മാർക്ക് തെററുകൂടാത്ത ഭാഷ പരിചയപ്പെടുവാൻ ഉപകരിക്കുന്ന ഉപന്യാസങ്ങൾ ഏവയെന്നു പറഞ്ഞുകൊടുക്കേണ്ടിവരുമ്പോൾ അധ്യാപകന്മാർ വളരെ വിഷമിക്കുന്നതായി എനിക്കറിയാം. അഞ്ചോ പത്തോ പേർ മാത്രമേ നിർദ്ദോഷികളുടെ പട്ടികയിൽ പെടുന്നുള്ളു. ഈ കുഴപ്പം സംസ്കൃതത്തിലോ ഇംഗ്ലീഷിലോ ഇല്ല. മലയാളത്തിൽ നല്ല ഉപസ്ഥിതിയും സംസ്കൃതത്തിൽ ശബ്ദനിഷ്പാദനത്തിനാവശ്യമായ ജ്ഞാനവും ഇംഗ്ലീഷിൽ ഒരുവിധം പരിചയവും സമ്പാദിച്ചിട്ടുള്ളവർ അവധാനപൂർവ്വം ഗദ്യരചനക്കുത്സാഹിച്ചാൽ ഈ ദോഷം നീങ്ങിയേക്കും. ഇതുപര്യന്തം യശസ്വികളായിട്ടുള്ള ഉപന്യാസകാരന്മാരുടെ അഭിജ്ഞത ആ പരമാർത്ഥം തെളിയിക്കുന്നു.

വാക്യനിബന്ധനത്തിലും ഒരു കാര്യം സൂചിപ്പിക്കുവാനുണ്ട്. തങ്ങളുടെ ആയുസ്സുശേഷം ഭാഷക്കുവേണ്ടി ഹോമിച്ച് യശശ്ശരീരരായ മഹാന്മാരിൽ പലരും ഉത്തമമായ വാക്യരീതികൾ കാണിച്ചുതന്നിട്ടുണ്ടല്ലോ. അവ മലയാളഭാഷയുടെ വംശജയായ സ്വഭാവത്തിന് എല്ലാംകൊണ്ടും അനുരൂപങ്ങളാണ്. എന്നാൽ അവയെ നിശ്ശേഷം നിഷ്കാസനം ചെയ്ത് ഒരുതരം 'തലകുത്തി' വാക്യങ്ങൾകൊണ്ട് നമ്മുടെ ഉപന്യാസങ്ങളെ വികൃതമാക്കാൻ ചിലർക്കുള്ള വ്യാമോഹം ഉൽകടമായിരിക്കുന്നു. ഞാൻ അക്കാര്യം രാമനോട് പറഞ്ഞു എന്ന വാക്യത്തെ 'പറഞ്ഞു അക്കാര്യം ഞാൻ രാമനോട്

എന്നു കീഴ്മേൽ മറിക്കുന്ന സംപ്രദായം ആശാസ്യമല്ല. വാക്യങ്ങൾ വിഭക്തിപ്രത്യയാന്തങ്ങളോ ഗത്യന്തങ്ങളോ ആക്കുന്നതു് മിക്കപ്പോഴും വൈരൂപ്യകാരണമായിരിക്കും. സംഭാഷണത്തിൽ ആ രീതി കുറച്ചൊക്കെ പ്രയോഗിക്കാം. സാഹിത്യത്തിൽ അതിനു സാരമായ സ്ഥാനമില്ല. ഇംഗ്ലീഷിൽതന്നെ ഈ നിയമം വിശിഷ്യ അനുവർത്തനീയമാണു്.

# ഭാഷാമാസികകൾ

കെ. സി. വീരരായൻരാജാ ബി. എ. എൽ. ടി.

അപ്പൻതമ്പുരാനെന്നും ഷഷ്ടിപൂർത്തിയെന്നും ഭാഷാമാസികകളെന്നും മററും വിചാരിക്കുമ്പോഴേക്കും സുമാറൊരു മൂന്നു പന്ത്രീരാണ്ടു മുമ്പിലുണ്ടായ ഒരു സംഗതി എനിക്കോർമ്മ വരുന്നു. ൧൦൭൪-ാമാണ്ടിലാണ് ഉണ്ടായതു്. അന്നു് അപ്പൻതമ്പുരാന്റെ പ്രായം ഒരിരുപതിന്റേയും ഇരുപത്തഞ്ചിന്റേയും മദ്ധ്യത്തിലാണ്. ഉത്സാഹപൂർത്തിയാണ്. മദിരാശി പ്രസിഡൻസി കോളേജിൽ ബി. ഏ-ക്കു പഠിക്കുകയുമാണ്. പഠിപ്പിന്നു പുറമെ അന്നാക്കോളേജിലുണ്ടായിരുന്ന സകല ഏർപ്പാടിലും അവിടുക്കു മുഖ്യമായൊരു പങ്കുണ്ടായിരുന്നു. എന്നാൽ സാഹിത്യസംഘം വക യോഗങ്ങളിലായിട്ടും വായനമുറിയിലായിട്ടും പുസ്തകശാലയിലായിട്ടും മററും അത്യുത്സാഹമായി വ്യാപരിക്കുന്നതിനിടക്കെല്ലാം അവിടുന്നും ഞാനും തമ്മിൽ പലപ്പോഴും കാണുകയും സംസാരിക്കുകയും പതിവുമുണ്ടു്. ഒരു ദിവസം കുറെ അധികം നേരം ആ സാഹിത്യസംഘംവക വായനമുറിയിൽ ഞങ്ങൾ രണ്ടാളുംകൂടിയുണ്ടായി. അന്നു ഞങ്ങൾക്കു വായനയല്ല, മനോരാജ്യം പറയലാണു പണിയുണ്ടായതു്. ശൈശവാവസ്ഥയിലായിരുന്ന "ഇന്ത്യൻ റിവ്യൂ" നോക്കിക്കൊണ്ടിരിക്കയായിരുന്നു ഞാൻ. അതിനിടക്കു് അപ്പൻ തമ്പുരാൻ എന്നോടു് "ഇന്ത്യൻ റിവ്യൂ ആണു നോക്കുന്നതു് അല്ലേ"? എന്നു ചോദിച്ചു. "അതെ" എന്നു ഞാനുത്തരം പറഞ്ഞപ്പോൾ "അതൊരു നല്ല മാസികയാണ്" എന്നൊരു മുഖവുരയോടുംകൂടി അവിടുന്നതിന്റെ മുഖ്യഗുണങ്ങളെയും അതിന്റെ പ്രവർത്തകനായ ജി. എ. നടേശനെയും പററി ചുരുക്കത്തി

ലൊരു പ്രസംഗം ചെയ്തു. പ്രവൎത്തകൻെറ ഉത്സാഹ വും സാമൎത്ഥ്യവും തന്നെയാണ് ആ വക ഏൎപ്പാടുക ളുടെ വിജയത്തിൻെറ മുഖ്യകാരണമെന്നു പറഞ്ഞു് പ്രസംഗമവസാനിപ്പിച്ചതിൻെറ ശേഷം അവിടുന്നു നമ്മുടെ നാട്ടിലെ മാസികാദുൎഭിക്ഷത്തെപ്പററിയും കുറെ സംസാരിച്ചു. അക്കൂട്ടത്തിൽ തനിക്കൊരു മല യാളമാസികനടത്തിയാൽ കൊള്ളാമെന്നു മോഹമുണ്ടെ ന്നു പറഞ്ഞു. താൻ അതിനുണ്ടാക്കിവെച്ചിട്ടുള്ളൊരു സ്കീമും അവിടുന്നു വിവരിക്കുകയുണ്ടായി. അതെല്ലാം ഇന്നലെക്കഴിഞ്ഞതുപോലെ എനിക്കിപ്പോഴും തോ ന്നുന്നു. അന്നവിടുന്നു പറഞ്ഞിട്ടുള്ള മോഹമാണ് പിന്നീടവിടത്തെ പഠിപ്പെല്ലാം കഴിഞ്ഞു സ്വതന്ത്രമായ പ്പോരം മൂൎത്തീകരിച്ചു "രസികരഞ്ജിനി"യെന്നുള്ള യഥാ ൎത്ഥനാമത്തോടുംകൂടി ഒരുത്തമമാസികയായവതരിച്ചതു്.

ഞാനിപ്പറഞ്ഞതു് ഈ ഷഷ്ടിപൂൎത്ത്യവസരത്തിൽ നമ്മുടെയെല്ലാം അനുമോദനത്തിനും ആയുഷ്യപ്രാൎത്ഥന കൾക്കും വിഷയമായിട്ടുള്ള അപ്പൻതമ്പുരാനും മലയാള മാസികകരംക്കും തമ്മിൽ അടുത്തൊരു ബാന്ധവ്യമുണ്ടെന്നും അതുകൊണ്ടീവിഷയത്തെക്കുറിച്ചു് ഈ അവസരത്തിൽ പൎയ്യാലോചിക്കുന്നതെത്രയുമുചിതമായിട്ടുള്ളൊരു കാൎയ്യ മാണെന്നും കാണിപ്പാൻ മാത്രമാകുന്നു. പ്രതിപാദ്യ വിഷയത്തിൻെറയും പ്രസ്ഥാനത്തിൻെറയും ഭേദമനുസ രിച്ചു സാഹിത്യത്തെ ശാശ്വതമെന്നും ക്ഷണികമെന്നും രണ്ടു തരമായി വിഭജിക്കാം. നല്ല പുസ്തകങ്ങരം ഒരു വിധം ശാശ്വതസാഹിത്യമാകുന്നു. നല്ലതായാൽതന്നെ വൎത്തമാനക്കടലാസ്സുകളിലും മററും കാണുന്ന സാഹി ത്യം ജനങ്ങരംക്കു തൽക്കാലത്തിനുമാത്രമുപയോഗപ്പെ ടുന്നതിനാൽ ക്ഷണികസാഹിത്യവുമാകുന്നു. പുസ്തക മെഴുതുമ്പോരം അതാതിൻെറ കൎത്താക്കന്മാർ തങ്ങളുടെ കൃതികരം എന്നും നിലനില്ക്കണമെന്നു കരുതി വിഷ

യങ്ങളെ നല്ലവണ്ണം വിശകലനം ചെയ്തു ഗൌരവത്തോ ടുകൂടിയുള്ളൊരു മട്ടിലായിരിക്കും വിവരിക്കുക; വൎത്ത മാനപത്രങ്ങളിലാണെങ്കിൽ വിഷയങ്ങൾക്കു തന്നെ പരസ്പരം ദൃഢമായൊരു സംബന്ധമുണ്ടായിരിക്കയില്ല. പ്രായേണ ദൈനംദിനങ്ങളായ കാൎയ്യങ്ങളെക്കുറിച്ചാ യിരിക്കും അവയിലെ പ്രസംഗങ്ങൾ. ജനങ്ങളുടെ ഉള്ളിൽ താൽകാലികമായ വല്ല വിനോദമോ ക്ഷോഭ മോ ഉണ്ടാക്കി അവരുടെ മനസ്സു വല്ല പ്രത്യേക വഴി ക്കും ആവൎജ്ജിപ്പിക്കത്തക്ക രീതിയിലായിരിക്കയും ചെയ്യും ആവക പ്രസംഗങ്ങൾ. അതുകൊണ്ടങ്ങിനെയു ള്ള സാഹിത്യം നിത്യതയെ അൎഹിക്കുന്നുമില്ല. എ ന്നാലിതിന്റെ രണ്ടിന്റെയും മദ്ധ്യത്തിലാണു മാസിക കളുടെ നില്പ്. പുസ്തകങ്ങളെപ്പോലെതന്നെയുള്ളൊരു വിഷയൈക്യവും രീതിഗൌരവവും മററു നിബന്ധന കളും അവയ്ക്കാവശ്യമില്ല, വൎത്തമാനപ്പത്രങ്ങളെപ്പോലെ യുള്ളൊരു നാനാവിധത്വവും ലാഘവവും മററു സ്വാ തന്ത്ര്യങ്ങളും അവയ്ക്കു പാടുള്ളതുമല്ല. ഇംഗ്ലീഷുമുതലായ പാശ്ചാത്യസാഹിത്യങ്ങളുടെ ഒരു വലിയ ഭാഗം മാസി കാ രൂപത്തിലാണു കിടക്കുന്നതു്. പേർ കേട്ടിട്ടുള്ള അനവധി സാഹിത്യകാരന്മാർ ആ രൂപത്തിലാണവര വരുടെ നാട്ടിലെ സാഹിത്യം പോഷിപ്പിക്കുന്നതു്. അവിടങ്ങളിലേപ്പോലെ നമ്മുടെ നാട്ടിലും മാസികാപ്ര വൎത്തനത്തിനു പുഷ്ടിവരേണ്ടതും ആ വഴിക്കു യത്നിക്കുന്ന വർ സാഹിത്യപോഷകന്മാരുടെ നിലക്കു മാനിക്കപ്പെ ടേണ്ടതുമാകുന്നു.

എന്നാൽ ഈ മാസികാപദ്ധതിയിൽ നമ്മുടെ ആളു കൾ പ്രവൎത്തിക്കായ്കയുമില്ല. സുമാറൊരുമുപത്തു കൊല്ല മായി അവർ ആ വഴിക്കു പ്രവൎത്തി തുടങ്ങിയിട്ടു. "വിദ്യാ വിലാസിനി" യെന്നൊരു പഴയമലയാളമാസികയുടെ ചില ലക്കങ്ങൾ കണ്ടതായി എനിക്കോൎമ്മയുണ്ടു്, അവ യുടെ ശരിയായകാലം ഇപ്പോൾ ഓൎമ്മയില്ലതാനും,

പക്ഷേ ൟ കേരളവൎമ്മ വലിയകോയിത്തമ്പുരാന്റെ ഭാഷാശാകുന്തളം ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്ന ലക്കങ്ങളാണു ഞാൻകണ്ടിട്ടുള്ളതു്. അതുകൊണ്ടുമാസികക്കേകദേശമൊരറുപതു കൊല്ലത്തെപ്പഴക്കമുണ്ടെന്നാണെന്റെ ഊഹം. അതിലധികം പഴക്കമുള്ളതൊന്നും ഞാൻ കാണുകയുണ്ടായിട്ടില്ല. അന്നുമുതൽ ഇതുവരെ ഉണ്ടായിട്ടുള്ള മാസികകളുടെയെല്ലാം എണ്ണം ഒന്നെടുത്തു നോക്കുകയാണെങ്കിൽ ഒരിരുനൂറിൽ കുറയുമെന്നുതോന്നുന്നില്ല. ഒരുനൂററെറഴപതെണ്ണത്തിന്റെ പട്ടിക എന്റെ കൈവശംതന്നെയുണ്ടു്. അതിൽപെടാതെ പലതുമുണ്ടാകയും ചെയ്യും. ൟ വലിയ സംഖ്യയിൽ വലിയൊരുഭാഗം സാഹിത്യമാസികകൾക്കുതന്നെയാണു് കാണുന്നതു്. മതം, സമുദായം രാഷ്ട്രം എന്നീ വിഷയങ്ങളെ പ്രതിപാദിക്കുന്നവയാണു പിന്നെ പ്രധാനമായി നില്ക്കുന്നതു്. കൃഷി, കച്ചവടം, വൈദ്യം, വ്യവസായം, പരസ്പരസഹായം, വിദ്യാഭ്യാസം മുതലായ പ്രത്യേകവിഷയങ്ങളെപ്പററിയും മാസികകൾ ചിലതെല്ലാം പുറപ്പെട്ടുതായിക്കാണുന്നുണ്ടു്. അല്പം ചിലതു വലിയ പുസ്തകങ്ങളെ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തുന്നതായിട്ടുമില്ലായ്കയില്ല. ഇങ്ങിനെ മാസികകളുടെ പട്ടിക കുറെ വലിയതാണെങ്കിലും അതിലിപ്പോൾ ജീവിച്ചിരിക്കുന്ന മാസികകളുടെ സംഖ്യ അത്യന്തം ശോചനീയമാംവണ്ണം ചെറിയതാകുന്നു. ഇതിനുള്ള കാരണം മാസികകൾ വായിച്ചുനോക്കുമ്പോൾതന്നെ വ്യക്തമാകുന്നതുമുണ്ടു്. ഇടക്കിടെ പ്രവൎത്തകന്മാരുടെ ബുദ്ധിമുട്ടുകളെപ്പററിയുള്ള വിലാപങ്ങളും പല രൂപങ്ങളിലായി ഓരോ മാസികകളിൽ കാണാറുണ്ടല്ലോ. ലേഖകന്മാരുടെ ദൌൎല്ലഭ്യത്തെക്കുറിച്ചായിരിക്കും ചിലപ്പോൾ ആ വിലാപം. പ്രതിഫലംകൊടുത്താലും വിലപിടിച്ച ഉപന്യാസങ്ങൾ പുറത്തുവരുന്നില്ലെന്നുള്ള ചില പ്രസാധകന്മാരുടെ ആക്ഷേപങ്ങൾ എനിക്കോൎമ്മവരുന്നുണ്ടു്. വരിക്കാരുടെ സംഖ്യ

കൾ അടയാഞ്ഞിട്ടുള്ള പ്രാൎത്ഥനകളും ധാരാളം കണ്ടിട്ടുണ്ട്. ഏതായാലും ഒരു പന്തീരാണ്ടെങ്കിലും നിലനിന്നിട്ടുള്ള മാസികകൾ നമ്മുടെ നാട്ടിൽ വളരെ ദുർല്ലഭമാണെന്നു പറഞ്ഞാൽ മതിയല്ലൊ.

എങ്കിലും ഒരുപതുകൊല്ലമെന്നതു് ഒരു നാട്ടിന്റെ ചരിത്രത്തിന്റെ എത്രയോ ചെറിയൊരുഭാഗംമാത്രമാണെന്നുള്ള കഥയോൎക്കുമ്പോൾ ഈ തോൽമയിൽ നമുക്കത്ര ആശാഭംഗത്തിന്നവകാശമില്ല. ഈ കേരളത്തെക്കാൾ,എത്രയോ അധികം പരിഷ്കാരവും ധനപുഷ്ടിയുമുള്ള ഇംഗ്ലണ്ടിലെ പത്രപ്രവൎത്തനത്തിന്റെ ചരിത്രം നോക്കുമ്പോഴും ഇക്കഥതന്നെയാണവിടെയും പറയുവാനുള്ളതു്. സർ റിച്ചേർഡ്സ്റ്റീൽ, ജോസഫ്അഡിസൺ, സാമുവൽജോൺസൺ എന്നിവർ അപാരപാണ്ഡിത്യപയോനിധികളായിരുന്നിട്ടും അവർ ആരംഭിച്ചിട്ടുണ്ടായിരുന്ന "ടാററ്ലർ", "സ്പെക്റ്റേററർ" "റാംബ്ളർ" എന്നീ പത്രങ്ങളൊന്നും ഒരു മൂന്നു കൊല്ലമെങ്കിലും നിലനില്ക്കുകയുണ്ടായില്ല. "റാംബ്ളരുടെ" കാൎയ്യത്തിൽ ജോൺസനെ സഹായിക്കുവാൻ അധികംപേരുണ്ടാകാഞ്ഞതിനാൽ അതു മുഴുവൻ എഴുതിനിറവേററേണ്ട ഭാരം ക്ലേശസഹിഷ്ണുവായ ആ മഹാന്റെ തലക്കുതന്നെ വന്നുവെങ്കിലും, മററു രണ്ടിന്റേയും കാൎയ്യത്തിൽ അതാതു പ്രസാധകന്മാരെ സഹായിക്കുവാൻ മററുള്ളവർ ധാരാളമുണ്ടായിരുന്നില്ലെന്നില്ല. ആദ്യകാലങ്ങളിൽ അവയ്ക്കു വായനക്കാരും ധാരാളമുണ്ടായിരുന്നു. 1710'-11 ഈ കൊല്ലങ്ങളിൽ ഒട്ടുമുക്കാലും ഇംഗ്ലീഷുഭവനങ്ങളിലും രാവിലത്തെ ചായയോടൊരുമിച്ചു് അതാതുദിവസത്തെ "സ്പെക്റ്റേററർ" കൂടിമേശപ്പുറത്തുകൊണ്ടുവക്കുകപതിവായിരുന്നുവെന്നാണു കേട്ടിട്ടുള്ളതു്. ഇത്രയൊക്കെ പ്രചാരമുണ്ടായിട്ടുപിന്നെയും ആവക പത്രങ്ങൾ അല്പകാലത്തിന്നുള്ളിൽ താങ്ങലില്ലാതെ വീണുപോകയാണുണ്ടായതു്. ഇതു

പതിനെട്ടാം നൂററാണ്ടിന്റെ ആദിയിലെക്കഥയാണ്. ഇരുപതാം നൂററാണ്ടിന്റെ ആദിയിൽ ഒരു വമ്പിച്ച പത്രപ്രവൎത്തകനു വന്നുപോയ തോൽമ എന്റെ ഓൎമ്മയിൽ വരുന്നുണ്ട്. ലോകവ്യാപിയായിരുന്ന "റിവ്യൂ ഓഫ് റിവ്യൂസ്" എന്ന മാസികയുടെ പ്രവൎത്തകൻ മിസ്റ്റർ സ്റ്റെഡ് ഒരു ദിനപത്രം തുടങ്ങുവാനാലോചിക്കയുണ്ടായി. അസാദ്ധ്യമായ അതിമോഹത്തോടുകൂടിയാണദ്ദേഹം അതിനുള്ള പ്ലാനെല്ലാമുണ്ടാക്കിയതു്. മൂന്നോ നാലോ മാസം മുമ്പെതന്നെ അതിനെക്കുറിച്ചുള്ള വൎണ്ണനകളും പരസ്യങ്ങളും മററും "റിവ്യൂവിൽ" കാണുവാൻതുടങ്ങി. വിമാനത്തിൽ കയററി ആകാശമാൎഗ്ഗമായിട്ടാണതിന്റെ വിതരണമുണ്ടാവുകയെന്നുംകൂടി പ്രസിദ്ധപ്പെടുത്തിയിരുന്നുവോ എന്നു സംശയമുണ്ട്. എന്നാലൊടുവിലാകട്ടെ നിശ്ചയിച്ചകാലം വന്നപ്പോൾ പത്രം പുറപ്പെട്ടുവെങ്കിലും പിന്നെ അതിനെക്കുറിച്ചുള്ള വിവരമൊന്നും "റിവ്യൂവിൽ" കാണാതെയാകയാണുണ്ടായതു്. ഇംഗ്ലണ്ടിൽതന്നെ പത്രപ്രവൎത്തനം ഇങ്ങിനെ സന്ദിഗ്ദ്ധവിജയമായിരിക്കുമ്പോൾ നമ്മുടെ ഈ കേരളത്തിൽ ആ വക ഉദ്യമങ്ങൾക്കാദ്യകാലങ്ങളിൽ പല ഭംഗങ്ങളും വന്നുപോകുന്നതിലെന്താണത്ഭുതപ്പെടുവാനുള്ളതു്? പ്രവൎത്തകന്മാരുടെ ആശാഭംഗംകൊണ്ടു മാസികാപ്രവൎത്തനം തീരെ നിന്നുപോയില്ലല്ലോ എന്നു വിചാരിച്ചു സമാധാനിക്കയേ തരമുള്ളൂ.

മേല്പറഞ്ഞപ്രകാരം പുറപ്പെട്ട മാസികകളിൽ വലിയൊരു ഭാഗം അല്പായുസ്സായിപ്പോയതുകൊണ്ട് ആ വലിയ സംഖ്യക്കു തക്കതായൊരു ഫലം ആ മാസികകളെക്കൊണ്ടു ജനങ്ങൾക്കുണ്ടായില്ല. എങ്കിലും കുറെ ആളുകൾക്കെല്ലാം നല്ല മലയാളവാക്യം വായിക്കുവാനും എഴുതിശീലിപ്പാനുമുള്ള മാൎഗ്ഗം അവയുണ്ടാക്കിക്കൊടുത്തു. ഒരമ്പതുകൊല്ലം മുമ്പിലത്തെ മലയാളത്തിലെ വാക്യരീതിയും ഇപ്പോഴത്തേയുംകൂടിയൊന്നു തട്ടിച്ചുനോക്കിയാൽ

ഇതു സ്പഷ്ടമാകുന്നതാണ്. സംസ്കൃതമൊ ഇംഗ്ലീഷൊ പഠിക്കാതെ മലയാളം മാത്രം വായിക്കുകയും എഴുതുകയും ചെയ്തിരുന്നവരുടെ വാചകസമ്പ്രദായം കുറെയേറെപ്പരുങ്ങലായിരുന്നു. അങ്ങിനെയുള്ളവർ വർത്തമാനത്തിനു തമ്മിലെഴുതിയയച്ചിരുന്ന എഴുത്തുകൾ കണ്ടാൽ ഇന്നത്തെ ആളുകൾ ചിരിക്കാതിരിക്കുവാൻ പ്രയാസപ്പെടും. വാക്കുകളെഴുതുന്നേടത്തുതന്നെ പല തെറ്റും വന്നുകളയും, എല്ലാ വാക്കുകൾക്കും അന്വയംതന്നെ ഉണ്ടാകയില്ലാ, കർത്തൃകർമ്മക്രിയകളൊന്നും ഭാഷാസങ്കേതങ്ങൾക്കനുസരിച്ചായിരിക്കയുമില്ല. സംസ്കൃതംമാത്രം പഠിച്ചിട്ടുള്ള മാന്യന്മാർക്ക് ആ വക തെറ്റൊന്നും വരികയില്ലെങ്കിലും അവരുടെ വാക്യരീതി വെറും സംസ്കൃതരീതിയായിരിക്കും. കൈക്കുളങ്ങര രാമവാരിയരുടെ വാചകം നോക്കുക. "എങ്കിലും ഉഭയത്രസാമർത്ഥ്യത്തെ സാമാന്യമാക്കി കല്പിക്കുമ്പോൾ ശാസ്ത്രനിർമ്മാതാക്കന്മാരും അവരാൽ നിർമ്മിക്കപ്പെട്ട ശാസ്ത്രത്തെ അവലംബിച്ചു ഹോരാഫലത്തെ ഇവർ അറിയുവാൻ അധികാരികളായി ഭവിക്കുമെന്നും ശാസ്ത്ര നിർമ്മിതാക്കന്മാരാൽ ആലോചിക്കപ്പെട്ടവർക്കും വരുന്നതായ ബുദ്ധിസാമ്യം പ്രകൃതാനുകൂലമായി ഭവിക്കാത്തതാകയാൽ പടുബുദ്ധിഭിഃ എന്ന പദത്തിലെ പടുശബ്ദത്തിനു രാശിദ്രേക്കാണനവാംശകാദികളായിയും അതിബഹുളങ്ങളായുമിരിക്കുന്ന ജാതകഫലനിർണ്ണയസാധനങ്ങളെയും അതുകൾ കൊണ്ട്, അറിയേണ്ടതായ വിശേഷങ്ങളെയും ഹസ്താമലകന്യായേന ഗ്രഹിപ്പാനും അതിനെ അനുസരിച്ച് അന്യദീയഗ്രന്ഥാപേക്ഷ കൂടാതെ ഗ്രന്ഥത്തെ നിർമ്മിപ്പാനും മതിയായ 'സാമർത്ഥ്യത്തോടു കൂടിയതു് എന്നുള്ള അർത്ഥത്തെയും, പടുധിയാം എന്ന പദത്തിലെ പടുശബ്ദത്തിനു ശാസ്ത്രീയമായ ശബ്ദബാഹുല്യം കൊണ്ടും അർത്ഥദുരൂഹതകൊണ്ടും തളരാതെ ശാസ്ത്രം അതിബഹുളമായിരുന്നാലും അതിനെ അല്പമായ കാലം

കൊണ്ടു ഗ്രഹിപ്പാനും ധരിപ്പാനും മതിയായ സാമർത്ഥ്യത്തോടുകൂടിയതു് എന്നുള്ള അർത്ഥത്തേയും ഗ്രഹിക്കേണ്ടതാകുന്നു.”

പുന്നശ്ശേരി നമ്പിയായപ്പോഴേക്കും ഇതിൽ കുറെ അധികം പരിഷ്കാരമായി. എങ്കിലും ചില ഘട്ടങ്ങളിൽ അദ്ദേഹത്തിന്റെ വാചകം തീരെ സംസ്കൃതം തന്നെ ആയിപ്പോകും. നോക്കുക: “ആയുസ്സിനെ അറിയുന്നതും മററു ലോകയാത്രകളേ അറിയുന്നതും രണ്ടുകളാകുന്നു ജ്യോതിശാസ്ത്രത്തിന്റെ പ്രയോജനങ്ങൾ. ഇതുകളെ തീൎച്ചയായും അറിയുവാൻ വസിഷ്ഠൻ, ബൃഹസ്പതി ഈ മഹർഷിമാർ കൂടി പ്രയാസപ്പെടുന്നു. പിന്നെ മനുഷ്യർ എങ്ങിനെ ഇതുകളെ നിശ്ചയിക്കുവാൻ കഴിയും? ഇപ്പോൾ കലിയുഗത്തിങ്കൽ കാലവശേന ബുദ്ധിയും ഉത്സാഹവും കറഞ്ഞു വന്നിരിക്കയാൽ മനുഷ്യർ ഒട്ടും കഴിയുന്നതല്ല. ഈ രണ്ടു പ്രയോജനങ്ങളിൽ ആയുസ്സിനെ അറിയുന്നതു ഹോരാശാസ്ത്രത്തിന്റെ ജീവനും ലോകയാത്രയെ അറിയുന്നതു ദേഹവും ആണെന്നു വിദ്വാന്മാർ പറയുന്നു. ഇതുകൊണ്ടു ശാസ്ത്രാന്തരവചനപരിസമാപ്തി പറയപ്പെടുന്നു ഇവിടെ അത്ഥാപത്ത്യലങ്കാരവിധയാ മനുഷ്യാണാമായുർലോകയാത്രാപരിജ്ഞാനാശക്തിശ്ചാനാമദൃഢീകൃതാ സത്വസ്യഹൃദസ്സാധത്വമേവ വിശദയതി നതുസർവ്വഥാ അസാദ്ധ്യത്വം. തഥാ സതി ശാസ്ത്രാരംഭസ്യൈവ മൂലോച്ഛേദപ്രസംഗാൽ. നഹി സ്വയമാചാര്യ്യോ മനുഷ്യാൻ സർവ്വഥാ അസാദ്ധ്യേ വസ്തുനി വ്യാപാരയേൽ. ന ച താദൃശെ വ്യാപാരെ ഉത്സാഹം ജനയേൽ. അതോ വിഷയേത്ര, ജ്യോതിശ്ശാസ്ത്രവേദിഭിഃ ഫലാദേശായ പ്രോത്സാഹമാനൈരത്യന്തം ശ്രദ്ധയാ ദൈവബ്രാഹ്മണഗുരുഭക്ത്യാ ച സുസൂക്ഷ്മപര്യ്യാലോചനം പ്രവൎത്തയിതവ്യേതീദം പരമേവൈതദ്വചനമിതി ബോദ്ധ്യം,” അക്കാലത്തു സംസ്കൃതത്തിൻ പകരം ഇംഗ്ലീഷു മാത്രം പഠിച്ചിട്ടുള്ളവർ ഈ സ്ഥാനത്തു്

ഇംഗ്ലീഷായിരിക്കുമെന്നു മാത്രമേ ഭേദമുള്ളു. ഒരിക്കൽ കുറെ പഴക്കം ചെന്നു് ഉദ്യോഗത്തിൽനിന്നു പിരിയാറാ യിട്ടുള്ളൊരുദ്യോഗസ്ഥൻ മറെറാരാളോടു തനിക്കു വളരെ വയ്യാതായ വിവരം പറഞ്ഞപ്പോൾ മറെറ ആൾ "കൊല്ലം കൊല്ലാ വേനൽകാലത്തീരണ്ടുമാസം ഊട്ടിയിൽ പോയിത്താമസിക്കുവാൻ നിശ്ചയിക്കുക, *ദന്നൈക്കാൻ സ്റ്റാൻഡ് ഷൂറിററീ ദാററ്യൂ വിൽ ഡബ്ബിൾ യുവർലൈഫ്—പക്ഷെ വെക്കേഷൻ പേ പകുതി അതിൻ റൈറേററാഫ് ചെയ്യുന്നമെന്നേയുള്ളൂ" എന്നുത്തരം പറഞ്ഞതു ഞാൻ കേട്ടിട്ടുണ്ടു്.

ഇമ്മട്ടിലുള്ളൊരു ഗതിയിൽനിന്നു മാറി മലയാള ഭാഷാവാക്യം ഇക്കാലത്തു പുസ്തകങ്ങളിലും മററും കാണുന്ന രീതിയിലെത്തിയതു മുഖ്യമായി പത്രങ്ങളുടെയും മാസികകളുടെയും ഫലമായിട്ടാണു്. ഇതിന്നു പുറമെ വടക്കൻ ഭാഷ, തെക്കൻ ഭാഷ, മാപ്പിളഭാഷ, കൊങ്ങിണിഭാഷ, ഇങ്ങനെ ചില സുവ്യക്തങ്ങളായ ഭേദഗതികളെല്ലാമുണ്ടായിരുന്നതു പോയി ഏകദേശം സാവ്ത്രികമായൊരു മലയാളഭാഷയുണ്ടായതും പത്രങ്ങളുടെയും മാസികകളുടെയും ഫലമാകുന്നു. ഇതു കാണുമ്പോഴാണു നമുക്കാവക ഉദ്യമങ്ങളെക്കുറിച്ചു് അനല്പമായൊരാത്മാഭിമാനമുണ്ടാകുന്നതു്. ഈ കൃതാൎത്ഥതക്കുവേണ്ടി നാം മുഖ്യമായിക്കടപ്പെട്ടുന്നതു്। മററനേകം ഭാഷാപരിഷ്കാരത്തിനു വേണ്ടിയതുപോലെ, കേരളവമ്മ വലിയകോയിത്തമ്പുരാനും കെ. ഐ. വർഗീസുമാപ്പിള മുതലായ ചിലക്കും തന്നെയാകുന്നു. മലയാളത്തിൽ പറയത്തക്ക യാതൊരു ഗദ്യപുസ്തകങ്ങളുമില്ലാത്ത കാലത്തു വലിയ കോയിത്തമ്പുരാൻ ഭഗീരഥപ്രയത്നം ചെയ്തു പല തരത്തിലുമുള്ള പാഠപുസ്തകങ്ങളുമെഴുതിയു

* Then I can stand surety that you will double your life.]

ണ്ടാക്കുകയും കേരളമിത്രം, മലയാളമനോരമ, ഭാഷാപോഷിണി മുതലായ പത്രങ്ങളുടെ കാൎയ്യത്തിൽ വൎഗ്ഗീസുമാപ്പിളയെ ത്രിവിധകരണങ്ങളെക്കൊണ്ടും ദ്രവ്യംകൊണ്ടും സഹായിക്കുകയും ചെയ്തിരുന്നില്ലെങ്കിൽ ഇന്നത്തെ മലയാളത്തിന്റെ സ്ഥിതി ഇക്കാണുംപോലെ ആകുമൊ എന്നു സംശയമാണ്. ഇവൎക്കു രണ്ടുപേൎക്കും ഇംഗ്ലീഷും, സംസ്കൃതവും പരിചയമുണ്ടായിരുന്നതിനാൽ ഇവരുടെ വാക്യരീതിക്കു ഞാൻ മുമ്പു കാണിച്ച ന്യൂനതകളുണ്ടായിരുന്നില്ലെന്നു മാത്രമല്ല, വളരെ ഭംഗിയും സ്പഷ്ടതയുംകൂടിയിരുന്നുതാനും. മിസ്റ്റർ വൎഗ്ഗീസിന്റെ "കേരളമിത്രം" പുറപ്പെട്ടിട്ടധികകാലം കഴിയുംമുമ്പെ ചെങ്കളത്തു കുഞ്ഞിരാമൻ മേനവൻ കോഴിക്കോട്ടുവെച്ചു "കേരളപത്രിക" ആരംഭിച്ചു. മിസ്റ്റർ മേനവന്റെ ലാഘവവും പ്രസരിപ്പുമുള്ള വാക്യരീതിയും, മിസ്റ്റർ അപ്പു നെടുങ്ങാടിയുടെ ആശയൌന്നത്യവും ഘനവുമുള്ള വാചകസമ്പ്രദായവും, മിസ്റ്റർ "കേസരി" കുഞ്ഞിരാമൻ നായനാരുടെ ഫലിതവും മൂൎച്ചയുമുള്ള വാക്കുകളുംകൂടി ഈ പത്രികയെ വേഗത്തിൽ ജനങ്ങളുടെ കണ്ണിലുണ്ണിയാക്കിത്തീൎത്തു. ഇവയെ തുടൎന്നുകൊണ്ടു പിന്നെയും പത്രങ്ങൾ പുറപ്പെട്ടു തുടങ്ങി. അക്കൂട്ടത്തിൽ തന്നെയാണു മാസികകളും ഒന്നൊന്നായി അവിടവിടെ പുറപ്പെട്ടു തുടങ്ങിയതു്. ആദ്യം പറഞ്ഞ 'വിദ്യാവിലാസിനി'യുടെ അനന്തരവസ്ഥാനത്തെക്കുള്ളൊരു മുഖ്യാവകാശിയായി 'വിദ്യാവിനോദിനി'യാണുണ്ടായതു്.

ഈ വിദ്യാവിനോദിനിയുടെ ആവിൎഭാവത്തിനു മുമ്പുതന്നെ പരമോത്സാഹിയും വിദ്യാവിതരണൈകനിരതനുമായ പുന്നശ്ശേരി നമ്പിയുടെ "വിജ്ഞാനചിന്താമണി"യെന്ന സംസ്കൃതമാസികയുടെ ഒരു ഭാഷാരൂപം നടപ്പിലുണ്ടായിരുന്നുവെങ്കിലും അതിന്റെ പ്രചാരം വളരെപ്പരിമിതമായിരുന്നു. അതുകൊണ്ടു് കാലോപപന്ന

മായ മാസികാകൃത്യമെല്ലാം നടന്നിരുന്നതുമില്ല. അങ്ങി നെയിരിക്കുമ്പോഴാണു മിസ്റ്റർ സി. പി. അച്യുതമേനോൻെറ ആധിപത്യത്തിൻകീഴിൽ വിദ്യാവിനോദിനി പൊന്തിവന്നതു്. പ്രകൃത്യാ സുന്ദരവും, കാര്യഗ്രഹണപടുവുമായൊരു ഹൃദയവും, കാലോചിതമായ ഇംഗ്ലീഷുപരിജ്ഞാനവും, സംസ്കൃതവ്യുല്പത്തിയും വിവിധവിജ്ഞാനസാമഗ്രിയും മിസ്റ്റർ അച്യുതമേനവനുണ്ടായിരുന്നതിനാൽ വിദ്യാവിനോദിനിക്കു വിപുലമായൊരു പ്രചാരം സിദ്ധിച്ചു. അദ്ദേഹത്തിന്റെ ഭാഷാശുദ്ധിയും ആശയപ്രകടനവൈദഗ്ദ്ധ്യവും അനന്യസാധാരണമായിരുന്നു. കേരളപത്രികയെക്കുറിച്ചു പറയുമ്പോൾ മൂന്നുപേരുടെ ഗുണങ്ങളെടുത്തു കാണിച്ചതെല്ലാം അദ്ദേഹത്തിനുണ്ടായിരുന്നു. സാഹിത്യം പ്രധാനമായിരുന്നുവെങ്കിലും അന്നു വിദ്യാവിനോദിനിയുടെ പംക്തികളിൽ വർണ്ണിച്ചുകാണാത്ത യാതൊരു വിഷയവുമുണ്ടായിരുന്നില്ല. വ്യാകരണം, അലങ്കാരം, കാവ്യമീമാംസ, ഗ്രന്ഥനിരൂപണം രാജ്യചരിത്രം ജീവചരിത്രം ധനശാസ്ത്രം പ്രകൃതിശാസ്ത്രം രസവാദശാസ്ത്രം, എന്നുവേണ്ട, എല്ലാവിധത്തിലുമുള്ള വിഷയങ്ങളും അതിൽ ധാരാളമായി ഉപന്യസിക്കപ്പെട്ടിരുന്നു—വിഷയങ്ങളുടെ ഭേദമനുസരിച്ചുപന്യാസരീതിക്കും ഭേദമുണ്ടായിരുന്നു. അന്നൊരുവിധം പ്രസിദ്ധപ്പെട്ടിട്ടുള്ള സകല വിദ്വാന്മാരുടെ പേരുകളും അതിൻെറ ലേഖകപംക്തിയിൽ ഉൾപ്പെട്ടുകയും ചെയ്തിരുന്നു. ഇപ്രകാരം നാനാരൂപത്തിലുമുള്ള ബുദ്ധിഗതിയും സരസ്വതീവിലാസവും ഏകത്ര കേന്ദ്രിക്കുവാനിടവന്നതിൽ നിന്നാണു് ഇന്നത്തെ ഒരു വാക്യരീതി പരിണമിച്ചതു്. വിദ്യാവിനോദിനിയുടെ പുറപ്പാടിന്നല്പം പിന്നീടാണു "ഭാഷാപോഷിണി"യുടെ ആവിർഭാവം. ഇത്രകാലം നിലനിന്നതും ഭാഷാപോഷണവിഷയത്തിൽ ഇത്രയധികം പരിശ്രമിച്ചതുമായ മറെറാരു മാസികയും കേരളത്തിലില്ല. പത്രൂ

പ്രവൎത്തനമെന്ന നാവികവിദ്യയിൽ കൃതഹസ്തനായ വർഗീസുമാപ്പിള അതിന്റെ കൈവൎത്തകസ്ഥാനം കൈയേററപ്പോൾ തന്നെ അതിന്റെ ഭാവിശ്രേയസ്സൊരുവിധം സുനിശ്ചിതമായിക്കഴിഞ്ഞു. പിന്നെ കേരളവൎമ്മ, രാജരാജവൎമ്മ പ്രഭൃതികളായ യശസ്വികളുടെ സഹായംകൂടി കൂടിയപ്പോഴാകട്ടെ അതിന്റെ നിലയും വിലയും വളരെയധികം വൎദ്ധിക്കുകയും ചെയ്തു. ഇന്നും പറയത്തക്ക യാതൊരു ഹാനിയും കൂടാതെ അതു നടന്നുവരുന്നുണ്ടെന്നുള്ളതു് അത്യന്തം സന്തോഷാവഹമായൊരു സംഗതിയാകുന്നു. ഈ ഉത്തമമാസിക ഇനിയും വളരെക്കാലം ദീർഘായുസ്സായി മലയാളഭാഷക്കും സാഹിത്യത്തിനും വേണ്ടുന്ന കാലോചിതമായ പോഷണം തുടൎന്നുകൊണ്ടിരിക്കട്ടെ. ഭാഷാപോഷിണിയുടെ ആവിർഭാവത്തോടടുത്തുതന്നെയാണു കടത്തനാട്ടുവെച്ചു് ഇരവനാട്ടു നാരായണൻ നമ്പ്യാരുടെ അദ്ധ്യക്ഷത്തിൽ "ജനരഞ്ജിനി"യെന്നൊരു മാസിക ജാതയായതു്. ഇതല്പകാലമേ ജീവിച്ചുള്ളുവെങ്കിലും ഇതിന്റെതന്നെ പുനൎജ്ജന്മമെന്നു പറയത്തക്കവണ്ണം "കവനോദയം" കാലതാമസം കൂടാതെ പുറപ്പെട്ടു. കടത്തനാട്ടു പോർളാതിരി ഉദയവൎമ്മരാജാവിന്റെ രക്ഷയിലാണതു വളൎന്നുപോന്നതു്. അതിന്റെ മുഖ്യമായ നിഷ്കർഷ വലിയ കാവ്യങ്ങളും ശാസ്ത്രഗ്രന്ഥങ്ങളും മററും ഖണ്ഡശഃ പ്രസിദ്ധീകരിക്കുന്നതിലായിരുന്നു. കഷ്ടിച്ചു ബാല്യം വിട്ടപ്പോഴയ്ക്കു കാലഗതിയെ പ്രാപിക്കയും ചെയ്തു. ജീവിച്ചകാലത്തു കുറെ ഗുണം ചെയ്തിട്ടുള്ളൊരു മാസികയാണിതു്.

പിന്നെ പറയത്തക്കൊരു മാസികയുണ്ടായതു "രസികരഞ്ജിനി"യാകുന്നു. ഇതിന്റെ ഉത്ഭവത്തെക്കുറിച്ചല്പമൊന്നു ഞാൻ ഈയുപന്യാസത്തിന്റെ ആദ്യഖണ്ഡികയിൽ പറഞ്ഞുവല്ലൊ. അപ്രകാരം അതിനുള്ള പ്ലാനൊക്കെയും അന്നുതന്നെ തയ്യാറായിരുന്നുവെ

ങ്കിലും പിന്നെ രണ്ടുമൂന്നുകൊല്ലം കഴിഞ്ഞതിൻെറ ശേഷമേ അപ്പൻതമ്പുരാന്റെ പഠിപ്പെല്ലാം കഴിഞ്ഞു സ്വസ്ഥതകിട്ടിയുള്ളു. അതിൻെറശേഷം ഒട്ടുംതാമസിയാതെ രസിക 'രഞ്ജിനി' അരങ്ങുകയറുകയും ചെയ്തു. 1078 ചിങ്ങത്തിലാണതുണ്ടായതെന്നാണെൻെറ ഓമ്മ. അന്നുകണ്ടു സാഹിത്യമണ്ഡലത്തിൽ സുപ്രതിഷ്ഠിതനാമാവായിക്കഴിഞ്ഞിരിക്കുന്ന കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനെയാണവിടുന്നതിൻെറ പ്രസാധകസ്ഥാനത്തേക്കവരോധിച്ചതു്. കുഞ്ഞിക്കുട്ടൻതമ്പുരാനും അപ്പൻതമ്പുരാനും അന്യോന്യം നല്ല യോജിപ്പുള്ള രണ്ടു കൂട്ടുവേലക്കാരായിരുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാനു സംസ്കൃതത്തിലും ഭാഷയിലും തികഞ്ഞ പാണ്ഡിത്യമുണ്ടായിരുന്നുവെങ്കിലും ഇംഗ്ലീഷുണ്ടായിരുന്നില്ല. എന്നാലീന്യൂനത തീക്കത്തക്ക ഇംഗ്ലീഷുപരിജ്ഞാനവും ലോകപരിചയവും അപ്പൻതമ്പുരാനുണ്ടായിരുന്നു. സംസ്കൃതവ്യുല്പത്തിയുടെയും ഭാഷാപാണ്ഡിത്യത്തിൻെറയും കാൎയ്യത്തിൽ അപ്പൻതമ്പുരാൻ മററദ്ദേഹത്തെ ബഹുമാനിച്ചുകൊണ്ടായിരുന്നുതാനും. ഇങ്ങിനെ, ഇംഗ്ലീഷിൽ പറകയാണെങ്കിൽ, അവരുടെ ഗുണങ്ങൾ തമ്മിൽ അന്യോന്യപൂരകങ്ങൾ (complementary) ആയിരുന്നു. അതുകൊണ്ടന്യോന്യം യാതൊരു ദുർമ്മത്സരവും സ്വരച്ചേച്ചയില്ലായ്മയും കൂടാതെ ഏകമനസ്സായി ഈ രണ്ടു സാഹിത്യകേസരികളും കൂടി പ്രയത്നിച്ചു് രസികരഞ്ജിനി കുറെക്കാലം ഒരുത്തമമാസികയുടെ നിലയിൽ കൊണ്ടുനടക്കുകയും ചെയ്തു. വിദ്യാവിനോദിനിയായിരുന്നു രസികരഞ്ജിനിയുടെ ആദൎശമെന്നു് ആ രണ്ടു മാസികയും കണ്ടിട്ടുള്ളവൎക്കു പ്രയാസംകൂടാതെ മനസ്സിലാകും. ആകപ്പാടെയുള്ള നയം, ഭാഷ, കാൎയ്യപ്രതിപാദനരീതി ഇതെല്ലാം വിദ്യാവിനോദിനിയുടെ ഛായയിൽതന്നെ ആയിരുന്നു രസികരഞ്ജിനിയുടെതും. ഇതിൻെറ ആവിർഭാവം മറേറതിൻെറ അസ്തമനത്തിൽനിന്നു വളരെ അകന്നിട്ടില്ലായ്കയാൽ അ

തിൻെറ ലേഖകന്മാരിൽതന്നെ പലരെയും ഇതിന്നു കിട്ടി. പുതുതായിച്ചിലർ കൂടുകയും ചെയ്തു. ഇങ്ങിനെ രസികരഞ്ജിനി പുറപ്പെട്ടതുകൊണ്ടു വിദ്യാവിനോദിനിയുടെ അഭാവംകൊണ്ടുള്ള ദോഷം കുറച്ചുകാലത്തെക്കു പരിഹരിക്കപ്പെട്ടു. ഇതിനെല്ലാം മുഖ്യകാരണം അപ്പൻതമ്പുരാൻ തന്നെ ആണെന്നതാനും. അവിടുത്തെ ഭാഷാലേഖനപാടവം രസികരഞ്ജിനിയിൽ ധാരാളം പ്രത്യക്ഷപ്പെട്ടിരുന്നു. മലയാളഭാഷയുടെയും രാജ്യത്തിൻെറയും ചരിത്രഗവേഷണത്തിൽ അവിടക്കുണ്ടായിരുന്ന പങ്കിന്നീമാസിക നല്ലൊരു സാക്ഷിയായിരിക്കും. ഭാഷാചരിത്രവിഷയത്തിൽ വിലപിടിച്ചൊരു പ്രമാണഗ്രന്ഥമായ "ലീലാതിലകം" പൊതുജനങ്ങളുടെ ദൃഷ്ടിയിൽ കൊണ്ടുവന്നതിന്നുള്ള ശ്ലാഘ്യത മുഖ്യമായി അവിടക്കിരിക്കുന്നതാണു്. ഇങ്ങിനെ രസികരഞ്ജിനിമാർഗ്ഗമായി അവിടുന്നു നാട്ടിലേക്കു ചെയ്തിട്ടുള്ള ഗുണത്തിന്നു കണക്കില്ല. അവിടുന്നൊരു കലാവാസനക്കാരനാണെന്നുകൂടി ഈ മാസിക നമുക്കു കാട്ടിത്തരുന്നുണ്ടു്. സ്വഭാവസിദ്ധമായ വസ്തുക്കൾക്കുതന്നെ അവിടുത്തെ കൈവെക്കുമ്പോഴക്കും ഒരു മിഴിക്കൂടിപ്പോകും. എല്ലാവക്കും തോന്നുന്ന ആശയങ്ങൾ അവിടുത്തെ മുഖത്തുനിന്നോ തൂലികാഗ്രത്തിൽനിന്നോ വരുമ്പോഴക്കും വല്ലതുമൊരു ശബ്ദാലങ്കാരമോ അത്ഥാലങ്കാരമോ കൂടാതിരിക്കയില്ല. സംസാരത്തിലും എഴുത്തിലുമെന്നുതന്നെയല്ല, മററു കാര്യങ്ങളിലും അതങ്ങിനെതന്നെയാണു്. രസികരഞ്ജിനിയുടെ പുറങ്കടലാസ്സിന്മേലുള്ള ചിത്രപ്പണിതന്നെ ഇതിന്നൊരു സാക്ഷിയാകുന്നു.

രസികരഞ്ജിനി അക്കാലത്തിൽ തന്നെ കാലഗതിയെ പ്രാപിക്കയാണുണ്ടായതു്. എങ്കിലും അതുകൊണ്ടു് അപ്പൻതമ്പുരാൻെറ ഉത്സാഹത്തിന്നു ഭംഗം വന്നില്ല. അക്കാലമായപ്പോഴക്കും നമ്പൂരിമാരുടെ ഉണച്ചുക്കാല

മായി. അതുവരയ്ക്കും കലിയുഗം പിറന്നതറിയാതെ കിടന്നുറങ്ങിയിരുന്ന നമ്പൂതിരിമാർ മററുള്ള ജാതിക്കാരുടെ കൂത്തുകൊണ്ടുണന്നു വശമായി എന്നുമാത്രമല്ല അവരുടെ ഉത്സാഹം നാനാമാൎഗ്ഗമായും പുറപ്പെട്ടു സകലവിധത്തിലുമുള്ള പ്രായോഗികജീവിതത്തിലും പ്രവേശിച്ചുതുടങ്ങുകയും ചെയ്തു. അവരുടെ വകയായി സ്കൂളുകൾ, കൃഷിക്കമ്പനികൾ, കച്ചവടക്കമ്പനികൾ, ബാങ്കുകൾ, പത്രങ്ങൾ, മാസികകൾ ഇതെല്ലാം ഏർപ്പെട്ടുതുടങ്ങി. അക്കൂട്ടത്തിൽ "മംഗളോദയം" എന്നു പേരായിട്ടൊരു മാസികയുണ്ടായിരുന്നു. ആദ്യകാലത്തെല്ലാം ഈ മാസിക നമ്പൂരിമാർ തന്നെയാണു നടത്തിയിരുന്നതെങ്കിലും അവൎക്കു സാഹശക്തിക്കു തക്കതായ കാൎയ്യപ്രാപ്തിയിൽ സംശയംതോന്നിയതിനാൽ അന്യാപേക്ഷക്കൊരുങ്ങി. അപ്പൻതമ്പുരാനെയാണവർ ശരണം പ്രാപിച്ചതു്. ഇങ്ങിനെ 'മംഗലോദയം' മാസികയുടെ ഭാരം സൎവ്വംസഹമായ അവിടുത്തെ തലക്കുവന്നു വശമായി. അത്യദ്ധ്വാനം ചെയ്തിട്ടാമാസികയും ഒരുത്തമരീതിയിൽ അവിടുന്നു കുറച്ചുകാലംകൊണ്ടു നടത്തി എങ്കിലും മററു പല മാസികകളേയുംപ്പോലെ അതിന്നും ദുൎവ്വിധിതന്നെയാണു് ഒടുവിലുണ്ടായതു്.

വലിയൊരാഡംബരമൊന്നും കൂടാതെ ഒരു മുപ്പതിലധികം കൊല്ലമായി നല്ല തൻേറടത്തോടുംകൂടി നടന്നുവരുന്നൊരു മാസികയാണു് "ലക്ഷ്മിഭായി". "ചുരുങ്ങിയ ജീവിതവും ഉത്തമവിചാരവും" എന്നാണതിൻെറ ആദൎശം. ദിവംഗതയായ ആററിങ്ങൽ മൂപ്പിലെ സ്മാരകമായിട്ടാണതു പുറപ്പെട്ടിരിക്കുന്നതു്. ആയവസ്ഥക്കതിനു കണ്ടുവരുന്ന തനിക്കു താൻ പോരുമയും വാസനാവിശേഷവും ഏററവും യുക്തംതന്നെ. പിന്നെ "കവനകൌമുദി"യാണു കുറെ അധികം കാലം നിലനിന്നിട്ടുള്ളൊരു മാസിക. പന്തളത്തു കേരളവൎമ്മരാജാവിൻെറ ഔരസപുത്രിയായിട്ടതു തിരുവാംകോട്ടു ശീമയിലാണു ജനിച്ച

തെങ്കിലും പിന്നീടതു പി. വി. കൃഷ്ണവാരിയരുടെ ദത്തുപുത്രിയായിട്ടു് കോട്ടക്കലാണു ജീവിച്ചുപോന്നതു്. രണ്ടോ മൂന്നോ വയസ്സാകുമ്പോൾ കോട്ടക്കൽ വന്നിട്ടു പിന്നെയൊരു രണ്ടുവ്യാഴവട്ടത്തോളം അവിടെയാണു കഴിഞ്ഞുകൂടിയതു്. ഒടുവിൽ കാലഗതിയെ പ്രാപിക്കുകയും ചെയ്തു. എങ്കിലും ജീവകാലം മുഴുവൻ അതു നല്ല പേരോടുകൂടിയാണു ജീവിച്ചതു്. ഇന്നത്തെ പ്രധാനപ്പെട്ട പല കവികളുടെയും കളരിപ്പയററൽ ഇതിൻെറ മേൽനോട്ടത്തിലാണുണ്ടായിരിക്കുന്നതെന്നാണു കേട്ടിരിക്കുന്നതു്. കൌമുദിയുടെ പേർപറഞ്ഞതോടുകൂടിത്തന്നെ അതിൻെറ ഒപ്പം പുറപ്പെട്ട വേറെ ചിലതിൻെറയും കൂടി കഥപറഞ്ഞേക്കാം. "ധന്വന്തരി" യെന്ന വൈദ്യമാസിക, "ലക്ഷ്മീവിലാസം" എന്ന ധനകാര്യമാസിക, "ജന്മി" എന്ന ജന്മികുടിയാൻ കാര്യമാസിക, ഈ മൂന്നുമാണു് അവ. ആദ്യത്തേതിൻെറ പ്രസാധകൻ വൈദ്യരത്നം പി. എസ്സ്. വാരിയരവർകളും മററുരണ്ടിൻെറ പ്രസാധകൻ കെ. സി. മാനവിക്രമൻരാജ, ഡി. സി-യുമായിരുന്നു. ഇവയായിട്ടും കൃഷ്ണവാര്യർക്കു വളരെ അടുത്ത ബന്ധമുണ്ടായിട്ടുമുണ്ടു്. ഇപ്പോൾ എല്ലാം നാമാവശേഷങ്ങളാണെങ്കിലും ഉള്ള കാലത്തവയെല്ലാം നല്ലനിലക്കു നടന്നവയാണു്. ഇങ്ങിനെ വിവരിക്കുന്നതായാൽ മാസികകളുടെ വിവരണം ഒരുപന്യാസംകൊണ്ടു തീരുന്നതല്ല. അതുകൊണ്ടെനിക്കല്പമെങ്കിലും പരിചയമുള്ളതും നന്നെന്നു തോന്നിയിട്ടുള്ളതുമായി ചിലതിൻെറ പേർ മാത്രം ഇവിടെ പറയാം. ദക്ഷിണദീപം, കേരളം, ഉണ്ണിനമ്പൂതിരി, സമഭാവിനി, മഹിള, ആര്യകേസരി, സാഹിത്യരസികൻ, കേരളവ്യാസൻ, ശാരദാ, ആത്മപോഷിണി, ഗുരുനാഥൻ ഇതെല്ലാം വളരെ നല്ല മാസികകളായിട്ടാണെനിക്കു തോന്നിയിരിക്കുന്നതു്. എനിക്കു കാണുവാൻ ഭാഗ്യമില്ലാതെ ഇനിയും പലതുമുണ്ടാകുമെന്നെനിക്കു ബോദ്ധ്യവുമുണ്ടു്.

ഈ ഉപന്യാസമവസാനിപ്പിക്കുന്നതോടുകൂടി മാസികാപ്രവൎത്തകന്മാരോടെല്ലാവരോടും എനിക്കൊരു പ്രാൎത്ഥനയുണ്ടു്. കാലസിദ്ധമായിട്ടുള്ളൊരു സ്വാതന്ത്ര്യഭ്രമംനിമിത്തം നമ്മുടെ യുവസാഹിത്യകാരന്മാർ പലരും പൂൎവ്വന്മാരായ പ്രൌഢചിന്തകന്മാർ വളരെ ആലോചിച്ചു നിശ്ചയിച്ചിട്ടുള്ള ചിന്താമാൎഗ്ഗങ്ങളെല്ലാം വെടിഞ്ഞു തീരെ അനിയന്ത്രിതന്മാരായി സാഹിത്യത്തെക്കണ്ട വഴിക്കൊക്കെയും വലിച്ചുകൊണ്ടുപോയി ദുഷിപ്പിക്കുന്നുണ്ടു്; അധികംപേരും അങ്ങിനെ ചെയ്യുന്നതു സാഹിത്യശാസ്ത്രത്തിന്റെ തത്വം അവൎക്കു മനസ്സിലാകാഞ്ഞിട്ടാകാനേതരമുള്ളു. ആലങ്കാരികസിദ്ധാന്തം മുഴുവൻ അദ്ധ്യാത്മശാസ്ത്രപ്രകാരം വ്യാഖ്യാനിച്ചു് അവൎക്കു മനസ്സിലാക്കിക്കൊടുക്കുന്ന പക്ഷം അവരുടെ ഇടയിൽ ഇത്രയധികം വ്യതിചലനമുണ്ടാകയില്ലെന്നാണെനിക്കു തോന്നുന്നതു്. പിന്നെ കാവ്യനിരൂപണത്തിന്റെ കാൎയ്യത്തിലും കുറെയധികം നിഷ്കൎഷ ചെയ്യേണ്ടതായിട്ടുണ്ടു്. എല്ലാ മാസികാപ്രവൎത്തകന്മാരും ഇതു മനസ്സിരുത്തേണ്ടതാണെങ്കിലും കേരളസാഹിത്യപരിഷത്തിന്റെ അംഗമായ പരിഷത്ത്രൈമാസികയുടെ പ്രവൎത്തകന്മാൎക്കിക്കാൎയ്യത്തിൽ പ്രത്യേകിച്ചൊരു ഭാരമുണ്ടെന്നുള്ളതൊരിക്കലും മറക്കുവാൻ പാടുള്ളതല്ല. ഫ്രാൻസിലുണ്ടായിരുന്ന ഫ്രഞ്ചു് അക്കാഡെമിയുടെ നിലയിൽ പരിഷത്തൊരു പരിഷ്കാരകേന്ദ്രമായി നിന്നു് അതിന്റെ ജ്ഞാനപ്രകാശവും സൌന്ദൎയ്യബോധവും ആജ്ഞാശക്തിയും നാലുപുറവും പരത്തേണ്ടതാകുന്നു. പരിഷത്തിന്റെ ത്രൈമാസികം അതിനുള്ളൊരു മുഖ്യമാൎഗ്ഗമായിത്തീരേണ്ടതുമാകുന്നു.

# ഭാരതീയകലാസമ്പ്രദായം

(വി. എം. കുട്ടികൃഷ്ണമേനോൻ. ബി. എ)

ഭാരതീയകലകളെ നിഷ്കൎഷിച്ചു പരിശോധിക്കുന്ന കലാനിരൂപകൻെറ മനസ്സിനെ ആദ്യമായി ആകർഷിക്കുന്നതു് ബാഹ്യമായ ആകാരസൌഷ്ഠവത്തിൽ മനഃപൂർവ്വം കാണിക്കുന്ന അശ്രദ്ധയാണ്. പ്രായേണ പൌരസ്ത്യകലകളെല്ലാംതന്നെ ബാഹ്യേന്ദ്രിയങ്ങൾവഴിക്കുമാത്രം പൂർണ്ണരസാസ്വാദനം സാധിക്കാവുന്നവയല്ല. ഇന്ദ്രിയങ്ങൾക്കു വിഷയമാവുന്ന വസ്തുക്കളിൽ സൂചിപ്പിച്ചിട്ടുള്ള തത്വങ്ങളെ ബുദ്ധിശക്തികൊണ്ടു ഗ്രഹിച്ചു രസമനുഭവിക്കേണ്ടുന്ന വിധത്തിലാണ് അതിൻെറ സ്വഭാവം. ജ്ഞാനശക്തികൊണ്ടു സമ്പാദിച്ചു്, ഭാവനയാകുന്ന പാത്രത്തിൽ പകരുവാൻ തയാറാവുന്നവൎക്കു മാത്രമേ ഭാരതീയകലയാകുന്ന കാമധേനുവിനെ കറന്നു പാലെടുത്തനുഭവിക്കുവാൻ സാധിക്കുകയുള്ളൂ. പാശ്ചാത്യരീതിൽ വരച്ചിട്ടുള്ള ഒരു എണ്ണച്ഛായാപടത്തിൻെറ സൌന്ദൎയ്യത്തെ ആസ്വദിക്കുവാനുള്ള പ്രയത്നംകൊണ്ടു ഒരു നടരാജവിഗ്രഹത്തെയോ ബുദ്ധപ്രതിമയെയോ അഭിനന്ദിക്കുവാൻ സാധിക്കുന്നതല്ല. ഉദ്യാനവിരുന്നുകളോടനുബന്ധിച്ചുള്ള നൎത്തനങ്ങളിൽ മയങ്ങിപ്പോവുന്ന പാശ്ചാത്യദൃഷ്ടികൾക്ക് ഭാരതീയനൃത്യവിധാനങ്ങൾ വെറും അൎത്ഥരഹിതമായ പേക്കൂത്തുമാത്രം. കാവ്യകലയുടെ അകൃത്രിമസൌന്ദൎയ്യത്തെ അറിഞ്ഞാസ്വദിക്കുന്നതിൽ പ്രശസ്തിനേടിയ പാശ്ചാത്യപണ്ഡിതന്മാൎക്കുപോലും ഭാരതീയരുടെ ധ്വനിപ്രകരണവും മററും കണ്ടകാകീർണ്ണങ്ങളായ വനസ്ഥലികളാണ്.

ചുരുക്കത്തിൽ, ഒരു വസ്തുവിൻെറ പ്രത്യക്ഷമായ ആകാരത്തേക്കാളധികം അതിന്റെ പരോക്ഷമായ ഗുണ

ത്തെയാണ് ഭാരതീയകല വർണ്ണിക്കുന്നതു്. ആ ഗുണങ്ങൾ മനസ്സിൽ പതിയുന്നതിന് ആവശ്യമുള്ളിടത്തോളം മാത്രമേ ആകാരനിർമ്മാണത്തിൽ ഭാരതീയർ നിഷ്കർഷിക്കുകയുള്ളൂ. ഗുണപ്രതീതിക്ക് ഉപാധികളാക്കാവുന്ന ചില സൂചനകളെ ഉപവേശിപ്പിക്കുവാൻവേണ്ടി ബാഹ്യമായ സാദൃശ്യത്തെ ബലികൊടുക്കുവാൻ അവർ മടിക്കുകയുമില്ല. ഭൗതികവ്യാമോഹത്താൽ വ്യാകുലമായ ജനസമുദായത്തിൽ ധർമ്മബോധം പരത്തുവാൻ പര്യാപ്തമായ ഒരു പരിശുദ്ധി—ഒരു ശാന്തത—അത്യുന്നതങ്ങളായ ബുദ്ധപ്രതിമകളിൽ തെളിഞ്ഞു കാണാം. ചിദംബരം ക്ഷേത്രത്തിൽ കാണുന്ന നടരാജനൃത്തമാകട്ടെ, ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, മഹേശ്വരൻ, സദാശിവൻ എന്നീ മൂർത്തികളുടെ പ്രവൃത്തികളെ ഏകകാലത്തു തന്നെ ദ്യോതിപ്പിക്കുന്നു. ഏതെങ്കിലും ഒരു തത്വത്തെ ആദ്ധ്യാത്മികചിന്തകൊണ്ടു മനസ്സിൽ പ്രത്യക്ഷമാക്കിയതിനു ശേഷം മാത്രമേ ഭാരതീയകലാകാരൻ തന്റെ പ്രവൃത്തിക്ക് ആരംഭിക്കുകയുള്ളൂ. ഇങ്ങനെ കലാകാരന്റെ മനസ്സിൽ ഈശ്വരനെക്കുറിച്ചുണ്ടാകുന്ന ബോധത്തിന്റെ യഥാർത്ഥസ്വരൂപം ഗ്രഹിക്കുവാനും, അതിനെ പരിപൂർണ്ണമായി പ്രകാശിപ്പിക്കുവാനും അവർ യോഗമാർഗ്ഗത്തെ ശരണം പ്രാപിച്ചിരുന്നു. കാണുന്നവൻ കാണപ്പെടുന്നതിനോടു താദാത്മ്യം പ്രാപിച്ച് അതിന്റെ യഥാർത്ഥസ്വരൂപത്തെ ഗ്രഹിക്കുന്നതിന് യോഗവിദ്യ അത്യുത്തമമായ ഉപായമാണ്. ഭാരതത്തിൽ ആരാധകനും കലാകാരനും ഒരുപോലെ ആദരണീയമായിട്ടുള്ളതാണ് ധ്യാനം. ഇങ്ങനെ ആ ധ്യാനം കൊണ്ടു ലഭിക്കുന്ന സാക്ഷാദ്ദർശനത്തിന് ഒരു സ്വരൂപം നൽകുമ്പോൾ. അതു പ്രേക്ഷകന്മാർക്കു ചിന്താജനകമായി പരിണമിക്കുന്നു. ഈ ഒരു നിരീക്ഷണശക്തി അവസ്ഥാന്തരസ്യൂതമായ ഏറെക്കുറച്ചി

ലോട്ടും സ്വഭാവഭേദങ്ങളോട്ടും കൂടി പ്രായേണ എല്ലാ ഭാരതീയ കലകളിലും കാണാവുന്നതാണു്.

ഇക്കാരണത്താൽ ഭാരതീയദൃഷ്ട്യാ ചിന്തയാകുന്ന പീഠത്തിന്മേലാണു് സൌന്ദര്യം സ്ഥിതിചെയ്യുന്നതു്. അതായതു്, സൌന്ദര്യത്തിന്റെ വിലമതിക്കേണ്ടതു് ബാഹ്യേന്ദ്രിയം കൊണ്ടല്ല, മാനസചിന്തകൊണ്ടാണു്. ആനന്ദജനകമായ സൌന്ദര്യത്തെപ്പററിയുള്ള അവരുടെ നിരൂപണമാണു് രസപ്രതിപാദനം. രസോൽപത്തിക്കു നിദാനം വെറും പ്രകൃതിസാദൃശ്യം—അഥവാ, വസ്തുക്കളുടെ യഥാർത്ഥസ്വരൂപം—അല്ല. കലാകാരനു് ഒരു വിഷയത്തേയോ വസ്തുവിനേയോ സംബന്ധിച്ചു് മനസ്സിലുണ്ടാകുന്ന തോന്നലിനെ അയാൾ പ്രകാശിപ്പിക്കുന്നു; ആസ്വാദകനാകട്ടെ, തന്റെ ചിന്താശക്തിയും സംസ്കാരവുംകൊണ്ടു് അതിനെ ഗ്രഹിച്ചു രസമനുഭവിക്കുന്നു. യഥാർത്ഥലോകമാവെണമെന്നില്ല, രസാനുഭവത്തിനു നിദാനം.

"അപാരേ കാവ്യസംസാരേ കവിരേക പ്രജാപതിഃ
യഥാസ്മൈ രോചതേ വിശ്വം തഥേദം പരിവർത്തതേ".

എന്നു 'ധ്വന്യാലോക'കാരൻ പ്രസ്താവിച്ചിരിക്കുന്നതു നോക്കുക.

മാനുഷമനസ്സിന്റെ അന്തർഭാഗത്തു പ്രവേശിച്ചുകൊണ്ടുള്ള രസനിരൂപണവിഷയത്തിൽ ഭാരതീയർ അക്ഷീണവും അജയ്യവുമായ പരിശ്രമം ചെയ്തിട്ടുണ്ടു്. വിഷയമാകുന്ന ലോഹം അവർ ലോകത്തിൽനിന്നുതന്നെയാണു് സമ്പാദിക്കുന്നതെങ്കിലും, അതു് വാസനകൊണ്ടു കരുപിടിച്ചു ചിന്തയിലുരുക്കി ശുദ്ധിചെയ്താൽ മാത്രമേ 'രസവാഹി'യാവുകയുള്ളു. കലാകാരനിൽനിന്നു് ഒട്ടും കുറയാത്ത ഗ്രഹണശക്തി ആസ്വാദകനു വേണം താനും. നിപുണതയും അഭ്യാസവും മാത്രം കലാ

കാരണം വിട്ടുകൊടുക്കാം. മഹാകവി രവീന്ദ്രനാഥടാഗോർ ഒരവസരത്തിൽ ഇങ്ങനെ പറയുന്നു; "നമ്മുടെ രാജ്യത്തിലെ അഭിനന്ദകന്മാരായ ജനങ്ങൾ അവരവരുടെ ഭാവനാശക്തിവഴിക്കാണ് ഹൃദയത്തിൽ സംഗീതാദിരസങ്ങൾക്കു പൂർത്തിവരുത്തി തൃപ്തിപ്പെടുന്നതു്" (In our country, those of the audience who are appreciative, are content to perfect the song in their oun mind by the force of their oun feelings). സദാ ഈശ്വരനിൽത്തന്നെ മനസ്സിനെ അർപ്പിച്ചുകൊണ്ടിരിക്കുന്ന ആരാധകൻെറ ഗുണം കൊണ്ടു് വിഗ്രഹത്തിൻെറ ന്യൂനതകൾ പലപ്പോഴും പരിഹരിച്ചുപോകുന്നുവെന്നു സമ്മതിക്കുന്ന ശുക്രാചാര്യരും ഇതേ ആശയത്തെത്തന്നെ പ്രകാരാന്തരേണ പ്രസ്താവിക്കുകയാണു ചെയ്യുന്നതു്. ഈ വിധത്തിലുള്ള രസാനുഭവം ലോകോത്തരമാണെന്നു പറയപ്പെടുന്നു.

"ക്ഷണേ ക്ഷണേ യന്നവതാമുപൈതി
തദേവരൂപം രമണീയതായാ:"

എന്നാണ് സൌന്ദര്യരൂപത്തെപ്പററിയുള്ള മാഘൻെറ നിർവ്വചനം. അത്രമാത്രമേ അതിനെക്കുറിച്ചു പറയുവാൻ സാധിക്കുകയുള്ളൂ.

രസോൽപാദനത്തിനുള്ള ഈ പരിശ്രമത്തിൽ ഭാരതീയർ ഔചിത്യത്തെ വകവെച്ചിട്ടില്ലെന്നു ധരിച്ചുപോകരുതു്. നേരെമറിച്ചു്, ഭരതമുനി മുതൽ ക്ഷേമേന്ദ്രൻ വരെയുള്ളവർ ഔചിത്യദീക്ഷയിൽ അതിയായ നിർബ്ബന്ധമുള്ളവരാണ്.

"അലങ്കാരാസ്ത്വലങ്കാരാഃ ഗുണാ ഏവ ഗുണാസ്സദാ
ഔചിത്യം രസസിദ്ധസ്യ സ്ഥിരം കാവ്യസ്യ ജീവിതം"
(ഔചിത്യവിചാരചർച്ച)

എന്നു ക്ഷേമേന്ദ്രനും,

"അനൌചിത്യാദൃതേനാന്യത് രസഭംഗസ്യ
കാരണം
പ്രസിദ്ധൌചിത്യബന്ധസ്തു രസസ്യോപനിഷത്
പരാ"
(ധ്വന്യാലോകം)

എന്നു് ആനന്ദവർദ്ധനാചാര്യനും നിഷ്കൃഷ്ടിച്ചിരിക്കുന്നു. എന്തിനേറെ!

"കണ്ഠേ മേഖലയാ, നിതംബഫലകേ താരേണ
ഹാരേണ വാ,
പാണൌ നൂപുരബന്ധനേന, ചരണേ കേയൂര
പാശേന വാ,
ശൌര്യേണ പ്രണതേ, രിപൌ കരുണയാ, നായാ
ന്തി കേ ഹാസ്യതാ
മൌചിത്യേന വിനാ രുചിം പ്രതനുതേ നാലം
കൃതിർന്നോ ഗുണാഃ"*

എന്ന ഖണ്ഡിതമായ അഭിപ്രായം തന്നെയാണു് അവ
ൎക്കുണ്ടായിരുന്നതു്.

മനോഗതിയുടെ ഈ മാററംകൊണ്ടു് നിഷ്കൃഷ്ടമായ പ്രകൃത്യനുകരണത്തിൽനിന്നു പിന്മാറുവാൻ നിർബ്ബന്ധിതരായ ഭാരതീയകലാകാരന്മാൎക്കു്, തങ്ങളുടെ അന്തൎഗ്ഗതങ്ങളെ പ്രകാശിപ്പിക്കുവാൻ ചില പ്രത്യേകസംജ്ഞകളെ ശരണം പ്രാപിക്കേണ്ടിവന്നു. ഈ കല്പിതസംജ്ഞകൾ കലയെ പ്രകൃതിസാദൃശ്യത്തിൽനിന്നു പിന്നേയും അകററിത്തുടങ്ങി. ഹിന്തുക്കളുടെ മതസംബന്ധമായ സകല ക്രിയകളിലും സങ്കല്പത്തിൻെറ സംജ്ഞാക്കളായ മുദ്രകൾക്കുള്ള പ്രാധാന്യം ചില്ലറയൊന്നുമല്ല. കലാസംബന്ധികളായ സംജ്ഞകൾ ലോകത്തിൽനിന്നു തന്നെയാണു് ഉത്ഭവിച്ചതെന്ന ഒരു വിശേഷം മാത്ര

* ക്ഷേമേന്ദ്രനാൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ളതു്.

മുണ്ട്. പക്ഷെ, അവയുടെ പ്രയോഗരീതികൊണ്ട്, ഉൽപത്തിസ്ഥാനത്തെ അറിയുന്ന കാൎയ്യം എളുപ്പമല്ലാതായി പരിണമിച്ചിരിക്കുന്നു. താന്ത്രികക്രിയകളിൽ ഓരോരോ സങ്കല്പങ്ങൾക്കും പ്രത്യേകം പ്രത്യേകം മുദ്രകളുള്ളതുപോലെ, കലാവിഷയത്തിലും ഓരോ ഭാവങ്ങൾക്കും, വികാരങ്ങൾക്കും, വസ്തുക്കൾക്കു തന്നേയും പ്രത്യേകങ്ങളായ സംജ്ഞകളുണ്ട്. യഥാൎത്ഥമായ സാദൃശ്യം ഒരു വസ്തുവിൻെറ സ്വരൂപത്തെ കുറിക്കുന്നുവെങ്കിൽ, ഈ സംജ്ഞകൾ അതിൽ അന്തൎഭവിച്ചിരിക്കുന്ന വിഷയത്തേയും അൎത്ഥത്തേയും ദ്യോതിപ്പിക്കുന്നു. അവാച്യവും അതിവിപുലവുമായ വിഷയങ്ങളെ ഏററവും പരിമിതമായ രൂപത്തിൽ പ്രകാശിപ്പിക്കുകയാണു് സംജ്ഞകളുടെ പ്രയോജനം. ഹിന്ദുക്കളുടെ സ്വസ്തികവും ഓങ്കാരവും ഈശ്വരശക്തിയുടെ സൎവ്വവ്യാപിത്വത്തെ സൂചിപ്പിക്കുന്ന ചിഹ്നങ്ങളാണു്. * മനുഷ്യ ശരീരത്തിലെ മാംസപേശികളുടെ ഏതൊരു ചലനവും ഒരു പ്രത്യേകഭാവത്തെ കുറിക്കുന്നതായി വിവക്ഷിക്കപ്പെട്ടിരിക്കുന്നു. വസ്തുസ്ഥിതി ഇങ്ങനെയിരിക്കെ, മതത്തിലല്ലാതെ സംജ്ഞകൾക്കു സ്ഥാനമില്ലെന്നും കലയിൽ അവയ്ക്കു പരാജയമാണു് സംഭവിക്കുന്നതെന്നുമുള്ള അഭിപ്രായങ്ങൾ ‡ അടിസ്ഥാനരഹിതങ്ങളെന്നു തെളിയുന്നുണ്ടല്ലോ. സംസ്കൃതവ്യാകരണം സംജ്ഞാപ്രകരണംഗ്രഹിക്കാതെ പഠിക്കാമെങ്കിൽമാത്രം ഒരു ഭാരതീയ കലാസൃഷ്ടിയെ സംജ്ഞാജ്ഞാനം കൂടാതെ ആസ്വദിക്കുകയും ചെയ്യാം. ഇന്നത്തെ ബങ്കാള

* 'Ideals of Hinduism'—By Kashinath.

‡ The Expressiveness of Indian Art'—By Stella Kramrisch, Fh. D.—Crlcutta university Lectures—Published in the Journal of the Department of letters Vol IX.

രീതിയിലുള്ള സംജ്ഞകാലേഖ്യങ്ങൾ (symbolic paintings) ഭാരതീയ കലാസ്വരൂപത്തിനു ദൃഷ്ടാന്തമാണു്.

ഈ നിശ്ചിതസംജ്ഞകളെ ഭാരതീയർ പരമ്പരയായി പഠിച്ചുവന്നു. ഇങ്ങനെ പാരമ്പര്യത്തേയും മാമൂലിനേയും അപേക്ഷിച്ചാണു് ഇവിടെ കല നിലകൊള്ളുന്നതു്. ഭാരതീയകലയ്ക്കു് ഒരു വ്യക്തമായ അർത്ഥവും നിശ്ചിതമായ ഉദ്ദേശവുമുണ്ടു്. * കലാസൃഷ്ടിയിലുള്ള ആനന്ദത്തെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനത്തിനു (Art for Art's sake) അവിടെ സ്ഥാനമില്ല. കലയെക്കുറിച്ചുള്ള, മനുഷ്യസമുദായത്തെക്കുറിച്ചുള്ള സ്നേഹമാണു് ഭാരതത്തിലെ കലാനിർമ്മാണത്തിനു നിദാനം. ചിത്രമെഴുത്തിനേയും കൊത്തുപണിയേയും വെറും കലാസൃഷ്ടികളായിട്ടല്ലാ, ഏതെങ്കിലും പ്രാപ്യസ്ഥാനത്തേക്കുള്ള പന്ഥാക്കളായിട്ടാണു് അവർ പരിഗണിച്ചിട്ടുള്ളതു്. അതിനുള്ള പരിശ്രമം കലാകാരന്റെ ജീവിതധർമ്മമാണു് പരിശ്രമഫലമായ കലാസൃഷ്ടിയുടെ മാഹാത്മ്യം അയാളുടെ നിർമ്മാണശക്തിയെ അനുസരിച്ചിരിക്കും; ഭാവനാഗതിയെയല്ല. പാശ്ചാത്യകലാസൃഷ്ടിയുടെ ഗുണാഗുണങ്ങൾ സ്ഥിതിചെയ്യുന്നതു കലാകാരന്റെ പ്രത്യേകതയിലാണു്; ഭാരതീയകലാസൃഷ്ടിയിലെ നന്മതിന്മകൾക്കു നിദാനം അതു നിർമ്മിച്ച കാലത്തിന്റെ ഗുണദോഷങ്ങൾ മാത്രമാണു്. ഭാരതത്തിലെ ഏതെങ്കിലും ഒരു കലാകാരന്റെ പേരോ പ്രത്യേകതകളോ അറിഞ്ഞതുകൊണ്ടു നമുക്കു യാതൊരു പ്രയോജനവും ലഭിക്കുവാനില്ല. അയാളുടെ സ്വഭാവത്തിനും സൃഷ്ടിക്കും തമ്മിൽ പൊരുത്തമില്ലെന്നതുതന്നെയാണു് അതിനു കാരണം. ഭാരതത്തിലേതു് 'പഠിച്ച'കലയാണു്. പാശ്ചാത്യരുടേതുപോലെ 'തോന്നിയ'കലയല്ല.

---

* Introduction to Indian Art, – By A. K. Coomaraswami.

സപ്ഗ്ഗീയമായ നാട്യത്തെ പ്രദർശിപ്പിക്കുന്ന കലാകാരൻ വാസ്തവത്തിൽ ഈശ്വരനല്ലെന്നുള്ളതുകൊണ്ടു് കലാസൌന്ദൎയ്യത്തിന്റെ പൂർണ്ണതയിൽ, എത്തേണമെങ്കിൽ നിഷ്കൃഷ്ടയോടുകൂടിയ ശിക്ഷണം കൊണ്ടേ സാധിക്കുകയുള്ളുവെന്നു ഭരതമുനി ശാസിക്കുന്നതും ഇതുകൊണ്ടുതന്നെയാണു്.

ഭാരതീയകലയെ ഇങ്ങനെ ചിന്താപരമാക്കിത്തീൎക്കുവാൻ ഹൈന്ദവമതബോധവും അനല്പമായി സഹായിച്ചിട്ടുണ്ടെന്നു കാണാം. വേദാന്തചിന്ത അപ്രതിഹതമായി പ്രവഹിക്കുന്ന ഒരു രാജ്യത്തിലെ കലാകാരന്റെ മനസ്സിനെക്കൂടി അതു സ്പൎശിക്കുന്നുവെങ്കിൽ എന്താണതിലത്ഭുതം? ഇതിനും പുറമെ, ഭാരതത്തിലെ കലാപ്രകടനങ്ങളിൽ അധികഭാഗത്തിനും പ്രേരകമായിട്ടുള്ളതു വൈദികവിധിയാണെന്നുള്ളതിനു സംശയമില്ല. ക്ഷേത്രസംബന്ധികളായ സകല സാധനങ്ങളുടെ നിൎമ്മാണത്തിനും അവർ ചില പ്രത്യേകനിയമങ്ങൾ നിശ്ചയിച്ചിട്ടുണ്ടു്. ആ നിയമങ്ങളെ അണുപോലും വ്യത്യാസപ്പെടുത്താതെ പരമ്പരയായി അനുവൎത്തിച്ചു വരികയാണു് ശില്പകാരന്മാർ ഇന്നും ചെയ്യുന്നതു്. പുണ്യമാൎഗ്ഗത്തെ ആരാഞ്ഞു നടക്കത്തക്കവണ്ണം മതബോധം സിദ്ധിച്ചിട്ടുള്ള അവർ വൈദികമതപ്രകാരം വിശുദ്ധമെന്നു കാണുന്ന കലാരീതിയെ ആദരിക്കുകയും ആരാധിക്കുകയും ചെയ്തുപോന്നതുകൊണ്ടു് എല്ലാം സ്ഥലത്തും അതിനു പ്രാധാന്യം സിദ്ധിച്ചു. സകലവസ്തുകൾക്കും അദ്ധ്യാത്മജ്ഞാനമാകുന്ന ചായംകൊണ്ടു മിഴിവു വരുത്തുവാനുള്ള പരിശ്രമത്തിന്റെ ഫലമായി ലൌകികജീവിതത്തിന്റെ പ്രകാശനത്തിനു സ്ഥാനവും കുറഞ്ഞു. (*) ഭാരതീയസിദ്ധാന്തപ്രകാരം രസാനുഭവം 'ബ്രഹ്മാസ്വാദസഹോദര'മാണെ

(*) 'The Hindu View of Art,—By Mulkraj Anand.

നുള്ളതുതന്നെ കലയുടെ ആദ്ധ്യാത്മികപ്രകൃതിക്കു തെളിവാണു്. കലയും ഈശ്വരചിന്തയും ഒരേ ഒരനുഭവത്തെത്തന്നെ പ്രദാനം ചെയ്യുന്നു. രണ്ടിലും സാക്ഷാൽകാരവും തന്മയീഭാവവുമാണു് അവസാനഘട്ടം. ഈ ഒരു നിരീക്ഷണഗതി ഭാരതീയേതരന്മാരായ സിഹ്ഹൊ, ഗെഥേ, ബ്ളേയ്ക്കു്, ഷോപ്പനോർ, ഷില്ലർ (Hsich Ho, Goethe, Blake, Schopenhauer, Schiller) എന്നിവരിലും കാണുന്നുണ്ടു്. "ഈ ലോകം നോക്കുംതോറും ആകാരരഹിതമാണു്, അറിയുംതോറും ജ്ഞാനാതീതമാണു്. അനുരാഗിക്കു പ്രേമവും, തത്വാന്വേഷിക്കു തത്വവും ഏതുപ്രകാരം വാസ്തവികങ്ങളായ അനുഭവങ്ങളാകുന്നുവോ, അതുപോലെതന്നെ സൌന്ദര്യവും കലാകാരനു് അനുഭവപ്പെടുന്ന ഒരു വാസ്തവമാകുന്നു". * കലാകാരനു സൂക്ഷ്മമായ സ്വാനുഭവത്തെ പ്രകാശിപ്പിക്കുവാൻ സ്ഥൂലമായ കലാസൃഷ്ടിയിൽക്കൂടെ മാത്രമേ സാധിക്കുകയുള്ളു. അതിനുചിതങ്ങളായ സാമഗ്രികളെ സമ്പാദിച്ചു് അയാൾ സ്വമനസ്സിനെ അവയിലേക്കു പകൎത്തുകയാണു ചെയ്യുന്നതു്. വിശ്വനാഥാദികളുടെ നിൎവ്വചനപ്രകാരമുള്ള രസം വേദാന്തത്തിന്റെ സഹചാരിയാണു്. അത്തരത്തിലുള്ള രസാനുഭവം ഭാരതീയമനസ്സിനു യോജിച്ചതുമാണു്. ഇങ്ങനെ ഭാരതീയകല ഭാരതീയരുടെ അദ്ധ്യാത്മജ്ഞാനത്തിന്റെ ചരിത്രമായി പരിണമിക്കുന്നു.

മനസ്ഥിതിയുടെ പ്രത്യേകതമൂലം ഭാരതീയകല ആദർശപരമായി തീൎന്നിട്ടുണ്ടെന്നു പറഞ്ഞതുകൊണ്ടു് ഭാരതീയർ പ്രകൃതിസാദൃശ്യത്തേയും പ്രത്യംഗസൌഷ്ഠവത്തെയും അറിയുകയോ ആദരിക്കുകയോ ചെയ്തിട്ടില്ലെന്നു വിചാരിക്കുന്നതു പരമാബദ്ധമാണു്. നേരേമറിച്ചു്, സാദൃശ്യാത്മകത്വത്തെപ്പററി പ്രാചീനന്മാർ നിഷ്കൃഷ്

* 'Dance of Siva'—By A. K, Coomraswami,

മായി ഉപന്യസിച്ചിട്ടുണ്ടെന്നു കാണാം. പ്രാചീനകാലത്തു്, ചിത്രരചനാചതുരകളും ശില്പിനികളെന്നു വിളിക്കപ്പെട്ടുവന്നിരുന്നവരുമായ ചില സ്ത്രീകൾ അനുരാഗബദ്ധരായവരുടെ രൂപങ്ങൾ വരച്ചുകൊണ്ടു നടക്കാറുണ്ടെന്നു പണ്ഡരീവിഠലന്റെ 'ദൂതീകൎമ്മപ്രകാശ'ത്തിൽ കാണുന്നുണ്ടു്.

"തത്തദ്രൂപഗതം ഭാവം പടേ രൂപം പ്രദൎശ്യ ച
വിജ്ഞാത്യുഭയോഃ പ്രീതിം ചതുരാ ശില്പിനീ യഥാ"

ഇത്തരം ഛായാപടങ്ങളെപ്പററി 'കഥാസരിത്സാഗര'ത്തിൽ പലയിടത്തും പ്രസ്താവിച്ചിരിക്കുന്നു. ഇവ യഥാൎത്ഥരൂപങ്ങളെയാണു പ്രതിബിംബിപ്പിച്ചിരുന്നതു് എന്നതിനു യാതൊരു സംശയവുമില്ല. ജീവനുള്ള ഒരു പൂച്ചയെക്കണ്ടു ശില്പവേലയാണെന്നു തെററിദ്ധരിച്ചതായി 'ശിശുപാലവധ'ത്തിൽ വൎണ്ണിച്ചിരിക്കുന്നതു് ഭാരതീയരുടെ പ്രകൃത്യനുകരണസാമൎത്ഥ്യത്തിനു പ്രത്യക്ഷദൃഷ്ടാന്തമാണു്.

"ചിക്രീംസയാ കൃത്രിമപത്രിപംക്തേഃ
കപോതപാലീഷു നികേതനാനാം
മാൎജ്ജാരമപ്യായതനിശ്ചലാംഗം
യസ്യാം ജനഃ കൃത്രിമമേവ മേനേ".

ചന്ദ്രനും വെള്ളത്തിലുള്ള അതിന്റെ പ്രതിബിംബനത്തിനും തമ്മിലുള്ള സാദൃശ്യത്തിൽ ഒട്ടും കുറയാത്ത സാമ്യത്തോടുകൂടിയ ചിത്രത്തെപ്പററി 'നവസാഹസാങ്കചരിത'ത്തിൽ പ്രസ്താവിച്ചു കാണുന്നു.

"നൃപസ്യ ചിത്രേ മധുരേയമാകൃതി-
ൎന്നിഭിദ്യതേ ചന്ദ്രമസോ യഥാംഭസി
സഖീജനസ്താമിതി നൎമ്മപേശലഃ
ശനൈരുപാനമ്രമുഖീമഭാഷത".

അനുകരണമെന്നതു് ശില്പകാരന്മാരെ ബാധിക്കുന്ന ഒരു സാമാന്യനിയമമായിരുന്നുവെന്നു 'മൃച്ഛകടിക'ത്തിൽ നിന്നു് അറിയാം.

"ദൃഷ്ട്വാ ക്രിയാമനുകരോതി ഹി ശില്പിവർഗ്ഗഃ
സാദൃശ്യമേവ കൃതഹസ്തതയാ വദന്തി".

സാദൃശ്യാത്മകങ്ങളായ ഇമ്മാതിരി ചിത്രങ്ങൾക്കു 'വിദ്ധചിത്ര'ങ്ങളെന്നാണു് ശാസ്ത്രകാരന്മാർ പേരു കൊടുത്തിട്ടുള്ളതു്. മേഘവാഹനന്റെ 'തിലകമഞ്ജരി'യിൽ പല ദിക്കിലും ഈ പദം പ്രയോഗിച്ചു കാണ്മാനുണ്ടു്. 'വിദ്ധസാലഭഞ്ജിക' എന്ന നാമവും ഇതിൽനിന്നു തന്നെ വന്നതാണു്. ഇവ പ്രകൃതിയുടെ നേരു പകർപ്പുകളാണെന്നു 'പാദതാഡിതക'ത്തിൽ പ്രൌഢചിത്രങ്ങളെപ്പററി വർണ്ണിക്കുന്നതിൽനിന്നു ഗ്രഹിക്കാം.

"കഥമിയമധിക കന്ദുകക്രീഡയാ മധ്യമായാസയത്യല്പമേഷാ പ്രിയേണോപവിഷ്ടാ സഹാക്ഷൈഃ പരിക്രീഡതി, പ്രൌഢയാ ചൈനയൈതത്സമയം ലിഖ്യതേ, ചിത്രമാഖ്യായികാസൌ പുനർവാച്യതേ". സാദൃശ്യം പ്രതിബിംബനം പോലെ പരിപൂർണ്ണമായിരിക്കണമെന്നു് 'അഭിലഷിതാർത്ഥചിന്താമണി'യിൽ സോമേശ്വരൻ വിധിക്കുന്നു.

"സാദൃശ്യം ലിഖ്യതേ യത്തു ദർപ്പണേ പ്രതിബിംബവത്
തച്ചിത്രം വിദ്ധമിത്യാഹുർവിശ്വകർമ്മാദയോ ബുധാഃ"

'വിഷ്ണുധർമ്മോത്തരീയം', 'ശില്പരത്നം', 'ശിവതത്വരത്നാകരം' മുതലായ ശാസ്ത്രഗ്രന്ഥങ്ങളിൽ മനുഷ്യശരീരങ്ങളുടെ യഥാർത്ഥമായ ഘടനയെ വർണ്ണിച്ചുകാണിക്കുന്നുണ്ടു്. ഏതുവിധം ചിത്രങ്ങൾക്കും ആകാരസാദൃശ്യം ആവശ്യകവും ആദരണീയവുമായ ഒരു ഗുണമാണെന്നു

'ചിത്രസൂത്ര'ത്തിൽ (വിഷ്ണുധർമ്മോത്തരീയം) പ്രത്യേകം പറഞ്ഞിരിക്കുന്നു.

"സ്ഥാനപ്രമാണ ഭൂലംബോ മധുരത്വം വിഭക്തതാ
സാദൃശ്യം പക്ഷവൃദ്ധിശ്ച ഗുണാഃ ചിത്രസ്യകീ
ർത്തിതാഃ"

"ദൃഷ്ടം സുസദൃശം കാര്യം സർവ്വേഷാമവിശേഷതഃ
ചിത്രേ സാദൃശ്യകരണം പ്രധാനം പരികീർത്തിതം"

ഇതേ ആശയത്തെത്തന്നെ ശ്രീകുമാരൻ 'ശില്പരത്ന'ത്തിൽ മറെറാരു പ്രകാരം പ്രകാശിപ്പിക്കുന്നതു നോക്കുക.

"ജംഗമം വാ സ്ഥാവരം വാ യേ സന്തി ഭുവനത്രയേ
തത്തത് സ്വഭാവതസ്തേഷാം കരണം ചിത്രമുച്യ
തേ".

സാദൃശ്യാത്മകത്വത്തിൻെറ മാഹാത്മ്യത്തെ മനസ്സിലാക്കിയിട്ടു തന്നെയാണു് ഭാരതീയർ ആദർശാത്മകത്വത്തെ സ്വീകരിച്ചതെന്നു് മുകളിൽ കൊടുത്ത വിവരണങ്ങളാംകൊണ്ടു തെളിയുന്നുണ്ടല്ലോ. വാസ്തവത്തിൽ, ആദികാലത്തു ഭാരതീയകല സാദൃശ്യാത്മകം തന്നെ ആയിരുന്നിരിക്കണം. സംജ്ഞകൾ ആദ്യോപജ്ഞമാണെന്നു മാത്രമല്ല, * കലകളിലേയ്ക്കു് കൂടിയുള്ള അവയുടെ സംക്രമണം ആര്യസംസ്കാരം അഭിവൃദ്ധി പ്രാപിച്ചതിനു ശേഷം മാത്രമാണുതാനും. മഹാബലിപുരത്തെ ക്ഷേത്രങ്ങളിലെ വിശ്രുതങ്ങളായ ശില്പവേലകളിൽ പലതും പ്രത്യക്ഷപ്രകൃത്യനുകരണങ്ങളായി കാണുന്നതിനു കാരണം അവ ദ്രവിഡസംസ്കാരജന്യമായതാണെന്നു് അനുമിക്കുന്നതിൽ അസാംഗത്യമില്ല. ‡ കാലക്രമേണ മതതത്വങ്ങൾക്കും വേദാന്ത ചിന്തകൾക്കും പ്രചാരം സിദ്ധിച്ചതോടുകൂടി, ഗൌരവമേറിയ ചിന്തകളെ പ്രതി

* 'The Expressiveness of Indian Art—'By Stella Kramrisch

‡ മഹാബലിപുരത്തിൻെറ ആധിപത്യം വഹിച്ചിരുന്ന പല്ലവരാജവംശം ആര്യവർഗ്ഗത്തിൽ ഉൾപ്പെട്ടതാണെങ്കിലും ദാക്ഷിണാ

ഫലിപ്പിക്കേണമെങ്കിൽ വെറും പ്രകൃതിസാദൃശ്യത്തെ അപേക്ഷിച്ചതുകൊണ്ടു മാത്രം കാര്യമില്ലെന്നു കണ്ടതിനാൽ അവർ പ്രകടനരീതിയിൽ ഒരു വ്യത്യാസം വരുത്തിയെന്നു മാത്രമേയുള്ളു. അതുകൊണ്ടു തന്നെയാണ് ഭാരതീയകല ഭാരതത്തിലെ അദ്ധ്യാത്മബോധത്തിൻെറ ചരിത്രമാണെന്ന് ഇതിനുമുമ്പു പറഞ്ഞതും. സാദൃശ്യത്തെ പാടെ ഉപേക്ഷിച്ചുംകൊണ്ട് ആദർശത്തിലേക്കു കുതിക്കുകയല്ലാ അവർ ചെയ്തിരിക്കുന്നത്. അനൌചിത്യത്തിൻെറ പരിധിക്കുള്ളിൽ പെട്ടുമെന്നു കാണുന്ന മാത്രയിൽ കൃത്രിമോപാധികളെ അവർ പരിത്യജിച്ചിട്ടുണ്ട്. സാദൃശ്യത്തെ കലാരീതികളിൽ ഒന്നു മാത്രമായിട്ടേ ശാസ്ത്രകാരന്മാർ കണക്കാക്കിയിട്ടുമുള്ളു. ചിത്രങ്ങളെ സത്യം, വൈണികം, നാഗരം, മിശ്രം എന്നു നാലുവിധമായി 'ചിത്രസൂത്ര' ത്തിൽ വിഭജിച്ചിരിക്കുന്നു; ഇതിൽ 'സത്യ' മെന്ന വിഭാഗം കൊണ്ടു കാണിക്കുന്നതാണ് യഥാർത്ഥമായ സാദൃശ്യം. ഓരോ രീതിയും ഓരോ ഉദ്ദേശങ്ങളെ സാധിപ്പാനുള്ള ഉപായങ്ങൾ മാത്രമാണ്. കാമിനീകാമുകന്മാരുടേ യഥാർത്ഥരൂപങ്ങൾ വരയ്ക്കുന്നതുകൊണ്ടു കലാസ്വാദനത്തെക്കാളധികം ആകാരബോധത്തെയാണല്ലോ ഉദ്ദേശിക്കുന്നത്. ഈ സ്ഥിതിക്ക്, ഭാരതീയകലാരീതി സാദൃശ്യദ്യോതന

---

ത്യശില്പികളുടെ യശസ്തംഭങ്ങളായി അവിടെ ഇന്നു പ്രശോഭിക്കുന്ന ആ വിചിത്രവേലകളിൽ ദ്രാവിഡസംസ്കാരത്തിനു തന്നെയാണ് പ്രാധാന്യം കാണുന്നത്. പ്രസ്തുത കലാസൃഷ്ടികളെപ്പററി ഉപന്യസിക്കുമ്പോൾ ഡാക്ടർ കുമാരസ്വാമി ഇങ്ങനെ പറയുന്നു.

"The Varaha, like the Pandavas, has a verandah with the slender octagonal pillars supported by a sitting lion, characteristic of Pallava architecture after Mahendra; this is the proto-type of the latter Yali pillars of mediaeval Dravidian art"—History of Indian and Indoresian Art By A. K. Coomaraswami P. 102.

ത്തിലുള്ള അശക്തിയുടെ ഫലമാണെന്നു വിചാരിക്കുന്നതിൽ പരം വിഡ്ഢിത്തം മറെറാന്നുമില്ലതന്നെ.

പ്രകൃത്യനുകരണത്തിൽത്തന്നെയുള്ള കലാരസികതയും വാസ്തവത്തിൽ സങ്കല്പമൂലകമാണ്. ചെറിയ ഒരു ചിത്രത്തിൽ ഒരു വലിയ പർവ്വതത്തെ വരച്ചു കാണിക്കുമ്പോൾ ആ പർവ്വതത്തിന്റെ യഥാർത്ഥവലിപ്പം ചിത്രത്തിലില്ലെങ്കിലും നാം മനസ്സുകൊണ്ടു സങ്കല്പിച്ച് അറിയുന്നു. ശ്രീരാമന്റെ വേഷം കെട്ടി അഭിനയിക്കുന്ന ആൾ നമുക്കു സുപരിചിതനാണെങ്കിലും അയാൾ ശ്രീരാമൻ തന്നെയാണെന്നു സങ്കല്പിച്ചാലേ രസപ്രതീതിയുണ്ടാവുകയുള്ളു. അതിനാൽ, കലയിലെല്ലാം പ്രകൃതി അങ്ങനെതന്നെ പ്രതിബിംബിക്കണമെന്നുള്ള മതം അടിസ്ഥാനരഹിതവും അസാദ്ധ്യവുമാണെന്നു തെളിയുന്നുണ്ടല്ലോ. മനസ്സിന്നു ക്ഷീണം തട്ടാത്തവിധത്തിൽ ഈ സങ്കല്പശക്തിക്കു പ്രഭാവം കൂട്ടുകയെന്നതു മാത്രമാണ് ഭാരതീയകലയിൽ അന്തർഭവിച്ചിരിക്കുന്ന തത്വം. "പാശ്ചാത്യരുടെ ജീവിതത്തിൽ പ്രകൃതിയായിട്ടുള്ള മത്സരവും ഇടപാടും സകല പ്രവൃത്തികളിലും മുമ്പോട്ടു തള്ളിനിൽക്കുന്നതുകൊണ്ട്, അവർ പ്രകൃതിയുടെ സ്തോഭങ്ങൾക്കു വശഗന്മാരായിട്ടാണു വന്നിരിക്കുന്നത്. ഈ മനോഗതി അവരുടെ കലകളിലും കാണാം." * അസംസ്കൃതചിത്തന്മാർക്കു മാത്രമേ കലയും പ്രകൃതിയും വിഭിന്നമാവരുതെന്നു തോന്നുകയുള്ളുവെന്നു ഗീഥേ (goethe) പറയുന്നു. അഭിനവഗുപ്താചാര്യരും ലോകത്തെ ഭിത്തിസ്ഥാനീയ (Back-ground) മായിട്ടു മാത്രമേ കണക്കാക്കുന്നുള്ളു. ചുരുക്കത്തിൽ, സാദൃശ്യാത്മകതത്വത്തെ ഔചിത്യവിരോധം കൂടാതെ പരിഷ്കരിച്ചിട്ടുള്ളതാണ് ആദർശപരമായ ഭാരതീയകല.

* 'കലയിലെ സ്വാഭാവികത'–എ. ആർ. പൂതുവാൾ ബി. എ. എം. ഡി. (കൈരളി പു. 19. ലക്കം 2).

# മലയാളത്തിലെ പാട്ടുകൾ

(കെ. വി. എം.)

"സംഗീതമപിസാഹിത്യം
സരസ്വത്യാഃ സ്തനദ്വയം
ഏകമാപാതമധുര-
മന്യദാലോചനാമൃതം."

സംഗീതവും സാഹിത്യവും സരസ്വതീദേവിയുടെ രണ്ടു സ്തനങ്ങളാണ്. അവയിൽ ഒന്നു ശ്രവണമാത്രത്തിൽ തന്നെ മധുരമായിട്ടുള്ളതും, മറേറതു് ആലോചിക്കുംതോറും അമൃതമായിതോന്നുന്നതുമാകുന്നു. ഇങ്ങനെയാണ് അഭിയുക്തന്മാർ സംഗീതസാഹിത്യങ്ങളെ വിവരിച്ചിട്ടുള്ളതു്. ഇവയിൽ 'ആപാതമധുര' മായിട്ടുള്ളതു സംഗീതവും 'ആലോചനാമൃത'മായിട്ടുള്ളതു സാഹിത്യവുമാകുന്നു.

മേൽ പറഞ്ഞ അഭിയുക്തവചനപ്രകാരം സംഗീതവും സാഹിത്യവും രണ്ടാണെങ്കിലും, പരസ്പരബന്ധമില്ലാത്ത രണ്ടു വിഭിന്നവസ്തുക്കളല്ല; നേരെമറിച്ചു്, അഭേദ്യമായവിധം ബന്ധപ്പെട്ടിരിക്കുന്ന രണ്ടു സംയുക്തവസ്തുക്കളാണ്. സ്വരസമ്പത്തികൊണ്ടു വികസ്വരമായി ചമയുന്ന രാഗവിശേഷങ്ങളുടെ മൂർച്ഛന സംഗീതത്തിൻേറയും, ദോഷരഹിതവും ഗുണസഹിതവും രസവ്യഞ്ജകവുമായ ശബ്ദാത്ഥങ്ങളുടെ സമ്മേളനം സാഹിത്യത്തിൻേറയും അസാധാരണ ധമ്മമാകുന്നു. സംഗീതം സ്വരപ്രധാനമായ രാഗഭംഗിയേയും സാഹിത്യം ശബ്ദാത്ഥചാരുതയേയുമാണ് പ്രധാനമായി ആശ്രയിച്ചിരിക്കുന്നതെന്നേയുള്ളു. വാസ്തവത്തിൽ സംഗീതത്തിൽ

സാഹിത്യവും, സാഹിത്യത്തിൽ സംഗീതവും അന്തർഭവിച്ചിട്ടുണ്ട്. സ്വരമയമായ രാഗപ്രപഞ്ചത്തോടുകൂടി ആലാപിക്കുന്ന ഗീതങ്ങൾ, കീർത്തനങ്ങൾ മുതലായവയിലെ രസാത്മകങ്ങളായ വാക്യങ്ങൾ സാഹിത്യവും, ശബ്ദാർത്ഥനിബദ്ധങ്ങളായ പദ്യം മുതലായവ താളമേളരാഗഭംഗിയോടുകൂടി ചൊല്ലുമ്പോൾ അവ സംഗീതവുമാകുന്നതാണല്ലോ.

സംഗീതസാഹിത്യങ്ങളിൽവെച്ചു സംഗീതമാണു പ്രായേണ എല്ലാ രാജ്യങ്ങളിലെ ഭാഷകളിലും ആദ്യമായുണ്ടായതെന്നു ഭാഷാചരിത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നുണ്ട്. സംഗീതം ആപാതമധുരമായതുകൊണ്ടു പണ്ഡിതപാമരഭേദമെന്യേ സർവ്വരേയും ശ്രവണമാത്രത്തിൽതന്നെ ബലാദാകർഷിക്കുന്നതാകയാൽ അതിന്റെ ആദിമത്വം സ്വാഭാവികവുമാണ്. 'സംഗീതമപി സാഹിത്യം' എന്ന വചനത്തിൽ സംഗീതത്തെ ആദ്യം നിർദ്ദേശിച്ച കവിയുടെ ഹൃദയവും ഇതുതന്നെയായിരിക്കണം. സംസ്കൃതം, ലത്തീൻ, ഗ്രീക്ക് എന്നീ മൂന്നു ഭാഷകളിലും വൈദികങ്ങളായ ഗാഥകളുടെ രൂപത്തിലാണു സാഹിത്യത്തിൻെറ പ്രഥമാവതാരമെന്നു് ആ ഭാഷകളിലെ സാഹിത്യചരിത്രത്തിൽനിന്ന് അറിയാവുന്നതാണ്. അകൃത്രിമമനോഹരമായ ആ വക ഗാഥകൾ പ്രായേണ പ്രകൃതിസൌന്ദര്യത്തെ ഉൽഗാനം ചെയ്യുന്നവയാകുന്നു. പ്രകൃതിയുടെ രൂപത്തിൽ ഈശ്വരനെ സാക്ഷാൽകരിച്ചു പരമാനന്ദമനുഭവിപ്പിക്കുന്നവയാണ് ആ വൈദികഗാനങ്ങൾ. കുറച്ചുകാലം കഴിഞ്ഞപ്പോൾ ഈശ്വരനെ പ്രകൃതിരൂപേണയല്ലാതെ തന്നെ സ്തുതിക്കുന്ന ഗാനങ്ങൾ ആവിർഭവിച്ചു. അതിനുശേഷമാണു, മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരുമായ വീരപുരുഷന്മാരുടെ അപദാനങ്ങളെ പുകഴ്ത്തിക്കൊണ്ടുള്ള ഗാനങ്ങൾ ഉണ്ടായതു്.

അനശ്വരമായ ശബ്ദജ്യോതിസ്സിൻെറ പ്രഥമസ്ഫുരണം സംഗീതരൂപേണയാണെന്നുള്ളതു നമ്മുടെ ഭാഷയെ സംബന്ധിച്ചേടത്തോളവും സമാനം തന്നെയാണ്. മലയാളത്തിൽ പാട്ടുകഠക്കാണു സംഗീതത്തിൻെറ സ്ഥാനം കല്പിച്ചിട്ടുള്ളത്. മലനാട്ടിൽ പണ്ടയ്ക്കുപണ്ടേ ദേശപരദേവതകളായി കുടികൊള്ളുന്ന ഭദ്രകാളി, അയ്യപ്പൻ മുതലായ ദേവതകളേയും മററും സ്തോത്രങ്ങഠകൊണ്ടും, ആരാധനകഠകൊണ്ടും പ്രീതിപ്പെടുത്തുന്നതിന്നുപയോഗിച്ചിരുന്ന പാട്ടുകളാണു ഭാഷയിൽ ആദ്യം ഉണ്ടായതെന്നു ഭാഷാചരിത്രകാരന്മാർ പറയുന്നു. ആ വക പാട്ടുകഠ തന്നെയാണു നമ്മുടെ ഭാഷയിൽ പണ്ടു സാഹിത്യത്തിൻെറ സ്ഥാനവും വഹിച്ചിരുന്നതു്. കാലക്രമേണ ബ്രാഹ്മണക്ഷത്രിയാദിജാതികളിൽ ചിലരുടെ ചില കുലവൃത്തികഠ നടത്തുന്നതിൽ ഉപയോഗിക്കുന്നതിന്നുവേണ്ടിയും വിനോദം, വിജ്ഞാനം, അദ്ധ്യാത്മജ്ഞാനം, വീരധർമ്മോൽബോധനം മുതലായവയ്ക്കുവേണ്ടിയും അനവധി പാട്ടുകഠ മലയാളത്തിൽ ഉണ്ടായിത്തീൎന്നു. ബ്രാഹ്മണിപ്പാട്ട്, ശാസ്ത്രാങ്കപ്പാട്ട്, വേട്ടയ്ക്കൊരുമകൻപാട്ട്, സർപ്പപ്പാട്ട്, തോററംപാട്ട്, നങ്ങ്യാർപാട്ട്, നിഴൽക്കുത്തുപാട്ട്, കൃഷിപ്പാട്ട്, തിയ്യാട്ടുപാട്ട്, കുറുപ്പൻപാട്ട്, പുള്ളുവൻ പാട്ട്, പാണർപാട്ട്, മണ്ണാർപാട്ട്, ഐവർകളിപാട്ട്, ക്രൂരിയാററപ്പാട്ട്, നക്ഷത്രപ്പാട്ട്, വടക്കൻപാട്ട്, തമ്പുരാൻപാട്ട്, തുള്ളപ്പാട്ട്, വള്ളപ്പാട്ട്, കൈകൊട്ടിക്കളിപ്പാട്ട്, ഓണപ്പാട്ട്, തിരുവാതിരപ്പാട്ട്, അമ്മാനപ്പാട്ട്, കോലടിപ്പാട്ട്, ഊഞ്ഞാൽപ്പാട്ട്, കുറത്തിപ്പാട്ട്, കഥകളിപ്പാട്ട്, കിളിപ്പാട്ട്, കൃഷ്ണപ്പാട്ട് മുതലായവയാണ് അവ: ഈ പാട്ടുകളാണു വാസ്തവത്തിൽ ഭാഷാസാഹിത്യഭണ്ഡാരത്തിലെ ഈടുവെയ്പായിട്ടുള്ള പുരാതനസ്വത്ത്. ഹിന്തുക്കളുടെ ഇടയിലെന്നപോലെ മുഹമ്മദീയരുടെയും ക്രിസ്ത്യാനികളുടേയും ഇടയിലും പുരാ

തനമായ അനേകം പാട്ടുകഠം നടപ്പുണ്ടു്. കല്യാണപ്പാട്ടുകഠം മുതലായവയെ മുഹമ്മദീയരും, മാർഗ്ഗംകളിപ്പാട്ടു്, പുത്തൻപാന മുതലായവയെ ക്രിസ്ത്യാനികളും ഭക്തിബഹുമാനപൂർവ്വം കൊണ്ടാടുന്നുണ്ടു്.

ലീലാതിലകത്തിൽ 'ദ്രമിഡസംഘാതാക്ഷരനിബദ്ധമെതുകാമോനവൃത്തവിശേഷയുക്തംപാട്ട്' എന്നാണു പാട്ടിന്റെ സാമാന്യലക്ഷണം പറഞ്ഞിട്ടുള്ളതു്. ഈ ലക്ഷണപ്രകാരം പാട്ടുകളിൽ ദ്രാവിഡരുടെ അക്ഷരമാലയിൽപെട്ട അക്ഷരങ്ങഠം മാത്രമേ ഉണ്ടാകുവാൻ പാടുള്ളൂ. 'എതുക' എന്നും 'മോന' യെന്നും പറയുന്ന പ്രാസഭേദങ്ങളും വൃത്തബന്ധവും ഉണ്ടായിരിക്കുകയും വേണം. 'എതുക' എന്നതു പാദാദ്യപ്രാസവും 'മോന' യെന്നതു പാദങ്ങളിലെ പ്രഥമദ്വിതീയഭാഗങ്ങളിൽ ആദ്യാക്ഷരസാമ്യത്താലുള്ള പ്രാസവുമാണു്. ലീലാതിലകത്തിലെ ഈ സാമാന്യലക്ഷണം അതിപ്രാചീനങ്ങളായ ചില പാട്ടുകഠംക്കല്ലാതെ മലയാളഭാഷയിൽ നടപ്പുള്ള എല്ലാ പാട്ടുകഠംക്കും സംബന്ധിക്കുന്നതല്ല. ദ്രാവിഡാക്ഷരമാലയിൽ സംസ്കൃതാക്ഷരമാലയിലെ വർഗ്ഗാക്ഷരങ്ങളിൽ ചിലതു മാത്രമേയുള്ളൂ. നമ്മുടെ പഴയ പാട്ടുകളിൽ മിക്കതിന്നും സംസ്കൃതാക്ഷരമാലയിലെ എല്ലാ അക്ഷരങ്ങളുടേയും അപേക്ഷയുണ്ടുതാനും. ആയതിനാൽ 'ദ്രമിഡസംഘാതാക്ഷരനിബന്ധനം' സാർവ്വത്രികമല്ലെന്നു പറയേണ്ടതില്ലല്ലോ. പ്രാസങ്ങഠം പാട്ടുകളിൽ പ്രായേണ കാണുന്നുണ്ടെങ്കിലും അവ 'എതുക' യുടേയും 'മോന' യുടേയും സമ്പ്രദായത്തിലുള്ളവ മാത്രമല്ല. 'വൃത്തനിബദ്ധ'ത്വവും പഴയ പാട്ടുകളിൽ പലതിന്നും പാടാനുള്ള സൌകര്യമനുസരിച്ചു ശിഥിലീഭവിച്ചു കാണുന്നുമുണ്ടു്. മലയാളത്തിലെ പാട്ടുകഠം താളമാനങ്ങഠംക്കു മൂലമായ കാലനിയമത്തെ മാത്രം അനുസരിച്ചിരിക്കുന്നവയാണു്. ഗദ്യപദ്യാത്മകങ്ങളായ പ്രബന്ധങ്ങളിലെ പല ഗദ്യങ്ങളുടേയും ചില

ചില ഭാഗങ്ങൾ പാട്ടുകളായി പാടുവാൻ തക്കവണ്ണമാണു രചിച്ചുകാണുന്നതു്. തുള്ളൽപ്പാട്ടുകളിലെ വൃത്തങ്ങളിൽ പലതിനും മാർഗ്ഗപ്രദർശനം ചെയ്തതു പ്രബന്ധങ്ങളിലെ ഗദ്യമാണെന്നു സൂക്ഷ്മനിരീക്ഷകന്മാർക്കു കാണാവുന്നതാണു്. ചുരുക്കത്തിൽ പറയുന്നതായാൽ മലയാളത്തിലെ പഴയപാട്ടുകൾക്കു ഗണാദിവ്യവസ്ഥയോടുകൂടിയ വൃത്തനിയമം യോജിപ്പിച്ചുകൊണ്ടുപോകുവാൻ പ്രയാസമാണു്. ആകയാൽ നമ്മുടെ പാട്ടുകൾ ദ്രാവിഡരീതിയിൽ തന്നെ പലതുകൊണ്ടും വ്യത്യാസപ്പെട്ടിരിക്കുന്നവയാണെന്നു പറയാതെ കഴികയില്ല.

മലയാളത്തിൽ അച്ചടിവിദ്യ നടപ്പായതിനുശേഷം ആദ്യകാലങ്ങളിൽ അച്ചടിക്കുവാൻ തുടങ്ങിയവയും പാട്ടുകളാണെന്നു തോന്നുന്നു. രാമായണം, ഭാരതം, ഭാഗവതം തുടങ്ങിയ കിളിപ്പാട്ടുകളും, തുള്ളപ്പാട്ടുകൾ, കഥകളിപ്പാട്ടുകൾ, കൃഷ്ണപ്പാട്ടു്, പാനപ്പാട്ടു് മുതലായവയും അച്ചടിവിദ്യ ആവിർഭവിച്ചതിന്റെ ആദ്യഘട്ടത്തിൽ തന്നെ പുറത്തുവന്നിട്ടുണ്ടു്. എന്നാൽ ആ വക പുസ്തകങ്ങളെക്കൊണ്ടു പ്രാചീനകാലത്തെ പാട്ടുകളുടെ എണ്ണം അവസാനിക്കുന്നതല്ല. ഓണപ്പാട്ടു്, തിരുവാതിരപ്പാട്ടു്, ഉറുത്താൽപ്പാട്ടു്, കൈകൊട്ടിക്കളിപ്പാട്ടു്, ക്രൂരിയാററപ്പാട്ടു്, മുതലായി വലിപ്പത്തിൽ ചെറിയവയും സ്വാരസ്യത്തിൽ പെരിയവയുമായ അനവധി പാട്ടുകൾ വേറേയും അച്ചടിച്ചുവന്നിട്ടുണ്ടു്. പക്ഷെ അവയ്ക്കു മുദ്രാലയക്കാരും പുസ്തകവ്യാപാരികളും കൊടുത്തിട്ടുള്ള സ്ഥാനം തുലോം ലജ്ജാവഹമാണു്. ചന്തകളിൽ അടയ്ക്ക, കായ മുതലായ സാധനങ്ങൾക്കെന്നപോലെ ഈ വക ചെറുപുസ്തകങ്ങൾക്കും നൂററിന്നു് ഇത്ര അണ എന്ന തോതിലാണു പുസ്തകവ്യാപാരികൾ വില വെച്ചിട്ടുള്ളതു്. നൂററിന്നു് എട്ടണ, കവിഞ്ഞതു പത്തണവീതം വിലകൊടുത്താൽ ഈ വക 'ചില്ലറ' പുസ്തകങ്ങൾ സുലഭമായി കിട്ടുന്നതാണു്. പുസ്തകശാലക

ളിൽ ചിതലും, മാറാലയും നിറഞ്ഞ കെട്ടുകളുടെ കൂട്ടത്തിലല്ലാതെ ചില്ലലമാറകളിൽ ഈ 'ചില്ലറ' പുസ്തകങ്ങൾക്കു പ്രവേശമേയില്ല. ഇത്രത്തോളം നിസ്സാരമായി കരുതിവരുന്ന സ്ഥിതിക്കു് അച്ചടിവിദ്യക്കാരുടെ പിടിയിൽ പെട്ടിട്ടുള്ള പാട്ടുകളിൽ അക്ഷരശുദ്ധി തുടങ്ങിയ ഗുണങ്ങൾ എത്രത്തോളമുണ്ടായിരിക്കുമെന്നു് ഏവർക്കും ഊഹിക്കാവുന്നതാണു്. എന്നാൽ ഈ വക പാട്ടുകൾ മലയാളികളുടെ നിത്യജീവിതത്തോടു് എത്രത്തോളം ബന്ധപ്പെട്ടാണിരിക്കുന്നതെന്നു് അറിയുന്നതിന്നു മലനാട്ടിലെ നാട്ടിൻപുറങ്ങളുമായി ഇടപെട്ടാലെ സാധിക്കയുള്ളൂ. പ്രഭാതത്തിൽ കിഴക്കു വെള്ളകീറുന്ന സമയത്തു്

"നരകവൈരിയാമരവിന്ദാക്ഷൻെറ
ചെറിയ നാളത്തെ കളികളും
തിരുമെയ്ശോഭയും കരുതിക്കൂപ്പുന്നേ-
നരികിൽ വാ കൃഷ്ണാ കണികാണ്മാൻ"

എന്നാദിയായും, സന്ധ്യാസമയത്തു് അന്തിത്തിരികൾ കൊണ്ടു ഗൃഹങ്ങളിലെ ബാഹ്യാളിന്ദങ്ങൾ കനകക്കതിരൊളിതിരളുന്ന സമയത്തു്,

"കല്ലുംമേലും മലമേലും മുള്ളിലും
തല്ലിയന്തകനെന്നെയിഴയ്ക്കുമ്പോൾ
അല്ലൽപോക്കുവാനായിട്ടു കാണേണം
തൃപ്പൂണിത്തുറെമേവും ഭഗവാനേ!"

ഇത്യാദിയായും, ഓണക്കാലത്തു് അന്തഃപുരകക്ഷ്യകളിൽ 'കുട്ടിമാൻമിഴികളാകവെ കരംകൊട്ടിയാടുവതി'ന്നൊരുങ്ങുന്ന സമയത്തു്,

"കല്യാണി കളവാണി ചൊല്ലുനീയാരെന്നതും
കല്യേ നീയാരുടയ പുത്രിയെന്നും"

ഇത്യാദിയായും, 'ധനുമാസത്തിൽ തിരുവാതിരക്കാലത്തു് ആറേഴ നാഴിക പുലരുവാനുള്ളപ്പോൾ ശരീരമാസകലം കോച്ചുന്ന ശീതബാധയെ വകവെയ്ക്കാതെ കുളങ്ങളിൽ കുവലയാക്ഷിമാർ കളിപ്പാൻ ചെന്നിറങ്ങുമ്പോൾ അവരുടെ തുടിനാദങ്ങളോടുചേർന്നു് 'ധനുമാസത്തിൽ തിരുവാതിര ഭഗവാൻ തന്റെ തിരുനാളാണു് ഭഗവതിക്കു തിരുനോല്മ്പാണു്' എന്നും

"പച്ചക്കല്ലൊത്ത തിരുമേനിയും നിൻെറ
പിച്ചകളികളും കാണാകേണം"

എന്നും, സന്ധ്യയോടടുത്ത സമയത്തു് അമ്മമാർ കിടാങ്ങളെയെടുത്തു്,

'അമ്പിളിയമ്മാമ!
കുമ്പിളിലെന്താണു്''

എന്നാദിയായും, സന്ധ്യമയങ്ങുമ്പോൾ അവരെ കിടത്തി പുറത്തു താളംപിടിച്ചുകൊണ്ടു്

'ഓമനത്തിങ്കൾ കിടാവോ—നല്ല-
കോമളത്താമരപ്പൂവോ'

എന്നു തുടങ്ങിയും, രാജവീഥികളിൽ കരിങ്കല്ലു വിരിച്ചു നിരത്തുവാൻ കല്ലുരുട്ടുന്ന സമയത്തു് പാമരപ്രായന്മാരായ കൂലിപ്പണിക്കാർ

ഈ വകപെണ്ണുങ്ങൾ ഭൂമീലുണ്ടോ
മാനത്തീന്നെങ്ങാൻ പൊട്ടിവീണോ
... ... ... ... ... ... ... ...
കുന്നത്തൊരു കൊന്ന പൂത്തപോലെ
ഇളമാവിൻ തയ്യുതളിർത്തപോലെ
... ... ... ... ... ... ... ...
കുന്നിക്കുരുവിൻെറ വർണ്ണംപോലെ
വയനാടൻ മഞ്ഞൾ മുറിച്ചപോലെ

എന്നാദിയായും പാടുന്ന ശ്രുതിമനോഹരങ്ങളായ പല തരം പാട്ടുകൾ കേട്ടാൽ മാത്രമേ മലയാളികളുടെ നിത്യജീവിതം എത്രത്തോളം പാട്ടുകളുടെ 'പാട്ടി'ലായിട്ടുണ്ടെന്നു അറിവാൻ കഴികയുള്ളു. ഒരു മലയാളത്തറവാട്ടിലെ അംഗങ്ങളുടെ ജീവിതം സൂക്ഷിച്ചുനോക്കിയാൽ അതിൽ പാട്ടിന്നുള്ള പ്രാധാന്യം എത്രയെന്നു അറിവാൻ കഴിയുന്നതാണ്. ഈശ്വരാരാധനയ്ക്കുപാട്ട്, കുട്ടികളെ കളിപ്പിക്കുവാൻ പാട്ട്, അവരെ കിടത്തി ഉറക്കുവാൻ പാട്ട്, ഊഞ്ഞാലാടുവാൻ പാട്ട്, തൈരു കലക്കുവാൻ പാട്ട്, കളിക്കുവാൻ പാട്ട്, ഇങ്ങനെ എത്ര എത്ര സംഗതികളിൽ പാട്ടുകൾ നമ്മോടിണങ്ങി പെരുമാറുന്നുണ്ടെന്നു പറഞ്ഞാലാവില്ല. ഓരോ വ്യക്തിക്കെന്നപോലെ വ്യക്തികളുടെ സമഷ്ടിരൂപമായ സമുദായത്തിന്നും ജീവിതത്തിൽ പാട്ടിന്റെ ആവശ്യം ധാരാളമുണ്ട്.

ഇങ്ങനെ നമ്മുടെ ജീവിതവുമായി ഏററവും ബന്ധപ്പെട്ടുകിടക്കുന്ന പാട്ടുകൾ തെററുക്കൂടാതെ അച്ചടിച്ചു പ്രചരിപ്പിക്കുന്ന കാൎയ്യത്തിൽ അച്ചുക്കൂടക്കാരും പുസ്തകവ്യാപാരികളും കേവലം അശ്രദ്ധരായിപ്പോയതു ഭാഷയുടെ ഭാഗ്യക്ഷയം തന്നെയാണ്. 'ചില്ലറ' എന്ന ഇനത്തിൽ പെടുത്തി ചില്ലറയല്ലാത്ത അബദ്ധങ്ങളോടുകൂടി ആയിരക്കണക്കായി അച്ചടിച്ചുവിടുന്ന പുസ്തകങ്ങളിലെ തെററുകൾ തീൎക്കുന്നതിന്നും, അച്ചുക്കൂടക്കാരുടെ ദൃഷ്ടിയിൽപെടാതെ ഇപ്പോഴും മറഞ്ഞുകിടക്കുന്ന പഴയ പാട്ടുകൾ കണ്ടെത്തിപ്പിടിക്കുന്നതിന്നും പഴയ ഗ്രന്ഥപ്പുരകളെ ശരണം പ്രാപിക്കുകയല്ലാതെ മറെറാരുവഴിയില്ലല്ലോ. ഗ്രന്ഥപ്പുരകളുടെ സ്ഥിതി, ദുൎല്ലഭം ചില കോവിലകങ്ങളിലേയും പ്രഭുകുടുംബങ്ങളിലേയും ഈറ്റുവെയ്പുകളെ കഴിച്ചാൽ, പ്രായേണ പരിതാപകരമായിട്ടാണു കാണുന്നതു്. നവീന പരിഷ്കാരക്കാററു തലയിൽ കയറിയിട്ടില്ലാതിരുന്ന പൂൎവ്വകാലത്തു താളിയോല

ഗ്രന്ഥങ്ങളെ സംരക്ഷിക്കുന്നതിൽ കേരളീയർ അതിജാഗ്രൂകരായിരുന്നു. അടുത്തകാലംവരെയും കൊല്ലത്തിലൊരിക്കൽ സരസ്വതീപൂജയ്ക്കു വെയ്ക്കുന്നതിനെങ്കിലും ഗ്രന്ഥങ്ങളെ കേടുതീൎത്തു ശുശ്രൂഷിക്കുന്നതിൽ കേരളീയർ ബദ്ധശ്രദ്ധരായിരുന്നു. കാലം മറിഞ്ഞതോടുകൂടി ആ വിഷയത്തിലുള്ള ശ്രദ്ധ നിശ്ശേഷം നശിച്ചുപോയതിനാൽ സരസ്വതീദേവിയുടെ ശരീരസ്ഥാനീയങ്ങളായ ഗ്രന്ഥങ്ങൾക്കു സൂൎയ്യപ്രകാശം തട്ടുവാൻ സാധിക്കാതെ വന്നുപോയി. വല്ലപ്പോഴും വല്ലവരും ആ വക പഴയ ഗ്രന്ഥങ്ങൾ അഴിച്ചുനോക്കിയാൽ അവയിൽ ആധിപത്യം നടത്തുന്ന 'ഇരട്ടവാലന്മാരാ'ണു നമ്മെ സ്വാഗതംചെയ്യുന്നതു്. ഈ 'ഇരട്ടവാലന്മാരു'ടെ ഇരയും, ചിതലിന്റെ മുതലും, പാററയുടെ തീററിയുമായിട്ടു മിക്ക ഗ്രന്ഥങ്ങളുടേയും ഏടുകൾ നശിച്ചുകൂട്ടത്തിലായിട്ടാണു കാണുന്നതു്. അതുകൊണ്ടു ഗ്രന്ഥപ്പുരകളിൽനിന്നും നമുക്കു മതിയായ സഹായം ലഭിക്കുന്നില്ല. എന്നിരുന്നാലും പഴയ ഗ്രന്ഥപ്പുരകളെ ഇടവിടാതെ തേടിക്കൊണ്ടിരിക്കുന്നവൎക്കു അല്ലാല്ലം ചില നേട്ടങ്ങൾ ഉണ്ടാകാതേയുമിരിക്കുന്നില്ല.

പഴയ പാട്ടുകൾ കൂലംകഷമായി പരിശോധിച്ചും, അമുദ്രിതങ്ങളായ പലതും തേടിപ്പിടിച്ചും പാട്ടുകളെ സംബന്ധിച്ച ഒരു സ്വരൂപജ്ഞാനം പരക്കെയുള്ള ജനങ്ങൾക്കു് ഉണ്ടാക്കിത്തീൎക്കുവാൻ മഹാമഹിമശ്രീ രാമവൎമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ചെയ്തിട്ടുള്ള പ്രയത്നം കേവലം അതുല്യമാകുന്നു. മണ്ണാരു്, പാണരു്, പുള്ളുവരു്, മുതലായ ചില ജാതിക്കാർ കുലവൃത്തിയായി പാടിവരുന്ന പാട്ടുകൾ ഇന്നും ഏട്ടിൽ കയറാതെയാണു് ഇരിക്കുന്നതു്. അവ വല്ലവരും എഴുതിവെച്ചിട്ടുണ്ടെങ്കിൽ തന്നെ പുറമേയുള്ളവൎക്കു കൊടുക്കുവാൻ മടിക്കുന്നുമുണ്ടു്. അങ്ങനെയുള്ള ജാതിക്കാരിൽ വൃദ്ധന്മാരായ പലരേയും തമ്പുരാൻ തിരുമനസ്സുകൊണ്ടു കോവിലകത്തുവരുത്തി സമ്മാ-

നിച്ച് അവരുടെ മുഖത്തുനിന്നു പാടിക്കേട്ടപടി പകത്തിയെഴുതിച്ച പല പാട്ടുകളും സമ്പാദിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തിരുമനസ്സിലേക്കുള്ള അസാധാരണമായ താല്പര്യം കേരളസാഹിത്യപരിഷത്തിൻെറ തൃശ്ശിവപേരൂർവെച്ചുകൂടിയ സമ്മേളനത്തിലും മററു ചില സമ്മേളനങ്ങളിലും ജാതിവൃത്തിമര്യാദകളെ സംബന്ധിച്ച പഴയ പാട്ടുകൾ അതാതു ജാതികളിലുള്ള അഭിജ്ഞന്മാരെക്കൊണ്ടു തന്മയത്വത്തോടുകൂടി പാടിക്കുവാനും, അവരെ യഥായോഗ്യം സമ്മാനിക്കുവാനും അവിടുത്തെ ആഭിമുഖ്യത്തിൽ ചെയ്ത ഏർപ്പാടുകളിൽനിന്നു പരക്കെ അറിയുമാറായിട്ടുണ്ട്. അച്ചുക്കൂടക്കാർ നേരിയ പരുക്കൻ കടലാസിൽ അബദ്ധബഹുലമായിട്ടു മാത്രം അച്ചടിച്ചു നാട്ടിൽ പരത്തുന്ന അദ്ധ്യാത്മരാമായണം, കൃഷ്ണഗാഥ എന്നിവ തെററുതീർത്തു നല്ല മേനിക്കടലാസിൽ രവിവർമ്മ പടങ്ങളോടുകൂടി ഭംഗിയായി അച്ചടിപ്പിച്ചു കെട്ടുംമട്ടും കമനീയമാക്കി പ്രസിദ്ധീകരിപ്പാൻ മംഗളോദയം കമ്പനി ഡയറക്ടരായിരുന്ന കാലത്തു് അവിടുന്നാണു് ഒന്നാമതായി ഉദ്യമിച്ചതെന്നും സ്മരണീയമാണു്. പഴയ താളിയോലഗ്രന്ഥങ്ങൾ തേടിപ്പിടിക്കുന്നതിൽ തിരുമനസ്സിലെപ്പോലെ നിഷ്കൃഷ്ടപൂർവ്വം പരിശ്രമിക്കുന്ന ഗവേഷകന്മാർ വേറെയുണ്ടോ എന്നു സംശയമാണു്. പാട്ടുകളെസംബന്ധിച്ചു തിരുമനസ്സിലേക്കുള്ള പരിജ്ഞാനത്തിൻെറ ആഴം 'സർവ്വകലാശാലവക പ്രസംഗതരണി'യായി അവിടുന്നു പ്രസിദ്ധപ്പെടുത്തിയ 'ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും' എന്ന പുസ്തകം വായിച്ചിട്ടുള്ളവർക്ക് അറിവാൻ സാധിക്കുന്നതാണു്. അപ്പൻതമ്പുരാൻ തിരുമനസ്സിലേക്കു് ഏതുവിഷയത്തിലുള്ള ജ്ഞാനത്തിന്നും ഒരു വിശേഷമുണ്ടു്. അതിന്നു വകതിരിവു എന്നാണു ഞാൻ പേരുപറയുക. ശാസ്ത്രത്തിലായാലും സാഹിത്യത്തിലായാലും ചരിത്രത്തിലായാലും അവിടുന്നെഴുതിയ ഉപന്യാസങ്ങളിലും ഗ്രന്ഥങ്ങളിലും ഈ വകതിരിവു

തെളിഞ്ഞു വിളങ്ങുന്നതായി കാണാം. മലയാളത്തിലെ പഴയ പാട്ടുകളെ അവിടുന്നു

| | | | | | |
|---|---|---|---|---|---|
| 1. | പുരാണം | 5. | വീരചരിതം | 9. | ഭൌതികം |
| 2. | സ്തോത്രം | 6. | ദേശചരിത്രം | 10. | വൈഷയികം |
| 3. | സദാചാരം | 7. | തൊഴിലില്ലായ്മ | 11. | രാഷ്ട്രീയം |
| 4. | ശാസ്ത്രം | 8. | വിനോദം | 12. | സാമുദായികം |

എന്നിങ്ങനെ പന്ത്രണ്ടുഗണമായി തിരിച്ചിട്ടുണ്ടു്. ഈ ഓരോ ഗണത്തിലും പെടുന്ന പാട്ടുകഠം ഇന്നിന്നവയാണെന്നും അവിടുന്നു വിവരിച്ചിട്ടുണ്ടു്. ഈ പന്ത്രണ്ടു ഗണങ്ങളിൽ ഉഠംപ്പെട്ട പാട്ടുകഠം എണ്ണുന്നതായാൽ അവയുടെ ഇനം നൂററിഅമ്പതിൽകുറയാതെ ഉണ്ടെന്നും, ഈ ഇനങ്ങളിലടങ്ങിയ മട്ടുകളെല്ലാം കണക്കാക്കിയാൽ അച്ചടിച്ചതും അച്ചടിക്കാത്തതുമായി മൊത്തത്തിൽ അഞ്ഞൂറിൽ പുറം തരങ്ങഠം കാണുമെന്നും അവിടുന്നു മേൽപറഞ്ഞ പുസ്തകത്തിൽ സയുക്തികമായും സോദാഹരണമായും പ്രതിപാദിച്ചിട്ടുണ്ടു്.

നമ്മുടെ പഴയപാട്ടുകളെ സാമാന്യേന പരിശോധിക്കുമ്പോഠം അവയുടെ വിഷയത്തിലും രീതിയിലും ചില വിശേഷധമ്മങ്ങഠം ഉള്ളതായി കാണാം. ഒന്നാമതു വിഷയത്തെ കുറിച്ചു ചിന്തിക്കാം. ആസ്തിക്യബുദ്ധി, സദാചാരബോധം, സ്വദേശാഭിമാനം, സമുദായസ്നേഹം മുതലായ ഉൽകൃഷ്ടഗുണങ്ങളെ കൈവിടാതെകണ്ടുള്ള വിഷയങ്ങഠം മാത്രമെ പാട്ടുകഠംക്കു യോജിക്കുകയുള്ളു. പുരാണകഥകഠം, സ്തോത്രങ്ങഠം മുതലായവ ആസ്തിക്യബുദ്ധിയേയും സദാചാരബോധത്തേയും വളത്തുന്നവയാകയാൽ അവ പാട്ടുകഠംക്കു ഏററവും പററിയ വിഷയങ്ങളാകുന്നു. അത്ഥഗാംഭീയ്യമോ, ആശയപുഷ്ടിയോ, അലങ്കാരചാതുയ്യമോ ഇല്ലാതെ കേവലം ശബ്ദപ്രധാനമായിരിക്കുന്ന പാട്ടുകളുംകൂടി ഈശ്വരപരങ്ങളായിരുന്നാൽ ശ്രോതാക്കളെ വിഗളിതവേദ്യാന്തരമായ ആനന്ദത്തിൽ ആറാടിക്കുമെന്നുള്ളതിന്നു അനുഭവംതന്നെ പ്രമാണമാണു്. ഈശ്വരനും പരലോകവും പുണ്യപാപ

ങ്ങളും ഇല്ലെന്നു വിചാരിക്കുന്ന നാസ്തികന്മാരുടെ വാദം സ്ഥാപിക്കുവാൻവേണ്ടി ആരെങ്കിലും പാട്ടുകൾ നിർമ്മിക്കുന്നതായാൽ അതു തീരെ സ്വാഭാവികമല്ലാതായി തീരുന്നതുമാണ്. അപ്രകാരംതന്നെ, ജനങ്ങളെ കർത്തവ്യങ്ങളിൽ പ്രവർത്തിപ്പിക്കുകയും അകർത്തവ്യങ്ങളിൽനിന്നു നിവർത്തിപ്പിക്കുകയുമെന്ന സദാചാരോപദേശത്തിന്നു വിരുദ്ധമാകുന്നതും പാട്ടുകൾക്കു വിഷയദോഷമായി കണക്കാക്കേണ്ടതാണ്. സ്വദേശത്തേയും സ്വദേശത്തിൽ ജനിച്ച വീരധർമ്മംകൊണ്ടു വിഖ്യാതന്മാരായിത്തീർന്ന മഹാന്മാരേയും പററി ഭക്തിസ്നേഹബഹുമാനാദരങ്ങൾ ജനിപ്പിക്കുവാനുപകരിക്കുന്ന വിഷയങ്ങളും പാട്ടുകൾക്കു യോജിച്ചിരിക്കും. സ്വദേശാഭിമാനത്തെ ഉദ്ദീപിപ്പിക്കുകയെന്ന വിശിഷ്ട ഗുണം കൊണ്ടാണു വടക്കൻപാട്ടുകൾ, പടപ്പാട്ടുകൾ, മുതലായവയ്ക്കു വലുതായ പ്രചാരവും പ്രശസ്തിയും സിദ്ധിച്ചതു്. നമ്മുടെ നാട്ടിൽ ദേഹാദ്ധ്വാനം ചെയ്തുപജീവിക്കുന്നവരും, നവീനപാഠശാലകളുടെ പടികടന്നിട്ടില്ലാത്തവരുമായ ജനങ്ങളാണു വടക്കൻ പാട്ടുകൾപഠിക്കുന്നതിലും പാടുന്നതിലും അധികമായ കൌതുകം കാണിക്കുന്നതു്. എന്നാൽ അവയിൽ പ്രതിപാദിച്ചിട്ടുള്ള അകൃത്രിമവും അത്യുൽകൃഷ്ടവുമായ വീരധർമ്മം മറു നാടുകളിൽക്കൂടി വിളികൊള്ളുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഇയ്യിടയിൽ ഒരു സുപ്രസിദ്ധമായ ആംഗലേയപത്രത്തിന്റെ വിശേഷാൽ പ്രതിയിൽ റോബിൻഹുഡ് എന്ന മാന്യൻ 'കുഞ്ഞിമാതുവിന്റെ വിരുതു്'(The Adventmes of Kunhimathu) എന്ന തലക്കെട്ടിൽ നമ്മുടെ വടക്കൻപാട്ടിൽനിന്നു കുറെഭാഗം ഇംഗ്ലീഷിലേയ്ക്കു തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയിരുന്നതുതന്നെ ഇതിന്നുദാഹരണമായെടുക്കാം. അടുത്തകാലത്തായി രാഷ്ട്രീയഗാനങ്ങൾ എന്ന പേരിൽ പ്രസിദ്ധിയെ പ്രാപിച്ച പാട്ടുകളിൽ ജനങ്ങൾക്കു അധികമായ അഭിരുചി കണ്ടുവരുന്നതിന്നുള്ള കാരണവും അവയ്ക്കുള്ള ദേശാഭിമാനോദ്ദീപകത്വ

മല്ലാതെ മറ്റൊന്നല്ല. ഇതുപോലെതന്നെ സമുദായത്തിലുള്ള ദോഷങ്ങളെ ചൂണ്ടിക്കാണിച്ചു അവയുടെ നിവാരണത്തിന്നു പ്രേരിക്കുന്നവിഷയങ്ങളും പാട്ടുകൾക്കു തുലോം ശോഭിക്കുന്നതാണു്. സമുദായത്തിന്നുണ്ടായിരിക്കേണ്ടുന്ന ഗുണങ്ങളെക്കാണിച്ചു അവയുടെ ഉപാദേയതയെ വിധിരൂപേണ ഉപന്യസിക്കുകയും, സമുദായത്തിൽ നടപ്പിലിരിക്കുന്ന ദോഷങ്ങളെ ചിത്രീകരിച്ചു അവയുടെ ഹേയതയെ നിഷേധരൂപേണ സൂചിപ്പിക്കുകയും എന്നിങ്ങനെ രണ്ടു സമ്പ്രദായങ്ങൾ ഈ വിഷയത്തിൽ കവികൾ സ്വീകരിച്ചുകാണുന്നുണ്ടു്. ഇവയിൽ ആദ്യത്തെ സമ്പ്രദായത്തിൽ, കവി തിരശ്ശീലക്കു പുറത്തുവന്നു സ്വാഭിപ്രായത്തെ ഉപന്യസിക്കുന്നു. രണ്ടാമത്തേതിലാകട്ടെ, കവി അണിയറക്കകത്തിരുന്നുംകൊണ്ടു കേവലം മദ്ധ്യസ്ഥന്റെ നിലയിൽ കർത്തവ്യത്തെ സൂചിപ്പിക്കുകയാണു ചെയ്യുന്നതു്. ഈ രണ്ടു സമ്പ്രദായങ്ങളിൽ വച്ചു രണ്ടാമത്തേതിനാണു് അധികം മെച്ചമുള്ളതെന്നതിന്നു നമ്പ്യാരുടെ തുള്ളൽപ്പാട്ടുകളിൽ ചില ഭാഗങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടു്.

ഇനി രീതിയെ കുറിച്ചാലോചിക്കാം. പ്രതിപാദ്യവിഷയത്തിലെ പ്രധാന രസത്തിൻ പരിപൂർത്തിവരത്തക്കവിധമുള്ള പദരചനയോടുകൂടിയ രീതികളാണു കാവ്യശരീരത്തെ സജീവമാക്കിത്തീർക്കുന്നതെന്നു ശാസ്ത്രകാരന്മാർ പറയുന്നുണ്ടു്. രീതിയുടെ പ്രാധാന്യം നിമിത്തം അതാണു് കാവ്യത്തിന്റെ ആത്മാവു് എന്നു കൂടി ചിലർ അഭിപ്രായപ്പെടുന്നുണ്ടു്. ഛന്ദോവൃത്തങ്ങളിലെന്നപോലെ പാട്ടുകളിലും രീതികൾ ആദരിക്കത്തവതന്നെയാണു്. വൈദർഭി, ഗൌഡി, പാഞ്ചാലി എന്നിങ്ങനെയാണല്ലോ സാഹിത്യകാരന്മാർ രീതികളെ വിഭജിച്ചിട്ടുള്ളതു്. ഇവയുടെ സംസ്കൃതസാഹിത്യത്തിൽ ഉള്ളതുപോലുള്ള നിർവ്വചനം ഭാഷയെ സംബന്ധിച്ചേടത്തോളം തികച്ചും ശരിയായിരിക്കുമോ എന്നു സംശയ

മാണ്. സുകുമാരവും മധുരവുമായ പദവ്യത്യാസത്തോടുകൂടിയ രീതി വൈദർഭിയെന്നും, പരുഷവും ഓജസ്വിയുമായ രീതി ഗൌഡിയെന്നും, ഇവ രണ്ടിന്റേയും ലക്ഷണങ്ങൾ ഇടകലന്ന രീതി പാഞ്ചാലിയെന്നും വിചാരിക്കുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. ശൃംഗാരം, കരുണം, ശാന്തം എന്നീ രസങ്ങൾക്കു വൈദർഭിയും, രൌദ്രം, വീരം, എന്നീ രസങ്ങൾക്കു ഗൌഡിയും, ഇതര രസങ്ങൾക്കു പാഞ്ചാലിയും യോജിച്ചിരിക്കുന്നതാണ്.

മലയാളഭാഷയുടെ ആദിമകാലംമുതൽക്കു തന്നെ ആരംഭിച്ച ചെറിയവയും വലിയവയുമായ പലതരം കൈവഴികളായിത്തിരിഞ്ഞു് അനേക കാലമായി ഒളിഞ്ഞും തെളിഞ്ഞും, വളഞ്ഞും പുളഞ്ഞും ഒഴുകിക്കൊണ്ടിരുന്ന ഭാഷാഗാനതരംഗിണി അടുത്തകാലത്തായി സാഹിത്യസമുദ്രത്തിന്റെ അഴിമുഖത്തെത്തി അസാധാരണമായ പരിപുഷ്ടിയോടുകൂടി വദ്ധിച്ചു കാണുന്നുണ്ടു്. എന്നാൽ അതിൽ അഴിമുഖത്തെത്തുമ്പോൾ നദീജലത്തിലെന്നപോലെ അനാസ്വാദ്യമായ ഒരു ലവണരസം കലന്നു കാണുന്നുമുണ്ടു്. ചെറുശ്ശേരി, എഴുത്തച്ഛൻ, നമ്പ്യാർ മുതലായവർ നിമ്മിച്ചിട്ടുള്ള രീതികളിൽ ആധുനികകവികൾ ധാരാളം പാട്ടുകൾ എഴുതിവരുന്നുണ്ടല്ലോ. കേക, കാകളി, അന്നനട, കളകാഞ്ചി, ദ്രുതകാകളി, മഞ്ജരി, നതോന്നത എന്നെല്ലാം വൃത്തസംജ്ഞകൾ കാണിച്ചു് ആധുനികകവികൾ എഴുതിവരുന്ന പാട്ടുകൾ പത്രമാസികകളിലും, പുസ്തകങ്ങളിലും കയറി ഭാഷാസാഹിത്യത്തിൽ സ്വച്ഛന്ദം സഞ്ചരിക്കുന്നുണ്ടു്. പാട്ടുകളുടെ ഈ പുനരുജ്ജീവനം ഏവക്കും ചാരിതാത്ഥ്യജനകമാണ്. എന്നാൽ പ്രാചീനകവികൾ വിഷയത്തിലും രീതിയിലും അവലംബിച്ചിരുന്ന വ്യവസ്ഥകളും, അവർ സശ്രദ്ധം പരിപാലിച്ചുപോന്ന ശീലുകളിലെ അക്ഷരകാലനിയമവും ആധുനികന്മാരിൽ പലരും

അൻവൎത്ഥിക്കുന്നുണ്ടോ എന്ന സംശയമാണു്. ശബ്ദഭംഗിയും അൎത്ഥചാരുതയുമുള്ളവയായിരിക്കണം പാട്ടുകൾ. അൎത്ഥം മനസ്സിലാക്കുവാൻ പ്രയാസമുള്ള പദങ്ങളും രചനയും പാട്ടുകൾക്കു യോജിച്ചവയല്ല. ശ്രവണമാത്രത്തിൽ തന്നെ അർത്ഥം വ്യക്തമായി ഗ്രഹിക്കുവാൻ സാധിക്കുന്നതാണു പാട്ടുകൾ ജനങ്ങളിൽ പരക്കെ ആനന്ദപ്രദങ്ങളാകുവാൻ കാരണം. നവീനമായി പുറപ്പെട്ടുന്ന പാട്ടുകളിൽ ചിലതു വായനക്കാൎക്കു എത്തും പിടിയും കിട്ടാത്തവിധം അത്യധികം ഗൂഢമായ അൎത്ഥത്തെ ആശ്രയിച്ചിരിക്കുന്നതായി കാണുന്നുണ്ടു്. ഈ അന്തർവാഹിനിയായ സരസ്വതിയുടെ പ്രവാഹത്തിൽ മുഴുകുവാൻ അധികമാരെക്കൊണ്ടും സാധിക്കുന്നതല്ല. ഇപ്പറഞ്ഞതിന്നു വ്യംഗ്യപ്രധാനങ്ങളായ പാട്ടുകൾ ആദരണീയങ്ങളല്ലെന്നു താല്പൎയ്യമില്ല. വ്യംഗ്യാർത്ഥം വ്യഞ്ജിക്കുന്നതിന്നു സാഹിത്യശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ള ഹേതുക്കൾ കൂടാതെ ഇന്നപ്രകാരത്തിലുള്ള ഒരൎത്ഥം ഇതിന്നു തോന്നണമെന്നു കവി തന്നെത്താൻ വിചാരിക്കുന്നതിന്നനുസരിച്ചു കെട്ടിച്ചമയ്ക്കുന്നപാട്ടുകൾ ഒരിക്കലും സ്വീകാൎയ്യമാകുന്നതല്ല. അടുത്തകാലത്തായി മലയാളഭാഷയിൽ ഉണ്ടായിട്ടുള്ളവയും കവിവിവക്ഷിതമായ അൎത്ഥം എന്തെന്നറിവാൻ പ്രയാസമുള്ളവയുമായ ചില ഗൂഢാൎത്ഥഗാനങ്ങൾ വായിച്ചിട്ടുള്ളവൎക്കു് ഇക്കാൎയ്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാവില്ലെന്നാണു് എന്റെ പൂൎണ്ണവിശ്വാസം.

പാട്ടുകൾ മലയാളികളുടെ പൂൎവ്വസ്വത്താണു്. അവ ജീവിതയുദ്ധത്തിലുള്ള പിടിയും വലിയും നിമിത്തം തളൎന്നുപോകുന്ന മനുഷ്യനെ ആഹ്ലാദിപ്പിക്കുകയും വീണ്ടും കൎത്തവ്യങ്ങളിൽ പ്രവൃത്തിപ്പിക്കുകയും ചെയ്യുന്നു. ജീവിതത്തിലെ വിരസഭാഗങ്ങളിൽ സഞ്ചരിച്ചു മുഷിഞ്ഞു വശായ മനസ്സിന്നു താളരാഗമേളങ്ങളോടുകൂടിയ പാട്ടുകളാണു വീണ്ടും ഉത്സാഹം നൽകു

ന്നതു്. വെറുതെ ഇരിക്കുമ്പോൾ അവ്യക്തമായവിധം 'മൂളിപ്പാട്ടു' പാടുന്നതുപോലെ ഓരോ വിധത്തിലുള്ള പ്രവൃത്തികൾ ചെയ്യുമ്പോൾ ഓരോ തരത്തിലുള്ള പാട്ടുകൾ പാടുന്നതും മനുഷ്യന്നു ഉന്മേഷപ്രദമാണു്. ആയതിനാൽ പാട്ടുകളെ ആരും അനാദരഭരിതമായ ദൃഷ്ടികൾകൊണ്ടു നോക്കുവാൻ പാടില്ല. നാദത്തിൽനിന്നുത്ഭവിച്ചു് നാദത്തിൽതന്നെ നിലകൊണ്ടു നാദത്തിൽ തന്നെ ലയിക്കുന്നതാണു് ഈ പ്രപഞ്ചം. അതിൽ ക്ഷീരനീരന്യായേന ചേർന്നിണങ്ങിയവയാണു പാട്ടുകൾ. അവയെ നമുക്കു മാനിക്കുക! അവയിൽ ആനന്ദിക്കുക!! അവയിൽ അഭിമാനിക്കുക!!!

# ഫലിതത്തിൻെറ ജീവൻ

(പുത്തേഴത്തു് രാമൻമേനോൻ ബി, എം ബി. എൽ)

## I

### ആമുഖം.

'ഫലിതത്തിന്റെ ജീവനെ'ക്കുറിച്ചെഴുതുവാനാണു് എന്നോടുള്ള നിർദ്ദേശം. സുന്ദരകലകളുടെ മിക്കവാറും പ്രത്യേകിച്ച സാഹിത്യകലയുടെ മുഴുവനും, ജീവനമായുള്ള ഫലിതത്തിൻെറ ജീവൻ ഏതാണെന്നു ജീവന്മുക്തന്മാൎക്കുകൂടി ഏറെക്കുറെ അജ്ഞാതമായിരിക്കെ, എൻെറ ജീവനെക്കുറിച്ചുതന്നെ നല്ല വിവരമില്ലാത്തവനായ ഞാൻ, കലഹോപജീവി (വക്കീൽ)യായി, സജീവനെങ്കിലും, പലതുകൊണ്ടും നിർജ്ജീവനായിത്തീൎന്നിട്ടുള്ള അവസരത്തിൽ എന്തു പറഞ്ഞാലെന്താണു്, ഒന്നും പറയാഞ്ഞാലെന്താണു്? എന്നാൽ മലയാളസാഹിത്യത്തിൽ അഭിരുചിയും അഭിനിവേശവും ആസക്തിയും ഉള്ളവൎക്കെല്ലാം "അപ്പ"നായ അപ്പൻതമ്പുരാൻ തിരുമനസ്സിലെ "ഒന്നാമത്തെ ഷഷ്ടിപൂൎത്തി" കഷ്ടിക്കയ്യന്മാരെക്കൂടിയും പുഷ്ടിപ്പെടുത്തുന്ന ഒരു വിശിഷ്ടോത്സവമാകയാൽ, ഫലിതത്തിൻെറ ജീവൻ പോയാൽ പോട്ടെ, അതിൻെറ ശരീരമൊന്നു കീറിക്കാണിക്കാനാണു് എനിക്കു മോഹം കേറിക്കാണുന്നതു്. രോഗി മരിച്ചാലും 'ഓപ്പറേഷ്യൻ' വിശേഷമായി വിജയിച്ചു എന്നു പറയുന്ന ഡോക്ടർമാരെങ്കിലും ഈ കൊലപാതകത്തിൽ എനിക്കു് അനുകൂലസാക്ഷികളാകുമെന്നു ഞാൻ ആശ്വസിക്കുന്നു.

നമ്മുടെ ഇടയിൽ ഫലിതക്കാർ അനവധിയുണ്ടു്. എഴുത്തുകുത്തുകളിലും നല്ല ഫലിതമുള്ളവരുണ്ടു്. ചിലരുടെ എഴുത്തിൽ കുത്തുകൂടലും ചിലരുടെ കുത്തിൽ കഴുത്തു

കീറലും ഉണ്ട്. എഴുത്തുകുത്തുകൾക്കിടയിൽ തൊഴുത്തിൽക്കുത്തും ഇല്ലായ്കയില്ല. നമ്മുടെ എഴുത്തുകാരിൽ മിക്കവൎക്കും ജീവനുണ്ട്, മരിക്കാനുള്ള ജീവൻ പണ്ടേ മരിച്ചുപോയ പലരുടെ എഴുത്തും, അവരുടെ തലയിലെഴുത്ത് എങ്ങിനെ ഇരുന്നാലും, ഇന്നു ജീവിക്കുന്നുണ്ട്. ആ സ്ഥിതിക്കു ഫലിതത്തിൻെറ ജീവനെക്കുറിച്ചൊന്ന് ഉപന്യസിക്കുന്നതു സന്ന്യസിക്കുന്നതുപോലെ അത്ര പ്രയാസമാണോ എന്നായിരിക്കും സഹൃദയസമാജക്കാരുടെ അഭിപ്രായം. എന്നാൽ എൻെറ ഈ ലേഖനത്തിൽ നിന്നു ഫലിതമെന്തെന്നും ജീവനെന്തെന്നും ഫലിതത്തിൻെറ ജീവൻ ഏതെന്നും മനസ്സിലാകുന്നില്ലെങ്കിൽ ഇതിൽ ഇല്ലാത്തവയാണ് അതിൽ വേണ്ടതെന്നു വിശ്വസിച്ച് എന്നെ വിജയശ്രീലാളിതനാക്കണമെന്നപേക്ഷിക്കുന്നു.

"ഫലിതത്തിൻെറ ജീവ"നിൽ കാണുന്ന ഫലിതം എന്താണെന്നറിഞ്ഞിട്ടുവേണമല്ലോ അതിന്നകത്തു ജീവനുണ്ടോ എന്നന്വേഷിപ്പാൻ. മലയാളത്തിലെ "ഫലിതം" വളരെ സ്ഖലിതം കലൎന്നതാണെന്നും അതിന്നു പരപ്പധികവും ആഴം കുറവുമാണെന്നും ഒരാക്ഷേപം ഉണ്ട്. പാശ്ചാത്യരുടെ Pun (പൺ—ശ്ലേഷോക്തി) വിററ് (wit—നൎമ്മോക്തി) ഹ്യൂമർ (Humour—വ്യംഗ്യോക്തി) എപിഗ്രാം (Epigram—ഹാസ്യോക്തി). പാരഡാക്സ് (Paradox—വക്രോക്തി) സററയർ (Satire—ഗൂഢനിന്ദോക്തി) സിനിസിസം (Cynicism കൊള്ളിവാക്ക്—പിശുനോക്തി) പാരഡി (Parody കുഹനോക്തി) എന്നിങ്ങനെ പലപല വിഭാഗങ്ങളിലായിക്കിടക്കുന്ന അവബോധനവിശേഷങ്ങളുടെ വിശിഷ്ടാംശങ്ങളെല്ലാംതന്നെ മലയാളത്തിലെ ഫലിതം എന്ന ഒററവാക്കുകൊണ്ടു കാണിക്കാവുന്നതാണ്. തുള്ളക്കാരിൽ ഓട്ടനും, ശീതങ്കനും, പറയനും, ചേരുന്നതുപോലെ ഫലിതത്തിൽ ഉൾക്കൊള്ളാത്ത രസാംശങ്ങ

ളില്ല. ഒരു ശബ്ദത്തിൻെറ രണ്ടർത്ഥം, വെറും ശബ്ദസാമ്യംകൊണ്ടു ഈ വ്യത്യസ്താർത്ഥവിവക്ഷ, നേരംപോക്ക്, പഴഞ്ചൊൽ പ്രായത്തിലുള്ള ചുരുക്കപ്രയോഗം, വ്യംഗ്യപ്രയോഗം, പരിഹാസം, ശകാരം എന്നിങ്ങിനെ മലയാളത്തിലെ ഫലിതസാഗരത്തിൽ ചെന്നുചേരാത്ത രസസരിത്തുക്കൾ തീരെ ഇല്ലെന്നുതന്നെ പറയാം. പ്രയോഗത്തിലും പ്രമാണത്തിലും ഇവയുടെ വിഭിന്നതയും വ്യത്യാസവും മലയാളത്തിലും അജ്ഞാതമല്ലെങ്കിലും അനുഭവത്തിലും സംസാരത്തിലും ഇവയെല്ലാം ഒരു പന്തിയിൽ ഒന്നായിത്തന്നെ അവാന്തരജാതിവിഭാഗത്തെ വിസ്മരിച്ച് എലവെച്ചുകാണാറുണ്ട്. അതുകൊണ്ട് ജാതിവിനാശകമായ ഇന്നത്തെ പരിഷ്കാരകോലാഹലത്തിൽ ഞാൻ ഫലിതക്കാരുടെ ഇടയിൽ ജാതിനിർമ്മാണത്തിനോ സംരക്ഷണത്തിനോ തുനിയുന്നില്ല. അവസരവും ആവശ്യവുംപോലെ വർണ്ണവ്യത്യാസങ്ങളെ വിദ്വാന്മാർ അറിഞ്ഞുകൊള്ളട്ടെ.

'ജീവൻ' എന്താണെന്നറിഞ്ഞാൽ എല്ലാം അറിഞ്ഞവനായി. ശാസ്ത്രങ്ങളുടെ സമ്പൂർണ്ണാഭിവൃദ്ധിയുടെ തുഞ്ചത്തിരിക്കുന്ന ഇന്നത്തെ നവീനനും പണ്ടത്തെ തുഞ്ചത്താചാര്യൻെറ ഇന്നത്തെ ശിഷ്യനും ഒന്നുപോലെ ജീവിതമെന്തെന്നു ജീവകാലം മുഴുവനും ആരായുന്നു! ജീവൻെറ ലക്ഷണങ്ങൾ പലതും കണ്ടതുകൊണ്ടു സജീവമായില്ല; ഒന്നും കാണാത്തതുകൊണ്ടു നിർജ്ജീവവുമായില്ല.

'വിദ്യുച്ഛക്തിപ്പാവകൾ' പല പണികളും വെടുപ്പായി ചെയ്യുന്നു. അവയുടെ കണ്ണുകളിലെ കാന്തിയും കവിളുകളുടെ തുടിപ്പും അവയവങ്ങളുടെ പ്രസരിപ്പും കണ്ടാൽ ജീവനില്ലെന്ന് ഒരു ജീവിക്കും തോന്നുകയില്ല. എന്നാൽ അവ വെറും സാലഭഞ്ജികകൾ; വിക്രമാദിത്യകഥയിലെ സംസാരിക്കുന്ന പാവകൾമാത്രം! ജീവൻെറ

അതിരും അളവും വലുതായും വിസ്തൃതമായും വരുന്നു. 'സർ ജഗദീശ ചന്ദ്രബോസ്' സജീവമല്ലാത്തതു് എന്തെങ്കിലും കാണുന്നുണ്ടോ എന്നുകൂടി സംശയിക്കണം. അതുകൊണ്ടു ജീവനെക്കുറിച്ചുള്ള അന്വേഷണം, അതു ഫലിതത്തിന്റെ ആയാലും, ഫലിതക്കാരന്റെ ആയാലും, ജീവകാലം മുഴുവനും നടത്തേണ്ടതും അതു നവംനവങ്ങളായ അനുഭവങ്ങൾക്കും അഭിപ്രായങ്ങൾക്കും എന്നും പര്യാപ്തമാകുന്നതുമാണു്.

ഫലിതം ഏതാണെന്നു നിശ്ചയമില്ല; ജീവൻ എന്താണെന്നു വിവരവുമില്ല. രണ്ടും കേവലം അജ്ഞാതഭൂമികളാണു്. അവിടെ സവ്വെ കഴിച്ചു, സെററിൽമെൻറു നടത്തി, പട്ടയം കൊടുക്കുന്നതിന്നു ഇന്നുവരെ ഏതധികാരിക്കും മുഴുവൻ സാധിച്ചിട്ടില്ല. എന്നിട്ടും നീരസക്കാരനും വിരൂപിയുമായ വിളമ്പനോടു "ഛേ; സുന്ദരം രസം തരൂ" എന്നു പറയുന്നതുപോലെ, 'ഫലിതത്തിന്റെ ജീവൻ' എന്നൊരു ലേഖനം എഴുതുവാൻ ഹൃദയശൂന്യന്മാരായ സഹൃദയസംഘക്കാർ എന്നോടു പറയുന്നതു് എത്രമാത്രം ഹൃദ്യമാകും?

## II

### ഫലിതവും ജീവനും.

യഥാർത്ഥത്തിൽ ഫലിതത്തിനു ജീവനുണ്ടോ? ചത്ത ഫലിതമുണ്ടെങ്കിലല്ലാതെ ജീവിക്കുന്ന ഫലിതത്തെ എങ്ങിനെ തിരിച്ചറിയും. ഫലിതത്തിൽ നിർജ്ജീവം, സജീവം; സചേതനം, അചേതനം ഇപ്രകാരമുണ്ടോ? ജീവൻ വരാത്ത ഫലിതം, ജീവൻപോയ ഫലിതം, ജീവൻ നിറഞ്ഞ ഫലിതം ഇങ്ങനെ വ്യവഹരിക്കാമോ? 'മനുഷ്യന്റെ ജീവൻ' എന്നു പറഞ്ഞാൽത്തന്നെ അതെന്താണു്? എവിടെയിരിക്കുന്നു? ഹൃദയവും, ശ്വാസകോശങ്ങളും, തലച്ചോറും, ഞരമ്പുകളും, നാഡികളും എല്ലാം ശരിയായിരുന്നാലും ജീവൻ മാത്രം പെട്ടെന്നു ഇല്ലാതാകുന്നു! അതുകൊണ്ടു് അതൊന്നുമല്ല ജീവൻ.

എന്നാൽ അതിലൊന്നുമില്ല ജീവൻ എന്നു പറയാൻ വയ്യ. അവയവയവങ്ങളിൽ നിന്നെല്ലാം അകന്നതും അതീതവും എന്നാലും അഭേദ്യവുമാണു ജീവൻ. അതു പോലെതന്നെയാണു ഫലിതത്തിൻേറയും അവസ്ഥ. അതിൻെറ ജീവൻ ഇന്നതാണെന്നും ഇന്നിടത്താണെന്നും കൃത്യമായി വിവരിക്കുകവയ്യെങ്കിലും, ജീവൻെറ ചലന വൈശിഷ്ട്യത്തെ വിളിച്ചുപറയുന്ന ഫലിതത്തിൻെറ ആകൃതിയും പ്രകൃതിയും ചൂണ്ടിക്കാണിക്കാവുന്നതും ഉദാഹരിക്കാവുന്നതും, അവയുടെ അടിയിൽക്കൂടി ഒഴുകുന്ന അഭംഗുരവും ആസ്വാദ്യവുമായ തരംഗപരമ്പരകളെ വിശകലനം ചെയ്യാവുന്നതുമാകുന്നു. ബാഹ്യങ്ങളും ആന്തരങ്ങളുമായ അവയവങ്ങളുടെ അരോഗത ശരീരത്തിന് എന്നപോലെ, ഫലിതത്തിന്നും ആവശ്യമാകുന്നു. അവ വഴിയെ വിശദപ്പെടുത്തുന്നതായിരിക്കും.

ഫലിതത്തിൻെറ വ്യാപ്തി വിശാലമാണ്. അതു് വെറും വാക്കിൽ മാത്രം കെട്ടുപിണഞ്ഞു കിടക്കുന്നതല്ല. ഭാവത്തിലും, സ്തോഭത്തിലും, ആംഗ്യത്തിലും, ആട്ടത്തിലും, ചിത്രത്തിലും, പത്രത്തിലും ഫലിതപ്രയോഗമുണ്ടു്. ലണ്ടൻ പഞ്ചിലും മററും കാണുന്ന പരിഹാസചിത്രങ്ങൾ ഉജ്ജ്വലങ്ങളായ ഫലിത പ്രകടനങ്ങളാകുന്നു.

നമ്മുടെ ബുദ്ധിയെ, വികാരത്തെയല്ലാ, പെട്ടെന്നു് ഒന്നു 'കിക്കിളി'യാക്കി, രണ്ടു വ്യത്യസ്തവസ്തുക്കളുടേയോ ഭാവങ്ങളുടേയോ സാദൃശ്യജ്ഞാനം ഒരേ സമയത്തു തമ്മിൽ ഉളവാക്കി, നിഷ്കൃഷ്ടമായ ഒരു താരതമ്യവിവേചനം നമ്മെക്കൊണ്ടു് അറിയാതെ നടത്തിച്ചു, വൈജാത്യത്തിൻെറ വൈചിത്ര്യത്തിൽ മനസ്സിൽ മുഴവനും, വ്യക്തിപരമല്ലെങ്കിലും വ്യക്തിതരമായ ഒരുത്തുതാഹ്ളാദം കോരിനിറക്കുകയാണു് ഫലിതക്കാരൻ ചെയ്യുന്നതു്.

വാക്കിൻെറ ആകസ്മികത്വവും സുന്ദരത്വവും ആണ് അതിൻെറ നിദാനം; വ്യംഗ്യത്തിലാണ് അതിൻെറ ഭംഗി; രസികന്മാരാണ് അതിൻെറ അനുഭോക്താക്കൾ; മാനുഷീയത്വം, യാത്ഥാർത്ഥ്യം, നൈർമ്മല്യം, നവീനത്വം വികാരശൂന്യത മതലായവയാണ് പ്രധാന ലക്ഷണങ്ങൾ.

## III

### ഫലിതത്തിലെ മാനുഷീയത്വം—ചിരി.

'മാനുഷീയത്വം' മതിയാംവണ്ണമുള്ളതും വേണ്ടതുമായ ഒന്നാണ് ഫലിതം. അതു മനുഷ്യക്ക് മാത്രം സാധിക്കുന്നതായതുകൊണ്ടുതന്നെ അതിൻെറ'നരസംബന്ധിത്വം' .പ്രത്യക്ഷമാണ്. കാട്ടുപോത്തും കടുവയും ഫലിതം പറഞ്ഞതായോ നേരംപോക്കു പ്രവൃത്തിച്ചതായോ നാം വിശ്വസിക്കുന്നില്ല. മൃഗങ്ങൾക്ക് ഫലിതവാസനയില്ലെന്നാണ്, മനുഷ്യർ ഏതായാലും അഭിമാനിക്കുന്നതു്. അതിൽനിന്നു ഫലിതത്തിൻെറ മുഖ്യമായ സ്വഭാവം, അതിൻെറ 'മാനുഷീയത്വ'മാണെന്നു പറയുന്നതിൽ തെററില്ല. മനുഷ്യനെ ചിരിക്കുന്ന'ഏകമൃഗം' എന്നു തിര്യക്കുകളിൽ നിന്നു വ്യത്യാസപ്പെടുത്തി വർണ്ണിക്കാറുണ്ട്. അതു ശരിയാണെന്നാണ് മൃഗഭാഷ പഠിച്ചിട്ടില്ലാത്തവരും, മൃഗങ്ങളുടെ മനശ്ശാസ്ത്രം (?) ധരിച്ചിട്ടില്ലാത്തവരുമായ നാം അഹംകരിക്കുന്നതു്. പ്രസ്തുത ലേഖനത്തിൻെറ ആവശ്യത്തിന്നു നമ്മുടെ അനുമാനം ശരിയെന്നുതന്നെ കരുതുക. എന്നാൽ മനുഷ്യൻ ചിരിക്കുന്ന മൃഗം മാത്രമല്ല, ചിരിക്കപ്പെടുന്ന (മററുള്ളവർ നോക്കിചിരിക്കുന്നു) മൃഗംകൂടിയാണെന്നു ധരിച്ചിരിക്കേണ്ടതാണ്. മനുഷ്യനോ മനുഷ്യനെസ്സംബന്ധിക്കുന്ന എന്തെങ്കിലുമൊന്നോ അല്ലാതെ ഒരിക്കലും ഹസിക്കപ്പെടുവാൻ യോഗ്യമല്ല. ഓടുമ്പോൾ കാൽ തെററിവീഴുന്ന ഒരു മൃഗത്തെ നോക്കിയോ ഭ്രാന്തുപിടിച്ചോടുന്ന ഒരു നായയേക്കണ്ടോ നാം ചിരിക്കാറില്ല. എന്നാൽ

'ആരാൻെറ അമ്മക്ക ഭ്രാന്തു പിടിച്ചാലും' ആരാനും അറിയാതെ കാലിടറി വീണാലും നമുക്ക ആദ്യമുണ്ടാകുന്ന സ്തോഭം ചിരിതന്നെയാണ്.

ഫലിതവും ചിരിയും തമ്മിലുള്ള അടുപ്പവും ബന്ധവുമാണിനി മനസ്സിലാക്കേണ്ടതു്. ഫലിതത്തിൻെറ ഫലം മുഴുവനും ചിരിയാണ്. ചിരി വരാത്ത ഫലിതം നിഷ്ഫലമെന്നുതന്നെപറയാം. മാനുഷീയതചം നിറഞ്ഞ ഫലിതത്തിൽ മനുഷ്യനു മാത്രം സാധിക്കുന്ന ചിരി പുറപ്പെട്ടമെങ്കിൽ ഫലിതത്തിൻെറ മാനുഷീയതചം ദചിഗുണീഭവിച്ചു. അതുകൊണ്ടു ഫലിതത്തെക്കുറിച്ചുള്ള ചച്ച് മനുഷ്യൻെറ മനോഭാവത്തെക്കുറിച്ചുള്ള ഗവേഷണത്തിൽനിന്നു വളരെയൊന്നും വിഭിന്നമല്ല.

പ്രകൃതി വളരെ രമണീയമാകാം—ആകാശം വളരെ ഭയാനകമാകാം—സമുദ്രം വളരെ ഗംഭീരമാകാം—പുഴവക്ക് അത്യന്തം മനോഹരമാകാം—തടാകം വളരെ മലിനമാകാം—എന്നാൽ ഇവയൊന്നും തന്നെ ചിരിപ്പിക്കത്തക്കതാകയില്ല. അവയുടെ ഏതുരൂപവും ഭാവവും നമ്മിൽ ചിരി എന്ന പ്രത്യേകസ്തോഭത്തെ അങ്കുരിപ്പിക്കുന്നില്ല. അതിനുള്ള കാരണം കാളയുടെ കവണം മറിച്ചലിലും നായയുടെ പേയിളക്കത്തിലും എന്നപോലെതന്നെ മനുഷ്യാംശം അവിടെയവിടെയും കാണുന്നില്ല എന്നതാണ്. മനുഷ്യസംബന്ധിയല്ലാത്ത മറേറതു കാഴ്ചകണ്ടാലും ശബ്ദംകേട്ടാലും മനോരാജ്യത്തിൽ മുങ്ങാം, ചിന്താമഗ്നനാകാം, ഒക്കെയാവാം. എന്നാൽ പൊട്ടിച്ചിരിക്കുവാൻ മാത്രം—പുഞ്ചിരിക്കൊള്ളുവാൻ കൂടി—സാദ്ധ്യമല്ല. ചിരി പുറപ്പെടണമെങ്കിൽ അതിൽ ഒരു മനുഷ്യൻെറ പ്രത്യക്ഷമോ അപ്രത്യക്ഷമോ ആയ ബന്ധം വേണം. സക്കസ്സിൽ രണ്ടുകാലിന്മേൽ നടക്കുന്ന ആനയെ നോക്കി നാം ചിരിക്കുന്നതു് അതിനെ അങ്ങനെ നടത്തിക്കുന്ന മനുഷ്യൻെറ സാമത്ഥ്യത്തെ ഉററുനോക്കീട്ടാണ്. വികൃതമായ ഒരു തലപ്പാവോ മര

മോന്തയോ അതുപോലെ മററുവല്ല സാധനമോ കണ്ടു നാം ചിരിക്കുന്നുണ്ടായിരിക്കും. അങ്ങിനെ ചിരിക്കുന്നതു നിർജ്ജീവമായ ആ സാധനത്തിന്റെ നിസ്സഹായത ഓർത്തല്ല, വൈജാത്യം വിചാരിച്ചല്ല, അതിനെക്കൊണ്ടു് ആ രൂപം എടുപ്പിച്ച സജീവനായ മനുഷ്യന്റെ മനോധർമ്മം ആലോചിച്ചിട്ടാണു്. ഈ വ്യത്യാസമാണു്, എത്രയും മുഖ്യവും പ്രധാനവുമായ ഈ വ്യത്യാസമാണു്, നാം എപ്പോഴും ഓർമ്മവെക്കേണ്ടതു്. ഞമ്മന്റെ ബാപ്പേന്റെ മോറ് കണ്ടുംകളഞ്ഞാല് കോട്ടമാങ്ങേന്റെ ഞെട്ടിപൊട്ടിച്ചോണംഇരിക്കുണു' എന്നുള്ള വർണ്ണന കേട്ടാൽ ചിരിക്കാത്തവരില്ല. എന്നാൽ ഞെട്ടിപൊട്ടിച്ച കോട്ടമാങ്ങ കണ്ടാൽ ആരും ചിരിക്കാറില്ല. ആ 'ബാപ്പേന്റെ' മുഖവും അതുവരെ ആരെയും ചിരിപ്പിച്ചില്ലെന്നുവരാം. പക്ഷെ കോട്ടമാങ്ങേന്റെ ഞെട്ടിപൊട്ടിച്ചതും ബാപ്പേന്റെ കോടിയമുഖവും ഒന്നിച്ചു് അടുത്തുവെച്ചപ്പോൾ മാങ്ങയിൽ സംക്രാന്തമായ മാനുഷീയത്വം ബഹുരസികനും ചിരിപ്പിക്കാൻ കാരണവുമായി. പഞ്ചതന്ത്രത്തിലും ഈസോപ്പിന്റെ കഥകളിലും നാം രസിക്കുന്നതു മനുഷ്യധർമ്മങ്ങളെ പക്ഷിമൃഗാദികളിൽ ആരോപിച്ചനുഭവം വരുത്തുന്നതു കൊണ്ടാണു്.

അതെ—ഫലിതത്തിന്റെ ഫലമാണു ചിരി. ചിരി പല തരത്തിലുമുണ്ടു്. അതിലേതെങ്കിലുമൊരുതരം കൊണ്ടുതന്നെ ഫലിതം ഫലിക്കുന്നതാണു്. പൊട്ടിച്ചിരി, ചിരി, പുഞ്ചിരി, പുറപ്പെടാച്ചിരി ഇങ്ങനെ പല തരത്തിലാണതു്. പുറപ്പെടാച്ചിരി പുറത്തിറങ്ങില്ല; എങ്കിലും, അകത്തു പതുങ്ങിത്തിങ്ങുന്നുണ്ടാകും. ചിരിച്ചാൽ കനാകുറയുമെന്നു കരുതുന്ന ചില പിശുക്കന്മാർ അകത്തു വെച്ചു പൂപ്പിക്കുന്ന ചിരിയാണു 'പുറപ്പെടാച്ചിരി' ചില 'പുറപ്പെടാശ്ശാന്തിക്കാർ' രാത്രിയായാൽ നത്തിനേയും നരിച്ചീറിനേയും പോലെ പുറത്തു പുറപ്പെടുന്നതുപോലെ ഈ ചിരിയും സമയം പോലെയും

ആളെനോക്കിയും പുറത്തുവരുന്നതാണു്. ഞാൻ പറഞ്ഞതിൻെറ ഉദ്ദേശ്യം ഫലിതത്തിൻെറ പ്രവൃത്തി ചിരി എന്നുള്ള വികാരത്തെ അഥവാ സ്തോഭത്തെ മനുഷ്യഹൃദയങ്ങളിൽ അങ്കുരിപ്പിക്കുന്നതാകുന്നുവെന്നു മാത്രമാണു്. ഫലിതം കേട്ടാൽ ചിരികൊണ്ടേവരുമൊരു പന്ത്രണ്ടാംമാസം കഴിക്കണമെന്നർത്ഥമില്ല.

ഇതിൽ നിന്നു ചിരിപ്പിക്കുന്നതിനുള്ള ശക്തിമാത്രമാണു് ഫലിതത്തിൻെറജീവൻ എന്നു സമർത്ഥിക്കുന്നില്ല. ഫലിതം ചിരിപ്പിക്കുന്നതായതുകൊണ്ടു ചിരിപ്പിക്കുന്നതൊക്കെ ഫലിതമാണെന്നു ധരിച്ചാൽ, മനുഷ്യരൊക്കെ ഇരുകാലികളാണെന്നു പഠിച്ചു ഉടനേ താറാവിനേയും തത്തയേയും മനുഷ്യനെന്നു സങ്കല്പിച്ചവൻെറ വിഡ്ഢിത്തം പററിയേക്കും. രണ്ടുകൊ[illegible]ം ഒരു തുമ്പിക്കയ്യുമുള്ള കറുത്ത ഒരു ജീവിയാണു് കൊതു എന്നു മനസ്സിലാക്കിയിരുന്ന ഒരു മദാമ്മ കൊച്ചിയിൽ വന്നു നടാടെ കപ്പലിറങ്ങിയപ്പോൾ ഒരു ആനയെക്കാണുകയും അതിനെ കൊതുവെന്നു തെററിദ്ധരിച്ചു കൊതുകടിയിൽ ഭയപ്പെട്ടു് ആ വന്ന കപ്പലിൽത്തന്നെ തിരികെ പോകുകയും ചെയ്തതായി ഒരു കഥ കേട്ടിട്ടുണ്ടു്. അതുപോലുള്ള അബദ്ധം പററിപ്പോകാതിരിപ്പാൻ സൂക്ഷിക്കണം.

## IV
## ചിരിയുടെ സ്വഭാവം.

എന്തിനാണു് ഒരാൾ ചിരിക്കുന്നതു്, എന്താണു് അയാളെ ചിരിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നതു് എന്നൊരന്വേഷണം നടത്തിനോക്കാം. സജീവമായ ഒരു വസ്തുവിനേയും സങ്കുചിതമായ ഒരു വിവരണവൃത്തത്തിനുള്ളിൽ ഒതുക്കിനിത്തി പ്രദർശിപ്പിക്കുന്നതസാദ്ധ്യമല്ല. ആയിരംകൂട്ടത്തിൻെറ ആകപ്പാടെയുള്ള ഒരു സമ്മേളനഫലത്തെ ഇന്നതെന്നു് ഒന്നുകൊണ്ടു് വിവക്ഷിക്കുവാൻ പ്രയത്നപ്പെടുന്നതുതന്നെ മററുള്ളവരെ ചിരിപ്പിക്കുന്ന

തിനു പശ്ചാത്തമായ ഒരു പരിശ്രമമാണ്. വെള്ളത്തി ന്റെ രൂപം അതിരിക്കുന്ന പാത്രത്തിൻെറ രൂപമാണെ ന്നുള്ളതു് വാസ്തവമാണെങ്കിലും അതു് ആ പാത്രത്തി ലുള്ള വെള്ളത്തിനല്ലാതെ "വെള്ളവസ്ത്തിന്നു" മുഴുവൻ ബാധകമാണെന്നു പറഞ്ഞാൽ ആ വസ്തുവിൻെറ സ്വഭാ വവിശേഷം അവന്നറിവില്ലെന്നു വിജ്ഞന്മാർ വിഷാദി ക്കാതിരിക്കുകയില്ലല്ലോ.

ചിരിതന്നെ ഒരു വികാരമാണെങ്കിൽ വികാരശൂന്യ മായ ചിരി, അതൊഴിച്ചുള്ള ഒരു മനോവൃത്തിയാകുന്നു. കോപം, ശുണ്ഠി, ഈൎഷ്യ മുതലായ വിജൃംഭിച്ച വികാര ഭേദങ്ങളൊന്നും ഒരിക്കലും ചിരിയോടുകൂടി സഹകരിക്കു കയില്ല, കൂടിക്കഴിയുകയില്ല. കോപിഷ്ഠനെ ചിരിപ്പി ച്ചാൽ അവൻെറ കോപം പമ്പകടന്നു. സൂൎയ്യോദയ ത്തിൽ അന്ധകാരമെവിടെ? കള്ളച്ചിരിയെക്കുറിച്ചല്ല; അതു ചിരിയല്ല, ചിരിയുടെ വേഷംകെട്ടിവരുന്ന കാപ ട്യമോ കാലുഷ്യമോ ആണ്. നിൎമ്മത്സരനും നിൎമ്മലനും നീതിമാനുമായ ഒരാളുടെ മനസ്സാണിവിടെ നിർദ്ദേശി ച്ചിരിക്കുന്നതു്. ആ മനസ്സിൽ ചിരി ഉത്ഭവിച്ചാൽ അവി ടെ ഒട്ടും വിദ്വേഷാദിവികാരങ്ങൾക്കു് അപ്പോൾ സ്ഥാന മില്ല. ശുണ്ഠിക്കാരനോ ശണ്ഠക്കാരനൊ ചിരിവരില്ല. അ യാൾക്കു് ചിരിക്കാനറിഞ്ഞുകൂടാ. അവൻെറ ഹൃദയകവാ ടങ്ങൾ ചിരിക്കു കടക്കുവാൻ വയ്യാത്തവിധം ദൃഢബദ്ധ ങ്ങളാണ്. അഥവാ വല്ല സുഷിരത്തിൽ കൂടിയും ചിരി യുടെ പരിശുദ്ധമായ ഒരു കിരണം അകത്തു കടന്നു പെ ട്ടാലോ, അവിടം മുഴുവൻ പ്രകാശമാനമായി, പരിപാ വനമായി, ചിരിമയമായി. അതോടുകൂടി അശുദ്ധിയും, അഹങ്കാരവും, അസൂയയും അസ്തമിച്ചുപോയി. ശുണ്ഠി യും കോപവും വാശിയും വിദ്വേഷവും പറപറന്നു.

ചിരി സ്പർശിപ്പിക്കുന്നതു്, ആകൎഷിക്കുന്നതു്, വിര ളമായ വികാരോദ്വേഗത്തെയല്ല, വിശുദ്ധവും സംസ്കൃത

വുമായ ബുദ്ധിയുടെ ആ വിശിഷ്ടവിഭാഗത്തേയാണ്. താരതമ്യവിവേചനത്തിന്നും, നിമ്മലമായ നിരീക്ഷണത്തിന്നും, വ്യക്തിശൂന്യമായി ആസ്വാദിക്കുന്നതിന്നും സന്നദ്ധമായ ബുദ്ധിയുടെ സാമ്രാജ്യത്തെയാണ് ചിരി രസിപ്പിക്കുന്നതു്. അവിടംമാത്രമേ അതിന്നു പരിചയമുള്ളു. സ്വാധീനവുമുള്ളു. ശുണ്ഠിയെടുത്തു കലികൊണ്ടു തുള്ളുന്ന കോപിഷ്ഠനോടു് "എന്താ ഒരു വാളും ചിലമ്പും കൂടിവേണോ" എന്നു ചോദിച്ചാൽ അയാൾ ചിരിക്കുകയല്ലാ ആ പറഞ്ഞവൻെറ തലതല്ലിപ്പൊളിക്കുകയായിരിക്കും ചെയ്യുക. അവൻെറ ബുദ്ധിയുടെ കവാടം—അതിന്നതുണ്ടെങ്കിൽ—ഭദ്രമായി അടച്ചിട്ടിരിക്കുകയാൽ ചിരിക്കു അകത്തു കടപ്പാൻ സാധിക്കുകയില്ല. അതു വികാരോദ്വേഗത്തിൽചെന്നേററുമുട്ടി പുറപ്പെട്ട സ്ഥാനത്തുതന്നെ തിരികെവന്നടിക്കുന്നു. ചിരി ബുദ്ധിയോടല്ലാതെ വികാരത്തോടു് സല്ലപിക്കുകയില്ല. ബുദ്ധിമാനല്ലാതെ ഫലിതം രസപ്രദമല്ല. ബുദ്ധി അതിൻെറ രസികത്വം എന്ന പ്രദേശമാണ്—ഫലിതം വിതച്ചാൽ വിളവു കൂട്ടുന്ന വയൽ. ഫലിതത്തിൻെറ പ്രത്യക്ഷമായ ഒരു ലക്ഷണം അതനുഭവിക്കുന്നവനെ അവൻെറ മനസ്സിൻെറ സ്വഭാവമനുസരിച്ചു പുഞ്ചിരിക്കൊള്ളിപ്പിക്കുന്നു, ചിരിപ്പിക്കുന്നു, പൊട്ടിച്ചിരിപ്പിക്കുന്നു എന്നു കാണുന്നതുകൊണ്ടു് ചിരിയുടെ നിജസ്ഥിതിയെക്കുറിച്ചുള്ള ഒരന്വേഷണം, ഫലിതത്തിൻെറ ജീവനെക്കുറിച്ചുള്ള പര്യാലോചനയിൽ അസ്ഥാനത്തിലല്ലെന്നു തീച്ചതന്നെ.

## V.

### ചിരിയുടെ വ്യാപ്തിയും അതിത്തിയും

ഒററക്കു് ആസ്വാദിക്കുവാൻ ഒക്കാത്ത ഒരസാധാരണവസ്തുവാണു ചിരി, ചിരി, എന്നു പറയപ്പെടുന്നതു്. തന്നെത്താനിരുന്നു ചിരിക്കുന്നവരെ ഭ്രാന്തന്മാരെന്നു പറ

യും. ധ്വനിയും പ്രതിധ്വനിയുമായങ്ങിനെ പൎവ്വതനിര കളിലെ ഇടിവെട്ടുപോലെ തുടൎന്നുതുടൎന്നു, ഉരുണ്ടുരുണ്ടു പോകേണ്ടുന്ന ഒരു ദിവ്യശബ്ദമാണു്, മനോഹരഗാന മാണു് ചിരി. ചിരിക്കുന്നതുകണ്ടാൽ ചിരിക്കണം, കേട്ടാൽ ചിരിക്കണം. ചിരി ഒരു പകൎച്ചവ്യാധിപോലെ യാണു്, കാട്ടുതീപോലെയാണു്; എന്നാൽ അതു നശി പ്പിക്കുന്നതല്ലാ, രസിപ്പിക്കുന്നതാണു്, രക്ഷിക്കുന്നതാ ണു് എന്നുമാത്രം വ്യത്യാസമുണ്ടു്. നാം മററുള്ളവരിൽ നിന്നു് അകന്നവനെന്നോ വ്യത്യസ്തനെന്നോ തോന്നി യാൽ നമുക്കു് അവനോടൊപ്പം ചിരിക്കുവാൻ സാധി ക്കുന്നതല്ല. നിങ്ങളുടെ ചിരി മററുള്ളവരുടെ ചിരിയു ടെ അംശമായിരിക്കണം. അല്ലെങ്കിൽ അതു പുറപ്പെടു കയില്ല, തുടൎന്നുപോകുകയില്ല, സ്വീകരിക്കപ്പെടുകയില്ല. മനുഷ്യൻെറ മനസ്സിൻെറ ഘടനയുടേയും ബുദ്ധിയുടെ സ്വഭാവത്തിൻെറയും സാമാന്യമായ യോജിപ്പാണു്, ഐക്യമാണു്, ഈ ചിരിയുടെ നിദാനം.

എന്നാൽ, ആ ചിരിക്കും ഒരതിൎത്തിയും അളവുമു ണ്ടു്. ചിരി സാൎവ്വത്രികമാണെങ്കിലും, നല്ല ഫലിതം കേട്ടാൽ ചിരിക്കുന്നതു് അതിൻെറ ഒരു സാമാന്യധൎമ്മ മാണെങ്കിലും, എല്ലാ ഫലിതത്തിനും എല്ലാവരും ചിരി ച്ചുവെന്നോ, ഒരാളുടെ ചിരി എല്ലാവരിലും ഒരുപോ ലെ പടൎന്നുപിടിച്ചുവെന്നോ വരുന്നതല്ല. ബുദ്ധിയുടെ സംസ്കാരം, ഹൃദയത്തിൻെറ വിശാലത, രസികത്വത്തി ൻെറ സൂക്ഷ്മത എന്നിങ്ങനെ ആന്തരമായ പലതിനേ യും ആശ്രയിച്ചും, ഫലിതം പ്രയോഗിക്കുന്ന ഭാഷയി ലുള്ള പരിചയം, സമുദായനടപടികളുടെ ജ്ഞാനം, മുത ലായി ബാഹ്യങ്ങളായ ചിലതിനേയും അനുസരിച്ചാണു് ഫലിതം മനസ്സിലാകുന്നതും, ചിരി പുറപ്പെടുന്നതും ആ ചിരി പരന്നുപിടിക്കുന്നതും. ഇതിൽനിന്നു ഫലിതത്തി ൻെറയും ചിരിയുടേയും അതിൎത്തികൾ എത്ര വിദൂരങ്ങ

ളാണെങ്കിലും സീമയററവയല്ല എന്നു സ്പഷ്ടം. "ഞാനും കൂടാം ചിരിക്കാൻ, എന്താ നിങ്ങൾ പറഞ്ഞു രസിക്കുന്നതു്" എന്നു ഫലിതോക്തിയിൽ പള്ള വേദനിക്കുമാറു ചിരിക്കുന്ന ഒരു സംഘത്തിൽ ഇദംപ്രഥമമായി പ്രവേശിക്കുന്ന സ്നേഹിതൻ ചോദിക്കുന്നു. ഒരു വലിയ സെഷ്യൻജഡ്ജിയുടെ ഫലിതത്തിൽ—ഫലിതമെന്നു ജഡ്ജിതന്നെ വിധിച്ചതാണു്—അവിടെയുണ്ടായിരുന്ന വക്കീൽമാരെല്ലാം ചിരിച്ചുചിരിച്ചു പള്ള പൊട്ടിച്ചിട്ടും ഒരു വക്കീൽമാത്രം നിൎവ്വികാരനായിരിക്കുന്നതുകണ്ടു്—"എന്താ നിങ്ങൾമാത്രം ചിരിക്കാത്തതെ"ന്നു ചോദിച്ചപ്പോൾ "ഞാൻ ഈ ബാറിൽ പ്രാക്ടീസ്സു ചെയ്യുന്ന വക്കീലല്ലല്ലോ"! എന്നാണുത്തരം പറഞ്ഞതു്!! ആ ജഡ്ജിയുടെ ഫലിതവാസനയോ, ആ ബാറിലെ വക്കീലന്മാരുടെ സേവാചാതുരിയോ, ആ പുറംവക്കീലിന്റെ മനോധൈൎയ്യമോ ഏതാണിവിടെ ചിരിക്കപ്പെടുവാൻ യോഗ്യമായിട്ടുള്ളതെന്നു വായനക്കാർ തീൎച്ചയാക്കേണ്ടതാണു്. അതുപോലെ, ഒരു ബാറിലെ അംഗമല്ലായ്ക, ചിരിയുടെ കാൎയ്യത്തിൽ അസാദ്ധ്യമോ അസംഭാവ്യമോ അല്ല. അജ്ഞാനമാണു് അതിന്നുള്ള ശരിയായ കാരണം—പരിതസ്ഥിതികളുടെ അജ്ഞാനം, ഭാഷയുടെ അജ്ഞാനം—ഏതെങ്കിലുമാവാം. നാടകശാല നിറഞ്ഞിരിക്കുമ്പോഴാണു് ഒരു നല്ല വിദൂഷകന്റെ വൈദൂഷ്യപ്രകടനം അത്യന്തം ശബ്ദായമാനമായി ഭവിക്കുന്നതു്. കുന്നിൽനിന്നു കീഴോട്ടു വലിയ ചെമ്പുപാത്രങ്ങൾ, ഉരുട്ടുമ്പോഴെന്നപോലെ ചിരിയുടെ കലകലശബ്ദം അപ്പോൾ തുടൎന്നും തടിച്ചും പെരുമാറുന്നു. ഇതൊക്കെ ശരിയാണെങ്കിലും ചിരിപ്പിക്കുന്നതു് ഒരു ഭാഷയിൽനിന്നു മറെറാന്നിലേയ്ക്കു തൎജ്ജിമ ചെയ്യപ്പെടാവുന്നതല്ലതാനും. എന്തിനാണെല്ലാവരുംകൂടി ഇങ്ങനെ കൂട്ടം കൂട്ടമായി ചിരിക്കുന്നതു്? അതാണിതിന്റെ പരമാൎത്ഥം; പരമതത്വം; അതുതന്നെ ഒരുകൂട്ടം മനുഷ്യർ ഒററക്കൊററക്കു

തങ്ങളിൽത്തന്നെ ഒരാളുടെ കൃതികളിലോ വികൃതികളിലോ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നു. അവരവരുടെ വികാരങ്ങൾക്കു വിരാമമിടുന്നു. വികാരവിഭിന്നമായ ബുദ്ധിയെ മാത്രം പ്രവൃത്തിപ്പിക്കുന്നു. അപ്പോഴാണു് നാം കേട്ട ആ ചിരിയുടെ ശബ്ദകോലാഹലം അറിയുന്നതു്. അതാണു് ഫലിതത്തിൻെറ ഭാവന, പ്രാഭവം, പ്രവൃത്തി.

## VI

### ഫലിതത്തിൻെറ യാദൃച്ഛികത്വം

യാദൃച്ഛികത്വം,—അവിചാരിതം എന്നൊരവസ്ഥയാണു് ചിരിയെ ജനിപ്പിക്കുന്നതു്, ഫലിതത്തെ ഫലിപ്പിക്കുന്നതു്. ഒരു "പാരച്യൂട്ടും" പിടിച്ചു വിമാനത്തിൽനിന്നു താഴെ ചാടുന്നവനെ നോക്കി ആരും ചിരിക്കുന്നില്ല; അതു് അയാളുടെ മനപൂർവ്വമാണു്. നേരെ മറിച്ചു വെറുതെ നടക്കുമ്പോൾ കാലിടറി മറിഞ്ഞുവീഴുന്ന ഒരു തടിമാടനെനോക്കി നാം പൊട്ടിച്ചിരിക്കുന്നു. ആ വീഴ്ച യാദൃശ്ചികമാണു്. കഥകളിക്കാരൻെറ കൈമുദ്രകൾ കണ്ടു് "ഒരുരുളച്ചോറും എട്ടുകഷ്ണം ഉപ്പേരിയും" എന്നാണയാൾ കാണിക്കുന്നതെന്നു ഫലിതോക്തി പറഞ്ഞതു് ആദ്യം കേട്ടപ്പോൾ ചിരിച്ചവർപോലും അതയാൾ പിന്നീടു പറഞ്ഞാൽ രസിക്കയില്ല. ആദ്യം പറഞ്ഞതു് പെട്ടെന്നു വന്നുപോയതും രണ്ടാമതു് പറഞ്ഞതു് കല്പിച്ചുകൂട്ടി പ്രയോഗിച്ചതുമാണെന്നതു തന്നേ അതിന്നുകാരണം. ചില പ്രാസംഗികന്മാർ പതിവായി ഉപയോഗിക്കുന്ന ഫലിതങ്ങളുടെ മൂച്ച് പോകുന്നതും ഇതേകാരണത്താലാണു്. ഫലിതത്തിൻെറ ആകസ്മികഭാവമാണു് അതിനെ ഹൃദ്യമാക്കിത്തീർക്കുന്നതും ചിരിപ്പിക്കാൻ കാരണമാക്കുന്നതും. ഫലിതോക്തിയിൽ കല്പ

നാശക്തിയില്ലെന്നല്ല ഇതിന്റെ സാരം. ആ വൈഭവം പ്രവൃത്തിക്കുന്നതു കല്പിച്ചുകൂട്ടിയല്ലെന്നു മാത്രം. ഓരോ നേരമ്പോക്കിന്നോ തമാശക്കോ, മനഃപൂർവമില്ലായ്മയെന്നൊന്നു സ്ഥായിയായിട്ടുണ്ടെങ്കിലും അതു കാരണംകൂടാതെ ഉണ്ടാകുന്നതോ അടിസ്ഥാനരഹിതമായിട്ടുള്ളതോ അല്ലതന്നെ. എന്നു മാത്രമല്ല അതിന്റെ കാരണവും അടിസ്ഥാനവും എത്രമാത്രം സ്വാഭാവികവും സംഭാവ്യവും സംഗതിയോടനുയുക്തവും ആയിരിക്കുന്നുവോ അത്രമാത്രം അതിന്റെ രസത്തിനു സ്ഫുടതയും അതിൽനിന്നുത്ഭവിക്കുന്ന ചിരിക്കു ഹൃദ്യതയും വർദ്ധിച്ചിരിക്കുന്നതുമാണ്. ആ അടിസ്ഥാനത്തെയും ഹേതുവിനേയും കുറെയൊക്കെ അതിശയോക്തി കലർത്തി വിടർത്തിയാലും വലുതാക്കിയാലും വൈഷമ്യം നേരിടുന്നതല്ല. അതാണിതിന്റെ മറെറാരു രഹസ്യം. ശാസ്ത്രം പഠിച്ചു, പഠിച്ചു, നെയ്യിന്നാധാരം പാത്രമോ പാത്രത്തിന്നാധാരം നെയ്യോ എന്നുള്ള ചർച്ചയിൽമാത്രം ബദ്ധശ്രദ്ധനായി, അതിന്റെ തീർച്ചക്കായി നെയ്പാത്രത്തെ കമഴ്ത്തിനോക്കി നെയ്യൊക്കെ നിലത്തു കളഞ്ഞു്, അണ്ടിപോയ അണ്ണാനെപ്പോലെ വിഷണ്ണനായി വർത്തിക്കുന്ന പരമസാധു കേവലം സങ്കല്പത്തിൽ മാത്രം ജീവിക്കുന്നവനെങ്കിലും അവന്റെ വിക്രിയകളുടെ വർണ്ണനം ശ്രോതാക്കളെ രസിപ്പിക്കുന്നു, ചിരിപ്പിക്കുന്നു! സർവാൻററീസിന്റെ വിശ്വവിശ്രുതമായ "ഡോൺക്വിക്സോട്ട്" എന്ന വലിയ ഗ്രന്ഥം ഈ തത്വത്തിന്റെ ഒരു പ്രവൃത്തീകരണമാകുന്നു. കുഞ്ചൻ നമ്പ്യാരുടെ ശുണ്ഠിക്കാരൻ തള്ളയെ തല്ലലും പിള്ളയെ തല്ലലും, പാത്രം തട്ടി ഉടയ്ക്കലും ഒക്കെ ചെയ്യുന്നതു കണ്ടു് പുഞ്ചിരി തൂകുന്ന നാം "അതുകൊണ്ടരിശം തീരാഞ്ഞവനപ്പുരയുടെ ചുറവും മണ്ടിനടന്ന"പ്പോൾ പൊട്ടിച്ചിരിച്ചുപോകുന്നു. അത്രക്കുണ്ടാകുമെന്നു നാമാരും കരുതിയില്ല. അവിചാരിതമായ ആ പ്രാഗത്ഭ്യപ്രകടനം അതിശയോക്തിപരമെ

ങ്കിലും അങ്ങിനെ വരാമെന്നു നാം സ്വയമേവ വിശ്വസിച്ച് അവൻെറ ആ ശുണ്ഠിയിൽ, സഹതപിക്കാതെ, അനുകമ്പാബദ്ധരാവാതെ, അവനെയും അവൻെറ സ്രഷ്ടാവിനേയും നമ്മെത്തന്നെയും മറന്നു പൊട്ടിച്ചിരിച്ചുപോകുന്നു; പള്ളവേദനിക്കുമാറു്, കണ്ണിൽനിന്നു വെള്ളം വരുമാറു്, കവിളു കഴയ്ക്കുമാറു് വീണ്ടും വീണ്ടും ചിരിക്കുന്നു. അതിശയോക്തിയിൽ അവാസ്തവത്വം അനുബന്ധിച്ചാലും, അസത്യം അശുദ്ധപ്പെടുത്താത്തതുകൊണ്ടു്, ആ അബദ്ധപ്പഞ്ചാംഗത്തിൻെറ ആകസ്മികത്വം ആരെയും ആകർഷിക്കുന്നു, ആഹ്ലാദിപ്പിക്കുന്നു, ചിരിപ്പിക്കുന്നു.

## VII.

### ഫലിതം—അനുകരണസാമർത്ഥ്യം

അനുകരണവൈദഗ്ദ്ധ്യം വിശേഷോത്തരമായ ഒരു കലയാണു്. കവിതയും ചിത്രമെഴുത്തും എല്ലാംതന്നെ ഏറെക്കുറെ അനുകരണപരമാണെന്നു പറയപ്പെടുന്നു. ആ അനുകരണത്തിൻെറ പരിപൂർണ്ണതയാണു് അതിൻെറ ജീവൻ. അനുകരിക്കപ്പെടുന്നതിനോടു് അനുകരണത്തിനുള്ള അടുപ്പത്തിൻെറ പൂർണ്ണതയിലാണു് അതിൻെറ രസം. ആ രസമാണു് ശ്രോതാക്കളിലോ കാണികളിലോ ചിരി എന്ന വിശിഷ്ടവികാരത്തെ വളർത്തുന്നതു്. ഒരു കള്ളുകുടിയൻെറ ഗോഷ്ഠി കണ്ടാൽ നാം ചിരിച്ചുപോകുന്നു. എന്നാൽ ഒരു കുടിയൻെറ വേഷം കെട്ടി ചാതുര്യത്തോടുകൂടി അഭിനയിക്കുന്നതു് കാണുമ്പോഴും നാം ചിരിച്ചു മണ്ണുകപ്പുന്നു! ശാരദയിലെ വൈത്തിപ്പട്ടരും, കണ്ടന്മാമനും, മാർത്താണ്ഡവർമ്മയിലെ സുന്ദരയ്യനും, ഭൂതരായരിലെ നൊണ്ടിക്കുറുപ്പും മററും ബാഹ്യലോകത്തിലെ ജീവനുള്ള യഥാർത്ഥമനുഷ്യരുടെ കുറിക്കുകൊണ്ട മാതൃകകളാകയാലാണു് അവർ നമ്മെ എന്നെന്നും ചിരിപ്പിക്കുന്നതു്.

കനപ്പിച്ചിരുന്ന തത്വജ്ഞാനം പ്രസംഗിക്കുമ്പോൾ ശ്രോതാക്കൾ, പ്രാസംഗികനെത്ര വിദ്വാനും വാഗ്മിയുമാണെങ്കിലും, താനെ ഉറങ്ങിപ്പോകുന്നു. മനുഷ്യഹൃദയം അറിയുന്നവനാണ് ആ പ്രാസംഗികനെങ്കിൽ അതിന്നിടക്കു ഒന്നു താഴത്തിറങ്ങി ഒരു ഫലിതമോ നേരമ്പോക്കായ ഉദാഹരണമോ പറഞ്ഞു് ആ ഉറക്കംതൂങ്ങികളെ ഒക്കെ ഒന്നുണർത്തി നിവർത്തിയിരുത്തി ഉന്മേഷവും ഉല്ലാസവും ഉളവാക്കുന്നു. ചിരിയാണ് മനുഷ്യന്നു ഹൃദ്യമായ ഭക്ഷണം; സഹജമായ മാനസോല്ലാസം. ഫലിതക്കാരന്റെ ഹൃദയശുദ്ധിയെന്ന അനന്താകാശത്തിൽ ശ്രോതാക്കളുടെ മനഃപക്ഷി പാറന്നുകളിക്കുന്നു. അവിടെ വേടരുടെ പേടിയില്ല ഭയാശകകളില്ല. ഇന്ദുലേഖയിൽ നാം കഥാപാത്രങ്ങളെ ഒന്നാമതായും പ്രധാനമായും കാണുന്നു, പരിചയപ്പെടുന്നു. പ്രേമാമൃതത്തിൽ മിസ്റ്റർ രാമൻപിള്ളയെയത്രെ നാം പ്രഥമമായും പ്രമാണമായും ദർശിക്കുന്നതു്. ഒരാൾ തന്നെത്താൻ, മറയ്ക്കുന്നു, മറക്കുന്നു. മറ്റെ ആൾ തന്റെ പ്രതിഭയെ, പ്രാഗത്ഭ്യത്തെ വായനക്കാരിൽ എറിഞ്ഞുപിടിപ്പിക്കുന്നു. ഒരു നാടകം കണ്ടു കഴിഞ്ഞാൽ കാണികളെ ചിരിപ്പിച്ച ഘട്ടങ്ങളും, സംഭവങ്ങളും, പാത്രങ്ങളും അതു കാണ്മാൻപോയ കുട്ടികളുടെ സംഭാഷണവിഷയമാകുന്നു. കനത്ത തത്വങ്ങളും പരുത്ത ഭാവങ്ങളും മാത്രം പ്രകടിപ്പിച്ച കഥാപാത്രങ്ങളെ വലിയവർപോലും വിസ്മരിച്ചു കളയുന്നു.

## VIII.

### ഫലിതം—ഹൃദയശുദ്ധി

ചിരിയുടെ അടിസ്ഥാനം പരിഹാസമോ പുച്ഛമോ അവഹേളനമോ അല്ലെ എന്നു സംശയിച്ചേക്കാം. പരിഹാസഛരായ അതിലില്ലെന്നു പറയുന്നില്ല. "അവനൊരു പടുവിഡ്ഢി; ഞാനാണെങ്കിൽ അങ്ങിനെവരികയില്ല" എന്നൊരു "അമ്പട ഞാനെ" ഭാവത്തിൽ-

നിന്നു ഉറച്ചചിരിയല്ലെങ്കിലും പുഞ്ചിരി പുറപ്പെടാറു ണ്ടു്. എന്നാലും അതിൽ അനുകമ്പയുള്ളല്ലാതെ അമൎഷ ത്തിനു പ്രാമുഖ്യമില്ല. ഏയുടെ ഭൎത്താവു കള്ളുകുടിച്ചു ലഹളകൂട്ടുന്നതു് കണ്ടാൽ ഏയൊഴിച്ചു് എല്ലാവരും ചിരിക്കും. എന്നാൽ കള്ളുകുടി മൂത്തു മൂക്കു പോകാനു ള്ള മട്ടിലാകുമ്പോൾ ഏയോടൊപ്പം തന്നെ അനുകമ്പാ ബദ്ധരായി മററുള്ളവരും സഹതപിക്കുന്നതാണു്. ആ ദ്യം ചിരിച്ച സംഭവം തന്നെ അതിൻെറ മൂൎദ്ധന്യാവ സ്ഥയിൽ അമൎഷത്തിനു കാരണമാകുന്നതാണു്. ഇതിൽ നിന്നു, ചിരിയുടെ നിഷ്കാപട്യമാണു്, നിഷ്കളങ്കഭാവ മാണു്, പ്രത്യക്ഷപ്പെടുന്നതു്.

ചിലർ ഫലിതത്തെ 'കാൎയ്യമായി വിചാരിക്കുകയും നേരമ്പോക്കായി പറയുകയും ചെയ്യുക' എന്നു വ്യാഖ്യാ നിച്ചുകാണുന്നു. പരിഹാസകാവ്യങ്ങളുടെയെല്ലാം തന്നെ മൂലസ്വഭാവം ഇതായിരിക്കണം. ദുഷ്ടനാടകങ്ങളുടേയും നോവലുകളുടേയും വളൎച്ച്കണ്ടു മനസ്സു വേദനിക്കുകയും അതിൻെറ നിവാരണത്തെക്കുറിച്ചു കാൎയ്യമായി ചിന്തി ക്കുകയും ചെയ്തതിൻെറ ഫലമായി നേരംപോക്കായി എഴുതിയ ഗ്രന്ഥങ്ങളല്ലയോ "ചക്കീചങ്കരവും" "പറ ങ്ങോടീപരിണയവും"? അതിലെ ഫലിതവും അതുത ന്നെയാണു്.

## IX

### ഫലിതത്തിൻെറ രണ്ടു ഭാവങ്ങൾ

"കാതിലോല" കൊണ്ടും "നല്ലതാളി" കൊണ്ടും കളിച്ച വാരിയരും നമ്പ്യാരും ഫലിതത്തിൻെറ ആകസ്മി കതയും അഭംഗുരഭംഗിയും അന്നാസ്വദിച്ചതുപോലെ ഇന്നും നാം അനുഭവിക്കുന്നു. പന്തളത്തു തമ്പുരാൻെറ കൊട്ടാരത്തിൽ ഇദംപ്രഥമമായിച്ചെന്നു മാങ്ങാക്കറിയും

നെയ്യും കൂട്ടി ഊണുകഴിച്ചു ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടെ "സാമ്രാജ്യഭുക്തി" (ആമ്രവും ആജ്യവുംകൂടിയ ഭുക്തി)യും "പയ്യേ, നിനക്കും തീററ പക്കത്തിലാണൊ" എന്നു തിരുവനന്തപുരത്തെ പക്കത്തിലെ ഊണുകൊണ്ടു് അജീർണ്ണം ബാധിച്ച കുഞ്ചൻനമ്പ്യാരുടെ, വയററിളക്കം ബാധിച്ച പയ്യിനോടുള്ള ചോദ്യവും, ഫലിതത്തിന്റെ രണ്ടു മുഖങ്ങളെ അഥവാ സ്വഭാവങ്ങളെ, അല്ലെങ്കിൽ വർഗ്ഗങ്ങളെ, വിശദീകരിക്കുന്നു. ഒന്നിലെ ഫലിതം വാക്കുകളിലെ ഉഭയാർത്ഥത്തിൽ മാത്രം, മറേറതിലെ ഫലിതം അതു മുഴുവൻതന്നെ. അതിൽ ഛന്ദസ്സും ഭാഷ്യവുമുണ്ടു്.

പദങ്ങളുടെ ഉഭയാർത്ഥങ്ങളോ നാനാർത്ഥങ്ങളോ വെച്ചുകൊണ്ടുള്ള ഫലിതങ്ങൾ ശ്രോതാക്കളിൽ അത്ഭുതവും ആഹ്ലാദവും ഒരേ സമയത്തു ജനിപ്പിക്കുന്നതാകകൊണ്ടു അവയ്ക്കു് യഥാർത്ഥഫലിതത്തിന്റെ കോടിയിൽ സ്ഥാനമില്ലായ്കയില്ല. നമ്മുടെ അധികഭാഗം ഫലിതവും അത്തരത്തിലുള്ളതാണു്. സംസ്കൃതഭാഷാപദങ്ങളുടെ നാനാർത്ഥസമൃദ്ധി അത്തരം ഫലിതത്തിനു കൂടുതൽ സൌകര്യവും കൊടുക്കുന്നുണ്ടു്. മലയാളഭാഷയും ആ വിഷയത്തിലൊട്ടും പിന്നോക്കമില്ല. "പ്രമേഹക്കെട്ടതികൾ പുകവണ്ടിക്കുമുണ്ടെന്നു തോന്നി"യ പരേതനായ പെട്ടരഴിയം വലിയ രാമനെളയതിനെ മലയാളകവികളിലാരും ഈ വിഷയത്തിൽ അതിശയിച്ചിട്ടില്ല.

"ഇന്നാട്ടത്തുണ്ടുവെച്ചുണ്ണുവാൻ ലാക്കെങ്കി
ലിന്നാട്ടത്തുണ്ടുവെച്ചുണ്ണുവോനല്ല ഞാൻ"

എന്നു തുടങ്ങി ശബ്ദസാമ്യംകൊണ്ടു് നിർദ്ദോഷമായ ഒരു കോലാഹലമുണ്ടാക്കുന്നതിനു മററാക്കും ഇത്ര സാധിച്ചിട്ടുണ്ടെന്നുതോന്നുന്നില്ല. ജഗന്നാഥൻ, മൽമൽ, മുതലായ പലതരം മുണ്ടുകളിൽ പതിനെട്ടു വ്യവസ്ഥ

വസ്ത്രങ്ങളുടെ പേരുകൾ കൊണ്ട് ശിവനെ സ്തുതിച്ചു. "ഭവജലധിയിന്മാതിരിപ്പാട്ടവേണ്ടാ" എന്നു സമത്ഥിച്ച ആ വികടസരസ്വതിയുടെ മലയാളപദപ്രയോഗസാമത്ഥ്യം അന്യാദൃശമാകുന്നു.

എന്നാൽ ഇത്തരം പ്രയോഗങ്ങൾ അചിരേണ അചേതനങ്ങളും നീരസജനകങ്ങളുമായിത്തീരുന്നു. കാരണം ഫലിതത്തിന്നായുള്ള ക്ലേശവും തിരിച്ചിലും മനഃപൂവ്വമായി നടക്കുന്നതിൻെറ ബോധം ശ്രോതാക്കളിൽനിന്നു അതിൻെറ സ്വാരസ്യത്തെ പാടെ വിപാടനംചെയ്യുന്നു. വാക്കിൻെറ ഉഭയാത്ഥത്തെ മാത്രം അവലംബിച്ചു പുറപ്പെടുന്ന ഫലിതങ്ങൾ ഇടിമിന്നലുകൾ പോലെ തേജോമയങ്ങളെങ്കിലും ക്ഷണഭംഗുരങ്ങളും പലപ്പോഴും മൂച്ചുകൂടിയവയും, കുറിക്കുകൊണ്ടാൽ കുത്തുകൂടിയവയുമാകയാൽ ആവശ്യംപോലെ ആപൽക്കരങ്ങളുമാണു്. ഭാവപ്രധാനമായ ഫലിതം എത്രയെങ്കിലും പരത്തപ്പെടാവുന്നതും, സൌഹാർദ്ദത്തിന്നു ഹാനിവരുത്താത്തവയും വാക്കിനെമാത്രം ആശ്രയിക്കാത്തവയും കുത്തുകുറഞ്ഞവയുമാണു്. ഫലിതത്തിൻെറ മിന്നലും നേരമ്പോക്കിൻെറ വെളിച്ചവും എന്നു പറഞ്ഞാൽ അവയുടെ വ്യത്യാസം വിശദമാകുമെന്നു വിചാരിക്കുന്നു. 'എന്നെക്കുറിച്ചു പൊതുജനങ്ങൾക്കു വല്ല ആക്ഷേപവുമുണ്ടോ എന്നു സ്വയം ചോദിച്ച സബ്ജഡ്ജി ചന്തുമേനോൻ അവർകളോടു് "മകളെ പാട്ടത്തിന്നു കൊടുത്തതുമാത്രം" എന്നു മറുപടിപറഞ്ഞ രസികനോടൊപ്പം അദ്ദേഹവും ചിരിയോടുചിരി. (ചന്തുമേനോൻെറ മകൾ ജസ്റ്റിസ് പാട്ടത്തിൻെറ ഭാര്യയാകുന്നു). ഉഭയാത്ഥത്തിലുള്ള ആ പദപ്രയോഗവും അതിൻെറ യാദൃച്ഛികത്വവും മൂച്ചയും വ്യാപ്തിയും രസികത്വവും പ്രത്യക്ഷമാകുന്നു. എന്നാൽ അടുത്തഖണ്ഡികയിൽ വിവരിക്കുന്ന തുന്നക്കാരൻെറ "ടേപ്പു പിടിക്കൽ" കേവലം വാക്കുകളെ അവലംബിക്കാത്തനേരമ്പോക്കിൻെറ ഉത്തമനിദർശനമാകുന്നു.

## X

### ചിരിക്കുന്നവനു മാത്രം ചിരിപ്പിക്കാം

ചിരിക്കുവാനുള്ള പാടവമാകുന്നു ചിരിപ്പിക്കുന്നതിനുള്ള പാടവത്തിന്റെ പ്രഥമലക്ഷണം. അരസികന്മാരല്ലാത്തവക്കെല്ലാം തങ്ങളെക്കുറിച്ചുള്ള പരിഹാസത്തിലും ഫലിതത്തിലും ആനന്ദം അനുഭവിപ്പാൻകഴിയും. മനസ്സിന്റെ നിഷ്കാപട്യംകൊണ്ടല്ലാതെ ചിരിക്കാനും ചിരിപ്പിക്കാനും കൂടി സാധിക്കയില്ല. പരേതനായ ഒ. ചന്തുമേനോൻ അവർകൾ ഇതിന്നു തക്ക ഉദാഹരണമാകുന്നു. തന്നെക്കുറിക്കുന്ന പരിഹാസത്തിലും കൊള്ളിവാക്കിലും അദ്ദേഹം അദ്ദേഹത്തിന്റെ ഫലിതപ്രകടനത്തിൽ മററുള്ളവരെന്നപോലെ തന്നെ ആഹ്ലാദിച്ചു രസിച്ചിരുന്നു. ഒരിക്കൽ അദ്ദേഹം ഒരു തുന്നക്കാരനെ വരുത്തി ഒരു പുതിയ കോട്ടിന്നു് അടയാളം എടുപ്പിക്കുമ്പോൾ, പരമരസികനായ ആ തുന്നക്കാരൻ തന്റെ യജമാനന്റെ സുപ്രസിദ്ധമായ കുംഭോദരത്തെ വലയം ചെയ്യുന്നതിനു സാധിക്കാതെ "ടേപ്പിന്റെ" ഒരു തല എജമാനന്റെ കയ്യിൽകൊടുത്തു് 'ഏമാനിതൊന്നു പിടിക്കിൻ—ഞാൻ അതിലെ മാറിവരാം', എന്നു പറഞ്ഞതായും തന്റെ വലിയ വയറിനു ഇത്രയും ഭംഗിയായ ഒരനുമോദനം അന്നുവരെ കിട്ടീട്ടില്ലെന്നു പറഞ്ഞു പൊട്ടിച്ചിരിച്ച ആ മഹാനുഭാവൻ ഉടനെ തുന്നക്കാരന്നു് ആ ഏക സംഗതിക്കു ഒരു സമ്മാനംകൊടുത്തതായും പറഞ്ഞുകേട്ടിട്ടുണ്ടു്. അത്രയും രസികശിരോമണിയായിരുന്ന ചന്തുമേനോന്റെ കൃതികൾ രസികരസായനങ്ങളാകാതിരിക്കുന്നതെങ്ങിനെ? അദ്ദേഹം ഇന്നത്തെ ചില വലിയ സാഹിത്യകാരന്മാരെപ്പോലെ 'കിക്കിളി'മാറാത്ത ഒരാളായിരുന്നില്ല. ഇന്നത്തെ സാഹിത്യസിംഹങ്ങളുടേയോ കാവ്യകാട്ടുപോത്തുകളുടേയോ നേരെ ഒരു പൊട്ടത്തോക്കുകാണിച്ചാൽ മതി.

അവർ മുഞ്ഞികറുപ്പിച്ച് ചുണ്ടു വിറപ്പിച്ച് കൊഞ്ഞനം കാട്ടാൻ തുടങ്ങുകയായി. ആ സ്വഭാവം അവരുടെ കൃതികളിലും കാണാതിരിക്കുമോ? അവരെ പരമരസികന്മാർ (പരം അരസികന്മാർ) എന്നു പറയുന്നതു കുററമാണോ? ഫലിതം ചിരിയിൽ നിന്നു പുറപ്പെടുന്നതും ചിരിയിൽത്തന്നെ ലയം പ്രാപിക്കുന്നതും ആകുന്നു.

നമ്മുടെ അന്യാപദേശങ്ങളും, പ്രഹസനങ്ങളും ഫലിതത്തിൻെറ വിസ്തരിച്ച വലിയ പതിപ്പുകളാകുന്നു. ഉപ്പുവെള്ളവും ഉപ്പും പോലെയാണു ഫലിതവും രസികത്വവും എന്നു പറയാം. ഫലിതത്തിലെ ഏകാഗ്രമായ രസസാരത്തെ അവയിൽ പരത്തിവിട്ടിരിക്കുന്നു എന്നു മാത്രം. 'എടാ മയിലേ! എൻെറ ശിരോലങ്കാരമായി തലയിൽ ചൂടുന്നതിന്നു ഒരു പീലിപോലും ഞാൻ എത്ര അപേക്ഷിച്ചിട്ടും നീ തന്നില്ലല്ലോ. ആ നിന്നെ ഒരു വേടത്തി പിടിച്ച് അവളുടെ അരിവാളുകൊണ്ടു നിൻെറ പീലികളെല്ലാം അരിഞ്ഞെടുത്തു ചൂലുകെട്ടി അവളുടെ വൃത്തികെട്ട അടുക്കളമുററം അടിച്ചു വാരുന്നു! കഷ്ടം!" ഇത്തരം വ്യംഗ്യപ്രധാനങ്ങളായ പ്രയോഗങ്ങൾ സംസ്കൃതത്തിൽ മാത്രമല്ല, മലയാളത്തിലും അനേകമുണ്ടു്.

ഫലിതരസികത്വം ജാതിതിരിച്ചുള്ള ഒരു ഗുണവിശേഷമല്ലെങ്കിലും ചിലവർഗ്ഗക്കാൎക്കും രാജ്യക്കാൎക്കും രസികത്വം കൂടുമെന്നുള്ളതു അവിതൎക്കിതമായിട്ടുള്ളതാണു്. സ്കോച്ചുകാൎക്കു് സാമാന്യമായി ഫലിതരസികത്വമില്ലെന്നു് ഇംഗ്ലീഷുകാർ പരക്കെ പരിഹസിക്കാറുണ്ടു്. കളിയാക്കിയാൽ മനസ്സിലാവാത്തവൻ, നേരംപോക്കുപറഞ്ഞാൽ മുഷിയുന്നവൻ, എന്നെല്ലാം നാമും നമ്മുടെ ഇടയിൽ പലരെക്കുറിച്ചും പറയാറുണ്ടു്. സുപ്രസിദ്ധരസികാഗ്രഗണ്യനായ ജോൎജ്ജുബെർനാഡ്ഷാ

യോട്ട് സുന്ദരിയായ ഒരു സ്ത്രീ "നാം തമ്മിൽ കല്യാണം കഴിക്കുക, നിങ്ങളുടെ ബുദ്ധിശക്തിയും എൻെറ സൌന്ദര്യവും കൂടിചേൎന്നുണ്ടാകുന്ന സന്തതി അസാമാന്യനായിരിക്കും" എന്നു എഴുതി അറിയിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞതു് "നിങ്ങളുടെ ബുദ്ധിശൂന്യതയും എൻെറ വൈരൂപ്യവുമാണു് നിർഭാഗ്യവശാൽ ആ സന്തതിക്കുണ്ടാകുന്നതെങ്കിൽ ആ പ്രജ ഭയങ്കരമൂൎത്തിയായിരിക്കും." എന്നാണു്. "നിങ്ങളെപ്പോലെ വലിപ്പമുള്ള ഒരു സാഹിത്യകാരനല്ലല്ലോ ഞാൻ" എന്നുള്ള വിമർശനം "ഭിണ്ണക്ക" നായ ആ സാഹിത്യരസികൻെറ തീൎത്താൽ തീരാത്ത പരിഭവത്തിന്നു് അയാളെ പാത്രമാക്കിത്തീൎത്ത വസ്തുത പ്രസ്താവ്യമാകുന്നു. "ഇത്ര കേൾവിയില്ലാത്തവനും പറഞ്ഞാൽ കേൾക്കാത്തവനുമായ ഒരു മഹാകവി നമ്മുടെ വള്ളത്തോളിനെപ്പോലെ ആരുമില്ല. "എന്നുപറഞ്ഞപ്പോൾ അതുകേട്ടുകൊണ്ടിരുന്ന മറ്റൊരു മഹാകവിയു"ടെ മുഖം ഇനി തൻെറ നേക്കായിരിക്കുമെന്ന ഭയന്നു് ആവണക്കെണ്ണ കുടിച്ചകുട്ടിയുടേതുപോലെ വികൃതമാകയും പ്രസ്തുത സംഗതിപറഞ്ഞു മനസ്സിലാക്കിയപ്പോൾ വള്ളത്തോൾ മഹാകവി വായപൊത്തി പൊട്ടിച്ചിരിക്കുകയും ചെയ്തു. ഓരോരുത്തരുടേയും കൂട്ടിലുള്ള മാത്രാവ്യത്യാസമാണിതിന്നു കാരണം.

## XI

### ഫലിതം—ചാക്യാരും നമ്പൂതിരിയും

ചാക്യാരുടെ ഫലിതമാണു് മലയാളത്തിൽ ഫലിതത്തിൻെറ പരമകാഷ്ഠ. എല്ലാതരം ഫലിതങ്ങളുടേയും, ഉഭയാൎത്ഥപദപ്രയോഗചാതുൎയ്യം, വികടമായൊരു സന്ദൎഭത്തിൻെറ സംസൃഷ്ടി, സാമാന്യമായ രസികത്വത്തിൻെറ പരിപുഷ്ടി, വിദൂഷകവേഷം, വൈദുഷ്യവിശുദ്ധി, പരിഹാസം, ശകാരം, എല്ലാം അവിടെ

ഏകോപിച്ചു കാണാവുന്നതാണ്. കോഴിപ്പുറത്തുനമ്പൂതിരിയുടെ മുഴുത്ത കഷണ്ടിത്തലയിൽ കുനിഞ്ഞുനോക്കിക്കൊണ്ടു, ഒരു ചാക്യാക്കല്ലാതെ മററാക്കും സാധിക്കാത്ത ഭാവത്തിൽ നേരം അഹസ്സുപിറന്നുവോ എന്നു "അന്വേഷിച്ചു "ഒരൊററ രോമംപോലും കാണാനില്ല." (നോക്കിയാൽ രോമംകൊണ്ടു കാണാറായാൽ അഹസ്സുപിറന്നു എന്നു സാരം) എന്നുപറഞ്ഞു നിവന്നു നിന്നപ്പോൾ അടക്കാൻ വയ്യാത്ത ചിരിനിമിത്തം വായപൊത്തി തലകുനിച്ചൊന്നു പൊട്ടിച്ചിരിച്ചു കോഴിപ്പുറത്തിനെ തന്നെ വീണ്ടും പിടികൂടി. "ഹെ. അല്ലാ ഉഷസ്സായി, കോഴി പുറത്തു കൂവുന്നു" എന്നു പറഞ്ഞു രംഗത്തെ മുഴുവനും ചിരിപ്പിച്ചു ചാക്യാരുടെ ആ പ്രവൃത്തി എൻെറ ഈ അഭിപ്രായത്തെ സാധൂകരിക്കുന്നുണ്ടെന്നു വിശ്വസിക്കുന്നു. രാജസൂയം കൂത്തുപറയുന്ന ലഘളയിൽ "ഈ പൊതിയിൽ രാമച്ചം ആക്കിയതു്, ആരെ, കള്ളാ," എന്നു പറഞ്ഞു തുടങ്ങിയ ചാക്യാർ അതു വേഗം വേഗം ആവത്തിച്ചാവത്തിച്ചു 'പൊതിയിൽ രാമച്ചാക്യാരെ കള്ളാ!" എന്നു തൻെറ എതിരാളിയെ രംഗത്തുവെച്ചു പരസ്യമായി വീട്ടുപേരും പേരും പറഞ്ഞു്, കള്ളാ എന്നു വിളിക്കാമെന്നുള്ള പ്രതിജ്ഞ അക്ഷരംപ്രതി സാധിച്ചു് ആ എതിരാളിയെക്കൊണ്ടുപോലും തല കുലുക്കിപ്പിച്ചു നാരായണച്ചാക്യാർ ജീവനുള്ള ഫലിതക്കാരനല്ലെങ്കിൽ പിന്നെ ആരാണു്?

മലയാളത്തിലെ നമ്പൂതിരിഫലിതം സുപ്രസിദ്ധവും ഏറെക്കുറെ സുപരിചിതവുമാണ്. ബീജാക്ഷരപ്രധാനങ്ങളായ മന്ത്രങ്ങളെക്കൊണ്ടു നിത്യേന കൈകാര്യം ചെയ്യുന്ന ധനികരും സംസ്കൃതാശയന്മാരുമായ നമ്പൂതിരിമാരുടെ ഫലിതങ്ങൾ, "ചുരുക്കമാണു് ഫലിതത്തിൻെറ ജീവൻ" എന്ന പ്രധാനതത്വത്തെ ഉദാഹരിക്കുന്നവയാണ്. "ക്ഷ" "സാക്ഷാൽ" "ഉം"—ഇങ്ങ

നെയുള്ള ചില ചുരുക്കക്ഷരങ്ങളെക്കൊണ്ടുമാത്രം ഒരു പുരാണത്തെപ്പോലെ ശ്രേഷ്ഠവും മഹാസമുദ്രംപോലെ അഗാധവും ആയ സ്തോഭഭേദങ്ങളെ ആകസ്മികമായി ജനിപ്പിച്ച് ശ്രോതാക്കളെ മതിമറപ്പിക്കുന്ന കാഴ്ച കാണേണ്ടതുതന്നെയാണ്. ആവക നമ്പൂതിരിഫലിതത്തിൻെറ നിഷ്കൃഷ്ടമായ നൈമ്മല്യവും മമ്മഭേദകതവും വാചാമഗോചരമാകുന്നു. മററുവക ഫലിതങ്ങളിലും അവർ അതിസമത്ഥന്മാരാണ്. ഒരിക്കൽ ആറാട്ടുപുഴെ പൂരപ്പാടത്തുവെച്ച് ഒരു കള്ളൻ ഒരാളുടെ ചെവി കടിച്ചുമുറിച്ചു കടുക്കൻ തട്ടിക്കൊണ്ടുപോകയുണ്ടായി. മരണശയ്യയിൽ കിടന്നിരുന്ന വെണ്മണി അച്ഛൻ നമ്പൂതിരിപ്പാട്ടിലെ അടുക്കൽവെച്ച് ആ വത്തമാനം ചിലർ പറഞ്ഞു. അവശനായിക്കിടക്കുന്ന അദ്ദേഹം "ആട്ടെ, കുറച്ചെങ്കിലും കുററിയുണ്ടോ" എന്നു പതുക്കെച്ചോദിച്ചു. 'ഉണ്ട്' എന്നു മറുപടി കേട്ടപ്പോൾ "അസാരം ഭേദം. മുമ്പൊക്കെ ചെവികടിച്ചാൽ കുററിയുണ്ടാവാറില്ല" എന്നായിരുന്നു ആ അവസ്ഥയിലും അദ്ദേഹം പറഞ്ഞത്. മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാൻെറ പിതാവായ ആ അച്ഛൻ നമ്പൂതിരിപ്പാടിനെ തമ്പുരാൻെറ ജനനവിവരം അറിയിപ്പാനയച്ച ദൂതൻ അവിടെച്ചെന്നു "ഇന്നലെ പകൽ തമ്പുരാട്ടി പ്രസവിച്ചു. തിരിഞ്ഞു രണ്ടടി ഉണ്ണിയാണ്" എന്നു പറഞ്ഞപ്പോൾ നമ്പൂതിരിപ്പാട് 'എന്തു് കുട്ടിച്ചാത്തനാണോ?' എന്നു ചോദിച്ചുവെന്നും മറെറാരു നമ്പൂതിരി രോഗിയായിക്കിടക്കുമ്പോൾ കാണാൻ ചെന്ന ഒരാൾ രോഗത്തിൻെറ വത്തമാനം ചോദിക്കുന്നകൂട്ടത്തിൽ 'വല്ലതും ചെല്ലുന്നുണ്ടോ?" എന്നു ചോദിച്ചപ്പോൾ 'ഉവ്വ്, കുറേശ്ശ നാമം ചെല്ലുന്നുണ്ട്' എന്നായിരുന്നുവത്രെ ഉത്തരം. മുട്ടസ്സു നമ്പൂരിരി, വാഴക്കുന്നത്തു് അടിശ്ശേരി, വെണ്മണി മഹൻനമ്പൂതിരി, മംങ്കുഴി കൃഷ്ണൻ നമ്പൂതിരിപ്പാട് മുതലായവരുടെ ഫലിതപ്രയോഗങ്ങൾ വളരെ

പ്രസിദ്ധങ്ങളാണു്. ഇങ്ങനെ അവയോരോന്നും എടുത്തു പറഞ്ഞുതുടങ്ങിയാൽ അവസാനിക്കയില്ല. അതുതന്നെ ഒരു വലിയ പുസ്തകമായിത്തീരേണ്ടിവരും.

## XII

### ഫലിതം—പ്രതിപാദനരീതി.

പ്രതിപാദനരീതിയുടെ പ്രത്യേകതയിൽ അന്തർഭവിച്ചിരിക്കുന്ന ഫലിതരസത്തെക്കുറിച്ചാണു് ഇനി പ്രസ്താവിക്കാനുള്ളതു്. പദങ്ങളുടെ ഉഭയാത്ഥമോ വ്യംഗ്യാത്ഥമോ അല്ല അതിന്റെ പ്രത്യേകത. ആകപ്പാടെയുള്ള ഒരു രസികത്വം എന്നല്ലാതെ അതിനെ വിവരിക്കുവാൻ പ്രയാസമാണു്. പല്ലി, പഴുതാര മുതലായ നിസ്സാരജന്തുക്കളെക്കുറിച്ചു സഗൌരവം സുലളിതമായ ഭാഷയിൽ വർണ്ണിക്കുന്ന മിസ്റ്റർ സുകുമാരന്റെ പ്രതിപാദനരീതിയുടെ ഫലിതം അനുഭവവേദ്യമാകുന്നു. പുല്ലു, പഴത്തൊലി എന്നീ നിർജ്ജീവവസ്തുക്കളിൽ ചേതനത്വവും മഹത്വവും സങ്കല്പിച്ചു് അവയെ വലിയകാര്യമായി വിവരിക്കുന്നതിലുള്ള രസവും പ്രസ്താവയോഗ്യമാകുന്നു. വർണ്ണനകളുടെ വൈചിത്ര്യത്തിൽ അത്ഭുതാവഹമായ ഫലിതരസം നിറഞ്ഞുകാണുന്നതിന്നു്, ഭാസ്കരമേനോനിലെ ഇൻസ്പെക്ടരുടെ കഷണ്ടിയുടെ വിവരണവും, ശാരദയിലെ 'കുളമ്പിന്റെ' ചിത്രവും മററും ഒന്നാംതരം ഉദാഹരണങ്ങളാകുന്നു.

വെറും സന്ദർഭങ്ങളുടെ സൃഷ്ടിയിൽതന്നെ പരിശുദ്ധമായ ഫലിതം വഴിഞ്ഞൊഴുകുന്നതായി കാണാം. ഇന്ദുലേഖയിൽ നായികയും നമ്പൂതിരിപ്പാടും തമ്മിലുള്ള കൂടിക്കാഴ്ചയും മേഘദന്തൻ മക്ഷ്മാമൻ ധരമാരുടെ കഥകളും മററും രസസുന്ദരങ്ങളായ സന്ദർഭങ്ങളാകുന്നു. മാർത്താണ്ഡവർമ്മ, ഭൂതരായർ മുതലായ മലയാ

ളത്തിലെ പ്രസിദ്ധാഖ്യായികകളിലും രസികരഞ്ജിനിയിലെ 'സമസ്യസൃഷ്ടികൾ' മുതലായ പല പ്രബന്ധങ്ങളിലും ഇപ്രകാരം രസഭൂയിഷ്ഠങ്ങളായ സന്ദർഭങ്ങൾ അനേകങ്ങളാകുന്നു. സെർവാൻററീസിൻെറ ലോകപ്രസിദ്ധമായ ഡൊൺ കീക്സോട്ട് എന്ന മഹാഗ്രന്ഥം ആദ്യവസാനം ഈ പ്രതിപാദനരീതിയെയാകുന്നു അംഗീകരിച്ചിട്ടുള്ളതു്. കഥാഗതിയിൽ ഭാഗഭാക്കുകളായ പാത്രങ്ങൾക്കു മുഴുവനുമോ അവരിൽ ഏതാനും ചിലക്കോ പരിസരങ്ങളുടെ പരമാത്ഥബോധം ഇല്ലാത്തതുകൊണ്ടു അവർ വെറും നിഴലിനെ സ്ഥൂലമായ വസ്തുവെന്നുതന്നെ കരുതി അതിനൊത്തവണ്ണം പ്രവൃത്തിക്കുന്നതിൽ അപരന്മാക്കുണ്ടാകുന്ന സ്ഥലജലഭ്രാന്തിയിൽ സംഭ്രാന്തചിത്തനായ ദുര്യോധനൻെറ വിക്രിയകളിൽ പാഞ്ചാലിക്കെന്നപോലെ, രസാനുഭൂതിയാകുന്നു ഈ പ്രതിപാദനരീതിയുടെ ആന്തരമായ ആസ്വാദ്യത. പ്രഹസനങ്ങളുടെ പ്രണേതാക്കൾ വിവരിച്ചുകാണിക്കുവാൻ വെമ്പുന്നതും ഈദൃശങ്ങളായ സന്ദർഭങ്ങളെയാകുന്നു. വളരെക്കാര്യമായ ഒരു സംഗതിയെക്കുറിച്ചു സഗൗരവം വിചിന്തനം ചെയ്യുമ്പോൾ വിമോഹനങ്ങളായ വക്രോക്തികളെക്കൊണ്ടു വിളയാടുന്ന വിദൂഷകന്മാരുടെ "സമയം നോക്കായ്ക"യാണു് അതിലെ രസത്തിൻെറ ബീജം.

# ചെറുകഥാപ്രസ്ഥാനം

(എ. നാരായണപ്പൂതുവാൾ)

അൎത്ഥസിദ്ധാന്തികൾ ആദായപ്രകരണത്തിൽ ചുഴിഞ്ഞുനോക്കിയപ്പോൾ 'സമയം പണം' എന്നൊരു സൂത്രം കണ്ടു. അവർ അതിനെ യുക്തിക്കൊത്തവിധം ഭാഷപ്പെടുത്തിവരുന്നതു ലോകം കൈക്കൊണ്ടു. ജീവിതമത്സരം വർദ്ധിച്ചു. എളുപ്പത്തിൽ കാൎയ്യം കാണുവാൻ എല്ലാവരും ഉത്സുകരായി. കപ്പലിറങ്ങിയവർ കാളവണ്ടികേറുന്നതു കാലവിളംബം എന്നുവെച്ചുപേക്ഷിച്ചു. കുതിരയുടെ ത്വരിതഗതികളും വേഗംപോരെന്നായി. സമയംകുറിച്ചുപായുന്ന തീവണ്ടി നിർദ്ദേശസ്ഥാനത്തെത്തിക്കുവാൻ പൎയ്യാപ്തമാകാത്തതുകൊണ്ടു വാഹനഃശ്രേഷ്ഠമല്ലെന്നു വന്നു. പ്രപഞ്ചസാരജ്ഞന്മാർ കാറിൽകേറി; കടലോരത്തുചെന്നുനിന്നു. ഇനി വെള്ളത്തിലും കരക്കും പോകില്ലെന്ന മട്ടിൽ സൂത്രജ്ഞന്മാർ മേൽപ്പോട്ടുനോക്കി. അവരുടെ ആലോചന ഫലിച്ചു. ആകാശഗമനം സിദ്ധിച്ചു. വിമാനത്തിൽകേറി പോകുന്നവർ ചൊവ്വാഗ്രഹത്തിൽ ചണമിറക്കാൻ സാധിച്ചാൽ ആദായത്തിൽ കൂടുതലുണ്ടാകുമോ എന്നുള്ള ആലോചന തുടങ്ങിയിരിക്കുന്നു.

ലോകവ്യാപാരത്തിൽ സമയത്തിന്നു് വിലകൂടിയപ്പോൾ ആ ചന്തയിൽ ചിലവഴിയുന്ന ചരക്കന്വേഷിപ്പാൻ സാഹിത്യകാരന്മാരും സന്നദ്ധരായി. വലിയകാവ്യപ്രസ്ഥാനങ്ങളിൽ തലയിടുന്നതുകൊണ്ടു തലപുകയുകയല്ലാതെ സാഹിത്യപ്രിയന്മാരുടെ മടിശ്ശീല കെട്ടഴിക്കുവാൻ സാദ്ധ്യമാവില്ലെന്നു് അവർ കണ്ടു. കഥകേൾക്കുവാനുള്ള മോഹം പണ്ടേ നിലനിൽക്കുന്നുണ്ടു്, ചണ

ത്തിന്റെ പിന്നാലെ പാഞ്ഞുപോകുന്ന ലോകത്തിന്നു വലിയകഥകൾ വായിച്ചുരസിക്കുവാൻ ക്ഷമയും സമയവുമില്ലാതായി. ഇത്തരം പരിശ്രമികളുടെ അനപേക്ഷിതമായ വിശ്രമവേളയിൽ അവരെ സാഹിത്യരസം അനുഭവിപ്പിക്കുവാൻ കഥാകാരന്മാർ കണ്ടുപിടിച്ച പൊടിക്കയ്യാണ് ചെറുകഥാപ്രസ്ഥാനം.

ഈ സുകുമാരകല ജനിച്ചതു് അമേരിക്കയിലാണെന്നു ചിലർ പറയുന്നു. ഈ കലയുടെ ജാതകത്തെപ്പററിയുള്ള അന്വേഷണം എന്റെ വിഷയമല്ല. അതിന്റെ സ്വതസ്സിദ്ധമായ ഗുണംകൊണ്ടു പരിഷ്കൃതരാജ്യങ്ങളിലെല്ലാം അതിന്നു പ്രവേശം ലഭിച്ചു. സാഹിത്യകുശലന്മാരുടെ ലാളനക്കനുസരിച്ച് ആ ശിശു പലഭാഷകളിലും വളൎന്നുവരുന്നുണ്ടു്. പത്രങ്ങളും മാസികകളും അതിനെ കണ്ണിലുണ്ണിയായിട്ടാണ് ഇപ്പോൾ കൊണ്ടാടുന്നതു്.

കേരളഭാഷയിൽ വളൎന്നുവരുന്ന ചെറുകഥക്കു ഇനിയും കററക്കിടാവിന്റെ നില വിട്ടിട്ടില്ല. യഥേഷ്ടം കനികുത്തിപ്പായുവാൻ വിട്ടയക്കേണ്ടതായ പ്രായത്തിൽ കേരളവിമൎശകന്മാർ അതിനെ പിടിച്ചുമത്തി കുറുന്തൊഴുത്തിലിട്ടേക്കുവാൻ തുടങ്ങിയതാണ് വലിയ കഷ്ടം. നമ്മുടെയിടയിൽ ചെറുകഥയുടെ വളൎച്ചക്കു പ്രത്യേക കാരണവുംകൂടിയുണ്ടു്. സാഹിത്യരസം തുളുമ്പുന്ന കഥകളെ എളുപ്പത്തിൽ ആസ്വദിക്കത്തക്കവിധം ഫലിതോക്തികൾ ഇടകലൎത്തി വാചാലന്മാർ പറഞ്ഞു രസിപ്പിക്കുന്ന സമ്പ്രദായം പണ്ടേക്കു പണ്ടെ തുടങ്ങീട്ടുള്ളതാണ്. അന്നു കഥ വായിച്ചുരസിക്കുന്ന ലോകം ചെറുതായിരുന്നു എങ്കിലും വിദ്വാന്മാരും മഹാരാജാക്കന്മാരുംകൂടി കഥകേട്ടു രസിക്കുവാൻ താല്പൎയ്യമുള്ളവരാണ്. മിഥുനമാസത്തിൽ തീപ്പെട്ട കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു കഥ പറഞ്ഞുകേൾപ്പിക്കുവാൻ പ്രത്യേകം ഒരു ശമ്പളക്കാരനെ നിശ്ചയിക്കകൂടി ചെയ്തിട്ടുണ്ടായിരുന്നു.

ചെറുകഥയുടെ വിശേഷ ലക്ഷണങ്ങൾ എന്തെല്ലാ മാണെന്നു അതിനെ സൃഷ്ടിച്ചു രക്ഷിച്ചുപോരുന്നവർക്കൂടി ഉറച്ചുപറയാത്തതു് അതിന്നു ഇനിയും പൂൎണ്ണയൌവനം എത്തി രൂപപുഷ്ടിവരാത്തതുകൊണ്ടായിരിക്കണം. ആ സ്ഥിതിക്കു നമ്മുടെ നിരൂപകന്മാർ ചെറുകഥക്കു ശാസ്ത്രീയലക്ഷണം കല്പിക്കാൻ തുടങ്ങിയതും കാക്കാലത്തി കൈ നോക്കി ലക്ഷണംപറയുന്നതും ഒരുപോലെയാണു്. രണ്ടുകൂട്ടരും ലക്ഷ്യം നോക്കീട്ടല്ല ലക്ഷണം പറയുന്നതു്. ഒരു വിമർശകൻ ചെറുകഥക്കു സ്വരൂപംകല്പിക്കുന്നതു വേദാന്തികൾ ബ്രഹ്മത്തെ നിർദ്ദേശിക്കുന്നതുപോലെ 'നേതി നേതി' രീതിയിലാണു്:—ചെറുകഥ കവിതയല്ല, പ്രബന്ധമല്ല, ഉപന്യാസമല്ല, നാടകമല്ല, നോവലുമല്ലത്രെ. അംഗവൎണ്ണന എളുപ്പത്തിൽ കഴിഞ്ഞു. ചെറുകഥ ഇന്നവിധത്തിലേ എഴുതാവൂ എന്നു നിൎണ്ണയിക്കുന്നതു സാഹസമാണെന്നുമാണു് ഈ നിരൂപകന്റെ അഭിപ്രായം. അതുകൊണ്ടു ചെറുകഥയുടെ രൂപത്തിന്നു പൂൎണ്ണതയും വളൎച്ചയും എത്തുംമുമ്പു ഒരു വിമർശകന്റെ ദൃഷ്ടിയിൽപെട്ട ചില കഥകളുടെ അററകുററങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തി ലക്ഷണം കല്പിക്കുന്നതു കുരുടന്മാർ ആനയുടെ അവയവങ്ങൾ തപ്പിനോക്കി രൂപസാമ്യം പറഞ്ഞതുപോലെ ആയിത്തീരുവാനാണു് എളുപ്പം.

എകദേശം ഒരു നാലു പന്തീരാണ്ടു മുമ്പു മുതൽക്കു തന്നെ എനിക്കു ഒരു ചെറുകഥാകാരനാവാനുള്ള മോഹം തുടങ്ങീട്ടുണ്ടു്. ആ മോഹം സാധിക്കുവാൻ ഇപ്പോഴും ഞാൻ ഉത്സാഹിച്ചുവരുന്നതുമുണ്ടു്. ഈ അർദ്ധശതാബ്ദത്തിന്നുള്ളിൽ ചെറുകഥ എഴുതുന്ന വിഷയത്തിൽ എനിക്കുണ്ടായിട്ടുള്ള അനുഭവങ്ങളെപ്പററി മാത്രം ചിലതു പറയാം. അവയിൽ വല്ലതും ഈ ഉപന്യാസത്തിന്റെ തലക്കെട്ടോടു സംബന്ധിക്കുന്നുണ്ടു

ങ്കിൽ അത്രമാത്രമാണു ചെറുകഥയെപ്പററി എനിക്കറിയാവുന്ന സാഹിത്യം.

ചെറുകഥയുടെ വിഷയം കണ്ടതും കേട്ടതുമല്ല, കഥാകാരൻ കണ്ടും കൊണ്ടിരിക്കുന്നതും കേട്ടും കൊണ്ടിരിക്കുന്നതുമാണു്. കഥാകൃത്തിൻെറ മനോരാജ്യത്തിൽ ഭൂതവുമില്ല ഭാവിയുമില്ല; വത്തമാനത്തിലാണു് അയാഠം സ്ഥിതിചെയ്യുന്നതു്. അപേക്ഷകൻെറ കണ്ണിൽ പെടുന്ന വസ്തുക്കളിൽ ചിലതു കൺമറിഞ്ഞാലും കഥാകാരൻ അതിനെ കണ്ടുംകൊണ്ടിരിക്കുന്നു. അതുപോലെതന്നെ ചെവിയിൽപെട്ട സംഗതികളിൽ ചിലതു് മറുചെവി കടന്നുപോകാതെ ഇടയിൽ തങ്ങിനിന്നു് അയാളെ ഓമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇവയെ കഥാവിഷയമാക്കാൻ എന്തെങ്കിലും ഒരു നിമിത്തവും വന്നുചേരും. എന്നാൽ കഥാകാരൻ അവയെ കഥാഘടകങ്ങളായി സ്വീകരിക്കുന്നതിന്നു മുമ്പു സ്വാനുഭവങ്ങഠംക്കു യോജിച്ച ചില വിശേഷണങ്ങഠം അവക്കു കല്പിക്കുകയും കർത്തൃത്വം കയ്യേൽക്കുകയും ചെയ്യുന്നു. മനസ്സിലുദിച്ച രൂപം ഭാവനകൊണ്ടു ചേതനമായിത്തീരുന്നു. കഥാകാരൻെറ പ്രതിഭാവിലാസത്തിൽ തത്തുല്യമായ ഒരു സംഭവം അഭിനയിക്കപ്പെടുന്നു. കഥയും പാത്രങ്ങളും കല്പിതമാണെന്നുള്ള കഥ മറന്നു പാത്രങ്ങളുടെ അനുഭവങ്ങളിൽ പങ്കുകൊള്ളുകയും സ്തോഭങ്ങഠം മനസ്സിൽ തട്ടിത്തുടങ്ങിയാൽ സ്വാനുഭവത്തെ കാവ്യഗുണത്തിന്നനുസരിച്ചു രേഖപ്പെടുത്തുകയും ചെയ്യുന്നതായാൽ അതു രസവത്തായ ഒരു ചെറുകഥയായിത്തീരും.

കഥാവസ്തു പ്രവൃത്തിപരമോ സങ്കല്പപരമോ വികാരപരമോ ആയിരിക്കും. പ്രവൃത്തിപരമായ കഥകളുടെ വിഷയം മിക്കവാറും ശൃംഗാരരസത്തെയോ ഹാസ്യരസത്തേയോ അംഗീകരിക്കുന്നതായിക്കാണുന്നുണ്ടു്. പരേതനായ ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻെറ സരസകഥ

കൾ ശൃംഗാരരസപ്രധാനങ്ങളാകുന്നു. സി. എസ്സ്. ഗോപാലപണിക്കരുടെ 'മുതലനായാട്ടിൽ' ശൃംഗാരമില്ല. മുതലനായാട്ട ചെറുകഥയുടെ വർഗ്ഗത്തിൽപെട്ടമെങ്കിൽ കഥാപാത്രങ്ങളുടെ പ്രവൃത്തിപരമായ നേരംപോക്കാണ് വായനക്കാരുടെ ജിജ്ഞാസയെ വളർത്തിക്കൊണ്ടു വരുന്നതു്. വെങ്ങയിൽ കുഞ്ഞുരാമൻനായരുടെ 'ദ്വാരക' സങ്കല്പത്തിൽ പട്ടത്ത അസ്ഥിവാരത്തിന്മേൽ പണിത ഒരു ഏഴുനില മാളികയാണ്. ഈ കഥയിൽ സംഭവങ്ങളും, പാത്രങ്ങളുമല്ല വായനക്കാരുടെ മനസ്സിൽ പതിയുന്നതു്. ദർശനീയമായ ഒരു സ്ഥലത്തിൻെറ പ്രതീതിയാണ് സഹൃദയന്മാൎക്കുണ്ടാകുന്നതു്. ഒരു കഥയിൽ പാത്രങ്ങളുടെ പ്രവൃത്തി കുറഞ്ഞും മാനസികവൃത്തി തികഞ്ഞും പ്രകാശിക്കുന്നുണ്ടെങ്കിൽ അതിനെയാണ്. വികാരപരമായ ചെറുകഥ എന്നു വിവക്ഷിച്ചിട്ടുള്ളതു്. വിഷയാസക്തിയിൽ വേരുറച്ച മനസ്സ് വിരുദ്ധധൎമ്മങ്ങൾക്കിടയിൽപെട്ട് അനന്തരകൃത്യം എന്തെന്നറിയാതെ കുഴങ്ങുമ്പോൾ അല്പകാരണംകൊണ്ടു് പെട്ടെന്നു ഒരു നിവൃത്തിമാർഗ്ഗം കണ്ടെത്തുന്നു. ഉദ്ദിഷ്ടകാൎയ്യം സാധിക്കുന്നതിന്നുമുമ്പു സ്വഭാവത്തിനു വലിയ മാററം വന്നുചേരുന്നു. ഇത്തരത്തിലുള്ള ഒരു കഥ ഉദാഹരണത്തിൽ പെടുത്തുവാൻ മുൻപറഞ്ഞ നിരൂപകന്നു സാധിച്ചിട്ടില്ലെന്നു തോന്നുന്നു. മലയാളത്തിൽ ഇത്തരം കഥകൾ ദുർല്ലഭമാണെന്നു പറഞ്ഞു ഒഴിയുകയാണയാൾ ചെയ്തിട്ടുള്ളതു്. എന്നാൽ 'മംഗലം വന്നു' 'ഉള്ളുണന്ന കള്ളൻ' എന്നീ കഥകൾ ഈ ഉദ്ദേശത്തോടുകൂടിയാണ് ഞാൻ എഴുതീട്ടുള്ളതു്. ഉദ്ദേശം ഫലിച്ചിട്ടുണ്ടോ എന്നു തീൎച്ചയാക്കേണ്ടതു വായനക്കാരുമാണ്.

'ചെറുകഥ നോവലല്ല. നോവൽ സംക്ഷേപിച്ചാൽ ചെറുകഥയാവില്ല.' എന്നു ഒരു വിമർശകൻ ഖണ്ഡിച്ചു പറയുന്നു. നോവൽകൎത്താവ് നാനാവിഭവ

ങ്ങൾ സജ്ജമാക്കി മൃഷ്ടാന്നദാനം ചെയ്തു വായനക്കാരിൽ ജനിപ്പിക്കുന്ന പരിതുഷ്ടി ചെറുകഥാകാരൻ ഏകവിഭവംകൊണ്ടു സംജാതമാക്കണം' എന്നു സമത്ഥിക്കുകയും ചെയ്യുന്നു. ഈ സാധാരണധമ്മം ഉല്ലസിക്കേണമെങ്കിൽ വിരക്തിയും രുചിപിടിക്കലും ഒരുപോലെയാണെന്നു പറയേണ്ടിവരും. മൃഷ്ടാന്നാഷ്ടികഴിച്ചവൻ എത്ര ബുഭുക്ഷുവായാലും ഉടനേ മറെറാരു സദ്യക്കിലവച്ചാൽ ആ സദ്യയുടെ സ്വാദുകൂടി അനുഭവിപ്പാൻ മോഹിക്കുമെന്നു തോന്നുന്നില്ല. പ്രാതൽ ഉണ്ടാൽ വിശപ്പൊന്നടങ്ങുമെന്നല്ലാതെ വിരക്തിവരില്ല. ഇതാണു നോവലും ചെറുകഥയും തമ്മിലുള്ള ഭേദം.

ഏകവിഭവം കൊണ്ടുണ്ടാക്കിയ രുചികരമായ പ്രാതൽ കഴിക്കുന്നവക്കുണ്ടാകുന്ന പരിതുഷ്ടി തന്നെയാണു ഒരു ചെറുകഥ വായിക്കുന്നവനും ഉണ്ടാകേണ്ടതു്. ഉപദംശത്തിൽ ചേരേണ്ടതായ കറിക്കൂട്ടുകൾ പാകത്തിന്നു ചേത്താൽ സ്വാദിനു കുറവുവരില്ല. എന്നാൽ കൈപ്പുണ്യമുള്ളവന്റെ കറിയും വാസനയുള്ളവന്റെ കൃതിയും പ്രത്യേകം ആസ്വാദ്യതയുള്ളതായിക്കാണുന്നുണ്ടു്.

പദ്യകൃത്തുകൾ പാദത്തിലുള്ള മൂമ്മൂന്നക്ഷരങ്ങളെ (ഗണങ്ങളെ) ഒന്നിച്ചെണ്ണി കണക്കാക്കി വിലമതിച്ചു തുടങ്ങീട്ടുണ്ടു്. കഥാകൃത്തുകൾ സന്ദർഭത്തിന്നു യോജിച്ച സംഭവങ്ങളെ വിവരിക്കുന്ന അക്ഷരങ്ങൾക്കും വിലമതിക്കേണ്ടതാണു്. ഒരു കൊല്ലത്തിൽ നടന്ന സംഭവങ്ങൾ ഒരു വാക്യത്തിൽ ഒതുക്കേണ്ടിവരും, ഒരു മുഹൂത്തത്തിൽ നടന്ന സംഗതികൾക്കു ഒരു ഖണ്ഡിക മുഴുവൻ ആവശ്യമുള്ളതായും വന്നേക്കാം. ഔചിത്യം പ്രത്യേകം നോക്കേണ്ടതായ കഥാകാരൻ കഥയുടെ മൂദ്ധന്യത്തിൽ ബദ്ധപ്പെട്ടുഴുവാൻ ബാദ്ധ്യതപ്പെട്ടവനാണു്. നിരൂപകന്മാർ ഒരു ചെറിയ കഥയ്ക്കു് അനുവദിച്ചിട്ടുള്ള

സമയം മുമ്പു ഒരു മണിക്കൂറായിരുന്നു. അതിനെ വെട്ടിക്കുറച്ചു ഇപ്പോൾ മുപ്പതു മിനിട്ടാക്കീട്ടുണ്ടു്. ഒരു വികാരത്തെ മൂൎദ്ധന്യസ്ഥാനത്തെത്തിക്കുവാൻ ഇതിലധികം സമയം അനുവദിച്ചാൽ വായനക്കാരുടെ മനസ്സിൻെറ ഏകാഗ്രത ഭഞ്ജിക്കുമെന്നാണവരുടെ പക്ഷം.

പ്രകൃതി തരുന്ന ബീജത്തെ കഥാകാരൻ ചമൽക്കാരത്തോടുകൂടി സംസ്കരിച്ചാൽ കഥാരൂപം കാണാറാവും. കഥാരൂപത്തിൻെറ മററവയവങ്ങളെക്കാൾ നാം മനസ്സിരുത്തേണ്ടതു അതിൻെറ തലയ്ക്കാണു്. ചെറുകഥയുടെയിടയിൽ തലപൊളിച്ചൽ എന്ന രോഗം ഒരു പകച്ച വ്യാധിയായിത്തീൎന്നിട്ടുണ്ടു്. അതുകൊണ്ടു് ചെറുകഥക്കു വേണ്ടി നാം ശേഖരിച്ചുവെയ്ക്കുന്ന സാമഗ്രികളെല്ലാം അതിൻെറ തല ചൊവ്വാവാൻ വേണ്ടി സംഭരിച്ചതാണെന്നുള്ള കരുതലോടുകൂടി വേണം മററംഗങ്ങളിൽ ചിലവഴിക്കുവാൻ. അനുവാചകന്മാർ ചെറുകഥയെ കാണാൻ വരുമ്പോൾ കഥയുടെ തല പന്തിയല്ലെന്നു പറവാനിടവന്നാൽ അതുവരെ നാം പാടുപെട്ടതെല്ലാം പാഴായിപ്പോകും. എന്നാൽ കഥയുടെ മൂൎദ്ധന്യം കാണാൻ ധൃതിപിടിച്ചുവരുന്നവരെ അത്രവേഗത്തിൽത്തന്നെ നാം അതു കാണിച്ചു കൊടുക്കരുതു്. തലക്കെട്ടു വരുന്നവരുടെ മനോഗതി മന്ദമാക്കുന്നതിനുള്ള ഉപായം മുൻകൂട്ടിക്കരുതി വെച്ചിട്ടുണ്ടായിരിക്കണം. താമസം കൊണ്ടു നീരസം തുടങ്ങുമ്പോഴായിരിക്കണം നമ്മുടെ സൃഷ്ടികൌശലം വെളിപ്പെടുന്നതു്. എന്നാലേ അവർ വികാരപരവശരായിത്തീരുകയുള്ളു. ചില കഥകളുടെ മൂൎദ്ധാവു വായനക്കാൎക്കു കാണുവാൻ സാധിക്കുന്നില്ലത്രെ. ചെറുകഥ നാടകമല്ലെന്നു വിമൎശിക്കുന്ന വിമൎശകനും നാടകത്തിലെ ഗുണങ്ങൾ അല്പാല്പം ചെറുകഥയിൽ പ്രതിഫലിക്കുന്നതു നല്ലതാണെന്നും തോന്നിത്തുടങ്ങും. രംഗവിഭാഗം ചെയ്യാത്ത കോട്ടം എം. ആർ. കെ. സി. യുടെ കഥകളിൽ ആരോപിച്ചു കാണുന്നു. രംഗം തിരി

ക്കാത്തതുകൊണ്ട് അപ്രകൃതസംഗതികഠം കഥയിൽ കണക്കിലേറെ കടന്നുകൂടുന്നതിന്നിടയായിട്ടുണ്ടത്രേ.

ചെറുകഥയിൽ "ഉദ്ദേശബാഹുല്യം കഥയെ നാനാരസപുഷ്കലമാക്കുന്നതിന്നു പകരം വിച്ഛിന്നമാക്കുന്നതാണെ"ന്നു കാണിപ്പാൻ എത്രയോ ചെറുകഥകഠം തന്നെ ഉണ്ടായിരിക്കെ അപ്പൻ തമ്പുരാൻ തിരുമനസ്സിലെ 'കാലവിപര്യയം' എന്ന പ്രഹസന പ്രമേയത്തിന്മേലാണ് ഒരു നിരൂപകൻ കൈവെച്ചതു്. തിരുമനസ്സിലെ ചെറുകഥകഠം അപ്രസിദ്ധങ്ങളാണെന്നു ഗണിച്ചിട്ടാണോ ചെറുകഥക്കു പകരം നാടകമായ പ്രഹസനത്തെ പിടികൂടിയതു്? അതോ നാടകമാവാത്ത ചെറുകഥയും അപ്പോഴേക്കു നാടകരൂപത്തിലായെന്നുണ്ടോ? ഏതായാലും ഈ അപ്രകൃതപ്രഖ്യാപനം നിമിത്തം ആ വിമശകൻെറ ചെറുകഥാലോകപരിജ്ഞാനം എത്രമാത്രമുണ്ടെന്നു കഥാലോകത്തിന്നറിവാനിടയായി. ചെറുകഥയെ ഹിംസിക്കുവാൻ ഒന്നാമതായി പുറപ്പെട്ടതു് വായില്ലാകത്തിയും കൊണ്ടാണെന്നു വരുത്തുവാൻ ഇത്രത്തോളം പറയേണ്ടതായി വന്നു.

ഒരു ഉദ്ദേശത്തെ മാത്രം ഇന്നും വെച്ചെഴുതുന്ന കഥയിൽ ഓജസ്സും ഊൎജ്ജിതവും രസപുഷ്ടിയും തിളങ്ങി പ്രകാശിക്കും. കഥ എഴുതുന്നതു് എന്തു ഉദ്ദേശത്തോടുകൂടിയാണെന്നു് മുമ്പിൽ കൂട്ടി തീൎച്ചപ്പെടുത്തണം. കഥയുടെ സ്ഥായിഭാവം അടിതൊട്ടുമുടിവരെ നില നിൎത്തിക്കൊണ്ടുപോകുവാൻ പ്രത്യേകം ശ്രദ്ധിക്കണം. കഥാവസ്തുവിൻെറ ബീജം ആദ്യം ഒളിഞ്ഞും ക്രമത്തിൽ തെളിഞ്ഞു തെളിഞ്ഞും കാണണം. ഒരു കഥയിൽ ത്തന്നെ ചിരിക്കുവാനും കരയുവാനും പഴുതുണ്ടാക്കുന്നതു് ഇന്നത്തെ ലോകത്തിനു ചമൽക്കാരമായിത്തോന്നുകയില്ലായിരിക്കാം. പക്ഷെ അതു കഥാബന്ധത്തിൻെറ ന്യൂനതയല്ല; പുരുഷദോഷമാണു്. കാലദേശങ്ങളെ കഴിയുന്നേടത്തോളം അടുപ്പിക്കണം. പ്രതിപാദ്യവസ്തു

വിന്റെ ഗുരുലഘുത്വം അനുസരിച്ചുള്ള രീതി ആദ്യം മുതൽ അവസാനംവരെ മാററരുത്.

പ്രകൃതിയെ കഥാവിഷയത്തോടു യോജിപ്പിക്കണം. നട്ടുച്ചക്ക് ചന്തത്തിരക്കിൽവെച്ച് കൊലപാതകം നടന്നതായി വിവരിക്കരുത്. സംഭവം വാസ്തവമാണെങ്കിൽകൂടി വിശ്വാസയോഗ്യമായ വിധം പ്രസ്താവിക്കാഞ്ഞാൽ അനുവാചകന്മാർ വിശ്വസിക്കുകയില്ല. കഥയിൽ സത്യവും വിശ്വാസയോഗ്യതയും ഒന്നല്ല.

വർണ്ണന കഴിയുന്നതും ചുരുക്കണം. വർണ്ണിക്കുന്നതു വായനക്കാരുടെ മനസ്സിൽത്തട്ടുന്നവിധത്തിൽ മർമ്മംനോക്കി സൂക്ഷ്മാംശങ്ങൾ തിരഞ്ഞെടുത്തുമായിരിക്കണം. പ്രധാനപാത്രങ്ങളായിരുന്നാൽക്കൂടി സന്ദർഭത്തിന്നാവശ്യമുള്ള ഭാഗംമാത്രം പറഞ്ഞാൽ മതിയാകും. നായികയെ തങ്കക്കുടമായിച്ചമയിച്ച് മുൻകൂട്ടി വായനക്കാരുടെ മുമ്പിൽ കൊണ്ടുചെന്ന് അവരെ വ്യാമോഹിപ്പിക്കരുത് എന്നും ഒരു പക്ഷമുണ്ട്. ശൃംഗാരം പുസ്തകത്തിൽ മാത്രം പാടില്ലെന്നാണ് പുതിയകൂട്ടരുടെ മതം. സംഭവങ്ങൾ രസകരങ്ങളാണെന്നുവെച്ച് കഥയിൽ കടത്തിയിടരുത്. അവയെ കഥയോടുകൂട്ടിയിണക്കുവാൻ സന്ദർഭം ഉണ്ടാക്കേണ്ടതായിവന്നാൽ കഥ നീണ്ടുപോകയും പ്രധാനസംഭവത്തിന്നു ഉടവുതട്ടുകയും കഥാഗതിയെ തടസ്സപ്പെടുത്തുകയും ചെയ്യും.

അതുപോലെതന്നെ കഥയിൽ കൊണ്ടുവരുന്ന പാത്രങ്ങളുടെ പ്രവൃത്തി മുൻകൂട്ടി കണ്ടുവെക്കണം. ചില്ലറ പ്രവൃത്തി എടുക്കാൻ മാത്രമായി പാത്രങ്ങളെ കഥയിൽ കടത്തിവിടരുത്. അററകുററം തീർന്നാൽപിന്നെ ആ പാത്രം മെനക്കെട്ടുനിൽക്കും. കഥാകാരൻ അതിനെ പിന്നീടു പുറത്താക്കാൻ കുഴങ്ങും. നിർവ്വഹണം വിസ്തരിക്കാതെതന്നെ കഥ അവസാനിക്കുന്നതാണ് ഉചിതമായ മറെറാരു കാര്യം. കഥ മൂർദ്ധന്യത്തിലെത്തിയാൽ പിന്നെ അപരസംഭവങ്ങളുടെ വിവരണം ആവശ്യപ്പെടരുത്; കഥയുടെ പാരമ്യം ഫലോന്മുഖമായി പരിണമിക്കണം. ഫലപ്രാപ്തിക്കു തടസ്സം ചെയ്യുന്ന ദുർഘട

ങ്ങളെല്ലാം എടയ്ക്കുവെച്ചുതീൎത്തു മൂൎദ്ധന്യത്തിൽ ഉദ്ദിഷ്ട ഫലം ഉളവായി എന്നു കണ്ടാൽ കഥ സമാപ്തമാകണം.

ഇനി ചെറുകഥയെ തലക്കെട്ടുകെട്ടിച്ചയക്കാം. കഥയുടെ തലക്കെട്ടു ഒരു വെറും പരസ്യമാകുന്നതല്ല. കഥയുടെ രഹസ്യക്കുറിപ്പാകുന്നതാണു അധികം നല്ലതു്. തികഞ്ഞ കൊമ്പനാനയ്ക്കു മുഷിഞ്ഞ തലക്കെട്ടു കെട്ടിയാൽ ആനച്ചന്തം പോകുകയില്ലെങ്കിലും മുഖഭംഗി കുറയും. തലക്കെട്ടു ആകൎഷണീയമായിരിക്കണം. തലക്കെട്ടു കണ്ടാൽ കഥ വായിക്കുവാൻ മോഹമുണ്ടാകണമെന്നൎത്ഥം. നെററിയിലെ കുട്ടിപ്പൊട്ടു (തിലകക്കുറി) മുഖരുചിയെ വളൎത്തുംപോലെ നൂതനവും ഹൃസ്വമായ തലക്കെട്ടു കഥാരുചിയെ പോഷിപ്പിക്കുവാൻ സഹായിക്കും. ഒരു കഥയിൽ തുല്യപ്രധാനങ്ങളായ രണ്ടു വിഷയം വന്നുചേരുമ്പോഴാണു് കഥയ്ക്കു ഇരുതലക്കെട്ടുകെട്ടേണ്ടിവരുന്നതു്. ആ രണ്ടു തലക്കെട്ടും കാഴ്ചയിൽ ഒന്നായി കാണത്തക്കവിധം യോജിപ്പിച്ചു കെട്ടുക്കുന്നതാണുത്തമം. അതാണു പണിക്കാരന്റെ പണിത്തരത്തിന്നുള്ള മെച്ചവും. അതിനു സാധിക്കാതെ വന്നാലേ രണ്ടായിക്കെട്ടിക്കാവൂ. കഥാകാരൻ കഥ എഴുതുമ്പോൾ തലക്കെട്ടിന്റെ കാൎയ്യം ആലോചിച്ചിട്ടുണ്ടാവില്ല. തലക്കെട്ടു് കെട്ടിക്കേണ്ട ഘട്ടം വരുമ്പോഴാണു് സംശയം ജനിക്കുന്നതു്. കഥ വായിക്കുമ്പോൾ വായനക്കാൎക്കും സംശയം പുടങ്ങും. രണ്ടു രസം ഒരേ സമയത്തനുഭവിപ്പാൻ സാധിക്കുന്നതല്ല. അതുകൊണ്ടു കഥയുടെ ഏകാഗ്രതക്കു ഭംഗം വരുന്നു എന്നൊക്കെയാണു് ഇന്നത്തെ ലോകം അഭിപ്രായപ്പെടുന്നതു്. പക്ഷേ കഥയെ ഓൎമ്മപ്പെടുത്തുന്ന ഉപകരണമാണു തലക്കെട്ടു്. സംശയം ഓൎമ്മയിൽ നിൽക്കുകയില്ല. കഥയുടെ തലക്കെട്ടുപോലും കഥാകാരനു നിസ്സാരമായ സംഗതിയല്ലെന്നു ചുരുക്കം. ഇപ്പോൾ ഇത്ര മാത്രം.

വൈദികകാലത്തിൻമുൻപുണ്ടായിരുന്ന

# സൈന്ധവസംസ്കാരം

സർദാർ കെ. എം. പണിക്കർ.

ഹിന്ദുജനങ്ങളുടെ സംസ്കാരം ആര്യന്മാരിൽനിന്നുണ്ടായിട്ടുള്ളതാണെന്നും, ആര്യന്മാർ ഇൻഡ്യയിൽ പ്രവേശിക്കുന്നതിൻമുൻപു അപരിഷ്കൃതന്മാരായ ദസ്യുക്കളാണു ഭാരതഖണ്ഡത്തിൽ വസിച്ചിരുന്നതെന്നും പരക്കെ ഒരു വിശ്വാസമുണ്ടായിരുന്നു. വേദപുരാണാദികളിൽ ആര്യന്മാരെ സ്തുതിച്ചും അനാര്യന്മാരായ ജനങ്ങളെ ദുഷിച്ചും പറഞ്ഞിരുന്നതു വിശ്വസിച്ചാണു ഇങ്ങനെ ഒരഭിപ്രായം പണ്ഡിതന്മാർ പരക്കേ സ്വീകരിച്ചതു്. ദസ്യുക്കൾ നിറംകൊണ്ടു കറുത്തവരും അപരിഷ്കൃതന്മാരുമായിരുന്നു എന്നു വേദങ്ങൾ പറയുന്നു. എന്നാൽ അവർ നഗരങ്ങളിലാണു അധിവസിച്ചിരുന്നതെന്നുള്ളതിനും അവക്കു അസാമാന്യമായ യുദ്ധപാടവമുണ്ടായിരുന്നു എന്നുള്ളതിനും ഋഗ്വേദസംഹിതയിൽ തന്നെ ലക്ഷ്യങ്ങളുണ്ടു്. ദസ്യുക്കളെ തോല്പിക്കുവാൻ ഇന്ദ്രാദിദേവകളുടെ സഹായം അപേക്ഷിക്കുന്ന പല സൂക്തങ്ങളും ഋഗ്വേദത്തിലുള്ളതുതന്നെ ഇതിനു തെളിവാകുന്നു. എന്നാൽ ഒരു പത്തുകൊല്ലം മുൻപുവരെ, ഇന്ത്യയിലെ ആദിമനിവാസികളുടെ സ്ഥിതി എന്തായിരുന്നു എന്നു ആക്കും തന്നേ തീൎത്തുപറവാൻ നിവൃത്തിയില്ലായിരുന്നു. സിന്ധുനദിയുടെ തീരത്തിലുള്ള Mohenjo Daro മോഹന്യോധാരോ എന്ന സ്ഥലം കഴിച്ചുതെളിച്ചപ്പോഴാണു വൈദികകാലത്തിൻമുൻപുണ്ടായിരുന്ന ഭാരതസംസ്കാരം ഏതുവിധത്തിലുള്ളതായിരുന്നു എന്നു അറിവാൻ സാദ്ധ്യമായതു്.

ആർ. ഡി. ബാനർജി എന്ന ഒരു ബംഗാളിയാണു ഈ സ്ഥലത്തു ആദ്യമായി 1922-ൽ അന്വേഷണംതുടങ്ങിയതു്. അവിടെ നിന്നിരുന്ന ചില ബൌദ്ധസ്തൂപങ്ങളുടെ സ്ഥാനങ്ങൾ പരിശോധിക്കുന്നതിനായി കുഴിച്ചുനോക്കിയപ്പോൾ, ഇപ്പോഴും ആക്കും അറിവാൻ പാടില്ലാത്തതായ ചില അക്ഷരങ്ങൾ കൊത്തിയ ഒട്ടധികം മുദ്രകൾ കാണുവാനിടയായി. ആ മുദ്രകളും അവയിൽകണ്ട ചിത്രാക്ഷരങ്ങളും മെസോപ്പോട്ടേമിയ മുതലായ സ്ഥലങ്ങളിൽ കണ്ടുകിട്ടിയിട്ടുള്ളവയോടു സദൃശമായിരുന്നതിനാൽ അവ അതിനു പുരാതനങ്ങളെന്നും, ആ സ്ഥലം കൂടുതൽ കുഴിച്ചുനോക്കിയാൽ വലുതായ ഒരു നഗരത്തിന്റെ അവശേഷങ്ങൾ കാണാൻ സാധിക്കുമെന്നും അദ്ദേഹം ഊഹിച്ചു. അതിനെത്തുടൎന്നു ഇന്ത്യാഗവണ്മെന്റിന്റെ ആർക്കിയൊളൊജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ അദ്ധ്യക്ഷനും പ്രഖ്യാതപണ്ഡിതനും ആയ സർ ജാൺ മാർഷൽ ഈ സ്ഥലം ശാസ്ത്രീയമായ വിധം ഖനനം ചെയ്തുനോക്കി. അപ്പോൾ അവിടെക്കണ്ട കാഴ്ച അദ്ദേഹത്തിനെ അത്ഭുതപരതന്ത്രനാക്കി.

കുഴിച്ചു, മുകളിലുള്ള മണ്ണു വാരിക്കളഞ്ഞപ്പോൾ ഭൂമിയുടെ അടിയിൽ കണ്ടതു അതിവിശാലമായ ഒരു നഗരമായിരുന്നു. വീതിയുള്ള തെരുവുകളും, വലിയ കെട്ടിടങ്ങളുടെ അടിത്തറകളും, കുളങ്ങളും എല്ലാം ക്രമേണതെളിഞ്ഞുകണ്ടു. അതു ഏതുകാലത്തുണ്ടായിരുന്ന പട്ടണമാണു, അവിടെ താമസിച്ചിരുന്ന ആളുകൾ ഏതു വർഗ്ഗക്കാർ, അവരുടെ ഭാഷയെന്തായിരുന്നു, മതമെന്തായിരുന്നു, എന്നൊക്കെയുള്ള അന്വേഷണമാണു പിന്നീടുണ്ടായതു്.

ആര്യന്മാർ ഇന്ത്യയിൽ വരുന്നതിനു മുൻപാണു ഈ നഗരം നശിച്ചുപോയതെന്നുള്ളതിനു പല ലക്ഷ്യങ്ങളും അവിടെത്തന്നെ ഉണ്ടായിരുന്നു. ഒന്നാമതായി,

മോഹന്യോധാരോയിൽ കണ്ടിട്ടുള്ള പ്രതിമകളിലും, മുദ്രകളിലുള്ള ചിത്രങ്ങളിലും പശുവിന്റെ രൂപമില്ല. പശുവിനെ പ്രത്യേകമായി ആരാധിച്ചിരുന്ന ആൎയ്യന്മാരുടെ നഗരത്തിൽ അങ്ങനെ വരുന്നതല്ലല്ലോ. രണ്ടാമതായി, മോഹന്യോധാരോവിൽ താമസിച്ചിരുന്ന ജനങ്ങൾക്കു കുതിരയെന്ന ഒരു മൃഗംതന്നെ പരിചിതമായിരുന്നില്ല. ആന, ഒട്ടകം, മാൻ മുതലായ പല ജന്തുക്കളുടേയും ചിത്രങ്ങൾ അവിടെ കണ്ടുകിട്ടിയെങ്കിലും, കുതിരയുടെ ഒരു ചിത്രംപോലും കിട്ടിയിട്ടില്ല. അശ്വമേധാദികൎമ്മങ്ങൾക്കു വിധിച്ചിരുന്ന പ്രാധാന്യംകൊണ്ടു ആൎയ്യന്മാരുടെ ജീവിതക്രമത്തിൽ കുതിരയ്ക്കു എത്ര വലുതായ സ്ഥാനമാണു ഉണ്ടായിരുന്നതെന്നു മനസ്സിലാക്കാം. മൂന്നാമതു പറയുകയാണെങ്കിൽ മോഹന്യോധാരോവിലെ ഗൃഹങ്ങളിൽ അഗ്നികുണ്ഡങ്ങളേ ഇല്ല. അഗ്ന്യാരാധകന്മാരായ ആൎയ്യന്മാരുടെ ഗൃഹങ്ങളിൽ അവയ്ക്കായിരുന്നല്ലോ പ്രധാനസ്ഥാനം കല്പിച്ചിരുന്നതു്. ഇങ്ങനെ വേറെയും പല കാരണങ്ങൾ ഉണ്ടു്. അവയിലേററവും പ്രധാനമായി പറയാനുള്ളതു മോഹന്യോധാരോവിൽ നടപ്പുണ്ടായിരുന്ന ചിത്രഭാഷയാണു്. അക്ഷരമാല നടപ്പിൽ വരുന്നതിനു മുൻപു ഓരോ സാധനത്തെയും ഓരോ ചിത്രസംജ്ഞകൊണ്ടാണു കാട്ടിയിരുന്നതു്. ചൈനായിലും; ജപ്പാനിലും ഇപ്പോഴും ഭാഷകൾ ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നു പ്രസിദ്ധമാണല്ലോ. ആൎയ്യന്മാരുടെ ഭാഷ ചിത്രസംജ്ഞയെ അടിസ്ഥാനപ്പെടുത്തിയല്ലായിരുന്നു എന്നുള്ളതു തീൎച്ചതന്നെ. എന്നുമാത്രമല്ല സിന്ധുദേശത്തിൽ നടപ്പുണ്ടായിരുന്ന ചിത്രസംജ്ഞകൾ മറെറാരു ഭാഷയോടും ബന്ധപ്പെട്ടു കാണുന്നുമില്ല. മെസോപോട്ടേമിയാ, ഈജിപ്റ്റ് മുതലായ രാജ്യങ്ങളിലെ പുരാതനചരിത്രം ഇങ്ങനെതന്നെ കുഴിച്ചുതെളിച്ച നഗരങ്ങളിൽ നിന്നു നിൎണ്ണയിച്ച പല പണ്ഡിതന്മാരും പരിശോധിച്ച

തിൽ സൈന്ധവസംസ്കാരം, ആൎയ്യന്മാർ ഇന്ത്യയിൽവരുന്നതിന്നു കുറഞ്ഞപക്ഷം ൧൫൦൦ വർഷം മുൻപായിരിക്കണം പ്രാബല്യത്തിൽ കണ്ടിരുന്നതെന്നു തീൎച്ചപ്പെടുത്തിയിരിക്കുന്നു. ഇതിനേപ്പററി കൂടുതൽ വിവരം അറിയണമെന്നുള്ളവർ ഇൻഡ്യാഗവണ്മെൻറിൽ നിന്നു മോഹന്ന്യോഡാരോയേപ്പററി മൂന്നുപ്രാവശ്യമായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗ്രന്ഥത്തിൽസർ ജാൺമാർഷൽ തന്നേ എഴുതീട്ടുള്ള അദ്ധ്യായങ്ങൾ വായിച്ചുനോക്കേണ്ടതാണ്.

ഈ പുരാതനനഗരത്തിലെ രാജവീഥികളും ഗൃഹങ്ങളും കാണുകയാണെങ്കിൽ, ഇക്കാലത്തു യൂറോപ്പിലുള്ള ഒരു പട്ടണമാണെന്നു തോന്നിപ്പോകും. വീടുകളുടെ അസ്ഥിവാരങ്ങളെല്ലാം ഒന്നാംതരം ഇഷ്ടികകൊണ്ടാണ്. താഴത്തെ നിലയിലുള്ള മുറികൾ മാത്രമാണു ശേഷിച്ചിട്ടുള്ളതെങ്കിലും, മിക്ക വീടുകളിലും കോവണിപ്പടികൾ കാണുന്നതുകൊണ്ടു വീടുകൾക്കു കുറഞ്ഞപക്ഷം രണ്ടുനിലയെങ്കിലുമുണ്ടായിരുന്നിരിക്കണം. മിക്ക വീടുകളിലും ഇഷ്ടികകെട്ടിപ്പടുത്ത കിണറുകൾ ഉണ്ടായിരുന്നു. മോഹന്ന്യോഡാരോവിലെ വീടുകൾക്കുള്ള ഒരു പ്രത്യേകത അവയിൽ സൎവ്വസാധാരണമായി കണ്ടിരുന്ന കുളിമുറികളാണ്. വൃത്തിയായി കെട്ടിയിരുന്ന ആ മുറികളിൽനിന്നു വെള്ളമൊലിച്ചു റോഡിലുള്ള ഓടകളിലേക്കു ചേരുന്നതിന്നു ഓവുകൾ ഉണ്ടായിരുന്നു. ചവറുവാരിയിടുന്നതിന്നു എല്ലാം റോഡുകളിലും പ്രത്യേകസ്ഥലങ്ങൾ പണിയിപ്പിച്ചിട്ടുണ്ടായിരുന്നു. ആകപ്പാടെ നോക്കുകയാണെങ്കിൽ നഗരശുചീകരണത്തിൽ ഇതുപോലെ ശ്രദ്ധ ഒരിടത്തും ഉണ്ടായിരുന്നില്ലെന്നുതന്നേ പറയാം.

ഇതുവരെ മോഹന്ന്യോഡാരോവിൽ തെളിച്ചെടുത്തിട്ടുള്ള വീടുകൾ മൂന്നുതരത്തിലുള്ളവയാണ്. നാഗരീകന്മാരുടേ വീടുകൾ, എന്തുദ്ദേശത്തിന്നുള്ളവയെന്നു ഇപ്പോൾ തീൎച്ചപ്പെടുത്താൻ സാദ്ധ്യമല്ലാത്ത കെട്ടിടങ്ങൾ, സ്നാന

ഗേഹങ്ങൾ, ഇങ്ങനെ മൂന്നുതരത്തിൽ കെട്ടിടങ്ങൾ കാണാം. വീടുകളിൽ പലതും അസാമാന്യ വലിപ്പമുള്ളതായിരുന്നു. അവയിൽ ഒന്നിനു ൮൫ അടി നീളവും ൯൭ അടിവീതിയും ഉണ്ടു്. ചുററുമുള്ള ഭിത്തികൾക്കു അഞ്ചടി ഘനം ഉണ്ടെന്നു പറയുമ്പോൾ ആ ഗൃഹത്തിൻെറ പണിയെങ്ങിനെ ആയിരുന്നു എന്നൂഹിക്കാമല്ലോ. വേറെ ഒരു വീടിനു താഴത്തെ നിലയിൽ നാലു അങ്കണങ്ങളും മുൻവശത്തു മൂന്നു വാതിലുകളും; കുറഞ്ഞപക്ഷം രണ്ടുനിലകളുമുണ്ടായിരുന്നു.

സ്നാനഗേഹമെന്നു മുൻപറഞ്ഞ കെട്ടിടമാണു മോഹന്യോധാരോവിലുള്ള എടുപ്പുകളിൽ എല്ലാംകൊണ്ടുംപ്രാധാന്യം വഹിക്കുന്നതു്. നടുവിൽ വലുതായ ഒരു കുളവും, നാലുഭാഗത്തും വരാന്തകളും, അവയെത്തൊട്ടു മുറികളും, വലിയ ഹാളുമാണു അവിടെ കാണാനുള്ളതു്. കുളത്തിനു ൩൯ അടിനീളവും ൨൩ അടിവീതിയും ൮ അടി കുഴിയുമാണു്. രണ്ടു വശത്തും ഇറങ്ങുന്നതിനു കല്പടകളുമുണ്ടു്. ഇത്ര മനോഹരമായ ഒരു സ്നാനഗേഹം റോമാസാമ്രാജ്യത്തിൽപോലുമില്ലായിരുന്നു.

നഗരത്തിൻെറയും അതിൽ വസിച്ചിരുന്ന ജനങ്ങളുടേയും സമ്പൽപ്രൌഢി ഈ പറഞ്ഞതിൽനിന്നു ഏതാണ്ടൂഹിക്കാമല്ലോ. സമീപസ്ഥലങ്ങളിൽ വലുതായ കൃഷിയില്ലാതെ പട്ടണങ്ങളിൽ ജനങ്ങൾക്കു വാസം സാദ്ധ്യമല്ലാത്തതുകൊണ്ടു കൃഷികവൃത്തിയിൽ ആ നാട്ടിലെ ജനങ്ങൾ അസാമാന്യമായ അഭിവൃദ്ധി പ്രാപിച്ചിരുന്നിരിക്കണം. കോതമ്പു, ബാർളി മുതലായ ധാന്യങ്ങൾ അവിടെ കാണാനുള്ളതുകൊണ്ടു് അവ സമീപസ്ഥലങ്ങളിൽ കൃഷി ചെയ്യപ്പെട്ടിരുന്നു എന്നുള്ളതിനു തക്കമില്ല. പശു, ആടു്, എരുമ മുതലായ ജന്തുക്കളെ അവർ ധാരാളം വളത്തിയിരുന്നു. ആനയും ഒട്ടകവും അവർ വാഹനങ്ങളായി ഉപയോഗിച്ചിരുന്നു.

ഒരു പട്ടിയുടെ രൂപം മുദ്രയിൽ കൊത്തിയതു കണ്ടുകിട്ടിയിരിക്കുന്നതിൽനിന്നു അവർ പട്ടിയേയും ഇണക്കിയിരുന്നു എന്നു മനസ്സിലാക്കാം.

പലതരത്തിലുള്ള ലോഹങ്ങൾ സൈന്ധവക്കു പരിചയമായിരുന്നു എന്നു കാണുന്നു. പൊന്നു്, വെള്ളി, ഇരുമ്പു്, തകരം, ഈയം ഇവകൊണ്ടുള്ള സാധനങ്ങൾ സുലഭമായി കണ്ടുകിട്ടിയിട്ടുണ്ടു്. അവർ ഉപയോഗിച്ചിരുന്ന സ്വർണ്ണം തെക്കേഇൻഡ്യയിൽനിന്നുവന്നതാണെന്നു, സർ എഡ്വിൻപാസ്കോ അഭിപ്രായപ്പെടുന്നു. അവർ ഉപയോഗിച്ചിരുന്ന സ്വർണ്ണത്തിൽ സ്വല്പം വെള്ളിയുടെ കലർപ്പുകൂടിയുള്ളതു മൈസൂരിലേ സ്വർണ്ണഖനികളിൽ മാത്രമേ കാണുന്നുള്ളു എന്ന സംഗതിയും ഈ ഊഹത്തേ ബലപ്പെടുത്തുന്നു. അവരുടെ പൊന്നുപണി വളരേ മിനുസമുള്ളതും മനോഹരവുമായിരുന്നു. വെള്ളികൊണ്ടുള്ള പാത്രങ്ങളും ആഭരണങ്ങളും ധാരാളമായി കണ്ടുകിട്ടിയിട്ടുണ്ടു്.

പഞ്ഞി നൂൽക്കുകയും നെയ്യുകയും സർവ്വസാധാരണമായ ഒരു തൊഴിലായിരുന്നു. ധനികന്മാരും സാധുക്കളും ഈ തൊഴിൽ പരിശീലിച്ചിരുന്നു എന്നുള്ളതിനു ലക്ഷ്യമായി പലതരം അലങ്കാരമുള്ള ചക്കുകളും അവിടെ കണ്ടിട്ടുണ്ടു്. പഞ്ഞിയും, കമ്പിളിയും വസ്ത്രമുണ്ടാക്കുന്നതിനു ഉപയോഗിച്ചുവന്നു. അങ്ങുമിങ്ങും പററിക്കണ്ട ചില വസ്ത്രശകലങ്ങൾ പരിശോധിച്ചതിൽനിന്നു, അവയിൽ ഉപയോഗിച്ചിരിക്കുന്ന പഞ്ഞി ഇപ്പോൾ ഇന്ത്യയിൽ ഉണ്ടാകുന്ന തരമാണെന്നും തെളിഞ്ഞിട്ടുണ്ടു്. പുരുഷന്മാരും സ്ത്രീകളും ആഭരണങ്ങൾ ധരിച്ചിരുന്നു. മാലകളും, മോതിരങ്ങളും കേയൂരങ്ങളും രണ്ടുകൂട്ടക്കാക്കും, സാധാരണമായിരുന്നു. കാഞ്ചി, നൂപുരം, കുണ്ഡലം ഇവ സ്ത്രീകൾ മാത്രമേ ധരിച്ചിരുന്നുള്ളു.

ആയുധങ്ങൾ കണ്ടുകിട്ടിയിട്ടുള്ളതു, കോടാലി, കുന്തം, കഠാരി, വില്ലുംഅമ്പും, ഇവകളാണ്. ആൎയ്യന്മാൎക്കുണ്ടായിരുന്നതുപോലെ കവചങ്ങളോ, പരിചകളോ, കിരീടങ്ങളോ അവൎക്കില്ലായിരുന്നു. അവരുടെ നഗരങ്ങൾ നശിക്കുവാനും, സംസ്കാരം ഇല്ലാതാകുവാനും കാരണവും ഇതുതന്നേ ആയിരിക്കാം. കുതിരപ്പുറത്തും രഥത്തിലും കയറി കവചംകൊണ്ടു ദേഹത്തേയും, കിരീടംകൊണ്ടു ശിരസ്സിനേയും രക്ഷിച്ചു യുദ്ധം ചെയ്യുന്ന ആൎയ്യന്മാരാൽ അവർ ജയിക്കപ്പെട്ടു എന്നാണു വിചാരിക്കാവുന്നതു്. പുതിയ രീതിയിൽ യുദ്ധസാമഗ്രികൾ ധാരാളമായുള്ളവരോടു ധനവും സംസ്കാരവുംകൊണ്ടു മാത്രം എതൃത്തുനിൽക്കാൻ സാധിക്കയില്ലെന്നുള്ളതിനു ലോകചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ. അങ്ങനെ ആയിരിക്കാം സൈന്ധവസംസ്കാരം നാമാവശേഷമായതു്.

സൈന്ധവഭാഷ ചിത്രങ്ങളെ അടിസ്ഥാനപ്പെടുത്തി ആയിരുന്നു എന്നു പറഞ്ഞുവല്ലോ. അക്ഷരമാല കണ്ടുപിടിക്കുന്നതിനു മുൻപു പരിഷ്കൃതജാതികൾ എല്ലാവരും ഇങ്ങനെയുള്ള ഭാഷകളാണു ഉപയോഗിച്ചുവന്നതു്. എലാമൈറ്റ്, സുമേറിയൻ, ഈജിപ്ഷ്യൻ മുതലായ ഭാഷകളും ഈ വിധത്തിലായിരുന്നു. അവയും സൈന്ധവഭാഷയുമായി ചില സാദൃശ്യങ്ങൾ ഉണ്ടെങ്കിലും, അവ ഒന്നല്ലെന്നുള്ളതു തീൎച്ചതന്നെ. പല പണ്ഡിതന്മാരും ശ്രമിക്കുന്നുണ്ടെങ്കിലും, അതിൻെറ രഹസ്യം ആൎക്കും ഇതുവരെ മനസ്സിലായിട്ടില്ല. ഇതുവരെ കണ്ടുകിട്ടിയിട്ടുള്ള മുദ്രകൾ പരിശോധിച്ചതിൽ നിന്നുതന്നെ അവരുടെ ഭാഷയിൽ വളരെ അധികം വാക്കുകൾ നടപ്പിലുണ്ടായിരുന്നുവെന്നു് തെളിയുന്നുണ്ടു്.

ഈ ജനസമുദായത്തിൻെറ മതവിശ്വാസങ്ങൾ എന്തായിരുന്നു? വേദങ്ങളിൽ സ്തുതിക്കപ്പെട്ടിട്ടുള്ള ഇന്ദ്രാദിദേവതകളുടെ പ്രതിമ മോഹൻജൊദാരോവിൽ ഇല്ല.

വൈദികദേവതകൾ തന്നെ ഇല്ലാതിരിക്കുന്ന സ്ഥിതിക്കു ദശാവതാരമൂർത്തികളും, പുരാണപ്രസിദ്ധങ്ങളായ സ്കന്ദഗണേശാദി ദേവതകളും അവിടെ കാണാത്തതിൽ ആശ്ചര്യമില്ലല്ലോ. സൈന്ധവജാതിക്കാർ ആര്യന്മാരുടെ മതവിശ്വാസങ്ങൾ ഒട്ടുംതന്നെ അറിഞ്ഞിരുന്നില്ലെന്നുള്ളതു തീർച്ചതന്നെ. പിന്നെ എന്തായിരുന്നു അവർ വിശ്വസിച്ചിരുന്നതു്? അവരുടെ മതവിശ്വാസങ്ങളെ തെളിയിക്കുന്ന പല പ്രതിമകളും പൂജാസാധനങ്ങളും മോഹന്ന്യോദാരോവിൽ കണ്ടുകിട്ടിയിട്ടുള്ളവ എല്ലാം തന്നെ ദേവ്യുപാസനയെ സംബന്ധിച്ചവയാണു്. ഈജിപ്റ്റ്, മെസോപൊട്ടോമിയാ, ഏഷ്യാമൈനർ മുതലായ സ്ഥലങ്ങളിൽ ദേവീപൂജ ആദ്യകാലം മുതൽക്കേ ഉണ്ടായിരുന്നു എന്നുള്ളതു ചരിത്രപ്രസിദ്ധമാണല്ലോ. ഇൻഡ്യയിലും, ദേവീപൂജ, ആര്യന്മാരുടേ ആഗമനത്തിൻ മുൻപുതന്നെ ഉണ്ടായിരുന്നതാണെന്നും, വേദസൂക്തങ്ങളിൽ അങ്ങുമിങ്ങും ദേവീപൂജയേപ്പററിക്കാണുന്ന രഹസ്യസൂചനകൾ, ഭാരതവർഷത്തിലെ ആദിമനിവാസികളിൽ നിന്നും ആര്യന്മാർ കൈക്കൊണ്ടതാണെന്നും വിചാരിക്കുന്നതിനും പല ന്യായങ്ങൾ പണ്ഡിതന്മാർ പണ്ടുതന്നേ ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ മോഹന്ന്യോദാരോവിലെ പരീക്ഷണങ്ങൾ നടത്തുന്നതുവരെ ശരിയായ തെളിവുകൾകൊണ്ടു ഈ ഊഹത്തെ സമർത്ഥിക്കുന്നതിനു ആർക്കും സാധിച്ചിരുന്നില്ല. അവിടെ കണ്ടുകിട്ടിയ സാധനങ്ങളിൽ ഏററവും വിശേഷപ്പെട്ടതു നഗ്നരൂപത്തിലുള്ള ഒരു കാളീപ്രതിമയാണു്. അതുകൂടാതെ പലതരത്തിലും വലുപ്പത്തിലുമുള്ള ശിവലിംഗങ്ങളും യോഗധ്യാനത്തിലിരിക്കുന്ന ശിവൻെറ ഒരു പ്രതിമയും കണ്ടുകിട്ടിയിട്ടുണ്ടു്. ഇതിൽനിന്നു തെളിയുന്നതു ശിവശക്തിപൂജ ആര്യമതത്തെക്കാൾ പുരാതനമാണെന്നും, അതിനേ പിന്നീടു ആര്യന്മാർ സ്വീകരിച്ചു എങ്കിലും, അതിൻെറ ഉത്ഭവം ആര്യന്മാരുടെ

വേദങ്ങളിൽ നിന്നല്ലായിരുന്നു എന്നുമാണല്ലോ. അനാര്യജനങ്ങളായ ഈജിപ്തുകാർ മുതലായവരുടെ ഇടയിൽ പ്രചുരപ്രചാരമായിരുന്ന ഈ സിദ്ധാന്തങ്ങൾ വൈദികകാലത്തിനു മുമ്പുതന്നേ ഇൻഡ്യയിൽ നിന്നു മററു സ്ഥലങ്ങളിൽ ചെന്നുചേൎന്നതായും വിചാരിക്കുന്നതിൽ അസാംഗത്യമില്ല.

സിന്ധുതടത്തിൽ മാത്രമാണു ഈ സംസ്കാരലക്ഷണങ്ങൾ ഇപ്പോൾ കണ്ടുകിട്ടിയിരുന്നതെങ്കിലും, ഇൻഡ്യാഖണ്ഡം മുഴുവൻ തന്നേ അതു വ്യാപിച്ചിരുന്നു എന്നു വിചാരിക്കുവാൻ പല ന്യായങ്ങളും ഉണ്ടു്. സ്വൎണ്ണം തെക്കേഇൻഡ്യയിൽ നിന്നാണു അവൎക്കു ലഭിച്ചിരുന്നതെന്നു മുൻപുതന്നേ പറഞ്ഞുവല്ലോ. നീലഗിരിയിൽനിന്നുമാണു അവിടെക്കണ്ടിരുന്ന ചില രത്നങ്ങൾ വന്നിട്ടുള്ളതെന്നും ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടുന്നുണ്ടു്. ഹരപ്പാ എന്നൊരു സ്ഥലത്തും ഇതുപോലെയുള്ള കെട്ടിടങ്ങളും സാധനങ്ങളും കണ്ടിട്ടുണ്ടു്. വേറെയും പല നഗരങ്ങൾ ഇന്ത്യയിലങ്ങുമിങ്ങുമായി ഉണ്ടായിരുന്നുവെന്നുവേണം ഊഹിക്കാൻ.

സൈന്ധവഭാഷയുടെ രഹസ്യം വെളിവാകുന്നതുവരെ ഈ ജനങ്ങളുടെ ചരിത്രത്തേപ്പററി യാതൊന്നും അറിവാൻ സാധിക്കുന്നതല്ല. സുമേറിയാ, ഈജിപ്തു മുതലായ രാജ്യങ്ങളിലേ ഭാഷകൾ ഇതുപോലെതന്നെ ഒരു കാലത്തു അജ്ഞാതമായിരുന്നു. എന്നാൽ ബുദ്ധിമാന്മാരായ പണ്ഡിതന്മാരുടേ സ്ഥിരപരിശ്രമംകൊണ്ടു അവ ഇപ്പോൾ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടില്ലാതായിതീൎന്നിട്ടുണ്ടു്. ഹിന്ദുസൎവ്വകലാശാലയിലെ ഡാക്ടർ പ്രാണനാഥൻ മുമ്പു ഇൻഡ്യാഗവണ്മെൻറിൽ ജോലിയായിരുന്ന മിസ്റ്റർ വാഡൽ മുതലായ ചിലർ ഈ ചിത്രഭാഷയുടെ വ്യാഖ്യാനങ്ങൾ ചെയ്തു നോക്കിയിട്ടുണ്ടു്. മിസ്റ്റർ വാഡലിൻെറ വ്യാഖ്യാനപ്രകാരം മെസ്സോപൊട്ടോമിയായിലേപല കഥകളും ആണു മോഹന്ജോദാരോവിലേ

മുദ്രകളിൽ കാണുന്നതു്. അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ ഒന്നും തന്നെ പണ്ഡിതന്മാർ സ്വീകരിച്ചിട്ടില്ല. ഡാക്ടർ പ്രാണനാഥൻെറ അഭിപ്രായങ്ങൾ അങ്ങുമിങ്ങും മാസികകളിൽ കണ്ടിട്ടുള്ളതല്ലാതെ പുസ്തകരൂപത്തിൽ പ്രസിദ്ധമായിട്ടുണ്ടോ എന്നറിയുന്നില്ല. കണ്ടിടത്തോളം കൊണ്ടു അവയും സ്വീകാര്യമാണെന്നു തോന്നുന്നില്ല. ഏതായാലും സൈന്ധവഭാഷ മനസ്സിലാകാതിരിക്കുന്നിടത്തോളം കാലം, ഭാരതീയരുടെ ആദ്യപിതാക്കളായ ഈ വിശിഷ്ടജനങ്ങളുടെ ചരിത്രം അറിവാൻ ഒരു നിവൃത്തിയുമില്ല.

പക്ഷേ ഹരപ്പായിലും മോഹന്ജൊദാരോവിലും കണ്ടുകിട്ടിയ സാധനങ്ങളിൽ നിന്നു ഇത്രയും തീർത്തുപറയാറായിട്ടുണ്ടു്. ചരിത്രത്തിൻെറ പ്രഭാതം മുതൽ തന്നെ ഭാരതവർഷം പരിഷ്കൃതരാജ്യങ്ങളുടെ മുന്നണിയിൽ നിന്നിരുന്നു. ഈജിപ്തു, മെസ്സോപൊട്ടേമിയ, ചൈനാ എന്നിവപോലെ മനുഷ്യസംസ്കാരത്തിൻെറ ജന്മഭൂമികളിൽ ഒന്നാണു നമ്മുടെ രാജ്യവും. ആ ആദിമകാലങ്ങളിൽ നമ്മുടെ രാജ്യത്തു വസിച്ചിരുന്നവർ സമ്പൽസമൃദ്ധികൊണ്ടും നാഗരികത്വം കൊണ്ടും മററുള്ള ജനങ്ങളെ അതിശയിച്ചിരുന്നു. അവരുടെ നഗരങ്ങൾ, ഗൃഹങ്ങൾ, രാജവീഥികൾ മുതലായവ പരിശോധിച്ചതിൽ, അവർ ആരോഗ്യരക്ഷാമാർഗ്ഗങ്ങളിലും സുഖജീവിതത്തിലും ഇപ്പോൾ നമുക്കുള്ളതിൽ കൂടുതൽ ശ്രദ്ധകാണിച്ചിരുന്നവരാണെന്നു തെളിയുന്നുണ്ടു്. കൃഷി കച്ചവടം മുതലായവയിൽ അവക്കു സാമർത്ഥ്യമുണ്ടായിരുന്നു. സുകുമാരകലകളിലും അവർ പിറകോട്ടായിരുന്നില്ല. ആര്യന്മാർ ഇൻഡ്യയിൽ പ്രവേശിക്കുന്നതിനു കുറഞ്ഞപക്ഷം ആയിരത്തിഅഞ്ഞൂറുവർഷം മുൻപു, ഇത്ര വലിയ പരിഷ്കാരം ഭാരതവർഷത്തിൽ ഉണ്ടായിരുന്നുവെന്നുള്ളതു നമുക്കു അഭിമാനകരമല്ലേ.

പുരാണകാര്യപ്രസക്തനായ മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂർത്തിസ്മാരകമായി പ്രസിദ്ധപ്പെടുത്തുന്ന ഈ ഗ്രന്ഥത്തിൽ ഭാരതീയരുടെ പുരാതനചരിത്രത്തേപ്പററി ഇത്രയും പ്രതിപാദിച്ചതു അനുചിതമെന്നു വരികയില്ലല്ലോ. ഭാഷാഭിമാനികളിൽ അഗ്രഗണ്യനും ഭാഷാഭക്തന്മാരിൽ ഉത്തമോത്തമനുമായ അവിടുന്നു ചിരകാലം ജീവിച്ചിരിക്കുവാൻ സർവ്വേശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ.

# കവിതാനിരൂപണവും കവിചരിത്ര ചിന്തയും

(പി. കൃഷ്ണൻനായർ, ശിരോമണി)

ഭാരതീയരുടെ ദൃഷ്ടിയിൽ സാഹിത്യനിരൂപണം ഔചിത്യനിദാനവും സഹൃദയസമ്മതവുമായ പ്രമാണങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ചമൽകാരവിവേചനമാകുന്നു. ആ പ്രമാണങ്ങൾ പാശ്ചാത്യരുടെ "ക്രിട്ടിക്കൽമെത്തേഡി"ന്നു സജാതീയമാണെന്നുപറയാം. എന്നാൽ, ഭാരതീയർ പാശ്ചാത്യരെപ്പോലെ, സാഹിത്യനിരൂപണത്തിൽ, കാലികചരിത്രചിന്തയ്ക്കോ ജീവനചരിത്രചിന്തയ്ക്കോ പ്രവേശനമനുവദിച്ചുകാണുന്നില്ല. ഭാരതീയരുടെ സാഹിത്യം മുഴുവനും ചില 'ആദർശ'ങ്ങളെ മുൻനിറുത്തി, ധർമ്മ്യമായ സമ്പ്രദായത്തെ അനുസരിച്ചുപ്രവർത്തിച്ചിട്ടുള്ളതാകയാൽ, അതിൽ ആ വക ചിന്തകളെക്കൊണ്ടു വിശേഷിച്ചു ആവശ്യവുമില്ല. വാല്മീകി, ഭാസൻ, കാളിദാസൻ, ഭവഭൂതി, അശ്വഘോഷൻ, ഭാരവി, മാഘൻ, ഹർഷൻ, ഭോജൻ, ബാണഭട്ടൻ, പൂനം, ചെറുശ്ശേരി, തുഞ്ചൻ, കുഞ്ചൻ മുതലായവരുടെ കാലത്തെ ചരിത്രമോ അവരുടെ ജീവനചരിത്രമോ അറിയുന്നതുകൊണ്ടോ അറിയാത്തതുകൊണ്ടോ തദീയകൃതികളുടെ ആസ്വാദനത്തിന്നു വല്ല വൈശിഷ്ട്യമോ വൈകല്യമോ സഹൃദയന്മാൎക്ക് അനുഭവപ്പെടുന്നുണ്ടോ? ഭാസകാളിദാസാദികളുടെ കാലം, ദേശം, ആ ദേശത്തെ ശീതോഷ്ണസ്ഥിതി, രാജാവു, രാജ്യഭരണരീതി, യുദ്ധാദിപ്രധാനസംഭവങ്ങൾ, കൃഷി, വാണിജ്യം, വിദ്യാഭ്യാസം, ജനസംഖ്യ, സമുദായസ്ഥിതി, ആചാരം,

ഭാഷ മുതലായവയും, ആ കവികളുടെ ഉയരം, വണ്ണം, നിറം, ജാതി, സ്വഭാവം, അമ്മ, അച്ഛൻ, സഹോദരൻ, ഭാൎയ്യ, മക്കൾ, അയൽവക്കക്കാർ, ബന്ധു, മിത്രം, ശത്രു, ഉദ്യോഗം, ധനസ്ഥിതി മുതലായവയും ഗ്രഹിച്ചിട്ടുള്ളവൎക്കേ അവരുടെ കൃതികൾ പൂൎണ്ണമായി ആസ്വദിക്കാൻ സാധിക്കയുള്ളുവെന്നു പറയുന്നതു് അനുഭവത്തിന്നുവിരുദ്ധമല്ലേ? ഇന്നത്തെ മഹാകവികളായ ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ ഗ്രന്ഥങ്ങൾ വായിച്ചുരസിക്കുവാൻ അവരുടെ ജീവനചരിത്രജ്ഞാനമാവശ്യകമാണെന്നു് ആരെങ്കിലും പറയുമോ? പറയുന്നതു യുക്തമാണോ?

"യേ നാമ കേചിദിഹ നഃ പ്രഥയന്ത്യവജ്ഞാം
ജാനന്തു തേ കിമപി താൻ പ്രതി നൈഷയത്നഃ
ഉൽപത്സ്യതേസ്തി മമ കോപി സമാനധൎമ്മാ
കാലോഹ്യയം നിരവധിൎവ്വിപുലാ ച പൃഥ്വീ"

എന്നു ഭവഭൂതി നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ചു് അദ്ദേഹത്തിന്റെ വിരോധികളാരെല്ലാമായിരുന്നു? അവരുടെ സ്വഭാവവും പ്രവൃത്തിയും മററുമെന്തായിരുന്നു? അന്നുണ്ടായിരുന്ന സമാനധൎമ്മാവാരു്? ആയാളുടെ ദേശമേതു്? ഉദ്യോഗമെന്തു്? ഉൽപത്സ്യമാനനായി കവി വിവക്ഷിച്ചിരിക്കുന്ന സമാനധൎമ്മാവിന്റെ സ്ഥിതിയെന്തു്? എന്നും മററുമറിവുണ്ടെങ്കിലേ അദ്ദേഹത്തിന്റെ കൃതികളിൽ രസിക്കാൻ കഴിയൂ എന്നു ശഠിക്കുന്നതു കഷ്ടമല്ലേ?

"സ്ഥാനാദസ്മാൽ സരസനിചുളാദുൽപതോദങ്മുഖഃ ഖം
ദിങ്നാഗാനാം പഥി പരിഹരൻ സ്ഥൂലഹസ്താവലേപാൻ"

എന്ന പദ്യത്തിൽ മല്ലിനാഥന്റെ വ്യാഖ്യാനപ്രകാരം, നിചുളകവി തന്റെ കവിതകളെ ശ്ലാഘിച്ചിരുന്ന സഹൃദയനായ സുഹൃത്തും, ദിങ്നാഗാചാൎയ്യൻ തന്റെ കൃതികളെ ആക്ഷേപിച്ചിരുന്ന ശത്രുവുമാണെന്നു

കാളിദാസൻ സൂചിപ്പിച്ചിട്ടുണ്ടെന്നുതന്നെയിരിക്കട്ടെ. എന്നാൽ നിചുളൻ, ദിങ്ങ്നാഗൻ എന്നിവരാരായിരുന്നു? അവർ ഏതുതരക്കാരായിരുന്നു? അവക്കും കാളിദാസനും തമ്മിലുള്ള ബന്ധമേതു നിലയിലായിരുന്നു? അതിനുള്ള പ്രധാന ഹേതുക്കൾ എന്തെല്ലാമായിരുന്നു എന്നും മററും വേറെ വഴിക്കു ഗ്രഹിച്ചിട്ടുള്ളവക്കേ മേഘസന്ദേശാദിഗ്രന്ഥങ്ങൾ പൂൎണ്ണമായി ആസ്വാദിക്കാൻ സാധിക്കയുള്ളുവെന്നു ശഠിക്കുന്നതു അസംബന്ധമാണല്ലോ. പ്രസ്തുത പദ്യത്തിൽ സൂചിപ്പിച്ചിട്ടുണ്ടെന്നു പറയുന്ന ആ അംശത്തിൻെറപോലും ജ്ഞാനം തൽകവിതാസ്വാദനത്തിന്നാവശ്യമാണോ? പ്രകൃതത്തിൽ അനുപയുക്തമായ ജീവനചരിത്രാംശത്തിൻെറ ജ്ഞാനം രസാസ്വാദനത്തിന്നു പ്രയോജകമാവുന്നതെങ്ങിനെ?

നമുക്കു രസിക്കുന്ന ഒരു കൃതിയുടെ കത്താവിൻെറ കാലവും ജീവചരിത്രവുമറിവാൻ സ്വാഭാവികമായി ആഗ്രഹമുണ്ടാവുമെന്നതു ശരിയാണു്. എന്നാൽ ആ വക അറിവ് ആ കൃതികളെ വായിച്ചു രസിക്കുന്നതിലോ അവയുടെ നിലയും വിലയും നിശ്ചയിക്കുന്നതിലോ വിശേഷിച്ചുപകരിക്കുന്നില്ലെന്നു മാത്രം. ഏതാദൃശജ്ഞാനം കൊണ്ടു് ആസ്വാദനപ്രകാരത്തിന്നു യാതൊരു വൈശിഷ്ട്യവും വരുന്നില്ലെന്നു പാശ്ചാത്യവിമർശകന്മാരിലൊരാളായ സെയിൻറ്സ്ബെറി (Saintsbury) എന്ന പണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുമുണ്ടു്. *

* For my part I am unable to find the slightest interest or the most rudimentary importance in the questions whether the Mr. W. H. of the dedication was the Earl of Pembroke, and if so, whether he was also the object of the majority of the sonnets; whether the "dark lady" the 'woman coloured ill', was Miss Mary Fitten: whether the rival poet was Chapman. Very likely all these things are true: very likely not one of them is true. They are impossible of settlement, and if they were settled they would not in the slightest degree affect the poetical beauty and the human interest of the sonnets.

(History of Elizabethen Literature. Page 162)

സാഹിത്യം വ്യക്തിത്വത്തിന്റെ പ്രതിബിംബനമാകയാൽ അതിനെ ശരിയായി ആസ്വദിക്കുവാൻ ഭാവുകന്നു തദ്വ്യക്തിത്വത്തോടു ദൃഢപരിചയമാവശ്യമാണെന്നും അതിലേക്കു ഗ്രന്ഥകാരന്റെ പ്രത്യേക സ്വഭാവങ്ങളും ജീവിതാനുഭവങ്ങളും വേറെ വഴിക്കു കഴിയുന്നത്ര ഗ്രഹിക്കാതെ നിവ്വാഹമില്ലെന്നുമുള്ള വാദവും ആപാതരമണീയം മാത്രമാകുന്നു. ഒന്നാമതായി, സാഹിത്യം വ്യക്തിത്വപ്രതിബിംബമാണെന്നുള്ള മതം തന്നെ ക്ഷോദക്ഷമമല്ല. സാമാന്യരൂപമായ വ്യക്തിത്വം സാർവ്വത്രികമായ ധമ്മമാകയാൽ കാര്യകാരിയല്ല. അതുകൊണ്ടു് വിവക്ഷിതമായ ധമ്മം തദ്വ്യക്തിത്വമാണെങ്കിൽ, പ്രതിവസ്തുഭിന്നമാകയാൽ അതും കാര്യോപയോഗിയാകയില്ല. തദ്വ്യക്തിത്വമനന്തമാണു്. അവയുടെ ഒക്കെയും പ്രതിബിംബനം സാഹിത്യമാണോ? അല്ല, ഏതാനും ചിലതിന്റെ മാത്രമോ? ആദ്യപക്ഷം അവ്യാവർത്തകവുമനുപയോഗിയുമാണു്. ദ്വിതീയപക്ഷത്തിൽ ഏതാനും ചിലതു് ഏതെല്ലാമാണെന്നു പരിഗണിക്കതന്നെ വേണം. ആ കാര്യം സുകരവും സമീചീനവുമല്ല. കൂടാതെ തല്ലപ്പുത്താൽ വിവക്ഷിതം കവിപദാത്ഥമാണെങ്കിൽ ആ ലക്ഷണം അന്യോന്യാശ്രയദോഷകലുഷിതവുമാണു്. സാഹിത്യപദാത്ഥജ്ഞാനത്തിന്നു കവി പദാത്ഥജ്ഞാനാപേക്ഷയും, കവി പദാത്ഥജ്ഞാനത്തിന്നു സാഹിത്യപദാത്ഥജ്ഞാനാപേക്ഷയുമുള്ളതുകൊണ്ടു അന്യോന്യാശ്രയമായിട്ടാണു് ലക്ഷണം സ്ഥിതിചെയ്യുന്നതു്. അഥവാ, തദ്വ്യക്തിത്വപ്രതിബിംബനമെന്നതു് സാഹിത്യലക്ഷണമല്ല; സ്വരൂപകഥനം, അതായതു, ഒരു ധമ്മവിശേഷം മാത്രമാണു് എന്നു പറയുന്നുവെങ്കിൽ ശരിതന്നെ. എന്നാൽ തദ്വ്യക്തിത്വമെന്നാലെന്തു്? നിരുപാഖ്യപ്രഖ്യമാണെങ്കിൽ അങ്ങിനെയുള്ള സാധനവുംകൊണ്ടു കൈകാര്യം ചെയ്യുക—സിദ്ധാന്തസ്ഥാപനത്തിന്നൊരുങ്ങുക—ഒരു ശാസ്ത്രകാരന്നു യോജിച്ചതല്ല. വിശി

ഷ്ടഗുണങ്ങളുടെ ഘടനാവൈചിത്ര്യമാണെങ്കിൽ, ആ വിശിഷ്ടഗുണങ്ങളേവ? തല്ലക്ഷണമെന്തു്? ഘടനാവൈചിത്ര്യത്തിന്റെ സ്വരൂപമെന്തു്? എന്നെല്ലാം പ്രതിപാദിച്ചേ മതിയാകൂ. ആവകയൊക്കയും നിർവ്വചനാശക്യമാണെന്നുണ്ടെങ്കിൽ താദൃശസംരംഭം നിഷ്ഫലവുമാണു്. വസ്തുസ്ഥിതി അത്തരത്തിലാണെങ്കിലും വ്യക്തിത്വവിശേഷപ്രതിഭാസമനുഭവസിദ്ധമായിരിക്കെ ബലാൽകാരമായി തള്ളിക്കളയുന്നതു ശരിയാണോ? മഹാന്മാരിൽ ഓരോരുത്തരുടേയും രചനാരീതിക്കുള്ള വൈലക്ഷണ്യം പ്രത്യക്ഷസിദ്ധമല്ലേ? ആനുഭാവികമായ ആ വൈലക്ഷണ്യം വ്യക്തിത്വനിദാനവുമാണല്ലോ, എന്നു വിചാരിച്ചു ക്ലേശിക്കയും വേണ്ട. രചനാരീതിക്കുള്ള വൈലക്ഷണ്യം തത്തദ്വ്യക്തിത്വപ്രതിബിംബനരൂപമോ തത്തദ്വ്യക്തിത്വമൂലകമോ അല്ല. ആണെന്നതിലേക്കു വല്ല പ്രമാണമോ യുക്തിയോ ഉള്ളതായും കാണുന്നില്ല. വിശേഷിച്ചു, മഹാന്മാരുടെ രചനാരീതിക്കു പ്രതിവ്യക്തി വ്യത്യാസമുണ്ടെന്നുള്ള വിചാരാസഹമായ ആ വിചാരംതന്നെ കേവലമാഭിമാനികമാണെന്നു വേണം വിചാരിപ്പാൻ. വിഷയസ്വഭാവമനുസരിച്ചു മഹാന്മാരുടെ രീതി മാറി മാറി കാണുന്നുണ്ടു്. മാറുവാൻ വിധിയുമുണ്ടു്. രീതി വ്യക്തിത്വനിദാനമാണെങ്കിൽ വ്യക്തിത്വംപോലെ അതും പ്രതിവ്യക്തിനിയതമായിരിക്കേണ്ടേ? ശക്തിയും വ്യുൽപത്തിയുമില്ലാത്തവരുടെ രീതിക്കേ നിയമേന ഐകരൂപ്യത്തിന്നവകാശമുള്ളൂ. അതു കാവ്യദോഷവുമാണു്. ശൃംഗാരകരുണഹാസ്യങ്ങളിലും, വീരരൌദ്രബീഭത്സങ്ങളിലും ഒരേ രീതിയെ അഭിജ്ഞന്മാർ അവലംബിക്കുമോ? ലളിതവിഷയവും പ്രൌഢവിഷയവും പ്രതിപാദിക്കുമ്പോൾ രീതിക്കു വ്യത്യാസം വേണ്ടേ? ആഖ്യായികയ്ക്കോ ശാസ്ത്രഗ്രന്ഥത്തിന്നോ യോജിച്ച രീതി ചെറുകഥയ്ക്കു ചേരുമോ? ആകയാൽ രീതി വിഷയാദിവ്യവസ്ഥിത

മല്ലാതെ പ്രയോക്തൃവ്യക്തിത്വനിയതമല്ലെന്നു സിദ്ധിക്കുന്നു.

എന്നാൽ ചിലർ സുകുമാരപദങ്ങളേയും മററു ചിലർ ഓജസ്വികളായ പദങ്ങളേയും പ്രയോഗിക്കുന്നതിൽത്തന്നെ ഉത്സുകരായിക്കാണാം. ഒരു തരക്കാർ പ്രാണൻ പോയാലും പ്രാസം വിടുകയില്ലെന്ന കൂട്ടത്തിലായിരിക്കെ, മറെറാരു തരക്കാർ പറയുന്നതിലൊക്കെ ഫലിതം കൂടിയേ കഴിയൂ എന്ന വ്രതക്കാരായിരിക്കാം, ചിലക്കു പ്രീതി കാൎയ്യം നേരെ തുറന്നു പറയുന്നതാണെങ്കിൽ, വേറെ ചിലക്കു വളച്ചുകെട്ടിപ്പറയുന്നതിലായിരിക്കും. ഈ വകയും വ്യക്തിത്വപ്രതിബിംബനരൂപമോ വ്യക്തിത്വനിദാനമോ ആണെന്നു വിചാരിക്കവയ്യ. താദൃശസമ്പ്രദായപ്രവണതയ്ക്കു നിമിത്തം അന്ധമോ വിവേകപൂൎവ്വമോ ആയ രമണീയത്വബുദ്ധിയാണെന്നു സ്വല്പമാലോചിച്ചാൽ ആൎക്കുമറിയാവുന്നതാണു്. അത്തരം രീതിപ്രവണത വേണമെങ്കിൽ മാററാവുന്നതുമാണു്. ആ വകയിൽ ഓരോരുത്തൎക്കുള്ള പ്രാവീണ്യം നിരന്തരാഭ്യാസനിദാനവുമാകുന്നു. ചിരപരിചയത്താൽ ദൃഢീഭൂതമായ താദൃശപ്രവണതയെ മാററുന്നതിലേക്കു് അല്പം ക്ലേശം വേണ്ടിവരുമെന്നു മാത്രമേയുള്ളു.

കാത്തുരക്ഷിക്കുന്നു നമ്മെ ദൈവം; അതേ ദൈവം തന്നെ. ദൈവമുണ്ടുരണ്ടു; ഒന്നതീന്ദ്രിയവിഷയം, ഇന്ദ്രിയവിഷയവും." എന്നീവിധം വിലക്ഷണമോ അവലക്ഷണമോ ആയ ഒരുതരം പുതുരീതിയെ സൃഷ്ടിച്ചു പ്രയോഗിക്കുവാൻ ഇന്നത്തെ ചില ഉൽപതിഷ്ണുമാന്ന്യകളെ പ്രേരിപ്പിക്കുന്നതു അവരുടെ വ്യക്തിത്വമാണോ? ഒരിക്കലുമല്ല. അതു് അസ്ഥാനത്തിലുള്ള രമണീയത്വബുദ്ധിയോ വികാരത്തിലുള്ള പരിഷ്കാരഭ്രാന്തിയൊ അല്ലാതെ മറെറാന്നുമല്ലതന്നെ, ഈ ഭ്രാന്തിയെ നീക്കി നിറുത്തുവാൻ വേണമെങ്കിൽ അവൎക്കു സാധിക്കും. വ്യക്തിയിരിക്കെ, വ്യക്തിത്വം നീക്കി നിറുത്തുവാനോ ഉപേക്ഷിക്കുവാനോ സാദ്ധ്യമാണോ?

കൂടാതെ ചിലരുടെ രചനയിൽ സംസ്കൃതപദബാഹുല്യം ഉണ്ടായിരിക്കും. അതിൽ അപ്രസിദ്ധപദങ്ങളെത്തന്നെ ഇടയ്ക്കിടയ്ക്ക് ഏതാനും ചിലർ സാധാരണ പ്രയോഗിച്ചിരിക്കുന്നതായും കാണാം. നേരേ മറിച്ച മററു ചിലരുടേതിൽ സംസ്കൃതപദബാഹുല്യമുണ്ടാകയില്ലെന്നല്ല ഉള്ളവ മലയാളത്തിൽ പ്രചുരപ്രചാരങ്ങളുമായിരിക്കും. ഈ വ്യത്യാസം പ്രായേണ ദേശഭേദമനുസരിച്ചാണു കാണുന്നതു്. ഈ വകയെല്ലാം വ്യക്തിത്വപ്രതിബിംബനമാണെന്നു പറയാമോ? ചിലർക്കു പദപ്രയോഗത്തിൽ അന്യാദൃശമായ നിഷ്കൃഷ്ടയും ഘടനയിൽ അനന്യസാധാരണമായ സമ്പ്രദായവുമുണ്ടെന്നു തന്നെയായിരിക്കട്ടെ, അതിന്നാധാരം, വിവേകത്താലോ അവിവേകത്താലോ മററു വല്ല പ്രകാരത്താലോ ഉണ്ടായ രമണീയതാബോധമല്ലാതെ വ്യക്തിത്വമാവുമോ? ആവുമെങ്കിൽ താദൃശവ്യക്തിത്വം ഏതൊന്നിനാണാധാരമല്ലാത്തതു്? പരബ്രഹ്മസഹോദരമായ ആ വ്യക്തിത്വം കൊണ്ടു സാഹിത്യപ്രസ്ഥാനത്തിൽ വിശേഷിച്ചു കാര്യമൊന്നും ഞാൻ കാണുന്നില്ല. തദഭിജ്ഞന്മാർ വല്ലവരും യുക്തിയുക്തമായി സപ്രപഞ്ചമുപപാദിച്ചു കാണിച്ചുതരുന്ന പക്ഷം ഞാനെൻെറ ഈ അഭിപ്രായത്തെ സസന്തോഷമുപേക്ഷിച്ചുകൊള്ളാം. ഏതായാലും അതുവരെ, വ്യക്തിത്വപ്രതിബിംബനപദാൎത്ഥസ്ഥിതി സ്വപ്നതുല്യവും തൽപദപ്രയോഗം പരപ്രതാരണാൎത്ഥവുമാണെന്നേ ഈയുള്ളവന്നു വിചാരിക്കാൻ കഴിയൂ.

"ഷേക്സ്പീയർ ജനിച്ചിരുന്നതു "ക്വീൻ ആനി"ൻെറ കാലത്തായിരുന്നുവെങ്കിൽ തദ്വ്യക്തിത്വാത്മകമായ നാടകീയപ്രതിഭയുടെ ബഹിഃപ്രസരണം കാലശക്തിയാൽ സന്നിരുദ്ധമാകുമായിരുന്നു." എന്നും മററുമുള്ള വാദവും ആദരണീയമല്ല. അദ്ദേഹം അന്നത്തെ ജനതയിൽനിന്നുള്ള പ്രശംസയും മാന്യതയുമാണാകാംക്ഷിച്ചിരുന്നതെങ്കിൽ അദ്ദേഹത്തിൻെറ ആ പ്രതിഭ

(പ്രതിപക്ഷിയുടെ അഭിപ്രായപ്രകാരം നാടകീയതയിൽ പര്യവസാനിച്ചിരിക്കുന്ന) ആ വ്യക്തിത്വത്തെ ഉപേക്ഷിച്ചു, കാലാനുകൂലമായ രൂപം (വ്യക്തിത്വം) സ്വീകരിച്ചു് അനർഗളമായി പ്രസരിക്കതന്നെ ചെയ്തിട്ടുണ്ടാവും. പ്രഹസനങ്ങളേയും ഖണ്ഡകാവ്യങ്ങളേയും മററും സവിശേഷമാദരിക്കുന്ന ഇക്കാലത്തും സ്വല്പം ചിലരെങ്കിലും നാടകമഹാകാവ്യാഭിമാനികളായി നമ്മുടെയിടയിലുള്ളതുപോലെ 'ക്വീൻ ആനി'ൻെറ കാലത്തും ഉണ്ടാകാവുന്നതിനാൽ അവരുടെ കൂട്ടത്തിൽചേന്നു, മററുള്ളവരുടെ—ഭൂരിപക്ഷം ജനങ്ങളുടെ—പ്രശംസാദികളെ അത്ര വിലവെക്കാത്ത തരക്കാരനായിരുന്ന ഷേക്സ്പീയരെങ്കിൽ, അദ്ദേഹത്തിൻെറ പ്രതിഭ—പ്രതിപക്ഷിയുടെ ഭാഷയിൽ പറകയാണെങ്കിൽ—നാടകീയത്വരൂപവ്യക്തിത്വം തന്നെ നിശ്ചയമായും സ്വീകരിച്ചിട്ടുണ്ടാവും. അതായതു, അന്നും നാടകങ്ങൾ ധാരാളം നിമ്മിച്ചിട്ടുണ്ടാവും.

പക്ഷെ "മഹാന്മാരുടെ വ്യക്തിനിയതമായ ആ പ്രത്യേകത അഥവാ സവിശേഷത അവരുടെ രചനയിൽ പ്രതിഫലിച്ചു കാണാതിരിക്കയില്ല. അതുകൊണ്ടാണു് ഉത്തമസാഹിത്യം വ്യക്തിത്വപ്രതിഫലനമാണെന്നു പറയുന്നതു്. ഗദ്യപദ്യരചനകളിൽ പ്രതിഫലിച്ചു കാണുന്ന ആ സവിശേഷതയോടുള്ള പരിചയം നിമിത്തം മഹാന്മാരുടെ കൃതിയിൽ നിന്നു മറെറാരാളുടെ കൃതിയെ തിരിച്ചറിവാൻ പ്രയാസവുമില്ല" എന്നും മററും പറയുന്നവർ ഇക്കാലത്തു നമ്മുടെ ഇടയിൽ, പലരുമുണ്ടാവാം. എന്നാൽ, ആ തിരിച്ചറിയൽ വാക്കിലല്ലാതെ കാര്യത്തിലില്ലെന്നാണു് ഇതെഴുതുന്നവൻെറ അനുഭവം. അല്ലാത്തപക്ഷം, വാല്മീകി, വ്യാസൻ, കാളിദാസൻ മുതലായവരുടെ കൃതികളിൽ പല പദ്യപാഠഭേദങ്ങളും നിലനിന്നു കാണ്മാൻ അവകാശമില്ലല്ലോ. തിരിച്ചറിവാൻ പ്രയാസമില്ലെങ്കിൽ

അന്യപദ്യങ്ങൾക്കു വാല്മീകിപ്രഭൃതികളുടെ കൃതിക ളിൽ പ്രവേശം തന്നെ ലഭിക്കുമോ?

"കാ കാര്യം ശശലക്ഷ്മണഃ ക്വ ച കുലം ഭൂയോപി [ദൃശ്യേത സാ—"
ദോഷാണാം പ്രശമായ നശ്ശ്രുതമഹോ കോപേ [പി കാന്തം മുഖം
കിം വക്ഷ്യന്ത്യപകല്മഷാഃ കൃതധിയഃ സ്വപ്നേ [പി സാ ദുർല്ലഭാ
ചേതഃ സ്വാസ്ഥ്യമുപൈഹി കഃ ഖലു യുവാ ധന്യോ [ധരം ധാസ്യതി"

എന്ന പദ്യം 'വിക്രമോർവ്വശീയ'ത്തിലേതാണെന്നും "ശർമ്മിഷ്ഠാവിജയ"ത്തിലേതാണെന്നും സഹൃദയന്മാർ ഉപന്യസിച്ചുകാണുവാൻ സംഗതിയില്ലല്ലോ. വാക്യ സമുദായത്തിലല്ലാതെ കേവലം പദ്യമോ ഗദ്യമോ ആയ ഒരു വാക്യത്തിൽ പ്രതിഫലിക്കുന്ന വ്യക്തിത്വം കണ്ടുപിടിക്കുക അത്ര എളുപ്പമല്ല എന്നാണെങ്കിൽ, അതുവേണ്ട. ശാകുന്തളാദി നാടകത്രയത്തിലും രഘുവം ശാദി കാവ്യത്രയത്തിലും പ്രതിബിംബിച്ചുകാണുന്ന കാളിദാസവ്യക്തിത്വം തന്നെയാണോ 'ഋതുസംഹാര' ത്തിലും പ്രതിബിംബിക്കുന്നതെന്നു കണ്ടുപിടിക്കാൻ പ്രയാസമില്ലാത്ത സ്ഥിതിക്കു, അതിന്റെ കർത്തൃത്വ ത്തെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ടാവാൻ തരമു ണ്ടോ? ഷേക്സ്പീയരുടെ കൃതികളാണെന്നു വിചാരിച്ചിരി ക്കുന്ന നാടകങ്ങളൊക്കെയും "ബേക്കൺ"ന്റേതാണെന്നു സിദ്ധാന്തിക്കുന്നവരും പാശ്ചാത്യന്മാരിലുമില്ലേ? ഭാഷ യിലാകട്ടെ, പ്രായേണ ചമ്പുക്കളൊക്കെയും പുനത്തിലും കിളിപ്പാട്ടുകൾ മിക്കവാറും എഴുത്തച്ഛനിലും, തുള്ളപ്പാ ട്ടുകൾ ഏറിയകൂറും കുഞ്ചൻ നമ്പ്യാരിലും നിക്ഷേപിച്ചു കാണാൻ ഇടവരുമോ? യഥാർത്ഥകവികളെക്കുറിച്ചു വല്ല തെളിവും കിട്ടുമ്പോൾ ആ കൃതികളെ ഇവരിൽ നിന്നെ ടുത്ത് അവകാശികളുടെപേരിൽ പതിച്ചുകൊടുക്കയോ

ണല്ലോ നാം ചെയ്യുന്നതു് 'ഇരുപത്തിനാലുവൃത്തം' 'ബ്ര ഹ്മാണ്ഡപുരാണം' 'ഭാഗവതം' എന്നിവ അദ്ധ്യാത്മ രാമായണകത്താവായ എഴുത്തച്ഛൻ്റേയും 'ഭാരതഗാഥ' കൃഷ്ണഗാഥാ കത്താവായ ചെറുശ്ശേരിയുടേയും, 'ഗിരിജാ കല്യാണം' നളചരിതകത്താവായ ഉണ്ണായിവാരിയരു ടേയും, കൃതികളാണെന്നും അല്ലെന്നുമുള്ള വാദം ഇന്നും നിലവിലില്ലേ? വ്യക്തിത്വവാദികൾക്കു് ഈ വിഷയ ത്തിലെങ്കിലും ഒരു വിധി കല്പിക്കാമല്ലോ! അങ്ങിനെ ചെയ്യാത്തതു ഭാഷയുടെ ഭാഗ്യദോഷം കൊണ്ടായിരിക്കു മോ? രാമപാണിവാദകൃതികളിൽ കുഞ്ചൻനമ്പ്യാരുടേ യും കൃഷ്ണഗാഥയിൽ പുനത്തിൻേറയും വ്യക്തിത്വമാ ണോ പ്രതിഫലിച്ചിരിക്കുന്നതെന്നു കാണാൻ പ്രയാസ മില്ലാത്ത സ്ഥിതിക്കു, തദ്വിഷയമായ വാദപ്രതിവാദ ങ്ങൾ അന്തഃസാരഹതങ്ങളാണെന്നല്ലേ വരുന്നതു്? ഇതെല്ലാം യുക്തമാണോ?

പ്രായേണ സ്വരം, കയ്യക്ഷരം എന്നിവയ്ക്കു കാണാ വുന്നതുപോലെ സാഹിത്യത്തിലെ രചനാരീതിക്കു പ്ര തിവ്യക്തി സ്പഷ്ടമായ വൈലക്ഷണ്യം കാണുവാൻ പ്രയാസമാണു്. അഭിജ്ഞരുടേയും അനഭിജ്ഞരുടേയും അഭിജ്ഞന്മാരിൽ പ്രത്യേകം ഭിന്നസ്വഭാവക്കാരുടേയും രീതികൾക്കു പക്ഷെ വൈലക്ഷണ്യം കണ്ടുവെന്നുവരാം. എങ്കിലും സമത്ഥന്മാരും സാമാന്യം ഒരേസ്വഭാവക്കാരു മായ കവികളുടേയോ എഴുത്തുകാരുടേയോ രീതിക്കു വ്യത്യാസം കാണുകയില്ല. എന്നുമാത്രമല്ല, ഭാരതീയരു ടെ ഏതുപ്രവൃത്തിക്കും പ്രായേണ ചില 'ആദർശ'ങ്ങളു ള്ളതു കൊണ്ടു ഭിന്നസ്വഭാവക്കാരായ അഭിജ്ഞന്മാരുടേ കൃതികളിൽപ്പോലും രചനാരീതിസാജാത്യം സംഭാവ്യ മാണെന്നു മുമ്പുതന്നെ പറഞ്ഞിട്ടുമുണ്ടു്. വേണമെങ്കിൽ, എഴുത്തച്ഛൻേറയും വരവൂർ ശാമുമേനോൻ മുതലായവ രുടേയും കൃതികളെത്തന്നെ തെളിവായെടുക്കാം. ശാമു മേനവൻെറ കിളിപ്പാട്ടുരീതിക്കു എഴുത്തച്ഛൻേറതിൽ

നിന്നു വിശേഷിച്ചു വൈലക്ഷണ്യമെന്താണുള്ളതു്? ഒരു ഗൃഹസ്ഥനും വക്കീലുമായിരുന്ന മേനോന്റെ സ്വഭാവം അദ്ദേഹത്തെ നല്ലപോലെ അറിയുന്നവർ, ഐതിഹ്യ പ്രകാരവും മററും ഒരു ഭക്തശിരോമണിയും യോഗിവര്യനുമായി നാം ധരിച്ചു വെച്ചിരിക്കുന്ന ആചാര്യന്റേതിൽ നിന്നു വളരെ വ്യത്യസ്തമാണെന്നു ഗ്രഹിക്കാൻ പ്രയാസവുമില്ല. പ്രായേണ ചിററൂർക്കാരുടേയും ചിററൂരോടു സംബന്ധിക്കപ്പെട്ടവരുടേയും കിളിപ്പാട്ടുരീതിക്കു എഴുത്തച്ഛന്റേതിനോടു സാജാത്യമുണ്ടെന്നാണു എന്റെ താഴ്മയായ അഭിപ്രായം. അതിന്നു കാരണം ആ യോഗിവര്യന്റെ അനുഗ്രഹമായിരിക്കാം. ഇതുകൊണ്ടാകയും, വ്യക്തിത്വമെന്നതു സ്വഭാവമാണെന്നും രീതി തദായത്തമാകയാൽ ഓരോരുത്തരുടെ രീതിക്കും പ്രത്യേകം വൈലക്ഷണ്യമുണ്ടായിരിക്കുമെന്നും പറഞ്ഞു നിൽക്കുവാനും വഴിയില്ലെന്നായി.

വ്യക്തിത്വമെന്നതു ഏതായാലും ശരി; അനിയതവും അദൃശ്യവും അഭിമാനാത്മകവുമായ തൽപ്രതിബിംബനമവലംബിച്ചു്, ഭാവനാപിഞ്ഛിലവും രസമസൃണവുമായ സാഹിത്യപഥത്തിൽ സഞ്ചരിക്കുന്നതു അത്ര ശ്രേയസ്കരമല്ലെന്നു ഇത്രയും പറഞ്ഞതുകൊണ്ടു തെളിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു.

അഥവാ, വ്യക്തിത്വം—അതായതു, കവിയുടെ സ്വഭാവവും ജീവിതാനുഭവങ്ങളും—തത്തൽകൃതികളിൽ നിയമേന പ്രതിഫലിക്കുന്നുണ്ടെന്നുതന്നെയിരിക്കട്ടെ; എങ്കിലും, ആ വ്യക്തിത്വത്തോടു വേറെ വഴിക്കുള്ള ദൃഢപരിചയം സാഹിത്യാസ്വാദനത്തിന്നു ഒഴിച്ചുകൂടാത്തതായി വിചാരിച്ചു കൂടെന്നു തീർച്ചയാണു്. സ്വഭാവം, ജീവിതാനുഭവങ്ങൾ, പരിതസ്ഥിതികൾ എന്നിവയോടുള്ള ദൃഢപരിചയം നിമിത്തം ഭാവുകനു കവിയോടുള്ള തന്മയീഭാവം ആസ്വാദനത്തിന്നു ആവശ്യകവുമല്ല.

അങ്ങിനെയാണെങ്കിൽ ഈ പറയുന്നതിൽ അൎത്ഥമുണ്ടെന്നു വിചാരിക്കാം. വസ്തുസ്ഥിതി അതല്ല. കാളിദാസാദികളുടെ സ്വഭാവവും ജീവിതാനുഭവങ്ങളും വേറെ വഴിക്കു ഗ്രഹിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു തദ്വ്യക്തിത്വത്തോടുള്ള ദൃഢപരിചയത്തിന്നു വേണ്ട പരിചയലേശത്തിന്നു പോലും പ്രസക്തിയില്ലായ്കയാൽ തദീയകൃതികളൊക്കയും നമുക്കു ആസ്വാദയോഗ്യമാവാതെയാണ് കാണേണ്ടതു്. ആകയാൽ ആസ്വാദനത്തിന്നു സ്വഭാവാദിപരിചയദ്വാരാ കവിയോടുള്ള തന്മയീഭാവമാവശ്യമാണെന്നു പറയുന്നതു അനുഭവവിരുദ്ധമാകകൊണ്ടു സ്വീകാൎയ്യമല്ലെന്നു സിദ്ധമായി. ആസ്വാദനത്തിന്നപേക്ഷിതമായിരിക്കുന്നതു വൎണ്ണ്യവസ്തുവിഷയമായ ഭാവികത്വവും തന്മയീഭാവവുമാകുന്നു. 'ഭാവികത്വ'മെന്നതു് വൎണ്ണ്യവസ്തുക്കൾക്കുള്ള പ്രത്യക്ഷായമാണത—ആസ്വാദകന്നു മുമ്പിൽ കാണുന്നതുപോലെയുള്ള സ്ഥിതി—ആകുന്നു. ഇതു് ഉത്തമകൃതികൾക്കു ആപരിസമാപ്തി അവശ്യം വേണ്ടതായ ഗുണവിശേഷമാണ്. അതുകൊണ്ടാണ്,

"തദ്ഭാവികമിതി പ്രാഹുഃ പ്രബന്ധവിഷയം ഗുണം
ഭാവഃ കാവേരഭിപ്രായഃ കാവ്യേഷ്വാസിദ്ധിസംസ്ഥിതഃ"

എന്നു ദണ്ഡിപ്രഭൃതികൾ അഭിപ്രായപ്പെട്ടിരിക്കുന്നതു്. അൎത്ഥത്തിനുള്ള സാരസ്യവും പദങ്ങൾക്കും രചനക്കുമുള്ള അക്ലിഷ്ടതയുമാണ് ഈ ഗുണത്തിന്റെ നിഷ്പത്തിക്കുള്ള പ്രധാന ബീജം. അതിലേക്കു കവി വ്യുത്പന്നനും ശക്തിമാനുമായിരിക്കണം. കൂടാതെ കവിക്കു തന്മയീഭാവവുമുണ്ടായിരിക്കണം. ഭാവനാഭാവിതമായ പാത്രത്തോടു കവിക്കുള്ള താദാത്മ്യഭാവമാണ് തന്മയീഭാവം. "ഒരു മനുഷ്യൻ ഒരു വൃക്ഷത്തിന്റെ ചിത്രം വരക്കുന്നതിനുമുമ്പു് അയാൾ ആ വൃക്ഷമായേതീരു" എന്നു എമേൎസൻ നിൎദ്ദേശിച്ചിരിക്കുന്നതു തന്മയീഭാവത്തെ തന്നെയാണ്. വൎണ്ണ്യവസ്തുക്കളോടുള്ള തന്മയീഭാവ

ത്താൽകവി വിവശനാവുമ്പോഴാണ് സ്വകീയശക്തി ഉദ്ബുദ്ധമാവുക. അങ്ങിനെ തന്മയീഭാവമാന്ന കവിയുടെ കാവ്യവസ്തുവോടല്ലാതെ, കവിയോടു തന്മയീഭാവം സഹൃദയനു കാവ്യാസ്വാദനവിഷയത്തിൽ ആവശ്യമില്ല. എന്നാൽ കാവ്യവസ്തുവോടു സഹൃദയനു തന്മയീഭാവമുണ്ടാവണമെങ്കിൽ താദൃശകാവ്യത്തിൻെറ കത്താവു പ്രതിഭാവാനും രസികനുമായിരിക്കണമെന്നുമാത്രം അല്ലാതെ കവിയുടെ ഊരും പേരും നാളും ചരിത്രവും മററും സഹൃദയനു് അറിഞ്ഞിട്ടാവശ്യമില്ല.

"രസികൻ കവിയെന്നാലോ ജഗത്താകും രസാത്മകം
അവൻ നീരസനായീടിൽ നീരസം താനശേഷവും"

എന്ന ധ്വന്യാലോകകാരികയുടെ താൽപയ്യവും അതു തന്നെയാണു്.

വിശേഷിച്ചു്, കവിയുടെ സ്വഭാവവും പ്രവൃത്തികളും പ്രകാരാന്തരേണ ഗ്രഹിച്ചിരിക്കുന്ന ആസ്വാദകൻെറ ഹൃദയം, തദനുഗുണമായ രാഗദ്വേഷാദികൾക്കു് അധീനമാകാനിടയുള്ളതുകൊണ്ടു കാവ്യത്തിലെ ഗുണദോഷവും നിഷ്പക്ഷനിലയിൽ ഗ്രഹിക്കാതെ അപലപിക്കുന്നതിനുപോലും സന്നദ്ധമാണെന്നു വരാം. അതു മനുഷ്യസ്വഭാവവുമാകുന്നു. ഈ സ്ഥിതിക്കു്, സാഹിത്യാസ്വാദനത്തിന്നു കവിയുടെ ജീവനചരിത്രജ്ഞാനം ഉപകരിക്കുന്നില്ലെന്നല്ല അപകരിക്കുന്നുണ്ടെന്നാണു് പറയേണ്ടിയിരിക്കുന്നതു്. ഏതായാലും ജീവനചരിത്രജ്ഞാനം സാഹിത്യാസ്വാദനത്തിന്നു അത്യന്താപേക്ഷിതമല്ലെന്നുള്ളതു തീച്ചയാണു്.

കാലികചരിത്രത്തിൻെറ സ്ഥിതിയുമിതുപോലെ തന്നെയാകുന്നു. വാല്മീകി, ഭാസൻ, കാളിദാസൻ മുതലായ സംസ്കൃതകവികളുടേയും മഴമംഗലം, ചെറുശ്ശേരി, തുഞ്ചൻ മുതലായ ഭാഷാകവികളുടേയും കാല

ത്തെ ചരിത്രജ്ഞാനം കൂടാതെ തദീയകൃതികളുടെ ആസ്വാദനം ശക്യമല്ലെന്നോ പരിപൂൎണ്ണമല്ലെന്നോ ആരെങ്കിലും ശഠിക്കുമോ? എന്തിന്നു വളരെ! ചന്ദ്രോത്സവം ഉമാകേരളം മുതലായ കാവ്യങ്ങളും മാൎത്താണ്ഡവൎമ്മ ഭൂതരായർ, കേരളേശ്വരൻ മുതലായ നോവലുകളും നാം വായിച്ചു രസിക്കുന്നതു മുൻകൂട്ടി ഗ്രഹിച്ചുവെച്ചിരിക്കുന്ന ചരിത്രത്തിന്റെ സഹായത്താലാണോ? നേരെ മറിച്ച്, യഥാൎത്ഥമായ ചരിത്രജ്ഞാനം, കവിപ്രതിഭാകല്പിതമായ കാവ്യാദികളിൽ അസത്യതാബുദ്ധിയെ ജനിപ്പിച്ചുകൊണ്ടു ആസ്വാദനത്തിന്നു വിഘാതകമായിട്ടാണല്ലോ ഭവിക്കുക. അല്ലാത്തപക്ഷം ആസ്വാദകൻ താൻ ഗ്രഹിച്ച യഥാൎത്ഥചരിത്രത്തെ കാവ്യാസ്വാദനവേളയിൽ വിലവെക്കുന്നില്ലെന്നുള്ളതു തീൎച്ചയാണ്.

പക്ഷെ, ഭൎത്താവിന്നു ശ്വശ്രുവിനെ—ഭാൎയ്യയുടെ അമ്മയെ—കാണുവാൻ പാടില്ലെന്നുള്ള ആചാരവിശേഷം ഗ്രഹിക്കാതെ, "പ്രേമാമൃതം" വായിച്ചു രസിക്കാൻ സാധിക്കുമോ എന്നു ചോദിക്കുന്നുവെങ്കിൽ, ശരി തന്നെ. എന്നാൽ, അതു് കാവ്യത്തിന്നു ഗുണമല്ലാ; ഗണ്യമായ ദോഷമാണ് എന്നസംഗതി ഓൎമ്മിക്കണം. കേരളത്തിൽ തെക്കേ അററത്തു കിടക്കുന്ന തിരുവനന്തപുരത്തോ മറേറാമാത്രം ആദരിച്ചുവരുന്ന ഒരുതരം വിലക്ഷണാചാരത്തെ അടിസ്ഥാനമാക്കി പ്രധാനമായ കഥാസംഭവത്തെ സൃഷ്ടിക്കുന്ന ഗ്രന്ഥകാരൻ അങ്ങിനെ ഒരാചാരം ആ ദേശത്തുണ്ടെന്ന സംഗതി വല്ല വിധത്തിലും യഥാസന്ദർഭം വായനക്കാരെ ബോധിപ്പിക്കതന്നെ വേണം, അല്ലെങ്കിൽ ഗ്രന്ഥകാരന്റെ വ്യുൽപത്തിക്കും ഗ്രന്ഥത്തിന്റെ ആസ്വാദനത്തിന്നും അതൊരു സാർവത്രായ ന്യൂനതയായിരിക്കും. അപ്രസിദ്ധപദത്വം പോലും രസാസ്വാദപരിപന്ഥിയാകയാൽ ദോഷമായി സഹൃദയന്മാർ ഗണിച്ചിരിക്കെ, അത്തരമൊരാചാര

ത്തെ തൻെറ മനോരാജ്യത്തിൽ വെച്ചുകൊണ്ടു അതിന്മേൽ നിൎമ്മിക്കുന്ന കഥാസംഭവത്തിൻെറ സ്ഥിതിയെന്തായിരിക്കുമെന്നു പ്രത്യേകിച്ചു എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ. എല്ലാംകൊണ്ടും ചരിത്രജ്ഞാനവും രസാസ്വാദനത്തിന്നു് അത്യാവശ്യമായ ഒരു ഉപകരണമല്ലെന്നാണു വരുന്നതു്.

സാഹിത്യഗതിയെ പ്രസ്ഥാനവിശേഷത്തിലേക്കു നിയമേന നിയന്ത്രിക്കുന്ന കാലശക്തിയുടെ സ്വരൂപാദിജ്ഞാനം ചരിത്രജ്ഞാനാധീനമാകയാൽ സാഹിത്യാസ്വാദനത്തിന്നു ചരിത്രാദിജ്ഞാനമാവശ്യകമാണെന്നുള്ള ഉക്തിപ്രക്ഷേപവും തീരെ ബലഹീനമാകുന്നു. കവികളെ പ്രസ്ഥാനവിശേഷത്തിലേക്കു നയിക്കുന്ന കാലപ്രഭാവത്തിൻെറ സ്വരൂപവും നിദാനവും സാഹിത്യവിഷയമായ ചരിത്രത്തിനല്ലാതെ ആസ്വാദനത്തിന്നു അത്യാവശ്യമാകുന്നതെങ്ങിനെയാണു്? സാക്ഷാലല്ലെങ്കിൽ പരമ്പരയാ ഉപകരിക്കുന്നുണ്ടെന്നാണെങ്കിൽ അങ്ങിനെയല്ലാത്ത വസ്തു ലോകത്തിലില്ലെന്നു ധൈൎയ്യമായിപ്പറയാം.

ആട്ടെ, ചരിത്രജ്ഞാനം കാവ്യാസ്വാദനത്തിന്നാവശ്യമാണെന്നു പറയുന്നവർ ഭൂമിശാസ്ത്രജ്ഞാനം ആവശ്യമില്ലെന്നുവെച്ചാണോ ഉപന്യസിച്ചു കാണാത്തതു്. ദിഗ്വിജയയാത്രകളും നദീപൎവ്വതവനനഗരജനപദാദിവൎണ്ണനകളും അടങ്ങിയ രഘുവംശാദിമഹാകാവ്യങ്ങളും സന്ദേശകാവ്യങ്ങളും മററും ഭൂമിശാസ്ത്രം ഗ്രഹിക്കാതെ, അക്കൂട്ടൎക്കെങ്ങിനെ വായിച്ചു രസിക്കാൻ കഴിയും? അത്രയും പോരാ, വ്യാകരണം, വേദാന്തം, സാംഖ്യം, യോഗം, ധൎമ്മശാസ്ത്രം, അൎത്ഥശാസ്ത്രം, കാമശാസ്ത്രം, ശില്പശാസ്ത്രം, ജ്യോതിഷം, വൈദ്യം, ആയുധാഭ്യാസം മുതലായ പലതും ഗ്രഹിക്കേണ്ട ആവശ്യമുണ്ടല്ലോ! ഇത്ര

ത്തോളമാവശ്യം കവിയുടെ കാലികചരിത്രത്തിന്നും ജീവനചരിത്രത്തിന്നുമില്ലെന്നുള്ള വാസ്തവം സാഹിത്യപരിചയമുള്ളവക്കു് ആലോചിച്ചാലറിയാവുന്നതുമാണു്. ഈ വക വിചാരത്തെ ഇനിയും ദീർഘിപ്പിക്കുന്നില്ല. ഇത്തരം അഭിപ്രായത്താലാണു് ഭാരതീയർ തങ്ങളുടെ സാഹിത്യനിരൂപണപ്രസ്ഥാനത്തിൽ അലങ്കാരശാസ്ത്രത്തിൽ കാലികചരിത്രത്തിന്നും ജീവനചരിത്രത്തിനും സ്ഥാനമനുവദിക്കാഞ്ഞതെന്നു നമുക്കു നിശ്ചയിക്കാം. ഭാരതീയ വിമർശനപ്രകാരത്തിലെ - രസം, ഭാവം, തദാഭാസം, ഭാവോദയശാന്തിസന്ധിശബലതകൾ, വസ്ത്വലങ്കാരധ്വനികൾ, ഗുണീഭൂതവ്യംഗ്യപ്രകാരങ്ങൾ മുതലായവയിൽ ഒന്നിനോളമെങ്കിലും പ്രാധാന്യം ചരിത്രാദിജ്ഞാനത്തിന്നില്ലെന്നുള്ളതു നിസ്സംശയവുമാണു്. ആ വക സാഹിത്യതത്ത്വങ്ങളെ സംബന്ധിച്ചേടത്തോളം ഇന്നും അഭിജ്ഞന്മാരല്ലാത്ത പാശ്ചാത്യവിമർശകന്മാർ സാഹിത്യനിരൂപണപ്രകാരത്തിൽ ചരിത്രാദിജ്ഞാനപ്രകാരത്തെക്കൂടി സ്വീകരിച്ചതിധാതൽപ്രകാരത്തിന്നു് ഇതരാപേക്ഷയാ പ്രാധാന്യമുണ്ടെന്നു പറഞ്ഞിട്ടുള്ളതിലോ ആശ്ചര്യപ്പെടാനൊന്നുമില്ല. എന്നാൽ നിരൂപണവിഷയത്തിൽ ഭാരതീയരായ നമുക്കു്, അവരെ അനുകരിക്കേണ്ടു ആവശ്യമല്പംപോലുമില്ലെന്നു മാത്രമാണു് എനിക്കു ഈ അവസരത്തിൽ പറവാനുള്ളതു്. ആസ്വാദനവിഷയത്തിൽ പ്രകാരാന്തരേണ ചരിത്രജ്ഞാനമപേക്ഷിക്കുന്ന ഗ്രന്ഥങ്ങൾ പാശ്ചാത്യഭാഷയിൽ ഉണ്ടെങ്കിൽ ഇരിക്കട്ടെ, നമ്മുടെ ഭാഷയിൽ ഇതുവരെ ഉണ്ടായിട്ടില്ല. മേലിൽ ആ വക ഗ്രന്ഥങ്ങൾ ധാരാളമുണ്ടാവുമെങ്കിൽ അപ്പോൾ എന്തുവേണ്ടു എന്നാലോചിക്കാം.

വസ്തുസ്ഥിതി ഇങ്ങിനെയിരിക്കെ, “നിരൂപണസമ്പ്രദായം നമുക്കു പാശ്ചാത്യരിൽനിന്നു പഠിക്കേണ്ടതായിട്ടാണിരിക്കുന്നതു്” എന്നും മററു ചിലർ കണ്ണടച്ചു്

ഉപന്യസിക്കുന്നതു് നമ്മുടെ അത്യുൽകൃഷ്ടമായ നിരൂപണസമ്പ്രദായത്തെക്കുറിച്ചുള്ള അജ്ഞതയാലോ അന്ധമായ അനുകരണഭ്രമത്താലോ ആയിരിക്കാനേ തരമുള്ളു. രണ്ടിലേതായാലും അതു് ഇന്നത്തെ വിദ്യാഭ്യാസംകൊണ്ടുവന്ന ഒരുതരം പകൎച്ചവ്യാധിയാണെന്നാണ് എന്റെ വിശ്വാസം.

# പരേതരായ
# ചില ഗദ്യസാഹിത്യകാരന്മാർ

(പി. വി. കൃഷ്ണവാരിയർ.)

കൊല്ലവർഷം പതിനൊന്നാംശതകത്തിന്റെ പശ്ചിമാർദ്ധമാണ് മലയാളഭാഷയുടെ ശുക്രദശാരംഭകാലം. അതേവരെ ആടിയും പാടിയും കൊഞ്ചിയും കുഴഞ്ഞും കഴിഞ്ഞുകൂടിയിരുന്ന കൈരളിക്കു മേലിൽ ശൈശവോചിതങ്ങളായ കേളീവിലാസങ്ങൾ മാത്രമായാൽ മതിയാവില്ലെന്നും, ആ വകയ്ക്കു പുറമെ ശരിയായൊരഭ്യസനപദ്ധതികൂടി ഏർപ്പെടുത്താതെ കഴികയില്ലെന്നുമുള്ള ഘട്ടം വന്നു. ഇതു പാശ്ചാത്യവിദ്യാഭ്യാസത്തിന്നുവേണ്ടി ഇന്ത്യയിലെ പ്രധാന സംസ്ഥാനങ്ങളിൽ സർവ്വകലാശാലകൾ സ്ഥാപിച്ചതല്ലാതെ മറ്റൊന്നുമല്ല. ഇംഗ്ലീഷുഭാഷയോടൊന്നിച്ച് അതാതു നാട്ടുഭാഷകളും ഒരു പ്രത്യേക പാഠക്രമമനുസരിച്ചു വിദ്യാർത്ഥികൾ പഠിക്കുവാനും, അതിലെല്ലാം മുറയ്ക്കു പരീക്ഷകൾ നടത്തുവാനും തുടങ്ങിയതോടുകൂടി അദ്ധ്യേതാക്കൾക്കു സ്വഭാഷാപാണ്ഡിത്യം കുറേയെങ്കിലും സമ്പാദിക്കുന്നതത്യാവശ്യമായിത്തീർന്നു. എന്നുമാത്രമല്ല, രണ്ടുനാലു തരത്തിൽ കുറെ പദ്യകൃതികളല്ലാതെ പറയത്തക്ക ഗദ്യപുസ്തകങ്ങളൊന്നും അക്കാലത്തു ഭാഷയിലില്ലാതിരുന്നതുകൊണ്ട്, ഇംഗ്ലീഷിലുള്ളതുപോലെ, പാഠക്രമത്തിന്നനുസരിച്ചു ചില ഗദ്യകൃതികൾ പുതുതായുണ്ടാക്കേണ്ടതായും വന്നുകൂടി. അതിന്നുവേണ്ടി ഏതാനും വിദ്വാന്മാരുദ്യമിച്ചതിന്റെയും, ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവരിൽ ചിലർ പത്രങ്ങളും മാസികകളും നടത്തുകയും, ചിലർ സ്വന്തമായി ചില പുസ്തകങ്ങളെഴുതുകയും ചെയ്‌വാൻ തുടങ്ങിയതിന്റെയും ഫലമായിട്ടാണ് നമ്മുടെ ഭാഷ

യിൽ പുതുതായൊരു ഗദ്യരീതി ഉണ്ടാവുകയും, അതു ഭാഷയ്ക്കഭിവൃദ്ധികരമാവുകയും ചെയ്തിട്ടുള്ളതു്.

ഏകദേശം ഈ പറഞ്ഞ കാലത്തുതന്നെ കേരളത്തിൻെറ തെക്കേഖണ്ഡത്തിൽ ഒരു വിശേഷസംഭവം കൂടി ഉണ്ടായി. സകലകലാവല്ലഭനായ ആയില്യംതിരുനാൾ മഹാരാജാവിൻെറ കാലത്തു ഭാരതീയരാജ്യതന്ത്രജ്ഞന്മാരിൽ പ്രഥമഗണനീയനായ ദിവാൻ സർ. ടി. മാധവരായരവർകൾ തിരുവിതാംകൂറിലെ മലയാംപള്ളിക്കൂടങ്ങളിലുള്ള പഠിപ്പിൻെറ രീതിയൊന്നു പരിഷ്കരിക്കണമെന്നു നിശ്ചയിച്ചു. പക്ഷെ പള്ളിക്കൂടങ്ങളിൽ പാഠപുസ്തകമായുപയോഗിക്കുന്നതിന്നു പററിയ പുസ്തകങ്ങൾ അന്നു യാതൊന്നുമുണ്ടായിരുന്നില്ല. ആവക പുസ്തകങ്ങൾ പുതുതായുണ്ടാക്കുവാനും, വേറെ ചിലരുണ്ടാക്കുന്നതു പരിശോധിച്ചു തെററുതീൎക്കുവാനും മററും മതിയായ ഒരാൾ കൂടാതെ കഴിയില്ലെന്നും വന്നു. അക്കാലത്താണു് കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് പണ്ഡിതസാൎവ്വഭൌമനായി തിരുവനന്തപുരത്തു പരിലസിച്ചിരുന്നതു് ഭാഗ്യവശാൽ മാധവരായരുടെ ദൃഷ്ടി ഉചിതസ്ഥാനത്തുതന്നെ പതിഞ്ഞു. താനുദ്ദേശിക്കുന്നവിധത്തിലുള്ള വിദ്യാഭ്യാസപരിഷ്കാരത്തിന്നു വേണ്ടുന്ന പാഠപുസ്തകങ്ങളുണ്ടാക്കണമെങ്കിൽ നവീനരീതിയിൽ വിദ്യാഭ്യാസം ചെയ്തു് ഇംഗ്ലീഷുസാഹിത്യത്തിൽ ധാരാളം പരിചയവും, സംസ്കൃതത്തിൽ പരിപൂൎണ്ണമായ പാണ്ഡിത്യവും സമ്പാദിച്ചിട്ടുള്ള ഒരു മലയാളിയെക്കൊണ്ടല്ലാതെ ഒരിക്കലും സാധിക്കുകയില്ലെന്നു തീക്ഷ്ണബുദ്ധിയായ ദിവാൻജി ധരിച്ചിരുന്നു. കോയിത്തമ്പുരാൻ തിരുമേനി ആവക സകലയോഗ്യതകളും തികഞ്ഞ ഒരു മഹാനായിരുന്നതുകൊണ്ടു് മാധവരായരവർകൾ ഈ വിഷയത്തിലുള്ള സകലഭാരവും അദ്ദേഹത്തിൽ സമൎപ്പിക്കുകയും, ഈ ഒരു കാൎയ്യത്തിന്നുവേണ്ടി "ബുക്കു

കമ്മിററി" എന്നൊരു സംഘം ഏർപ്പെടുത്തി അതില ദ്ദേഹത്തെ അദ്ധ്യക്ഷനായി നിശ്ചയിക്കുകയും ചെയ്തു. അതാണ് ഭാഷാപരിഷ്കാരത്തിൻെറ അടിക്കല്ലായിത്തീ ന്നിട്ടുള്ളതു്. മലയാളഭാഷയിൽ പദ്യത്തിനെന്നപോലെ ഗദ്യത്തിനും അഭിവൃദ്ധിയുണ്ടായതു് അന്നുമുതൽക്കാക യാൽ അതിന്നു പ്രധാനകാരണഭൂതനായ കോയിത്തമ്പു രാൻ തിരുമനസ്സുകൊണ്ടുതന്നെയാണ് 'ആധുനികഗദ്യ രീതിയുടെ ആദികർത്താ'വായി ഗണിക്കപ്പെട്ടുവരുന്നതു്. അതുകൊണ്ടു് ഈ ലേഖനം, മലയാളത്തിലെ 'സുപ്ര സിദ്ധന്മാരായ ഉപന്യാസകാര'ന്മാരിൽ പ്രഥമഗണനീ യനായ ആ പുണ്യശ്ലോകൻെറ അപദാനകീർത്തന ത്തോടുകൂടിയല്ലാതെ ആരംഭിക്കുന്നതുതന്നെ അനുചിത മായിരിക്കുമല്ലോ.

## ൧. കേരളവർമ്മ വലിയകോയിത്തമ്പുരാൻ.

കൊല്ലവർഷം ൧൦൪൨-ാമതിലായിരുന്നു ഈ മഹാൻ തിരുവിതാംകൂറിൽ ബുക്കുകമ്മിററിയുടെ അദ്ധ്യക്ഷ സ്ഥാനം ആദ്യമായലങ്കരിച്ചതു്. അക്കാലത്തു മല യാളഭാഷയിൽ ഗദ്യത്തിൻെറ സ്ഥിതി എന്തായിരുന്നു എന്നു നാം പ്രത്യേകമാലോചിക്കേണ്ടതാണ് "അന്നു യൂറോപ്യൻ പാതിരിമാരുടെ ചില ക്രിസ്തുമതപ്രതിപാ ദകങ്ങളായ തർജ്ജമകളേയും, ഉണിശ്രൂക്കുകളായ കേരള പണ്ഡിതന്മാരുടെ ചില സംസ്കൃതപദബഹുലങ്ങളായ ഭാഷാവ്യാഖ്യാനങ്ങളേയും ഒഴിച്ചാൽ ഗദ്യകാവ്യങ്ങളെ ന്നു പറയുവാൻ തുഞ്ചത്തെഴുത്തച്ഛൻേറതെന്നു പറഞ്ഞുവ രാറുള്ള 'കേരളനാടകം' അല്ലെങ്കിൽ 'കേരളോല്പത്തി' യും അരിപ്പാട്ടു കൊച്ചുപിള്ളവാര്യരെഴുതീട്ടുള്ള ഈസോ പ്പിൻെറ ചില സാരോപദേശകഥകളും മാത്രമേ ഉണ്ടാ യിരുന്നുള്ളു. ഭാഷാഗദ്യത്തിന്നു് അക്കാലംവരെ യാതൊരു രീതിയും നിയമവും ഉണ്ടായിരുന്നില്ല." ഇങ്ങനെ മഹാ

കവി ഉള്ളൂർ പരമേശ്വരയ്യരവർകൾ മുപ്പതുകൊല്ലം മുമ്പു രേഖപ്പെടുത്തിക്കാണുന്നുണ്ട്. "പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ ആവിർഭാവത്തിനുമുമ്പ് മലയാളത്തിൽ ഉത്തമഗദ്യരീതിയില്ലായിരുന്നു എന്നു പറയുന്നതു് അയഥാർത്ഥമാണെ"ന്നു ശ്രീമാൻ കൊളത്തേരി ശങ്കരമേനോൻ എം. ഏ; എൽ. ടി. പി. എച്ച്. ഡി. പത്തുകൊല്ലത്തിനുമുമ്പു തിരുവിതാംകൂറിൽ ഭാഷാഗ്രന്ഥപ്രകാശകനായിരുന്നപ്പോൾ ശ്രീമൽഭാഗവതം ഭാഷാഗദ്യകൃതിയുടെ അവതാരികയിലും പ്രസ്താവിച്ചിരിക്കുന്നു. ഈ രണ്ടു മാന്യന്മാരുടേയും അഭിപ്രായങ്ങൾ തീരെ വിരുദ്ധങ്ങളായിട്ടാണിരിക്കുന്നതെന്നു പ്രഥമദൃഷ്ടിയിൽ തോന്നാമെങ്കിലും വസ്തുസ്ഥിതിയിൽ വലിയ ഭേദമൊന്നുമില്ലെന്നു് മഹാമഹിമശ്രീ കൊച്ചിരാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടെഴുതിയ താഴെ ചേർക്കുന്ന ഭാഗം നോക്കിയാൽ വ്യക്തമാകും.

"കേരളഭാഷയിൽ സ്ഥിരമായ ഒരു ഗദ്യരീതിയാകട്ടെ, രീതിക്കു വ്യവസ്ഥചെയ്യുന്ന ഗ്രന്ഥങ്ങളാകട്ടെ ഉണ്ടായിരുന്നതായോ ഉള്ളതായോ കേട്ടു കേളിയില്ലെങ്കിലും പണ്ടു ഗ്രന്ഥവരികളിലും വിധിപ്പകർപ്പുകളിലും എഴുത്തുകുത്തുകളിലും സാമാന്യേന ഒരുവക സമ്പ്രദായം കാണുന്നുണ്ട്. അതിൽ വ്യാകരണശാസ്ത്രത്തെ അനുസരിച്ചു വേണ്ട പൂർവാപരസംബന്ധം തീരെ അഗണ്യമാക്കി വാചകങ്ങൾ വലിച്ചുനീട്ടിക്കാണുമെങ്കിലും കേൾവിക്കുള്ള സുഖം, അർത്ഥത്തിന്റെ തികവ്, സ്തോഭത്തിന്റെ തെളിവ് മുതലായ സംഗതികളിൽ ആ വാചകരീതിക്കു് ഒരു വകതിരിവുള്ളതായിക്കാണുന്നുണ്ട്. 'അങ്കത്തട്ടി അങ്കമാടിക്കരയേറി, കട്ടത്തില ഇടകടഞ്ഞു, മുന കടഞ്ഞു്, മുനയിലാദിത്യഭഗവാനേയും ദർശിപ്പിച്ചു നീട്ടുകിൽ നെഞ്ചുപിളർപ്പേൻ' എന്നും മററും സംഘക്കളിക്കാർ കറിശ്ലോകം എന്നുപറഞ്ഞുവരുന്ന ഒരുമാതിരി

ഗദ്യമാല ചൊല്ലുന്നതിലും, പഴയ ഗ്രന്ഥവരികളിലും, 'മെക്കൻസി'യുടെ കൈയ്യെഴുത്തുകളിലും സചേതനമായിക്കാണുന്ന വാചകരീതി കാലംകൊണ്ടു മൂഗപ്രായമായിത്തീർന്നു. കേരളത്തിൽ വിദേശിയന്മാർ ആക്രമിച്ചുണ്ടായ ക്ഷോഭത്തോടുകൂടി കേരളീയരുടെ കാര്യ്യനിർവഹണാദി സമ്പ്രദായത്തിലും ദിനചര്യ്യയിലും കടന്നുകൂടിയ കലക്കം കേരളഭാഷയേയും ബാധിച്ചു. മലയാളത്തിൽ ഗദ്യമെഴുത്തിനുള്ള അവകാശംതന്നെ വളരെ ചുരുങ്ങി. മലയാളികൾ ആയുധം വെച്ചതോടുകൂടി 'അങ്കം, ചുങ്കം, ഏഴ, കോഴ' മുതലായ അവകാശങ്ങളും 'ആളും വാളും ശേഖരിച്ച്', കുററിയും വാടയുംതീർത്തു, കൊററവും കോളും കടത്താതെ, കൊട്ട കൊത്തളം, കാവൽ ചേവകവും, എന്നീവക വാക്കുകളും അസ്തമിച്ചു. ടിപ്പുവിൻെറ കാലത്തിനുശേഷം ഗ്രന്ഥവരിഎഴുതുക എന്ന സമ്പ്രദായംകൂടി ഒട്ടുമുക്കാലും നഷ്ടപ്രായമായി. സ്വസ്ഥന്മാരായ കേരളീയവിദ്വാന്മാർ വിദ്യാവിനോദത്തിനായി പദ്യവിഷയത്തിലായി പരിശ്രമം മുഴുവനും. ഇംഗ്ലീഷുകാരുടെ സ്വാധികാരത്തിന്നു പ്രാബല്യം സിദ്ധിച്ചപ്പോൾ കച്ചേരി കോടതി മുതലായ ചിലേടങ്ങളിൽപോലും ആതിൻെറ ഊഷ്മാവു തട്ടി ആ വഴിക്കെങ്കിലും അല്പവൃത്തി നിലനിന്നുപോന്നിരുന്ന ഗദ്യശകലങ്ങളും ദുർല്ലഭമായിത്തീർന്നു. സ്വാധീനത്തിൽ ഇരുന്നിരുന്ന വാചകരീതിയും വാക്കുകളും ഗ്രന്ഥവരികളിലും പഴയ റിക്കാർട്ടുകളിലും കിടന്നു ജീർണ്ണപ്പെട്ടു നിത്യവൃത്തിക്കു കൂടി അന്യഭാഷകളെ അപേക്ഷിക്കേണ്ടി വന്നുവെങ്കിലും ഇംഗ്ലീഷുഭാഷാസങ്കലനം സ്വഭാഷയ്ക്കു പിന്നീട് അഭിവൃദ്ധിക്കു കാരണമായിത്തീർന്നിട്ടുണ്ട്. മലയാളഗദ്യത്തിന് ഒരു പുനർജ്ജന്മം സിദ്ധിച്ചതു തിരുവിതാംകൂർ ബുക്കുകമ്മററിയുടേയും മാസികകളുടേയും പത്രങ്ങളുടേയും ആവിർഭാവത്തോടുകൂടിയാണ്."

ഈ അഭിപ്രായമാണ് വളരെ ശരിയായിട്ടുള്ളതെന്നു ഭാഷാചരിത്രവിഷയത്തിൽ നിഷ്കൃഷ്ടയോടുകൂടിഗവേഷണം നടത്തുന്നവരൊക്കെ സമ്മതിക്കാതെ കഴികയില്ല. ഇതുപ്രകാരം "ലളിതകോമളമായ രീതിയിൽ ഗദ്യമെഴുതുവാൻ പൂർവികന്മാൎക്കും സാധിച്ചിരുന്നു" എന്നും, "അക്കാലങ്ങളിൽ സ്ഥിരമായ ഒരു ഗദ്യരീതിയുമുണ്ടായിരുന്നു" എന്നും ശങ്കരമേനോനവർകൾ അഭിപ്രായപ്പെടുന്നതിന് അടിസ്ഥാനമുണ്ടെന്നു വരുന്നു എങ്കിലും ആ "മധുരമായ ശൈലീവിശേഷം" അദ്ദേഹം തന്നെ ഒരിടത്തും സ്വീകരിച്ചുകാണാത്തതുകൊണ്ട് ഇങ്ങിനിവരാതവണ്ണം അതു തീരെ അസ്തമിച്ചുപോയിരിക്കുന്നു എന്നും വിചാരിക്കണമല്ലോ. എന്നാലതുതന്നെയാണ് പരമേശ്വരയ്യരവർകൾ പറഞ്ഞതിൻെറയും അൎത്ഥം. മുൻകാലങ്ങളിൽ ഭാഷാഗദ്യത്തിനു സ്ഥിരമായ ഒരു രീതി ഉണ്ടായിരുന്നെങ്കിലാവട്ടെ ഇല്ലെങ്കിലാവട്ടെ നമ്മുടെ അനുഭവത്തിൽ ഒന്നുമില്ലാത്ത ഒരു ഘട്ടത്തിലായിരുന്നു കോയിത്തമ്പുരാൻ തിരുമനസ്സിലെ പ്രവേശമെന്ന് ആൎക്കും സമ്മതിക്കാതെ കഴികയില്ല.

പുതിയ ജോലിയിൽ പ്രവേശിച്ചതോടുകൂടി അവിടുന്നു ചെറിയ കുട്ടികൾക്ക് ആദ്യമായി പഠിക്കുവാനുള്ള ഒന്നാംപാഠം തുടങ്ങി ചരിത്രം, ഭൂമിശാസ്ത്രം, കണക്കുശാസ്ത്രം, ക്ഷേത്രഗണിതം മുതലായ വിവിധവിഷയങ്ങളിലുള്ള പുസ്തകങ്ങൾ സ്വന്തമായെഴുതിയുണ്ടാക്കിയും മററു പണ്ഡിതന്മാരെഴുതുന്നതു പരിശോധിച്ചു പരിഷ്കരിച്ചും അന്നത്തെ ആവശ്യത്തിന്നു വേണ്ടുന്ന പുസ്തകങ്ങൾ പുറപ്പെടുവിക്കുകയും ആ വകയെല്ലാം പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുവാൻ നിശ്ചയിക്കുകയും ചെയ്തു.

ഈ മഹാൻെറ ഉപന്യാസങ്ങളധികവും പുസ്തകരൂപത്തിലാണു പുറത്തുവന്നിട്ടുള്ളതു്. അതല്ലാതെ വല്ല പത്രങ്ങളിലോ മാസികകളിലോ കാണുന്നതു വളരെ

അപൂർവ്വമായിരിക്കും. "അവിടുന്നു "സാഹിത്യസംരംഭങ്ങളെല്ലാം നിർത്തി നിർവ്വാണമായ അഗ്നിപർവ്വതം" പോലെ ആയതിന്നുശേഷം ആണല്ലോ മലയാളത്തിൽ പത്രങ്ങളും പത്രഗ്രന്ഥങ്ങളും ധാരാളമായി പ്രചരിച്ചു തുടങ്ങിയതു്. എന്നാലും അവിടുന്നു ദുർല്ലഭമായി ചില ഉപന്യാസങ്ങളും ചില പുസ്തകങ്ങൾക്കു് അവതാരികയും എഴുതീട്ടുണ്ടു്. കഴിഞ്ഞ അറുപതിലധികം സംവത്സരത്തിനിടക്കു ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ ഉദിച്ചുയൎന്നിട്ടുള്ള തേജോഗോളങ്ങൾക്കെല്ലാം ഏറക്കുറെ പ്രകാശം സിദ്ധിച്ചിട്ടുള്ളതു പ്രസ്തുത സൂൎയ്യാലോകത്തിൽ നിന്നാണെന്നു മാത്രം പറഞ്ഞാൽ ഈ മഹാനെപ്പററി ഏററവും ചുരുങ്ങിയ ഒരു വിവരണമായിരിക്കും. ഇരുട്ടിൽ പെട്ടിരുന്ന കൈരളിയെ ഇദംപ്രഥമമായി വെളിച്ചത്തു കൊണ്ടുവന്നിട്ടുള്ള ഈ ദിവ്യതേജസ്സു ഇരുപതു സംവത്സരത്തിന്നുമുമ്പു് അസ്തമിച്ചുപോയെങ്കിലും അവിടെ നിന്നു പുറപ്പെട്ട അനശ്വരകിരണകന്ദളങ്ങൾ ഏതു കാലത്തും നമുക്കു പ്രകാശവും ചൈതന്യവും തന്നുകൊണ്ടിരിക്കുമെന്നുള്ളതിന്നു സംശയമില്ല.

## ഏ. ആർ. രാജരാജവൎമ്മകോയിത്തമ്പുരാൻ എം. ഏ.

വമ്പന്റെ പിമ്പു താങ്ങുവാൻ വളരെ പ്രയാസമാണെങ്കിലും അക്കാൎയ്യം ശരിക്കൊപ്പിച്ചിട്ടുള്ള ഒരു മഹാൻ തന്നെയായിരുന്നു ഇദ്ദേഹം. ഭാഷയ്ക്കുപകാരപ്രദങ്ങളായ ഉപന്യാസങ്ങൾ ഇത്രയുമെഴുതീട്ടുള്ളവർ വളരെ ചുരുങ്ങും. കേരളകാളിദാസന്റെ ഭാഗിനേയനും, പ്രിയശിഷ്യനുമായ ഈ തമ്പുരാൻ 'കേരളപാണിനി'യായതുതന്നെ കൈരളിയുടെ ഭാഗ്യവിശേഷമാണെന്നു പറയണം. ഈ മഹാന്റെ 'ഭാഷാഭൂഷണ' കൃത്യം ഭാഷാപ്രണയികൾക്കേററവുമിഷ്ടമാണെങ്കിലും ഉപന്യാസകാരന്മാൎക്കു ചെയ്തിട്ടുള്ള 'സാഹിത്യസാഹ്യ'

മാണു് അതിലുമധികം ഈ പ്രകൃതത്തിൽ പ്രശസ്തമായിട്ടുള്ളതു്. ജ്യോതിഷവിഷയത്തിൽ താൻ ചെയ്ത നിരീക്ഷണത്തിന്റേയും പരീക്ഷണത്തിന്റേയും ഫലങ്ങളായി ചിലതെല്ലാം പത്രലോകത്തിൽ പ്രകാശിപ്പിച്ചുകൊണ്ടിരുന്ന ഈ ജ്യോതിഃശ്ശാലം ഉച്ചസ്ഥിതിയിലിരിക്കുമ്പോൾതന്നെ അകാലാസ്തമയം പ്രാപിച്ചതു് അതികഷ്ടമായി. എങ്കിലും ആ തേജസ്സിന്റെ പ്രകാശം തട്ടിയ ഭാഗങ്ങളൊന്നും ഇനി ഇരുട്ടടഞ്ഞുപോകയില്ലെന്നു സമാധാനിക്കാം.

൩. കെ. സി. കേശവപിള്ള.

സാഹിത്യനഭോമണ്ഡലത്തിൽ മേൽപറഞ്ഞ രണ്ടു ദിവ്യജ്യോതിസ്സുകളെ പ്രായേണ ചുററിക്കൊണ്ടിരുന്ന ഈ ഉജ്ജ്വലതാരം കൈരളിയുടെ പ്രകാശത്തിന്നു പല വിധത്തിലും സഹായിച്ചിട്ടുണ്ടു്. 'കാവ്യാദ്ധ്വാവിൽ സഞ്ചരിക്കുന്നവൎക്കു വഴികാട്ടുവാൻ കാളിദാസകവീന്ദ്രന്റെ കാൽനഖേന്ദുമരീചികൾ' കൊണ്ടുവന്നു് പല പ്രയോഗങ്ങളും കാണിച്ചു 'കേശവീയകൗശലമാണെങ്കിലും കൈരളികൊണ്ടു കൈകാൎയ്യം ചെയ്യുന്ന കവികളല്ലാത്തവൎക്കു് കണ്ടുപഠിക്കുവാൻ ഇദ്ദേഹം പ്രാസയുദ്ധത്തിൽ പ്രയോഗിച്ച പല പയററുകളും പ്രത്യേകം പ്രശംസാൎഹങ്ങളായിട്ടുണ്ടു്. ഉപന്യാസവഴിക്കു പിന്നെയും വളരെക്കാലം പലതും പ്രവൎത്തിക്കുവാൻ ധാരാളം പ്രാപ്തനായിരുന്ന ആ മാന്യനും അകാലത്തിൽ തന്നെയാണ അസ്തമിച്ചതു്.

൪. കണ്ടത്തിൽ വറുഗീസ്സുമാപ്പിള.

കൈരളിയെ ഇന്നു കാണുന്ന നിലയിലെത്തിക്കുവാൻ ഇദ്ദേഹത്തെപ്പോലെ മററാരും പരിശ്രമിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. 'മലയാളമനോരമക്കമ്പെനി'വകയായി ഒരു മുദ്രാലയവും പത്രവും ഏൎപ്പെടുത്തി,

ആ പത്രത്തിന്റെ ആധിപത്യം വഹിച്ച് അനേകം കവികളേയും അനവധി ഗദ്യകാരന്മാരേയും ഉണ്ടാക്കിത്തീൎത്ത ഒരു മഹാനായിരുന്നു മി: വറുഗീസ്സുമാപ്പിള. ഏതു വലിയ കാൎയ്യമായാലും, അതിന്റെ ഒരംശമെങ്കിലും വിട്ടുപോകാതെ എത്രയും ചുരുങ്ങിയ വാക്കുകളെക്കൊണ്ട് ഏററവും വിശദമായുപന്യസിക്കുവാൻ ഇദ്ദേഹത്തിന്നു വിശേഷിച്ചൊരു വശതയുണ്ടായിരുന്നു. മനോരമയുടെ അന്നത്തെ ചില മുഖപ്രസംഗങ്ങളും, ഭാഷാപോഷിണിയിലെ ചില ഉപന്യാസങ്ങളും ഈ പറഞ്ഞതിന്നു തെളിവുകളുമാണ്. കേരളീയ പത്രലോകത്തിന്നു, പ്രത്യേകിച്ചും അതിന്റെ ദക്ഷിണഭാഗത്തിന്നു, പറയത്തക്ക ഒരു പ്രകാശവും പ്രവൎത്തനസാമൎത്ഥ്യവും സമ്പാദിച്ചിട്ടുള്ള ഈ മഹാൻ തിരോധാനം ചെയ്തിട്ടു തന്നെ ഇപ്പോൾ മുപ്പതു സംവത്സരമായിരിക്കുന്നു.

## ൫. കെ. രാമകൃഷ്ണപിള്ള ബി. ഏ.

ഒരുകാലത്തു തന്റെ തീക്ഷ്ണകരങ്ങളെക്കൊണ്ടു ഭാഷാസാഹിത്യലോകം മുഴുവനും ജ്വലിപ്പിച്ചുകൊണ്ടിരുന്ന ഈ താരാഗ്രഹം കൊള്ളക്കാരുടേയും കൊള്ളരുതാത്തവരുടേയും ദൃഷ്ടിയിൽ 'ശനി'യായിട്ടാണു് പ്രത്യക്ഷപ്പെട്ടിരുന്നതെങ്കിലും, സൽഗുണസമ്പന്നന്മാൎക്കെല്ലാം സാക്ഷാൽ 'ഗുരു'വായിട്ടുതന്നെയാണനുഭവപ്പെട്ടിരുന്നതു്. സാഹിത്യനഭോമണ്ഡലത്തിൽ 'നായക'ത്വം വഹിച്ചു പല പത്രങ്ങളിലും പത്രഗ്രന്ഥങ്ങളിലും പ്രകാശിച്ചു 'സ്വദേശാഭിമാനി'കൾക്കുന്നച്ചയും ഉത്സാഹവും ഉണ്ടാക്കിയിരുന്ന ഈ 'ജീവൻ', അവസാനം ഗ്രഹയുദ്ധത്തിൽ സ്ഥിതിഭേദംകൊണ്ടു ബലംകൂടിയിരുന്ന 'ആചാൎയ്യ'നാൽ ദക്ഷിണഭാഗത്തുനിന്നു നിഷ്കാസിതനായെങ്കിലും, ഉടനെതന്നെ ഉത്തരഖണ്ഡത്തിൽ ഉദിച്ചുയൎന്നു പല പരിശ്രമങ്ങൾക്കും പ്രേരകനായിട്ടുള്ള കഥ പരക്കെ അറിയാവുന്നതാണല്ലോ. ഇങ്ങനെ ആദ്യം കേരള

ത്തിന്റെ ദക്ഷിണധ്രുവത്തിൽ ഉദിച്ചുച്ചസ്ഥനായിരുന്ന ഈ ഗ്രഹം പെട്ടന്നവിടെ മറഞ്ഞു് കേരളത്തിന്റെ ഉത്തരധ്രുവത്തിന്നടുത്തു് വീണ്ടും പ്രത്യക്ഷപ്പെട്ടുകയും, നാലുസംവത്സരത്തോളം തന്റെ 'ഘോരഫലം' പ്രകാശിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തശേഷം സുമാർ ഇരുപതു സംവത്സരത്തിൻ മുമ്പാണു് ജീവചൈതന്യംവിട്ടു പരമപദത്തിൽ ചേൎന്നതു്.

### ൯. കുമാരനാശാൻ.

'സൂൎയ്യാലോക'ത്തിൽനിന്നു് അധികമകന്നുപോകാതെ 'സ്വാമി' ഭക്തനായി പ്രകാശിച്ചുകൊണ്ടിരുന്ന ഈ 'ദിവ്യ'ഗോളം 'ബുധൻ'തന്നെയാണെന്നു പറയാം. വചനത്തിന്റേയും ജ്ഞാനത്തിന്റേയും കാരകനായ ബുധനല്ലാതെ മററാരാണു് ലോകത്തിൽ 'വിവേകോദയ'ത്തിന്നുപകരിക്കുന്നതു്? ചിലപ്പോൾ തന്റെ ഗതി അല്പം വക്രമായാലും ശീഘ്രതയ്ക്കൊരിക്കലും കുറവുണ്ടായിട്ടില്ല. ദക്ഷിണഭാഗത്തുദിച്ചു് ഉച്ചസ്ഥനായിരുന്ന ഈ ശുഭഗ്രഹം സാഹിത്യലോകത്തിന്നു പലവിധത്തിലും പ്രകാശം കൊടുത്തുകൊണ്ടിരിക്കുന്നതിനിടയ്ക്കുവെച്ചു പെട്ടെന്നു 'ജലരാശി' യിലന്തർദ്ധാനം ചെയ്‌വാനാണു് സംഗതിവന്നതു്.

### ൰. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

കേരളത്തിന്റെ മദ്ധ്യദേശത്തുദിച്ചുയൎന്നിരുന്ന ഈ 'പ്രകാശക'ഗ്രഹം 'കലാനിധി' തന്നെയായിരുന്നു. ആ സ്ഥിതിക്കു തന്റെ സുധാസ്യന്ദികളായ കിരണകന്ദളങ്ങൾ' ലോകം മുഴുവനും ആനന്ദസമുദ്രത്തിലാറാടിച്ചുകൊണ്ടിരുന്നതിലത്ഭുതമില്ലല്ലോ. ഈ 'രാജാ'വിന്റെ 'രസികരഞ്ജിനി'യായ 'കരപ്രചാരരീതി' വിരഹികളെ മാത്രമേ തപിപ്പിച്ചിരുന്നുള്ളു. ഇതര ജ്യോതിസ്സുകളുടെ ബലത്തിന്നു് ഏകാവലംബമായിരുന്ന ഈ സൌമ്യ

ഗ്രഹം ആയുസ്സിലർദ്ധാംശംകൂടി ആകാതെ സുമാറു രണ്ടു വ്യാഴവട്ടത്തിന്നു മുമ്പു പരഗതിയെ പ്രാപിച്ചു. അതോടു കൂടി ബാധിച്ച ഇരുട്ട് ലോകത്തിൻെറ ഒരു ഭാഗത്തുനിന്ന് ഇന്നു വിട്ടുപോയിട്ടില്ലെന്നല്ല ഇനി എന്നെങ്കിലും വിട്ടുപോകുമോ എന്നുള്ളകാൎയ്യം സംശയത്തിലുമാണു്.

## വ്വ ടി. എം. അപ്പുനെടുങ്ങാടി ബി. എ. ബി. എൽ.

'കുന്ദലത' എന്ന നോവലിൻെറ കൎത്താവാണെന്നല്ലാതെ ഇദ്ദേഹം ഒരു ഉപന്യാസകാരനായിരുന്നോ എന്ന് ഇക്കാലത്തു് അധികമാരും ധരിച്ചിരിക്കാനിടയില്ല. ബ്രിട്ടീഷുമലബാറിലെ ഒന്നാമത്തെ വൎത്തമാനപത്രമായ കേരളപത്രികയുടെ ആരംഭത്തിന്നു മിസ്റ്റർ കുഞ്ഞിരാമമേനോനെപ്പോലെത്തന്നെ ഇദ്ദേഹം ശ്രമിച്ചിട്ടുണ്ടു്. എന്നല്ല ആദികാലത്തു് അതിലേക്കു് ധാരാളമായെഴുതുകയും ചെയ്തിരുന്നുവത്രെ. അതിനിടക്കു വക്കീലായി കോടതിയിൽ വ്യവഹരിക്കുവാൻ തുടങ്ങിയപ്പോൾ കേസ്സുകൾ ധാരാളം കിട്ടിക്കൊണ്ടിരുന്നതിനാൽ സാഹിത്യപരിശ്രമം ക്രമേണ നിൎത്തിവെക്കേണ്ടിവന്നു. എങ്കിലും ഒരിക്കൽ വിദ്യാവിനോദിനിയുടെ ഉടമസ്ഥതയും ആധിപത്യവുമേററു കുറച്ചുകാലം നടത്തിയിരുന്നു. അന്നും അതിന്നുമുമ്പും ഇദ്ദേഹം എഴുതീട്ടുള്ള ചില ഉപന്യാസങ്ങൾ വായിച്ചു നോക്കിയാൽ നല്ല ശക്തിയും സൌഷ്ഠവവും ഉള്ള ഒരു വാചകരീതി എവിടെയും തെളിഞ്ഞുകാണാം. രണ്ടുകൊല്ലത്തിന്നുമുമ്പു പരമഗതിയടഞ്ഞ ഈ മഹാൻെറ ശക്തിക്കനുസരിച്ചുള്ള സഹായം ഭാഷക്കു സിദ്ധിക്കാതിരുന്നതു നമ്മുടെ നിൎഭാഗ്യമെന്നുവെച്ചു പരിതപ്പിക്കുകയല്ലാതെ മറെറാരു നിവൃത്തിയുമില്ലല്ലോ. ഈ ജീവാത്മാവും ഒരു പുതിയ നക്ഷത്രമായിത്തീൎന്ന് ഈ അന്തരീക്ഷത്തിൽനിന്നുതന്നെ നമ്മുടെ മേൽ ദൃഷ്ടിവെക്കുന്നുണ്ടായിരിക്കും.

൯. ചെങ്കളത്തു കുഞ്ഞിരാമമേനോൻ ബി. ഏ.

കേരളത്തിന്റെ ഉത്തരഖണ്ഡത്തിൽ ഭാഷാഗദ്യരീതി ഇന്നത്തെ നിലയിലെത്തിക്കുവാൻ ഇദ്ദേഹത്തെപ്പോലെ മററാരെങ്കിലും പരിശ്രമിച്ചിട്ടുണ്ടോ എന്നു സംശയമാണ്. സുമാർ അമ്പതു സംവത്സരത്തിനുമുമ്പ് ഈ മഹാൻ ആദ്യമായി 'കേരളപത്രിക' എന്ന പത്രം ആരംഭിച്ച കാലത്ത് മലയാളത്തിൽ സ്ഥിരമായ ഒരു വാചകരീതിയേ ഉണ്ടായിരുന്നില്ല. പത്രികയുടെ ആദ്യകാലത്തെ കടലാസ്സുകൾ നോക്കിയാൽതന്നെ ഇതാക്കും ബോദ്ധ്യപ്പെടാതിരിക്കയുമില്ല. പിന്നെ, ക്രമേണ ഇദ്ദേഹം കാണിച്ചുകൊടുത്ത പദ്ധതി പിടിച്ചിട്ടാണ് പലരും ഗദ്യങ്ങളെഴുതിത്തുടങ്ങിയതു്. ഇപ്പോൾ മലയാളത്തിൽ കാണുന്ന ശുദ്ധമായ ഗദ്യരീതി അങ്ങിനെ ഉണ്ടായതാണു്. പാശ്ചാത്യരീതിയിൽ ഉന്നതവിദ്യാഭ്യാസം ചെയ്തു സർവ്വകലാശാലാബിരുദം സമ്പാദിച്ച ശേഷം, അക്കാലത്ത് അത്തരത്തിലുള്ള അധികമാളുകളും ചെയ്തിരുന്നതുപോലെ, സക്കാരുദ്യോഗത്തിന്നു പോകാതെ, തന്റെ പഠിപ്പും പരിചയവും പൊതുജനസേവനത്തിനും മാത്രം വിനിയോഗിക്കുവാൻ ഈ മഹാപുരുഷൻ ധീരനിശ്ചയം ചെയ്തിട്ടില്ലായിരുന്നു എങ്കിൽ ഈ ഖണ്ഡത്തിലെ ഭാഷാഗദ്യരീതി ഇന്ന് ഏതുതരത്തിലാകുമായിരുന്നു എന്നു് ആക്കും ഖണ്ഡിച്ചു പറയുവാൻ സാധിക്കുകയില്ല. സംസ്കൃതപദാപേക്ഷകൂടാതെ സാമാന്യേന ശുദ്ധമലയാളപദങ്ങൾ മാത്രം സുഗമമായ രീതിയിൽ കൂട്ടിച്ചേർത്തെഴുതുന്ന ഇദ്ദേഹത്തിന്റെ ഗദ്യത്തിന്നുള്ള ലാളിത്യവും ലാഘവവും പ്രത്യേകം പ്രശംസിക്കത്തക്ക ഗുണങ്ങളാണു്. കേരളത്തിലെ വിവിധസമുദായങ്ങൾ, ഈ രാജ്യത്തിന്റേയും ഇതരദേശങ്ങളുടേയും ചരിത്രം, രാഷ്ട്രീയകാര്യങ്ങൾ ഇങ്ങിനെ അനേകം വിഷയങ്ങളിൽ ഇദ്ദേഹത്തിന്ന് അനിതരസാധാരണമായ പരിജ്ഞാനമുണ്ടായിരുന്നു

എന്ന പത്രികയുടെ പഴയ ലക്കങ്ങൾ പരിശോധിച്ചിട്ടുള്ളവക്കറിയാം. ഇങ്ങനെ കേരളത്തിൻെറ വടക്കേ ഖണ്ഡത്തിൽ ഗദ്യമെഴുത്തിന്നു ഏററവും പററിയതും, നാട്ടോടിഭാഷയിൽനിന്നു വളരെ വ്യത്യാസപ്പെടാത്തതാകയാൽ പറയത്തക്ക വിദ്യാഭ്യാസമില്ലാത്തവക്കുകൂടി മനസ്സിലാക്കാൻ കഴിയുന്നതുമായ ഒരു പുതിയരീതി പ്രചാരത്തിൽ വരുത്തുവാൻ പ്രധാനമായി പരിശ്രമിച്ചിട്ടുള്ള ഈ മഹാൻ ഈ കഴിഞ്ഞകൊല്ലത്തിൻെറ അവസാനത്തോടുകൂടിയാണു് ഇഹലോകവാസമുപേക്ഷിച്ചതു്.

ഓ. ചന്തുമേനോൻ.

രസികശിരോമണിയായ ശാരദാകത്താവിനെ ഒരു പന്യാസകാരനായിട്ടാവില്ല, ഗ്രന്ഥകത്താവായിട്ടായിരിക്കും ഇന്നു് അധികമാളുകളും ഓക്കുന്നതു്. എന്നാൽ കാൎയ്യമങ്ങനെതന്നെയല്ല. മുൻപറഞ്ഞ രണ്ടു മാന്യന്മാരെപ്പോലെ ഇദ്ദേഹവും ആദികാലത്തു പത്രികയിൽ പേർവെച്ചും വെക്കാതെയും ചില ഉപന്യാസങ്ങളെഴുതിക്കൊണ്ടിരുന്നു. മുൻസിപ്പുദ്യോഗത്തിൽ പ്രവേശിച്ചശേഷമാണു് ഇന്ദുലേഖയെഴുതിയതു്. 'ശാരദ' ഏതാനും എഴുതി അച്ചടിപ്പിച്ചതു കുറെകൂടി കഴിഞ്ഞിട്ടായിരുന്നു. പിന്നെ അവസാനംവരെ അതു മുഴമിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു എങ്കിലും നിർഭാഗ്യവശാൽ അതു് അപൂൎണ്ണമായിത്തന്നെ കിടക്കേണ്ടിവന്നു. എന്നാൽ ഇതിനിടയ്ക്കു വിദ്യാവിനോദിനിയിലും മററും ചില ഉപന്യാസങ്ങളെഴുതീട്ടുണ്ടു്. അതിൽ മയൂരസന്ദേശത്തെപ്പററി ഇദ്ദേഹം എഴുതിയിരുന്ന ആ ഉപന്യാസം ഇദ്ദേഹത്തിൻെറ സരസകോമളമായ ഗദ്യരീതിക്കു നല്ലൊരു ലക്ഷ്യമായെടുക്കാം. സുമാർ മൂന്നുവ്യാഴവട്ടത്തിൻമുമ്പു് നിൎയ്യാതനായ ഈ മഹാനും കേരളത്തിലെ സാഹിത്യനഭോന്തരാളത്തിൽ ഒരുജ്ജ്വലതാരമായി എന്നും ശോഭിച്ചുകൊണ്ടിരിക്കുന്നതാണു്.

## ൧൧. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ

പ്രസ്തുതവിഷയത്തിൽ കേസരി കാണിച്ചിട്ടുള്ള പരാക്രമത്തെപ്പററി പ്രത്യേകിച്ചൊന്നും ഇവിടെ പറയേണ്ടതായിട്ടില്ല. കാഴ്ചയിൽ ഗംഭീരാശയനായി തോന്നിയിരുന്ന ഈ പുരുഷകേസരി പരമരസികനായ ഒരു വിമർശകനായിരുന്നു. കൈക്കൂലിക്കാരും കശ്മലന്മാരുമായ ഉദ്യോഗസ്ഥമൃഗങ്ങൾക്കു വാസ്തവത്തിൽ ഈ മഹാൻ ഒരു കേസരിതന്നെയായിരുന്നു. ഇദ്ദേഹത്തിൻെറ ശക്തിയോടുകൂടിയ തൂലികാപ്രഹരം ആദികാലത്തധികവും പത്രത്തിലാണ് പതിഞ്ഞിരുന്നതെങ്കിലും, അതുകൊണ്ടുതന്നെ അനേകം മൃഗങ്ങൾ അരഞ്ഞുപോയിട്ടുണ്ടെന്നു പഴയ കേരളപത്രികയുടെ ഫ്യയൽ പരിശോധിച്ചാൽ കാണാം. നീതിയും നെറിയും കെട്ട ഉദ്യോഗസ്ഥന്മാരും, യോഗ്യതയൊന്നുമില്ലാതെ പുസ്തകങ്ങളോ ലേഖനങ്ങളോ എഴുതുവാൻ പുറപ്പെടുന്നവരും അക്കാലത്തു് നമ്മുടെ കേസരിയെ സ്വപ്നം കണ്ടുകൊണ്ടിരുന്നു. കൊള്ളരുതാത്ത ഒരു നോവലെഴുത്തുകാരനു് കേസരി ഒരൊററ പ്രഹരംവെച്ചുകൊടുത്തപ്പോളുണ്ടായ നോവൽ (വേദന) ആ ഗ്രന്ഥകാരൻ മരിക്കുന്നതുവരെ മറന്നിരിക്കുവാനിടയില്ലെന്നു വിദ്യാവിനോദിനിയിലെ 'ആഖ്യായികാകാരന്മാർ' എന്ന ഉപന്യാസം വായിച്ചാൽ തോന്നാതിരിക്കയില്ല. ഇതുപോലെ 'ഒരിടപ്രഭുവിൻെറ ദിനസരി' ആചാരോപചാരങ്ങൾ മുതലായ രസകരങ്ങളായ അനവധി ഉപന്യാസങ്ങൾ ഈ ഫലിതമൂർത്തി എഴുതീട്ടുണ്ടു്. ആവകയിൽ പലതും നശിക്കുവാനിടവരുത്താതെ 'കേസരി' എന്ന പുസ്തകത്തിൽ ചേർത്തു വെച്ചതു ഭാഗ്യംതന്നെ. മതിരാശി നിയമനിർമ്മാണസഭയിൽ വെച്ചുണ്ടായ പോരാട്ടത്തിനിടക്കാണു് ഈ കേസരി വിദ്യുത് വീഴ്ചസാദൃശ്യം പ്രാപിച്ചുപോയതു്.

## ൧൨, കെ. സി. നാരായണൻ നമ്പ്യാർ

വടക്കെ മലയാളത്തിലെ വലിയൊരു വാസനാകവിയായിരുന്ന ഇദ്ദേഹം പത്രങ്ങളിലും പത്രഗ്രന്ഥങ്ങളിലുമായി പല ഉപന്യാസങ്ങളും എഴുതിയിരുന്നു. പത്രങ്ങളിലെഴുതുന്നതു പ്രായേണ ഫലിതമയമായിരിക്കും. നായനാരുടെ ഫലിതത്തിന്ന് ആഴം കൂടും. നമ്പ്യാരുടെ ഫലിതത്തിന്നഴകാണധികം. സാഹിത്യസംബന്ധമായും മററും പല ലേഖനങ്ങളും 'ഭാഷാപോഷണി'യിൽ ഈ മഹാഫലിതക്കാരൻ എഴുതിയിരുന്നു. അതിലൊക്കെയും ഇദ്ദേഹത്തിന്റെ സരളവും സരസവുമായ ഒരു വാചകരീതി വിശദമായിക്കാണാം. നായനാരുടെ രീതിക്കുള്ള പ്രൌഢതയും മിടുക്കും ഇതിലൊരിടത്തും കാണുകയില്ലെങ്കിലും, ഒഴുക്കും പഴക്കവും ഒരിക്കലും കുറഞ്ഞുപോയെന്നു വരികയില്ല. ചുരുക്കത്തിൽ ഇദ്ദേഹത്തിന്റെ ഉപന്യാസരീതി 'ജനരഞ്ജിനി'തന്നെയായിരുന്നു എന്നു പറയാം. കടിഞ്ഞാണററ കുതിരയെപ്പോലെ സ്വച്ഛന്ദവിഹാരം ചെയ്തിരുന്ന ഇദ്ദേഹം അകാലമരണം പ്രാപിച്ചിട്ടിപ്പോൾ സുമാർ മുപ്പതുകൊല്ലത്തോളമായിക്കാണും.

## ൧൩. എം. ശേഷഗിരിപ്രഭു എം. ഏ.

സുപ്രസിദ്ധന്മാരായ ഉപന്യാസകാരന്മാരുടെ ഇടയിൽ ഒരു കാലത്തു് ഇദ്ദേഹം വലിയൊരു പ്രഭുതന്നെയായിരുന്നു. ഏതു വിഷയമെടുത്താലും, അതിന്റെ സകല ഭാഗവും വെവ്വേറെ വിശകലനം ചെയ്തു വിസ്തരിച്ചുവിവരിക്കാതെ 'ശ്ലോകത്തിൽ കഴിച്ചുകൂട്ടുന്ന' സമ്പ്രദായം ഇദ്ദേഹത്തിന്നു വശമല്ല.

വാചകങ്ങൾക്കു വളച്ചുകെട്ടലോ, വലിച്ചുനീട്ടലോ എന്തുണ്ടായിരുന്നാലും, അതു നിർദ്ദോഷവും നിഷ്കൃഷ്ടവുമായിക്കണ്ടിട്ടില്ലെങ്കിൽ എഴുതിയതു് ഇദ്ദേഹമല്ലാ

തിരിക്കണം. വ്യാകരണംമുതൽ വെറും ദൈനന്ദിന സംഭവങ്ങൾവരെയുള്ള സകല വിഷയങ്ങളും സൂക്ഷ്മമായിദ്ധരിച്ചിരുന്ന ഈ പ്രചണ്ഡപണ്ഡിതൻ യമധാനീയവനികയിലന്തർദ്ധാനം ചെയ്തിട്ടു കുറച്ചുകാലമായി. ഭാഷാപോഷണിയിലും മററും ഇദ്ദേഹം പ്രസിദ്ധപ്പെടുത്തീട്ടുള്ളതു അനർഘങ്ങളായ അനവധി ഉപന്യാസങ്ങളെല്ലാം സമ്പാദിച്ചു തരംതിരിച്ചു പുസ്തകമാക്കിത്തീക്കുന്നതു ഭാഷയ്ക്കേററവും പ്രയോജനകരമായിരിക്കും.

പരേതന്മാരായ ചില സുപ്രസിദ്ധ ഉപന്യാസകാരന്മാരെപ്പററി ഇവിടെ പറഞ്ഞു എന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു. എനിക്കുതന്നെ ഇതൊട്ടും തൃപ്തികരമായി തോന്നിയിട്ടില്ല. എന്നെക്കൊണ്ടു കഴിയുന്ന വിധത്തിൽ ഒന്നെഴുതി തീക്കാമെന്നുവെച്ചാൽ അതിന്നു ഈ സമയവും സൌകര്യവും വളരെ കഷ്ടിയായിരുന്നു. തൽക്കാലം ഓമ്മയുള്ള ഏതാനും ചിലരെപ്പററി മാത്രം കുറച്ചൊന്നു പറയുകമാത്രമാണു് ഇവിടെ ചെയ്തിട്ടുള്ളതു്. ഇതിലുൾപ്പെടുത്താതെ വിട്ടുപോയിട്ടുള്ള ഉപന്യാസകാരന്മാരുണ്ടെങ്കിൽ സഹൃദയലോകം അതിനെ ക്ഷമിക്കുമെന്നു കരുതുന്നു.

# ഭദ്രദീപാവലി

(കെ. കെ. രാജാ)

1. ഉലകിടമിതിനെല്ലാമപ്പനാം തമ്പുരാൻ താ-
നലിവൊടു തെളിയിച്ചോരക്ഷരാനന്ദരൂപം
അലഘുരുചി ജഗത്തിന്നുദ്വഹിച്ചുല്ലസിപ്പൂ
വിലസദമലഭാഷാഭംഗിമാംഗല്യദീപം.

2. ഒരുതിരി വിലസിപ്പൂ മർത്ത്യകർമ്മപ്രകാരം
പുതുപുകളൊടു കാട്ടിബ്ഭാസ്കരാഭിഖ്യയോടെ
പുരുഷപരിവൃഢൻതൻപൌരുഷത്തിന്റെ വിശ്വോ-
ത്തരമുകുരമുദാരം പ്രൌഢഗംഭീരസാരം.

3. അപരമമൃതഗോശ്രീഭൃതരാജാഖ്യകൈക്കൊ-
ണ്ടഖിലതിമിരജാലം സംഹരിക്കും വിധത്തിൽ
കരുണയൊടുകൊളുത്തിക്കാട്ടിമൽസ്വാമിഹസ്തം
സുമധുരിമധുരീണം കാമദാനപ്രവീണം.

4. സുലളിതസുകൃതിപ്രസ്ഥാനഭേദങ്ങൾ നാനാ-
കലവിയിൽ വിളയാടും താരകാദീപകങ്ങൾ
ക്ഷിതിയിലരുളിടുന്നുണ്ടന്തരംഗത്തിലാക്കും
പ്രതിനിമിഷമുദഞ്ചദ്ദിവ്യഹർഷാത്ഭുതങ്ങൾ.

5. ഓമൽപ്രേയസിയാൾക്കിണങ്ങിയ വിധം
നിർമ്മിച്ചോരത്യുജ്വല-
ശ്രീമന്മംഗളമാലയായ് വിലസുമീ-
ദ്ദീപാവലിക്കുംപരം
സ്വാമിക്കുള്ളൊരു കല്പനാമഹിമതൻ
പ്രാപഞ്ചികാനുഗ്രഹ-
സ്ഥേമാവിന്നുമുടൻ നമിക്കുക നമു-
ക്കുദ്വേലഭക്ത്യാദരം.